03
തിങ്കൾ
ജനുവരി 2022
1197 ധനു 19
Vol 4 Issue No 56

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 20
www.keralapranamam.com
infokeralapranamam@gmail.com




# പെഗാസസ് അന്വേഷണം; വിവരങ്ങൾ തേടി സുപ്രീംകോടതി നിയോഗിച്ച അന്വേഷണ സംഘം

**ഡൽഹി :** പെഗസിസ് ഫോൺ ചോർത്തലിൽ സുപ്രീംകോടതി നിയോഗിച്ച സമിതിയുടെ അന്വേഷണം അടുത്ത ഘട്ടത്തിലേക്ക്. ചാര സോഫ്റ്റ്‌വെയർ ബാധിച്ചുവെന്ന് സംശയിക്കുന്നവർക്ക് വിവരങ്ങൾ കൈമാറാൻ അവസരം നൽകി. ജനുവരി ഏഴിന് ഉച്ചയ്ക്ക് മുൻപ് പൊതുജനങ്ങൾക്ക് സമിതിയെ സമീപിക്കാം. ഇതുസംബന്ധിച്ച പൊതു നോട്ടീസ്, സാങ്കേതിക വിദഗ്ധ സമിതി പുറത്തിറക്കി. പെഗസിസ് ബാധയുണ്ടെന്ന് സംശയമുള്ളവർ മൊബൈൽ ഫോൺ തുടങ്ങിയവ സമിതിക്ക് കൈമാറണം. പരിശോധനക്ക് ശേഷം ഇവ തിരികെ നൽകുമെന്നും സമിതി വ്യക്തമാക്കി. റിട്ടയേഡ് സുപ്രിംകോടതി ജഡ്ജി ആർ വി രവീന്ദ്രൻ അധ്യക്ഷനായ മൂന്നംഗ വിദഗ്ധ സമിതിയെയാണ് പെഗസിസ് ഫോൺ ചോർത്തൽ അന്വേഷിക്കാൻ സുപ്രിംകോടതി നിയോഗിച്ചത്. സൈബർ സെക്യൂരിറ്റി ആൻഡ് ഡിജിറ്റൽ ഫോറൻസികിലെ പ്രൊ.ഡോ നവീൻകുമാർ ചൗധരി(ഗുജറാത്തിലെ ഗാന്ധിനഗർ നാഷണൽ ഫോറൻസിക് സയൻസസ് യൂണിവേഴ്സിറ്റിയിലെ ഡീൻ), ഡോ.പി പ്രഭാകരൻ (പ്രൊഫസർ, അമൃത വിശ്വവിദ്യാപീഠം, അമൃതപുരി, കൊല്ലം), ഡോ.അശ്വിൻ അനിൽ ഗുമസ്തെ (അസോസിയേറ്റ് പ്രൊഫസർ, ഐഐടി മുംബൈ) എന്നിവരടങ്ങിയതാണ് സമിതി.കോടതി പലതവണ ആവശ്യപ്പെട്ടിട്ടും രാജ്യസുരക്ഷ ചൂണ്ടിക്കാട്ടി മറുപടി നൽകാൻ കേന്ദ്രസർക്കാർ തയ്യാറായിരുന്നില്ല. സമിതി അടിയന്തരമായി പ്രവർത്തനം ആരംഭിക്കണം. എട്ടാഴ്ചയ്ക്ക് ശേഷം ഹർജികൾ വീണ്ടും പരിഗണിക്കും. വിഷയത്തിൽ കോടതിക്ക് മൂകസാക്ഷിയായിരിക്കാൻ കഴിയില്ലെന്നും നിലപാടറിയിക്കാൻ കേന്ദ്രസർക്കാരിന് ആവശ്യത്തിലധികം സമയം അനുവദിച്ചിരുന്നതാണെന്നും കോടതി വ്യക്തമാക്കി.അന്വേഷണത്തിന് സ്വന്തം നിലയിൽ സാങ്കേതിക വിദഗ്ധ സമിതി രൂപീകരിക്കുമെന്ന് ചീഫ് ജസ്റ്റിസ് നേരത്തെ തന്നെ സൂചന നൽകിയിരുന്നു. ചാരസോഫ്റ്റ്‌വെയർ ഉപയോഗിച്ചോ എന്നതിൽ കേന്ദ്രസർക്കാർ സുപ്രിംകോടതിക്ക് മറുപടി നൽകിയിരുന്നില്ല. പൊതുതാത്പര്യവും രാജ്യസുരക്ഷയും മുൻനിർത്തി അധിക സത്യവാങ്മൂലം സമർപ്പിക്കാൻ കഴിയില്ല എന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്.ഇസ്രയേൽ നിർമിത ചാര സോഫ്റ്റ് വെയർ പെഗാസസ് ഉപയോഗിച്ച് കേന്ദ്രമന്ത്രിമാരുടെയും പ്രതിപക്ഷ നേതാക്കളുടെയും ജഡ്ജിമാരുടെയും മാധ്യമ പ്രവർത്തകരുടെയും ഫോൺ ചോർത്തിയെന്ന വെളിപ്പെടുത്തൽ ദി വയറാണ് ആദ്യം പുറത്തുവിട്ടത്. ഇത് വലിയ വിവാദങ്ങൾക്ക് വഴി തെളിയ്ക്കുകയും സംഭവത്തിൽ സുപ്രിംകോടതി ഇടപെടുകയുമായിരുന്നു. കേന്ദ്രസർക്കാരിന്റെ അറിവോടെയാണ് ഫോൺ ചോർത്തൽ നടന്നതെന്ന് ആരോപണമുയർന്നിരുന്നെങ്കിലും കേന്ദ്രം ഇത് നിഷേധിച്ചു.



*മന്നത്ത് പത്മനാഭൻറെ 145-ാം ജയന്തി ആചരണങ്ങളിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവഎത്തിയപ്പോൾ*

## സംസ്ഥാനത്ത് 45 പേർക്ക് കൂടി ഒമിക്രോൺ, ജാഗ്രത തുടരണമെന്ന് മന്ത്രി; രാത്രി കർഫ്യൂ നീട്ടില്ല

**തിരുവനന്തപുരം:** സംസ്ഥാനത്ത് 45 പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. എറണാകുളം 16, തിരുവനന്തപുരം 9, തൃശൂർ 6, പത്തനംതിട്ട 5, ആലപ്പുഴ, കോഴിക്കോട് 3 വീതം, മലപ്പുറം 2, വയനാട് 1 എന്നിങ്ങനെയാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. ഇതിൽ 9 പേർ ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും 32 പേർ ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്നതാണ്. 4 പേർക്കാണ് സമ്പർക്കത്തിലൂടെ ഒമിക്രോൺ ബാധിച്ചത്. ആലപ്പുഴയിലെ 3 പേർക്കും തൃശൂരിലെ ഒരാൾക്കുമാണ് സമ്പർക്കത്തിലൂടെ ഒമിക്രോൺ ബാധിച്ചത്.

അതേസമയം പുതുവർഷ ആഘോഷം നിയന്ത്രിക്കാനായി ഏർപ്പെടുത്തിയ രാത്രികാല നിയന്ത്രണം തത്കാലം നീട്ടില്ല. നിയന്ത്രണങ്ങളിൽ തുടർ തീരുമാനം അടുത്ത അവലോകന യോഗം തീരുമാനിക്കും. ഈ ആഴ്ച്ച അവലോകന യോഗം ചേരുമെന്നും ആരോഗ്യവകുപ്പ് അറിയിച്ചു. എറണാകുളത്ത് 8 പേർ യുഎഇയിൽ നിന്നും, 3 പേർ ഖത്തറിൽ നിന്നും 2 പേർ യുകെയിൽ നിന്നും, ഒരാൾ വീതം ഫ്രാൻസ്, ഫിലിപ്പിൻസ്, തുർക്കി എന്നിവിടങ്ങളിൽ നിന്നും വന്നതാണ്. തിരുവനന്തപുരത്ത് 9 പേരും യുഎഇയിൽ നിന്നും വന്നതാണ്. തൃശൂരിൽ 3 പേർ യുഎഇയിൽ നിന്നും ഒരാൾ സ്വീഡനിൽ നിന്നും എത്തിയതാണ്. പത്തനംതിട്ടയിൽ യുഎഇയിൽ നിന്നും 2 പേരും, ഖസാക്കിസ്ഥാൻ, അയർലാൻഡ്, ആഫ്രിക്ക എന്നിവിടങ്ങളിൽ നിന്നും ഒരാൾ വീതവും വന്നു. കോഴിക്കോട് ഒരാൾ വീതം യുകെ, ഉഗാണ്ട, ഉക്രൈൻ എന്നിവിടങ്ങളിൽ നിന്നും, മലപ്പുറത്ത് രണ്ട് പേർ യുഎഇയിൽ നിന്നും, വയനാട് ഒരാൾ യുഎഇയിൽ നിന്നും വന്നതാണ്.ഇതോടെ സംസ്ഥാനത്ത് ആകെ 152 പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും ആകെ 50 പേരും ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും 84 പേരും എത്തിയിട്ടുണ്ട്. 18 പേർക്കാണ് ആകെ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

സംസ്ഥാനത്ത് കൂടുതൽ പേർക്ക് ഒമിക്രോൺ സ്ഥിരീകരിച്ച സ്ഥിതിക്ക് എല്ലാവരും അതീവ ജാഗ്രത തുടരണമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.



ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്ന കൂടുതൽ പേർക്ക് ഒമിക്രോൺ സ്ഥിരീകരിച്ചതിനാൽ ക്വാറന്റൈൻ വ്യവസ്ഥകൾ കർശനമായി പാലിക്കണം. ഒരുതരത്തിലുള്ള സാമൂഹിക ഇടപെടലുകളും പാടില്ല. അവർ പൊതുസ്ഥലങ്ങൾ സന്ദർശിക്കുകയോ പൊതു ചടങ്ങിൽ പങ്കെടുക്കുകയോ ചെയ്യരുത്. പൊതു സ്ഥലങ്ങളിൽ എല്ലാവരും എൻ 95 മാസ്ക് ധരിക്കണം. മാസ്ക് താഴ്ത്തി സംസാരിക്കരുതെന്നും മന്ത്രി അഭ്യർത്ഥിച്ചു.





## ഡി.ലിറ്റ് വിഷയത്തിൽ നിരുത്തരവാദപരമായ പ്രസ്താവനകൾക്ക് മറുപടിയില്ലെന്ന് ഗവർണർ

**തിരുവനന്തപുരം:** ഡി.ലിറ്റ് വിഷയത്തിൽ നിരുത്തരവാദപരമായ പ്രസ്താവനകൾക്ക് മറുപടിയില്ലെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. പറയാനുള്ള കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞെന്നും, ഇനി ഈ കാര്യത്തിൽ പുതുതായി ഒന്നും പറയാനില്ലെന്നും അദ്ദേഹം പറഞ്ഞു. എല്ലാവരും ഭരണഘടനയും, നിയമവും മനസിലാക്കി പ്രതികരിക്കണം. അജ്ഞതയുടെ അടിസ്ഥാനത്തിലുള്ള പ്രസ്താവനകളോട് പ്രതികരിക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഗവർണറുടെ ഓഫീസ് ചർച്ചാ വിഷയമാക്കരുതെന്നും, സർവകലാശാലകൾ സമ്മർദ്ദങ്ങൾക്ക് വഴങ്ങരുതെന്നും ഗവർണർ പറഞ്ഞു.വിവാദമുണ്ടാക്കുന്നവർ ഭരണഘടന വായിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഗവർണർ നിർദ്ദേശിച്ച പ്രകാരം രാഷ്ട്രപതിക്ക് ഡി.ലിറ്റ് നൽകാമെന്ന് ഉറപ്പു നൽകിയ കേരള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ, രാഷ്ട്രീയ സമ്മർദ്ദത്തെ തുടർന്ന് പിൻമാറുകയായിരുന്നുവെന്നാണ് ആരോപണം.

വൈസ്ചാൻസലറെ രാജ്ഭവനിൽ വിളിച്ചുവരുത്തി ഡിസംബർ ആദ്യമാണ് ഗവർണർ രാഷ്ട്രപതിക്ക് ഓണററി ഡോക്ടറേറ്റ് നൽകാൻ നിർദ്ദേശിച്ചത്. രാഷ്ട്രത്തലവന് ബഹുമതി നൽകുന്നതിലൂടെ കേരള സർവകലാശാലയുടെ മഹത്വവും പെരുമയും ഉയരുമെന്നായിരുന്നു ഗവർണറുടെ നിലപാട്. സിൻഡിക്കേറ്റ് വിളിച്ച് ഉടൻ അംഗീകരിക്കുമെന്ന് വൈസ് ചാൻസലർ ഉറപ്പുനൽകി ഇതുവിശ്വസിച്ച്, ഓണററി ഡോക്ടറേറ്റ് നൽകാൻ സന്നദ്ധമാണെന്ന് ഗവർണർ രാഷ്ട്രപതി ഭവനെ അറിയിച്ചു. രാഷ്ട്രപതിയെ ഫോണിൽ വിളിച്ചും ഇക്കാര്യമറിയിച്ചു. ഡിസംബർ അവസാനം കേരളത്തിലെത്തുമ്പോൾ തിരുവനന്തപുരത്തെത്താനും സെനറ്റ് ഹാളിലെ പ്രൗഢഗംഭീര ചടങ്ങിൽ ഓണററി ഡോക്ടറേറ്റ് സ്വീകരിക്കുന്ന പരിപാടി ഉൾപ്പെടുത്താനും ശുപാർശ ചെയ്തു. ഇതു പ്രകാരം രാഷ്ട്രപതിയുടെ യാത്ര പുനഃക്രമീകരിക്കുകയും ചെയ്തു. എന്നാൽ പിന്നീട് വൈസ് ചാൻസലർ പിന്മാറുകയും ചെയ്തു

ഡി ലിറ്റ് വിഷയത്തിൽ പാർട്ടിയിൽ ഭിന്നതയില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. ഗവർണർ വിമർശനത്തിന് അതീതനല്ല.ഡി ലിറ്റ് നൽകണമെന്നത് വൈസ് ചാൻസലറുടെ ചെവിയിൽ സ്വകാര്യം പറയേണ്ട കാര്യമല്ല. ചാൻസലറുടെ പദവിയിലിരുന്ന് ഉത്തരവാദിത്തം ഏറ്റെടുക്കുന്നില്ലെങ്കിൽ ഗവർണർ നിയമപരമായ നടപടി നേരിടേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു.

രമേശ് ചെന്നിത്തല കോൺഗ്രസിന്റെ പ്രധാന നേതാവാണ്. മുൻ പ്രതിപക്ഷ നേതാവാണ്. അദ്ദേഹത്തോട് അഭിപ്രായം പറയേണ്ടെന്ന് താനെങ്ങനെയാണ് പറയുകയെന്ന് സതീശൻ ചോദിച്ചു. പാർട്ടിയുടെ കൂട്ടായ നിലാപാട് താനും കെ പി സി സി അദ്ധ്യക്ഷനും പറയുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി.'കെ പി സി സി അദ്ധ്യക്ഷനും പ്രതിപക്ഷ നേതാവും ഇതുവരെ ഒരു കാര്യത്തിലും രണ്ട് അഭിപ്രായം പറഞ്ഞിട്ടില്ല. ഞങ്ങൾ കൂടിയാലോചന നടത്തി ഒറ്റ അഭിപ്രായമേ പറയാറുള്ളൂ. സർക്കാരിന്റെ സമ്മർദ്ദത്തിന് വഴങ്ങിയെന്ന് ഗവർണർ തന്നെ സമ്മതിച്ചിട്ടുള്ള കാര്യമാണ്. നിയമവിരുദ്ധമായ കാര്യം ചെയ്ത ഗവർണറെ എന്തുകൊണ്ട് വിമർശിച്ചുകൂടാ. ഇന്ത്യൻ പ്രസിഡന്റിന് ഡി ലിറ്റ് കൊടുക്കാൻ ഗവർണർ സ്വകാര്യമായി വൈസ് ചാൻസലറുടെ ചെവിയിൽ പറയേണ്ട കാര്യമല്ല. നിയമപരമായ നടപടിക്രമങ്ങൾ ഇവിടെ നടന്നിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.'- സതീശൻ പറഞ്ഞു.


കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

രാഹുകാലം : 07.30 to 09 .00 am
ഗുളികകാലം : 01.30 to03.00 Pm
യമകണ്ടകകാലം : 10.30 to 12.00 pm

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച


ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ



മഹാത്മാ ഗാന്ധി

## വാക്സിൻതന്നെയാണ് ശരണം

കോവിഡിനെ പ്രതിരോധിക്കാൻ ഇപ്പോൾ വാക്സിനേഷൻ അല്ലാതെ വേറെ മാർഗമില്ല. അതുകൊണ്ടു കൗമാരക്കാർക്കു പ്രതിരോധ വാക്സിനും വയോജനങ്ങൾക്കു കരുതൽ വാക്സിനും നൽകാനുള്ള തീരുമാനം എത്രയും വേഗം നടപ്പാകട്ടെ. കോവിഡ് മഹാമാരികൊണ്ടുവന്ന ഭീതി ഒമിക്രോൺ വകഭേദത്തിൻറെ രൂപത്തിൽ പുതിയ മേഖലകളിലേക്കു വ്യാപിച്ചുകൊണ്ടിരിക്കേ രാജ്യത്തു 15 വയസിനും 18 വയസിനും ഇടയിൽ പ്രായമുള്ളവർക്കു പ്രതിരോധ വാക്സിൻ നൽകാനുള്ള തീരുമാനം ആശ്വാസകരമായി. പ്രധാനമന്ത്രി നരേന്ദ്ര മോദി ചൂണ്ടിക്കാട്ടിയതുപോലെ വിദ്യാർഥികളുടെ സ്കൂൾജീവിതം സുരക്ഷിതമാക്കുന്നതിനും രക്ഷിതാക്കളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും ഇതു സഹായിക്കും. രാജ്യത്തെ 15–18 വയസുകാരായ പത്തു കോടിയോളം കുട്ടികൾ പ്രതിരോധ വാക്സിന് അർഹരാകുമെന്നാണു കണക്കാക്കുന്നത്. ആരോഗ്യപ്രവർത്തകർക്കും ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന 60 വയസിനു മുകളിലുള്ളവർക്കും കരുതൽ വാക്സിൻ നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ കോവിഡിൻറെ അടുത്ത തരംഗത്തെ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ വിജയിക്കണമെങ്കിൽ ജനങ്ങളുടെ ആത്മാർഥമായ സഹകരണം ആവശ്യമുണ്ട്. കഴിഞ്ഞ 11 മാസമായി നടന്നുവരുന്ന വാക്സിനേഷൻ പ്രക്രിയ മഹാമാരിയെത്തുടർന്നു വലിയ ആശങ്കയിലായ ജനങ്ങൾക്ക് ആത്മവിശ്വാസം പകരാൻ സഹായിച്ചു എന്നതു വാസ്തവമാണ്. ഇന്ത്യയിൽ ഇതിനകം 140 കോടി ഡോസ് വാക്സിനുകളാണു വിതരണം ചെയ്തത്. പ്രായപൂർത്തിയായ ആളുകളിൽ 90 ശതമാനം പേർക്ക് ഒന്നാം ഡോസ് ലഭിച്ചെങ്കിലും 40 ശതമാനത്തോളം പേർക്കു രണ്ടാം ഡോസ് വാക്സിൻ ഇനിയും നൽകേണ്ടതായിട്ടുണ്ട്. 60 വയസിനു മുകളിൽ പ്രായമുള്ള 12.4 കോടി ആളുകൾ ഒരു ഡോസ് വാക്സിൻ സ്വീകരിച്ചപ്പോൾ രണ്ടു ഡോസ് വാക്സിനും കിട്ടിയത് 9.21 കോടി പേർക്ക്. സ്കൂൾ തുറന്നിട്ടും കുട്ടികൾക്ക് വാക്സിൻ നൽകാത്തതു പല മാതാപിതാക്കൾക്കും ആശങ്കയ്ക്കു കാരണമായിരുന്നു. സംസ്ഥാനത്തു 15 മുതൽ 18 വരെ വയസ് പ്രായമുള്ള കുട്ടികളുടെ വാക്സിനേഷന് എല്ലാവിധ സജ്ജീകരണങ്ങളും പൂർത്തിയായിട്ടുണ്ടെന്ന് ആരോഗ്യമന്ത്രി അറിയിച്ചിട്ടുണ്ട്. ഈ പ്രായഗ്രൂപ്പിൽ 15 ലക്ഷത്തോളം കുട്ടികളാണു കേരളത്തിലുള്ളത്. ഇവിടെ 26 ലക്ഷത്തോളം ഡോസ് വാക്സിൻ സ്റ്റോക്കുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വാക്സിനേഷൻറെ ആദ്യഘട്ടത്തിൽ സംഭവിച്ചതുപോലെ തിക്കുംതിരക്കുമോ ആശയക്കുഴപ്പങ്ങളോ ഇനി ഉണ്ടാകേണ്ട കാര്യമില്ല. < ഒമിക്രോൺ വൈറസ് ലോകത്തു പുതിയ രോഗവ്യാപന തരംഗഭീതി പരത്തുന്നതു ഗൗരവത്തോടെ കാണണം. ഇതുവരെ 108 രാജ്യങ്ങളിലായി ഒന്നര ലക്ഷത്തിലധികം ഒമിക്രോൺ കേസുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. യൂറോപ്പ്, വടക്കേ അമേരിക്ക, ആഫ്രിക്ക ഭൂഖണ്ഡങ്ങളിൽ കോവിഡ് കേസുകളുടെ എണ്ണം വീണ്ടും ഉയർന്നതോടെ പല രാജ്യങ്ങളും വാതിലുകൾ അടയ്ക്കുകയാണ്. ഇന്ത്യ ആ സ്ഥിതിയിലെത്തിയിട്ടില്ല. വീണ്ടുമൊരു ലോക്ഡൗണിനെപ്പറ്റി ചിന്തിക്കാൻ തന്നെ പലരും ഭയക്കുന്നു. അത്രയ്ക്കു മോശമായിരുന്നു കഴിഞ്ഞ ഒന്നര വർഷത്തെ ദുരനുഭവങ്ങൾ. ഒമിക്രോൺ വ്യാപനത്തിൽ ആശങ്കപ്പെടേണ്ട സ്ഥിതിയിലേക്ക് രാജ്യത്തു കാര്യങ്ങൾ എത്തിയിട്ടില്ലെങ്കിലും ടെസ്റ്റ് പോസിറ്റിവിറ്റി കൂടിയ ഇടങ്ങളിൽ നിയന്ത്രണങ്ങൾ വേണമെന്നാണു കേന്ദ്രസർക്കാരിൻറെ നിലപാട്. ഇന്ത്യയിൽ നാനൂറിലധികം ഒമിക്രോൺ കേസുകളാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളത്. കേരളം, മഹാരാഷ്ട്ര, തമിഴ്നാട്, പശ്ചിമബംഗാൾ, മിസോറം എന്നീ സംസ്ഥാനങ്ങളിലാണ് ഇപ്പോൾ ഏറ്റവുമധികം കോവിഡ് കേസുകൾ. ഇവിടങ്ങളിൽ പരിശോധനകളുടെ എണ്ണം കൂടുതലായതിനാലാണു ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് ഉയർന്നിരിക്കുന്നതെന്ന മറുവാദവുമുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ ശരിയായി പാലിക്കുന്നത് ആർക്കും ദുഷ്പേരിനു കാരണമാകാൻ പാടില്ല രണ്ടു ഡോസ് വാക്സിനെടുത്താൽ സ്ഥിരമായി കോവിഡ് പ്രതിരോധശേഷി ലഭിക്കുമെന്ന ധാരണയാണ് വാക്സിനെടുത്ത പലർക്കുമുണ്ടായിരുന്നത്. എന്നാൽ, കോവിഡ് വന്നു സുഖപ്പെട്ട പലർക്കും മാസങ്ങൾക്കുശേഷം വീണ്ടും കോവിഡുണ്ടായി. പല വിദേശരാജ്യങ്ങളിലും ഇപ്പോൾ ബൂസ്റ്റർ ഡോസുകൾ നൽകുന്നുണ്ട്. വാക്സിനേഷൻ കോവിഡ് മരണനിരക്കും രോഗബാധയെത്തുടർന്നുള്ള അവശതകളും ഗണ്യമായി കുറയ്ക്കുമെന്നു തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. അതിനാൽ വാക്സിൻ എടുക്കേണ്ടത് അനിവാര്യ സംഗതിയായി മാറിയിരിക്കുന്നു. എല്ലാ വർഷവും വാക്സിൻ എടുക്കണമെന്ന സ്ഥിതിവരുന്നത് ഒരുപക്ഷേ വാക്സിൻ കന്പനികളെ സന്തോഷിപ്പിച്ചേക്കാമെങ്കിലും അത് ഇന്ത്യപോലുള്ള രാജ്യങ്ങളിൽ ജനങ്ങളുടെയും സർക്കാരിന്റെയും കീശ ചോർത്തുന്ന കാര്യമാണ് എന്നതും പറയേണ്ടതുണ്ട്. പക്ഷേ, കോവിഡിനെ പ്രതിരോധിക്കാൻ ഇപ്പോൾ വാക്സിനേഷൻ അല്ലാതെ വേറെ മാർഗമില്ല. അതുകൊണ്ടു കൗമാരക്കാർക്കു പ്രതിരോധ വാക്സിനും വയോജനങ്ങൾക്കു കരുതൽ വാക്സിനും നൽകാനുള്ള തീരുമാനം എത്രയും വേഗം നടപ്പാകട്ടെ



## അഞ്ഞൂറ് കോടിയുടെ മൂല്യമുള്ള മരതക ശിവലിംഗം പ്രമുഖ വ്യവസായിയുടെ ലോക്കറിൽ

തഞ്ചാവൂർ : രാജേന്ദ്ര ചോള രാജാവിന്റെ കാലത്തുണ്ടാക്കിയതെന്ന് കരുതപ്പെടുന്ന മരതക ശിവലിംഗം തഞ്ചാവൂരിലെ പ്രമുഖ വ്യവസായിയുടെ ലോക്കറിൽ നിന്നും പൊലീസ് കണ്ടെടുത്തു.

തമിഴ്നാട് എഡിജിപി കെ ജയന്ത് മുരളിയുടെ നേതൃത്വത്തിലുള്ള സിഐഡി വിഭാഗമാണ് തഞ്ചാവൂരിലെ ഒരു വീട്ടിൽ പുരാതന വിഗ്രഹങ്ങൾ സൂക്ഷിച്ചിട്ടുണ്ടെന്ന രഹസ്യവിവരത്തെ തുടർന്ന് റെയിഡ് നടത്തിയത്. കണ്ടെടുത്ത വിഗ്രഹത്തിന് അഞ്ഞൂറ് കോടിയുടെ മൂല്യമുണ്ടെന്നാണ് കരുതുന്നത്.

നാഗപട്ടണത്തിനടുത്തുള്ള തിരുക്കുവളൈയിലുള്ള ശ്രീ ത്യാഗരാജ സ്വാമി ക്ഷേത്രത്തിൽ നിന്നും 2016ൽ കാണാതായ വിഗ്രഹമാണ് ഇപ്പോൾ കണ്ടെടുത്തതെന്നാണ് കരുതുന്നത്. ഉദ്ദേശം ആയിരം വർഷമെങ്കിലും പഴക്കമുള്ള വിഗ്രഹത്തിന്റെ മൂല്യം നിർണയിക്കുവാൻ ശാസ്ത്രീയ അന്വേഷണം നടത്തു



## യു എ ഇയിൽ രണ്ട് വാക്സിനെടുത്താൽ പോര വേണം ബൂസ്റ്റർ ഡോസും, വിമാനയാത്രികർക്ക് പുതിയ നിർദേശങ്ങൾ പുറപ്പെടുവിച്ചു

**ദുബായ് :** ഒമിക്രോൺ വ്യാപനം വർദ്ധിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ബൂസ്റ്റർ ഡോസ് സ്വീകരിക്കാത്ത പൗരൻമാർക്ക് വിദേശ യാത്ര നിരോധിച്ച് യു എ ഇ.

ജനുവരി 10 മുതൽ പുതിയ നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ വരുമെന്ന് യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യുഎഇ) പ്രഖ്യാപിച്ചു. പുതിയ യാത്രാ മാർഗ്ഗനിർദ്ദേശത്തെക്കുറിച്ച് നാഷണൽ എമർജൻസി ക്രൈസിസ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് അഥോറിറ്റി (എൻസിഇഎംഎ) ട്വിറ്ററിലൂടെ അറിയിച്ചിട്ടുണ്ട്. അതേസമയം ആരോഗ്യ കാരണങ്ങളാൽ വാക്സിൻ എടുക്കുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടവർക്ക് നിരോധനം ബാധകമാകില്ലെന്നും അധികൃതർ അറിയിച്ചു.

ലോകത്തെ വിവിധ രാജ്യങ്ങളിൽ ഇപ്പോൾ പടർന്ന് പിടിക്കുന്ന ഒമിക്രോൺ ദക്ഷിണാഫ്രിക്കയിലാണ് ആദ്യം കണ്ടെത്തിയത്. പിന്നാലെ യൂറോപ്യൻ രാജ്യങ്ങളിൽ വ്യാപകമായി പടരുകയായിരുന്നു. കൊവിഡ് ബൂസ്റ്റർ ഡോസ് പുതിയ രോഗ വ്യാപനത്തിനെതിരെ ഫലപ്രദമാണെന്ന് പഠനങ്ങൾ കണ്ടെത്തിയിരുന്നു. യുഎഇയിൽ ജനസംഖ്യയുടെ 90 ശതമാനവും പൂർണമായും വാക്സിനെടുത്തിരുന്നു. എന്നാൽ ഡിസംബർ 24വരെയുള്ള കണക്ക് പ്രകാരം ഏകദേശം 34% പേർക്കാണ് ബൂസ്റ്റർ ഡോസ് നൽകിയിട്ടുള്ളത്. യുഎഇയിൽ 750,000ത്തിലധികം കൊവിഡ് കേസുകളാണ് ഉണ്ടായിട്ടുള്ളത്. 2,000ത്തിലധികം മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.



## മുന്നാക്ക സംവരണത്തിന് നിലവിലെ നിബന്ധന ഈ വർഷം ബാധകം; മാറ്റുന്നത് അടുത്ത വർഷം പരിഗണിക്കും

ന്യൂഡൽഹി: മുന്നാക്ക സംവരണത്തിന് നിലവിലെ നിബന്ധനകൾ ഈ വർഷം ബാധകമായിരിക്കുമെന്ന് കേന്ദ്ര സർക്കാർ സുപ്രീം കോടതിയിൽ.മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിനും രാജ്യമൊട്ടാകെ ഈ നിബന്ധനകൾ തന്നെയായിരിക്കുമെന്നും കേന്ദ്രം കോടതിയെ അറിയിച്ചു.

മുന്നാക്ക സംവരണത്തിനുള്ള നിബന്ധനകൾ ഈ വർഷം മാറ്റിയാൽ പ്രവേശനം നേടുന്നതിനും, നീറ്റ് പരീക്ഷ പാസായ വിദ്യാർത്ഥികൾക്ക് കോളേജ് അനുവദിക്കുന്നതും സങ്കീർണമാകുമെന്നുമാണ് കേന്ദ്രത്തിന്റെ വാദം. നിബന്ധനകൾ മാറ്റുന്നത് അടുത്ത വർഷം പരിഗണിക്കാമെന്നും സർക്കാർ വ്യക്തമാക്കി.സർക്കാർ ജോലിയിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിലും മുന്നാക്ക സംവരണത്തിനുള്ള വാർഷിക വരുമാനപരിധി എട്ട് ലക്ഷം രൂപയായി തുടരണമെന്ന ശുപാർശ ഉൾപ്പടെ കേന്ദ്ര സർക്കാർ നിയോഗിച്ച മൂന്നംഗ സമിതി റിപ്പോർട്ട് നൽകിയിട്ടുണ്ട്.

അഖിലേന്ത്യാ ക്വാട്ട മെഡിക്കൽ പ്രവേശനത്തിനുള്ള 10% മുന്നാക്ക സംവരണം, 27% ഒബിസി സംവരണം എന്നിവ സംബന്ധിച്ച് സുപ്രീം കോടതിയിലുള്ള കേസിന്റെ പശ്ചാത്തലത്തിലാണ് റിപ്പോർട്ട് സമർപ്പിച്ചത്.



## പാകിസ്ഥാനിൽ മത തീവ്രവാദികൾ തകർത്ത ക്ഷേത്രം നവീകരിച്ച ശേഷം ആരാധനയ്ക്ക് എത്തിയത് ഇന്ത്യയിൽ നിന്നും 200ഓളം ഭക്തർ

പെഷവാർ: കഴിഞ്ഞ വർഷം തീവ്ര ഇസ്ലാം മതവിശ്വാസികളായ ആൾക്കൂട്ടം തകർത്ത ക്ഷേത്രം നവീകരിച്ചു പ്രാർത്ഥന നടത്തി.വടക്കുപടിഞ്ഞാറൻ പാക്കിസ്ഥാനിലെ 100 വർഷം പഴക്കമുള്ള മഹാരാജ പരമഹൻസ് ജി ക്ഷേത്രത്തിലാണ് ആക്രമണം നടന്നത്. നവീകരിച്ച ക്ഷേത്രത്തിൽ ഇന്ത്യ, അമേരിക്ക, ഗൾഫ് മേഖലകളിൽ നിന്നുള്ള ഹിന്ദു തീർത്ഥാടകർ ശനിയാഴ്ച എത്തി പ്രാർത്ഥിക്കുകയും ചെയ്തു.വിദേശത്ത് നിന്നെത്തിയ സംഘത്തിൽ ഇന്ത്യയിൽ നിന്നുള്ള 200 ഓളം ഭക്തരാണ് ഉണ്ടായിരുന്നത്. കൈബർ പഖ്തൂൺഖ്വയിലെ കരക് ജില്ലയിലെ തേരി ഗ്രാമത്തിലുള്ള പരംഹൻസ് ജിയുടെ മന്ദിറും സമാധിയും 2020ൽ രോഷാകുലരായ ജനക്കൂട്ടം തകർത്തത് ഏറെ വാർത്താ പ്രാധാന്യം നേടിയിരുന്നു. ഇതേതുടർന്ന് വിപുലമായ അറ്റകുറ്റപ്പണികൾ ക്ഷേത്രത്തിൽ നടന്നു. ഇവിടേയ്ക്ക് ഇന്ത്യൻ ഭക്തസംഘം വാഗാ അതിർത്തിയിലൂടെയാണ് എത്തിയത്. പാക് സുരക്ഷാ ഉദ്യോഗസ്ഥർ ഇവർക്ക് സംരക്ഷണം നൽകിയിരുന്നു. പാകിസ്ഥാൻ ഹിന്ദു കൗൺസിലാണ് പരിപാടി സംഘടിപ്പിച്ചത്.ക്ഷേത്രത്തിൽ ചടങ്ങ് സംഘടിപ്പിച്ച ദിവസം ക്ഷേത്രത്തിലും തെരി ഗ്രാമത്തിലും 600 ഉദ്യോഗസ്ഥരാണ് സുരക്ഷ ഒരുക്കിയത്.

SPECIAL-NEWS



# വികസന പദ്ധതികൾക്ക് തടസം നിൽക്കുന്നത് നാടിനെതിരായ ശക്തികൾ, വിരട്ടൽ ഇങ്ങോട്ട് വേണ്ടെന്ന് മുഖ്യമന്ത്രി

**പാലക്കാട്:** കേരളത്തിൽ ഒരു വികസന പരിപാടിയും പാടില്ലെന്നാണ് പ്രതിപക്ഷത്തിന്റെ നയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വികസന പദ്ധതികളെ ഉമ്മാക്കി കാട്ടി വിരട്ടുന്നവരോട് ഒന്നേ പറയാനുള്ളൂ. വിരട്ടൽ ഇങ്ങോട്ട് വേണ്ട. നാട് മുന്നോട്ട് പോകണം. ഇവരെല്ലാം ചെറിയ കൂട്ടരാണെന്നും അദ്ദേഹം പരിഹസിച്ചു. സി.പി.എം പാലക്കാട് ജില്ലാ സമ്മേളനത്തിന് ശേഷം നടന്ന പൊതുസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹംനാടിനെതിരായ ശക്തികൾക്കേ വികസന പദ്ധതികൾക്കെതിരെ നിൽക്കാനാവൂ. ഞങ്ങൾക്ക് അനാവശ്യ ദുർവാശിയില്ല. പക്ഷെ സർക്കാരെന്തിന് നിക്ഷിപ്ത താത്പര്യക്കാർക്ക് വഴിപ്പെടണം? വാശിയോ പിടിവാശിയോ ദുർവാശിയോ അല്ല, മറിച്ച് നാട് മുന്നോട്ട് പോകണമെന്ന തീരുമാനം മാത്രമാണ്. വികസന പദ്ധതികളുമായി ബന്ധപ്പെട്ട് സ്ഥലമെടുക്കലിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാവുന്നതാണ്. എന്നാൽ . കേന്ദ്ര സർക്കാരിനെ ഉപയോഗിച്ച് പല പദ്ധതികളും അട്ടിമറിക്കാൻ ബിജെപി നീക്കം നടത്തുന്നു. എൽഡിഎഫിന്റെ കാലത്ത് വികസനം വേണ്ടെന്നാണ് അവർ പറയുന്നത്. പിന്നേത് കാലത്താണ് വികസനം വരേണ്ടതെന്നും അദ്ദേഹം ചോദിച്ചു. ബി.ജെ.പിക്ക് പലരെയും സംഭാവന ചെയ്യുന്ന പാർട്ടിയായി കോൺഗ്രസ് മാറുന്നുവെന്നും അദ്ദേഹം കുറ്റപ്പെടുത്തി.



# ഒമിക്രോൺ വ്യാപനം; സുപ്രിംകോടതിയിൽ നിയന്ത്രണം

**ഡൽഹി :** ഒമിക്രോൺ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സുപ്രിംകോടതിയിൽ നിയന്ത്രണം. സുപ്രിംകോടതി വീണ്ടും വിഡിയോ കോൺഫറസിംഗിലേക്ക് മാറുകയാണ്. ഇന്ന് മുതൽ രണ്ടാഴ്ചത്തേക്കാണ് വാദം കേൾക്കൽ വിർചലാക്കുന്നത്.അതേസമയം, രാജ്യത്ത് 27,553 കൊവിഡ് സ്ഥിരീകരിച്ചു. 284 മരണവും റിപ്പോർട്ട് ചെയ്തു. ഒമിക്രോൺ കേസുകളുടെ എണ്ണം 1500 കടന്നു. ഇതുവരെ സ്ഥിരീകരിച്ചത് 1525 പേർക്കാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ ഒമിക്രോൺ വകഭേദം സ്ഥിരീകരിച്ചത് മഹാരാഷ്ട്രയിലാണ്. 460 പേർക്കാണ് മഹാരാഷ്ട്രയിൽ രോഗബാധ സ്ഥിരീകരിച്ചത്.

രാജ്യത്ത് കൊവിഡ് ബാധിതരുടെ എണ്ണം കുതിച്ചുയരുകയാണ്. മഹാരാഷ്ട്രയിൽ 24 മണിക്കൂറിനിടെ 9170 പേർക്ക് രോഗബാധ സ്ഥിരീകരിച്ചു. ഡൽഹിയിൽ പ്രതിദിന കൊവിഡ് കേസുകളിൽ 51 ശതമാനത്തിന്റെ വർധന. ഒരാഴ്ചയ്ക്കിടെ നാലിരട്ടി വർധനയാണ് രാജ്യത്തെ പ്രതിദിന കേസിലുണ്ടായത്.

കൊവിഡ് വ്യാപിക്കുന്ന പശ്ചാത്തലത്തിൽ പശ്ചിമ ബംഗാൾ, ഹരിയാന, തെലങ്കാന സംസ്ഥാനങ്ങളിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ബംഗാളിൽ രോഗികളുടെ എണ്ണത്തിൽ വലിയ വർധനയുണ്ടായി. 4,512 പേർക്ക് സംസ്ഥാനത്ത് ഇന്നലെ രോഗം സ്ഥിരീകരിച്ചത്. ഡൽഹിയിൽ



# അഖിലേന്ത്യാ മെഡിക്കൽ പ്രവേശനം; സംവരണ മാനദണ്ഡങ്ങളിൽ മാറ്റമില്ലെന്ന് കേന്ദ്രസർക്കാർ


**ഡൽഹി :** അഖിലേന്ത്യാ മെഡിക്കൽ പ്രവേശനത്തിലെ സംവരണ മാനദണ്ഡങ്ങളിൽ മാറ്റമില്ലെന്ന് കേന്ദ്രസർക്കാർ. തീരുമാനം അറിയിച്ചുകൊണ്ട് കേന്ദ്രസർക്കാർ സുപ്രിംകോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചു. എട്ടുലക്ഷം രൂപയെന്ന വാർഷിക വരുമാന പരിധി തുടരുക തന്നെ ചെയ്യും. മാനദണ്ഡങ്ങളിൽ മാറ്റം വേണ്ടെന്ന മൂന്നംഗ സമിതിയുടെ റിപ്പോർട്ടും കേന്ദ്രം കോടതിയിൽ കൈമാറി.അഞ്ചേക്കറോ അതിൽ കൂടുതൽ ഭൂമിയുള്ള കുടുംബങ്ങളിലെ അംഗങ്ങളെ സാമ്പത്തിക സംവരണത്തിൽ നിന്ന് ഒഴിവാക്കാമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. ഈ ഭേഗതി അടുത്ത അധ്യയന വർഷം നടപ്പാക്കാനാണ് സമിതിയുടെ ശുപാർശയെന്നും കേന്ദ്രസർക്കാർ സുപ്രിംകോടതിയെ അറിയിച്ചിട്ടുണ്ട്. അഖിലേന്ത്യാ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് സാമ്പത്തിക സംവരണവും 27 ശതമാനം ഒബിസി സംവരണവും കേന്ദ്രസർക്കാർ കൊണ്ടുവന്നിരുന്നു. ഇതിനെ ചോദ്യം ചെയ്തുള്ള ഹർജികൾ ഈ മാസം 6ന് പരിഗണിക്കാനിരിക്കെയാണ് സംവരണ മാനദണ്ഡങ്ങളിൽ മാറ്റമില്ലെന്ന് കേന്ദ്രസർക്കാർ അറിയിച്ചത്. ഒബിസി സംവരണത്തിന് പുറമേ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണമാണ് ഏർപ്പെടുത്തിയത്. എംബിബിഎസ്, എംഡി, എംഎസ്, ബിഡിഎസ്, എംഡിഎസ് ഡിപ്ലോമ എന്നീ കോഴ്സുകളിലേക്കാണ് സംവരണം നൽകുന്നത്. വിദ്യാഭ്യാസപരമായ പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന ഡിഗ്രി, പിജി വിദ്യാർത്ഥികൾക്കാണ് സംവരണത്തിന്റെ ആനുകൂല്യമെന്നും കേന്ദ്രസർക്കാർ വൃത്തങ്ങൾ അറിയിച്ചിരുന്നു. അതേസമയം സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ വിദ്യാഭ്യാസ സംവരണം അനുസരിച്ച് ഈഴവ-തീയ്യ-ബില്ലവ വിഭാഗത്തിന് 3 ശതമാനം, മുസ്ലിം വിഭാഗത്തിന് 2 ശതമാനം, മറ്റ് പിന്നാക്ക ഹിന്ദു വിഭാഗത്തിന് 1 ശതമാനം, ലത്തീൻ കത്തോലിക്ക, എസ്ഐയുസി- 1 ശതമാനം, മറ്റ് പിന്നാക്ക ക്രിസ്ത്യാനികൾക്ക് 1, കുടുംബി വിഭാഗത്തിന് 1 എന്നിങ്ങനെ ആകെ 9 ശതമാനമാണ് മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ പ്രവേശനത്തിനുള്ള സംവരണം.

# പിണറായി ക്യാബിനറ്റിലെ മന്ത്രിപ്പണിയാണ് വി ഡി സതീശന് ചേരുക'; പ്രതിപക്ഷനേതാവിനെ കടന്നാക്രമിച്ച് കെ.സുരേന്ദ്രൻ

കൊച്ചി: ഡി ലിറ്റ് വിവാദത്തിൽ ഗവർണർക്കെതിരെ പ്രസ്താവന നടത്തിയ പ്രതിപക്ഷനേതാവിനെ കടന്നാക്രമിച്ച് ബിജെപി സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രൻ. നിർഗുണ പ്രതിപക്ഷ നേതാവാണ് വി.ഡി സതീശൻ. പിണറായിയെ നിഴൽപോലെ പിന്തുടരുന്ന വി.ഡി സതീശന്റെ സ്ഥാനം അജഗളസ്തനം പോലെ ആർക്കും ഉപകാരമില്ലാത്തതാണെന്നും കെ.സുരേന്ദ്രൻ വിമർശിച്ചു. കൊച്ചിയിൽ മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രതിപക്ഷ നേതാവ് എന്ന പദവിയല്ല പിണറായി ക്യാബിനറ്റിലെ മന്ത്രി പണിയാണ് അദ്ദേഹത്തിന് ചേരുക. സുരേന്ദ്രൻ പറഞ്ഞത് ഏറ്റെടുക്കാനുള്ളതല്ല പ്രതിപക്ഷമെന്ന് സതീശൻ പറയുന്നത് രമേശ് ചെന്നിത്തലയെ ഉന്നം വെച്ചാണ്. കേരളത്തിലെ സർവ്വകലാശാലകളെ മുഴുവൻ കൈപിടിയിലാക്കി അഴിമതി നടത്തുന്ന മുഖ്യമന്ത്രിയെ വിമർശിക്കാതെ ഗവർണറെ വിമർശിക്കുന്നതിൽ നിന്നു തന്നെ അദ്ദേഹത്തിന് ഒരു ഗുണവുമില്ലെന്ന് മനസിലാകും. പ്രതിപക്ഷത്തിന്റെ ധർമ്മം പോലും അറിയാത്ത പ്രതിപക്ഷ നേതാവാണ് സതീശനെന്നും സുരേന്ദ്രൻ പറഞ്ഞു. നേരത്തെ പിണറായി വിജയൻ പാലും പഴവും കൊടുത്തുവളർത്തുന്ന തത്തയായി പ്രതിപക്ഷനേതാവ് മാറിയെന്ന് കേന്ദ്ര മന്ത്രി വി.മുരളീധരനും വിമർശിച്ചിരുന്നു. അതേസമയം ഗവർണർ വിമർശനത്തിന് അതീതനല്ലെന്നും നിയമവിരുദ്ധമായ കാര്യങ്ങൾ ചെയ്തതായി ഗവർണർ സമ്മതിച്ചിട്ടുണ്ടെന്നും അങ്ങനെയുള്ള ഗവർണറെ പ്രതിപക്ഷം വിമർശിക്കുമെന്നുമായിരുന്നു പ്രതിപക്ഷ നേതാവ് അഭിപ്രായപ്പെട്ടത്.



SPECIAL NEWS



# സംസ്ഥാനത്ത് 2802 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്ത് 2802 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. 2595 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്.ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 48 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 130 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 29 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.തിരുവനന്തപുരം 472, എറണാകുളം 434, തൃശൂർ 342, കോഴക്കോട് 338, കോട്ടയം 182, കൊല്ലം 172, കണ്ണൂർ 158, മലപ്പുറം 138, ആലപ്പുഴ 134, പത്തനംതിട്ട 120, ഇടുക്കി 99, പാലക്കാട് 91, വയനാട് 80, കാസർകോട് 42 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗബാധ സ്ഥിരീകരിച്ചത്.കഴിഞ്ഞ 24 മണിക്കൂറിനിടെ 50,180 സാമ്പിളുകളാണ് പരശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള 5 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 6 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,04,957 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,01,682 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 3275 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 149 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.നിലവിൽ 19,021 കൊവിഡ് കേസുകളിൽ, 10.7 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 12 മരണങ്ങളാണ് കൊവിഡ് മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 66 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 48,113 ആയി.രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 2606 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 565, കൊല്ലം 176, പത്തനംതിട്ട 133, ആലപ്പുഴ 95, കോട്ടയം 286, ഇടുക്കി 113, എറണാകുളം 414, തൃശൂർ 35, പാലക്കാട് 78, മലപ്പുറം 120, കോഴിക്കോട് 231, വയനാട് 99, കണ്ണൂർ 164, കാസർകോട് 97 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 19,021 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 51,84,587 പേർ ഇതുവരെ കൊവിഡിൽ നിന്നും മുക്തി നേടി.

## ചിലരുടെ ഇരട്ടത്താപ്പ് ജനങ്ങൾ തിരിച്ചറിയണം, മന്നം ജയന്തി സമ്പൂർണ്ണ അവധിയാക്കാത്തതിൽ സർക്കാരിനെ വിമർശിച്ച് എൻ എസ് എസ്

**തിരുവനന്തപുരം:** മന്നം ജയന്തി സമ്പൂർണ്ണ അവധിയാക്കാത്തതിലുള്ള അതൃപ്തി പ്രകടിപ്പിച്ച് എൻഎസ്എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ.മന്നം ജയന്തി പൊതു അവധിയാക്കണമെന്ന ആവശ്യം ദീർഘകാലമായി എൻഎസ്എസ് ഉന്നയിക്കുകയാണെന്നും എന്നാൽ ഇതിന് അനുകൂലമായ നടപടി സർക്കാർ കൈക്കൊള്ളുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി എൻഎസ്എസിന് വേണ്ട പരിഗണന നൽകാത്തവർ മന്നത്തെ നവോത്ഥാന നായകനാക്കി ഉയർത്തി കാട്ടുന്നു. ഇത്തരക്കാരുടെ ഇരട്ടത്താപ്പ് ജനങ്ങൾ തിരിച്ചറിയും എന്ന് കരുതുന്നതായി എൻഎസ്എസ് പുറത്തിറക്കിയ വാർത്താകുറിപ്പിൽ വ്യക്തമാക്കുന്നുണ്ട്. 145ാം മന്നം ജയന്തി ദിനത്തിൽ പൊതു അവധി എന്ന വിഷയമാണ് പ്രധാനമായും എൻഎസ്എസ് സർക്കാരിനെതിരെ ഉന്നയിക്കുന്നത്.യുഡിഎഫ് സർക്കാരിന്റെ കാലത്ത് മന്നം ജയന്തി പൊതു അവധി ആയി പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബാങ്ക് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് സമ്പൂർണ അവധി നൽകുന്ന കാര്യത്തിൽ ഇതുവരെ നടപടി ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരാണ് ശുപാർശ നൽകേണ്ടത്. എന്നാൽ നിലവിൽ 15 പൊതു അവധികളുണ്ട്. ഇതിൽ അധികം അവധികൾ നൽകാൻ പരിമിതിയുണ്ടെന്ന നിലപാടിലാണ് സംസ്ഥാന സർക്കാർ. സർക്കാരിന്റെ ശുപാർശ വന്നാൽ കാര്യങ്ങൾ കൂടുതൽ എളുപ്പമാകും എന്നാണ് എൻഎസ്എസ് വ്യക്തമാക്കുന്നത്.



## മുഖ്യമന്ത്രി പാലും പഴവും കൊടുത്ത് വളർത്തുന്ന വക്കീലാണ് പ്രതിപക്ഷ നേതാവ്, പിണറായിപ്പേടിയും: ഡി– ലിറ്റ് വിവാദത്തിൽ വി മുരളീധരൻ

**തിരുവനന്തപുരം:** ഡി ലിറ്റ് വിവാദത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷ നേതാവ് വിഡി സതീശനുമെതിരെ ആഞ്ഞടിച്ച് കേന്ദ്രമന്ത്രി വി മുരളീധരൻ.ഡി-ലിറ്റ് ശുപാശ നൽകാനുള്ള അവകാശം ഗവർണർക്കുണ്ട്. പ്രതിപക്ഷനേതാവിന് വിവരമില്ലെന്നും അദ്ദേഹം പറഞ്ഞു.മുഖ്യമന്ത്രി പിണറായി വിജയൻ പാലും പഴവും കൊടുത്ത് വളർത്തുന്ന വക്കീലായി പ്രതിപക്ഷ നേതാവ് മാറിയിരിക്കുന്നു. പിണറായിയെ പേടിയാണ് പ്രതിപക്ഷ നേതാവിന്. അതാണ് ഗവർണർക്കെതിരായ വിമർശനങ്ങളിൽ നിന്ന് മനസിലാകുന്ന'തെന്നും വി മുരളീധരൻ പരിഹസിച്ചു. മുഖ്യമന്ത്രിയുടെ നാവായി വി ഡി സതീശൻ മാറിയെന്ന് കുറ്റപ്പെടുത്തിയ കേന്ദ്രമന്ത്രി, ഗവർണറെ അവഹേളിച്ചതിലൂടെ ഭരണഘടനയെയാണ് അവഹേളിച്ചതെന്നും പറഞ്ഞു.രാജ്യത്തിന്റെ പ്രഥമ പൗരനെ കേരള സർക്കാർ അവഹേളിച്ചുവെന്ന മാദ്ധ്യമ വാർത്തകൾ ഗവർണർ നിഷേധിച്ചിട്ടില്ല. രാഷ്ട്രപതിക്ക് ഡി. ലിറ്റ് നൽകുന്നതിൽ എന്ത് അയോഗ്യതയാണുള്ളതെന്ന് മുഖ്യമന്ത്രിപറയണം. അദ്ദേഹം ഒരു ദളിതനായതു കൊണ്ടാണോ ഡി. ലിറ്റ് നൽകേണ്ടെന്ന നിലപാടെടുത്തതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്നും അദ്ദേഹം പറഞ്ഞു. തെറ്റായ നടപടികൾ സ്വീകരിക്കില്ലെന്ന് ഉറപ്പ് നൽകിയാൽ ഗവർണർ ചാൻസിലർ പദവി ഏറ്റെടുക്കുമെന്നും മുരളീധരൻ സൂചിപ്പിച്ചു.

## കേരളത്തിൽ ഒമിക്രോൺ സമൂഹ വ്യാപനമില്ല, ബൂസ്റ്റർ ഡോസ് വിതരണം ജനുവരി 10 മുതൽ: ആരോഗ്യമന്ത്രി

**പത്തനംതിട്ട:** സംസ്ഥാനത്ത് നിലവിൽ ഒമിക്രോൺ സമൂഹ വ്യാപനമില്ലെന്ന് ആരോഗ്യമന്ത്രി വീണ ജോർജ്. രോഗ വ്യാപനം നിയന്ത്രിക്കുന്നതിന് എല്ലാവരും കടുത്ത ജാഗ്രത പാലിക്കണമെന്നും മന്ത്രി പറഞ്ഞു. മുതിർന്നവർക്കുള്ള കൊവിഡ് വാക്സിന്റെ ബൂസ്റ്റർ ഡോസ് വിതരണം ജനുവരി 10 മുതൽ ആരംഭിക്കും. 15 വയസിന് മുകളിൽ പ്രായമായ കുട്ടികൾക്ക് വാക്സിൻ നൽകുന്നതിനുള്ള നടപടികൾ നാളെ മുതൽ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. 15 മുതൽ 18 വരെ പ്രായമുള്ളവർക്കായി കൊവിൻ പോർട്ടൽ വഴി ശനിയാഴ്ചവൈകിട്ട് മൂന്ന് മണി മുതൽ രജിസ്ട്രേഷൻ ആരംഭിച്ചു. രജിസ്ട്രേഷൻ നടത്താൻ കഴിയാത്തവർക്ക് വാക്സിനേഷൻ കേന്ദ്രങ്ങളിൽ സ്പോർട്ട് രജിസ്ട്രേഷൻ ഉണ്ടാകും. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹായത്തോടെ നേരിട്ടെത്തിയും വിദ്യാർത്ഥികൾക്ക് വാക്സിനെടുക്കാനുള്ള അവസരം ഒരുക്കും. കൗമാരക്കാർക്ക് വാക്സിൻ നൽകുന്ന കേന്ദ്രങ്ങളിൽ തിരിച്ചറിയാൻ കവാടത്തിൽ പിങ്ക് ബോർഡ് പ്രദർശിപ്പിക്കും. എന്തെങ്കിലും കാരണത്താൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാൻ മാതാപിതാക്കൾക്ക് കഴിയുന്നില്ലെങ്കിൽ അത് വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ പരിഹരിക്കുമെന്നും മന്ത്രി അറിയിച്ചു.വാക്സിനായുള്ള രജിസ്ട്രേഷനിൽ ഉൾപ്പെടാത്ത കുട്ടികളുടെ വിവരങ്ങൾ ആരോഗ്യവകുപ്പ് വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടുവെന്നും ലഭിച്ചതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# കുട്ടികളുടെ വാക്സിനേഷന് സജ്ജം: രാവിലെ 9 മുതൽ 5 വരെ; മന്ത്രി വീണാ ജോർജ്




**കൊച്ചി:** കൗമാരക്കാരുടെ വാക്സിനേഷന് സംസ്ഥാനം സജ്ജമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. വാക്സിനേഷനുള്ള ആക്ഷൻ പ്ലാൻ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. കുട്ടികൾക്കും മുതിർന്നവർക്കും പ്രത്യേക വാക്സിനേഷൻ കേന്ദ്രങ്ങളാണുള്ളത്. കുട്ടികളുടെ വാക്സിനേഷൻ കേന്ദ്രങ്ങളിൽ പിങ്ക് ബോർഡ് ഉണ്ടാകും. മുതിർന്നവരുടേത് നീല നിറമാണ്. ബോർഡുകൾ വാക്സിനേഷൻ കേന്ദ്രത്തിന്റെ പ്രവേശന കവാടം, രജിസ്ട്രേഷൻ സ്ഥലം, വാക്സിനേഷൻ സ്ഥലം എന്നിവിടങ്ങളിൽ ഉണ്ടായിരിക്കും.എല്ലാ വാക്സിനേഷൻ കേന്ദ്രങ്ങളിലും ഡോക്ടറുടെ സേവനമുണ്ടാകും. മറ്റസുഖങ്ങളോ അലർജിയോ ഉണ്ടെങ്കിൽ വാക്സിൻ സ്വീകരിക്കുന്നതിന് മുമ്പ് അറിയിക്കണം. 15 മുതൽ 18 വയസുവരെയുള്ള 15.34 ലക്ഷം കുട്ടികൾക്ക് വാക്സിൻ നൽകാനാണ് ലക്ഷ്യമിടുന്നത്. രാവിലെ 9 മുതൽ വൈകുന്നേരം 5 വരെയാണ് വാക്സിനേഷൻ കേന്ദ്രങ്ങൾ പ്രവർത്തിക്കുക. കോവിൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തതിന് ശേഷം കേന്ദ്രത്തിൽ എത്തുക. അവരവർ രജിസ്റ്റർ ചെയ്ത വിവരങ്ങളാണ് വാക്സിൻ സർട്ടിഫിക്കറ്റിൽ ഉണ്ടാകുക. പിന്നീടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ തെറ്റുകൂടാതെ രജിസ്റ്റർ ചെയ്യേണ്ടതാണ്.വാക്സിനേഷന് ശേഷം കോവിൻ പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത ഫോൺ നമ്പർ ഉപയോഗിച്ച് ആദ്യ ഡോസ് വാക്സിന്റെ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൊവിഡ് വന്നിട്ടുള്ള കുട്ടികൾക്ക് 3 മാസം കഴിഞ്ഞ് വാക്സിൻ എടുത്താൽ മതിയാകും. ഭക്ഷണം കഴിച്ചതിന് ശേഷം വാക്സിനേഷൻ കേന്ദ്രത്തിലെത്തുക. ഒമിക്രോൺ സാഹചര്യത്തിൽ കുടിക്കാനുള്ള വെള്ളം അവരവർ കരുതുന്നതാണ് നല്ലത്. ആധാർ കാർഡോ, ആധാറില്ലെങ്കിൽ സ്കൂൾ ഐഡി കാർഡോ മറക്കാതെ കൊണ്ട് വരേണ്ടതാണ്. രജിസ്ട്രേഷൻ ചെയ്ത സമയത്തെ ഫോൺ നമ്പരും കരുതണം. കോവാക്സിൻ നൽകുന്ന കുട്ടികളുടെ വാക്സിനേഷൻ കേന്ദ്രമാണെന്ന് ഉറപ്പ് വരുത്തുക.ഒമിക്രോൺ സാഹചര്യത്തിൽ വാക്സിനേഷൻ കേന്ദ്രങ്ങളിൽ കൊവിഡ് പ്രോട്ടോകോൾ കൃത്യമായി പാലിക്കണം. കുട്ടികളായതിനാൽ സമയമെടുത്തായിരിക്കും വാക്സിനേഷൻ പ്രക്രിയ പൂർത്തിയാക്കുക. കൂടെ വരുന്ന രക്ഷാകർത്താക്കളും തിരക്ക് കൂട്ടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. രജിസ്ട്രേഷൻ കൗണ്ടറിൽ രജിസ്റ്റർ ചെയ്ത മൊബൈൽ മെസേജോ പ്രിന്റൗട്ടോ നൽകേണ്ടതാണ്. രജിസ്റ്റർ ചെയ്ത ഫോൺ നമ്പർ നൽകുമ്പോൾ കുട്ടിയുടെ മറ്റ് വിവരങ്ങൾ ലഭ്യമാകും. ആധാറോ, സ്കൂൾ ഐഡിയോ കാണിച്ച് വന്നയാൾ ആ കുട്ടിതന്നെയെന്ന് ഉറപ്പാക്കും. വാക്സിനേഷൻ കേന്ദ്രത്തിൽ സൂപ്പർവൈസറും വാക്സിനേറ്ററും ഉണ്ടാകും. കുട്ടിക്ക് മറ്റ് തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളോ അലർജിയോ ഇല്ലെന്ന് ഉറപ്പ് വരുത്തിയ ശേഷം വാക്സിനേഷൻ സ്ഥലത്തേക്ക് വിടുന്നു. ഒരിക്കൽക്കൂടി വാക്സിനേറ്റർ കുട്ടിയോട് വിവരങ്ങൾ ചോദിച്ച ശേഷം വാക്സിൻ നൽകുന്നു. വാക്സിൻ നൽകിയ ശേഷം കുട്ടികളെ അരമണിക്കൂർ നിരീക്ഷിക്കുന്നതാണ്. മറ്റ് ബുദ്ധിമുട്ടലുകളില്ലെന്ന് ഉറപ്പ് വരുത്തി അവരെ വിടുന്നു.വാക്സിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം കുട്ടികളുടെ വാക്സിനേഷൻ പൂർത്തിയാക്കുകയാണ് ലക്ഷ്യം. 65,000ത്തോളം ഡോസ് കോ വാക്സിൻ സംസ്ഥാനത്ത് ലഭ്യമാണ്. കുട്ടികളുടെ വാക്സിനേഷനായി 5 ലക്ഷത്തോളം ഡോസ് കോവാക്സിൻ എത്തിക്കുമെന്ന് കേന്ദ്രം അറിയിച്ചുവെങ്കിലും ഇന്ന് രാത്രിയോടെ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വാക്സിൻ എത്തുന്നതോട് കൂടി എല്ലാ കേന്ദ്രങ്ങളും പൂർണ തോതിൽ പ്രവർത്തിക്കാനാകും. കുട്ടികളുടെ വാക്സിനേഷൻ സുഗമമാക്കുന്നതിന് എല്ലാവരുടേയും പിന്തുണ മന്ത്രി അഭ്യർത്ഥിച്ചു.



## സുവിശേഷ പ്രാസംഗികൻ പ്രൊഫ. എം വൈ യോഹന്നാൻ അന്തരിച്ചു

**കൊച്ചി:** സുവിശേഷ പ്രാസ0ഗികനു0 ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ് സ്ഥാപക പ്രസിഡന്റുമായ പ്രൊഫ. എം വൈ യോഹന്നാൻ നിര്യാതനായി. 84 വയസ്സ് ആയിരുന്നു. ആലുവ രാജഗിരി ആശുപത്രിയിൽ ചികിത്സയിലായിരുന്നു അദ്ദേഹം. സംസ്കാരം പിന്നീടെന്ന് ബന്ധുക്കൾ അറിയിച്ചു. വൃക്ക സംബന്ധമായ അസുഖത്തെതുടർന്നു ചികിത്സയിലായിരുന്ന അദ്ദേഹത്തെ കഴിഞ്ഞ ദിവസം രോഗം മൂർച്ഛിച്ചതിനെ തുടർന്ന് ആലുവയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു.മെഡിക്കൽ ഉപകരണങ്ങൾ നിർമിക്കുന്ന അഗപ്പെ ഡയഗ്നോസ്റ്റിക് എന്ന സ്ഥാപനത്തിന്റെ ചെയർമാനായ പ്രഫ. എം വൈ യോഹന്നാൻ, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജിലെ റിട്ട. പ്രിൻസിപ്പലാണ്. 100ൽപരം സുവിശേഷ പുസ്തകങ്ങളുടെ ഗ്രന്ഥകർത്താവുമാണ് അദ്ദേഹം. 1964ൽ സെന്റ് പീറ്റേഴ്സ് കോളജിൽ അധ്യാപകനായാണ് ഔദ്യോ?ഗിക ജീവിതം ആരംഭിക്കുന്നത്. 33 വർഷം ഇതേ കോളജിൽ അധ്യാപകനായി ജോലി ചെയ്തു. 1995ൽ പ്രിൻസിപ്പലായി നിയമിതനായി. രണ്ടുവർഷത്തിനുശേഷം വിരമിച്ച അദ്ദേഹം 'സ്വമേധയാ സുവിശേഷ സംഘം' എന്ന മിഷനറി സംഘത്തിലെ സജീവ അംഗമായി പ്രവത്തിച്ചു. പതിനേഴാം വയസ്സുമുതൽ സുവിശേഷ പ്രഘോഷണ രംഗത്തു സജീവമായിയുരുന്നു അദ്ദേഹം.




# വാടക വീടിന് കൊടുക്കേണ്ടി വരുന്നത് ഭീമമായ തുക; മന്ത്രി അബ്ദുറഹ്മാനും വീടൊരുങ്ങുന്നു

**തിരുവനന്തപുരം:** മുഖ്യമന്ത്രിയുൾപ്പടെ സംസ്ഥാനത്തിന് 21 മന്ത്രിമാരുണ്ടെങ്കിലും ഔദ്യോഗിക വസതികൾ ഇരുപതേയുള്ളൂ. ഈ സാഹചര്യത്തിൽ ഒരു മന്ത്രി മന്ദിരം കൂടി പണിയാനാണ് സർക്കാരിന്റെ തീരുമാനം. നിലവിൽ മന്ത്രി വി അബ്ദുറഹ്മാൻ വാടകവീട്ടിലാണ് താമസം. ഇദ്ദേഹത്തിന് വേണ്ടിയാണ് പുതിയ വസതി.മന്ത്രി വി ശിവൻകുട്ടിയുടെ റോസ് ഹൗസ് വളപ്പിലാകും അബ്ദുറഹ്മാന്റെയും വസതി. മുഖ്യമന്ത്രിയുടെ ക്ലിഫ് ഹൗസിലെ വളപ്പിൽ ഏഴ് മന്ത്രി മന്ദിരങ്ങൾ കൂടിയുണ്ട്. പെരിയാർ, പ്രശാന്ത്, പൗർണമി, നെസ്റ്റ്, അശോക, പമ്പ, എസ്സെൻ ഡെൻ എന്നിവയാണ് ക്ലിഫ് ഹൗസ് വളപ്പിലുള്ളത്. പ്രതിപക്ഷ നേതാവിന്റെ കന്റോൺമെന്റ് ഹൗസ് വളപ്പിൽ നാല് മന്ത്രിമന്ദിരങ്ങൾ (കാവേരി, ഗംഗ, നിള, ഗ്രെയ്സ്) ഉണ്ട്. രാജ്ഭവനടുത്തായിട്ടാണ് മൻമോഹൻ ബംഗ്ലാവും അജന്തയും കവടിയാർ ഹൗസുമുള്ളത്.രണ്ട് മന്ത്രിമാരുടെ വസതികൾ നന്ദൻകോടും, വഴുതക്കാട് മൂന്ന് പേരുടെ മന്ദിരങ്ങളുമാണ് ഉള്ളത്. അബ്ദുറഹ്മാന് മാത്രമേ ഔദ്യോഗിക വസതികൾ ഇല്ലാത്തതായിട്ടുള്ളൂ. വഴുതക്കാട്ടെ വാടകവീട്ടിലാണ് അബ്ദുറഹ്മാൻ ഇപ്പോൾ താമസിക്കുന്നത്. ഭീമമായ വാടക തുക ഒഴിവാക്കാൻ വേണ്ടിയാണ് പുതിയ വസതി പണിയാൻ സർക്കാർ തീരുമാനിച്ചത്. വീടു നിർമാണത്തിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.കുക. കുട്ടികളുടെ വാക്സിനേഷൻ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ജനുവരി 3 ന് രാവിലെ 9 .30 ന് കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ ഇ .ചന്ദ്രശേഖരൻ എംഎൽഎ നിർവഹിക്കും.

## കോവളത്ത് വിദേശിയെ അവഹേളിച്ച സംഭവം; പൊലീസുകാർക്കെതിരെ വകുപ്പുതല അന്വേഷണം

**തിരുവനന്തപുരം:** സ്വീഡിഷ് പൗരനെ അവഹേളിച്ച സംഭവത്തിൽ പൊലീസുകാർക്കെതിരെ വകുപ്പുതല അന്വേഷണം. കോവളം സ്റ്റേഷനിലെ പ്രിൻസിപ്പൽ എസ് ഐ അനീഷ്, സിവിൽ പൊലീസ് ഓഫീസർമാരായ സജിത്ത്, മനീഷ് എന്നിവർക്കെതിരെയാണ് അന്വേഷണം പ്രഖ്യാപിച്ചിരിക്കുന്നത്.കോവളത്തിന് സമീപം ഹോംസ്റ്റേ നടത്തുന്ന സ്വീഡിഷ് പൗരൻ സ്റ്റീവ് ആസ് ബെർഗിനെയാണ് ബിവറേജസിൽ നിന്നും മദ്യം വാങ്ങിവരുമ്പോൾ പൊലീസ് തടഞ്ഞത്.പൊലീസ് പരിശോധനയ്ക്കിടെ സ്കൂട്ടറിൽ നിന്ന് മൂന്ന് ഫുൾ ബോട്ടിൽ മദ്യം കണ്ടെടുക്കുകയായിരുന്നു. തുടർന്ന് മദ്യം വാങ്ങിയ ബിൽ ഹാജരാക്കാൻ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടു. ബിവറേജിൽ നിന്നും ബിൽ വാങ്ങാൻ മറന്നെന്ന് സ്റ്റീവ് പറഞ്ഞെങ്കിലും പൊലീസ് ചെവികൊണ്ടില്ല. കുപ്പിയടക്കം വലിച്ചെറിയാൻ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടു.ഇതോടെ സ്റ്റീവ് തന്റെ കൈവശമുണ്ടായിരുന്ന രണ്ട് ഫുള്ളും പൊട്ടിച്ച് വഴിയിൽ ഒഴുക്കി കളഞ്ഞു. എന്നാൽ സംഭവത്തിന്റെ ദൃശ്യങ്ങൾ ആരോ പകർത്തുന്നത് കണ്ടതോടെ മദ്യം കളയണ്ട ബിൽ കൊണ്ടുവന്നാൽ മതിയെന്ന് പൊലീസ് പറഞ്ഞു. ഇതിന് പിന്നാലെ സ്റ്റീവ് ബിവറേജിൽ എത്തി ബിൽ വാങ്ങി തന്റെ നിരപരാധിത്വം തെളിയിക്കുകയായിരുന്നു.മദ്യത്തിന് ബില്ലില്ലെന്ന് കാണിച്ച് പൊലീസ് മോശമായി പെരുമാറിയതിൽ വളരെയേറെ സങ്കടമുണ്ടെന്ന് സ്റ്റീവ് ആസ്ബെർഗ് പ്രതികരിച്ചു. ഇത്തരം അനുഭവങ്ങൾ മുമ്പും ഉണ്ടായിട്ടുണ്ട്. താൻ നാലു വർഷമായി കോവളത്ത് ഹോം സ്റ്റേ നടത്തുകയാണ്. തന്റെ നിരപരാധിത്വം തെളിയിക്കാനാണ് മദ്യം ഒഴുക്കിക്കളഞ്ഞിട്ടും ബിവറേജിൽ നിന്ന് ബില്ല് വാങ്ങി സ്റ്റേഷനിൽ ഹാജരാക്കിയതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അതേ സമയം ബില്ലില്ലാതെ മദ്യം കൊണ്ട് പോകരുതെന്നും, ഹോംസ്റ്റേകളിൽ പുതുവത്സരത്തോട് അനുബന്ധിച്ച് മദ്യം പാടില്ലെന്ന നിർദ്ദേശമാണ് ഉദ്യോഗസ്ഥർ സ്റ്റീവ് നൽകിയെന്നാണ് പൊലീസ് ഓഫീസേഴ്സ് അസോസിയേഷൻ പറയുന്നത്.




## അനീഷിന്റെ മരണം ഉൾക്കൊള്ളാനാകാതെ പെൺകുട്ടി, താളം തെറ്റി 2 കുടുംബം

**തിരുവനന്തപുരം:** പേട്ടയിൽ രാത്രിയിൽ പെൺകുട്ടിയെ കാണാൻ വീട്ടിലെത്തിയ ആൺ സുഹൃത്തിനെ പെൺകുട്ടിയുടെ അച്ഛൻ കുത്തിക്കൊന്ന സംഭവം രണ്ട് കുടുംബങ്ങളുടെ താളമാണ് തെറ്റിച്ചത്.അനീഷിന്റെ അപ്രതീക്ഷിത വേർപാടിന്റെ വേദനയിലാണ് അനീഷിന്റെ പിതാവ് ജോർജ് കുട്ടിയും അമ്മ ഡോളി ജോർജും സഹോദരൻ അനൂപും. വീട്ടിലെ ഇളയകുട്ടിയായിരുന്നു അനീഷ്. രണ്ടുവർഷം മുൻപ് രാത്രിയിൽ സുഹൃത്തുക്കളോടൊപ്പം ബൈക്കിൽ പോകവേ അനീഷ് അപകടത്തിൽപ്പെട്ടിരുന്നു. ഗുരുതരമായി പരിക്കേറ്റ് ഏറെനാൾ കിടപ്പിലായിരുന്നു. മരണത്തിന്റെ വക്കിൽ നിന്നും ആയിരുന്നു അന്ന് അനീഷ് രക്ഷപെട്ട് ജീവിതത്തിലേക്ക് തിരികെ വന്നത്. എന്നാൽ, അധികം നാൾ കഴിയാതെ അനീഷിനെ മരണം എന്നെന്നേക്കുമായി കവർന്നെടുക്കുമെന്ന് ആ കുടുംബവും കരുതിയില്ല.അനീഷിനെ സ്വന്തം പിതാവ് കൊലപ്പെടുത്തിയെന്നത് പെൺകുട്ടിക്കും ഉൾക്കൊള്ളാനായിട്ടില്ല. കൊലപാതകത്തിന് ഇവർ നേരിട്ട് സാക്ഷിയായതിന്റെ മാനസിക ബുദ്ധിമുട്ടിലാണ് പെൺകുട്ടി ഇപ്പോൾ. കണ്മുന്നിൽ കുത്തേറ്റ് വീണതും ശേഷം പിടിഞ്ഞ് മരിച്ചതും കാണേണ്ടി വന്നതിന്റെ മാനസികാഘാതത്തിലാണ് പെൺകുട്ടി. പിതാവ് റിമാൻഡിലായതോടെ, പെൺകുട്ടിയും അമ്മയും സഹോദരിയും ഇപ്പോൾ അടുത്ത ബന്ധുവിന്റെ വീട്ടിലാണുള്ളത്.പേട്ട ചായക്കുടി ലൈനിൽ കഴിഞ്ഞ ദിവസം പുലർച്ചെ മൂന്ന് മണിയോടെയായിരുന്നു സംഭവം. രാത്രിയിൽ പെൺകുട്ടിയെ കാണാൻ വീട്ടിലെത്തിയതായിരുന്നു പത്തൊമ്പതുകാരനായ അനീഷ് ജോർജ്. മകളുടെ മുറിയിൽ നിന്ന് ശബ്ദം കേട്ടതിനെ തുടർന്നാണ് പിതാവ് സൈമൺ ലാല ആയുധവുമായി എത്തിയത്. മുറി തുറക്കാത്തതിനെ തുടർന്ന് വാതിൽ തകർത്ത് അകത്ത് കയറിയ ലാല പിടിവലിക്കിടെ യുവാവിനെ കുത്തി കൊലപ്പെടുത്തുകയായിരുന്നു.



## പൊതുവിഭാഗത്തിന് 10 കിലോ അരി: കേരളത്തിനുള്ള പച്ചരിവിഹിതം 50 ശതമാനം

**തിരുവനന്തപുരം:** വെള്ള റേഷൻ കാർഡ് ഉൾപ്പെടുന്ന പൊതുവിഭാഗത്തിന് 10 കിലോ അരി വീതം വിതരണം ചെയ്യുമെന്ന് ഭക്ഷ്യമന്ത്രി ജി.ആർ.അനിൽ അറിയിച്ചു. റേഷൻകടകൾ വഴിയുള്ള പച്ചരിവിഹിതം 50 ശതമാനമായി ഉയർത്തി. പൊതുജനങ്ങൾക്ക് താൽപര്യമുള്ള ആന്ധ്ര അരി എല്ലാ വിഭാഗത്തിനും ലഭ്യമാക്കും. അരിവില പിടിച്ചുനിർത്താൻ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പാക്കുന്ന പദ്ധതി വാർത്ത സമ്മേളനത്തിൽ വിശദീകരിക്കുകയായിരുന്നു മന്ത്രി.ഈ മാസം മുതൽ പച്ചരിയും പുഴുക്കലരിയും 50:50 അനുപാതത്തിൽ ലഭ്യമാക്കാൻ ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയുമായുള്ള ചർച്ചയിൽ തീരുമാനമായി. എഫ്.സി.ഐയിൽ നിന്ന് ലോഡ് എടുക്കുംമുമ്ബ് കൂടുതൽ പരിശോധനയും കൃത്യതയും ഉറപ്പാക്കാനുള്ള നടപടിക്രമങ്ങൾ ധാരണപത്രത്തിലുണ്ടെന്നും മന്ത്രി പറഞ്ഞു. പൊതുവിഭാഗത്തിന് ഈ മാസത്തെ 10 കിലോ അരിയിൽ ഏഴുകിലോ 10.9 രൂപ നിരക്കിലും മൂന്നു കിലോ 15 രൂപയ്ക്കുമാകും നൽകുക. നീല കാർഡ് ഉടമകൾക്ക് ഈ മാസം മൂന്നുകിലോ അരി 15 രൂപ നിരക്കിൽ അധികമായി നൽകും. അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് അഞ്ചു കിലോ അരി ലഭ്യമാക്കും. ഇതിൽ രണ്ടുകിലോ 10.9 രൂപ നിരക്കിലും മൂന്നുകിലോ 15 രൂപയ്ക്കുമാകും നൽകുക. പൊതുവിപണിയിൽ 30 രൂപയ്ക്ക് മുകളിൽ വിലയുള്ള അരിയാണ് വിതരണം ചെയ്യുക. പച്ചരിയും പുഴുക്കലരിയും തുല്യ അനുപാതത്തിൽ ലഭ്യമാക്കുന്നതോടെ കമ്പോളത്തിലെ അരി വില നിയന്ത്രിക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു. പ്രഭാത ഭക്ഷണത്തിന് ഭൂരിപക്ഷം പേരും പച്ചരിയാണ് ഉപയോഗിക്കുന്നതെന്നതിനാൽ തീരുമാനം കുടുംബങ്ങൾക്ക് ആശ്വാസമാകും.



## അനസ് പോപ്പുലർ ഫ്രണ്ടിന്റെ പൊലീസിലെ സ്ലീപ്പർ സെല്ല്



**തിരുവനന്തപുരം:** പോലീസ് ഡേറ്റാ ബേസിൽ നിന്ന് കൂടുതൽ വ്യക്തിവിവരങ്ങളും രഹസ്യവിവരങ്ങളും സിവിൽ പോലീസ് ഓഫീസർ പി.കെ.അനസ് പോപ്പുലർ ഫ്രണ്ടിന് കൈമാറിയതായി കണ്ടെത്തൽ. ജില്ലാ പോലീസ് മേധാവിയുടെ നിർദേശാനുസരണം നടത്തിയ ആഭ്യന്തര അന്വേഷണത്തിലാണ് കണ്ടെത്തൽ. പോലീസുകാരുടെ വ്യക്തി വിവരങ്ങളും കേസ് നടപടിക്രമങ്ങളും ഇയാൾ കൈമാറിയിട്ടുണ്ട്. പോലീസിന്റെ രഹസ്യ മെസേജുകൾ അടക്കം ചേർന്നിട്ടുണ്ടെന്നാണ് കണ്ടെത്തൽ. അനസ് പോപ്പുലർ ഫ്രണ്ടിന്റെ പോലീസിലെ സ്ലീപ്പർ സെല്ലായി പ്രവർത്തിക്കുകയായിരുന്നുവെന്നും ആക്ഷേപം ഉണ്ട്.അനസ് സുഹൃത്തിന് കൈമാറിയ ആർഎസ്എസ്, ബിജെപി നേതാക്കളുടെ വ്യക്തിവിവരങ്ങൾ ഇയാൾ പോപ്പുലർ ഫ്രണ്ടുകാരായ പലർക്കും കൈമാറിയിട്ടുണ്ടെന്ന് കണ്ടെത്തി. ഇതു കൂടാതെ വൈദികരുടെയും ക്രിസ്ത്യൻ സമുദായ നേതാക്കളുടെയും ജില്ലയിലെ പ്രധാന തസ്തികളിൽ ഇരിക്കുന്ന പോലീസുകാരുടെയും വിവരങ്ങൾ അനസ് ചോർത്തിയെന്ന് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.വ്യക്തി സുരക്ഷയെ തന്നെ ബാധിക്കുന്ന ഇത്തരം രഹസ്യവിവരങ്ങൾ പോപ്പുലർ ഫ്രണ്ടിന് കൈമാറിയ സിവിൽ പോലീസ് ഓഫീസർ പി.കെ. അനസിനെ സർവ്വീസിൽ നിന്ന് ഡിസ്മിസ് ചെയ്ത് യുഎപിഎ ചുമത്തണമെന്ന് നിയമവിദഗ്ധർ വ്യക്തമാക്കി. അത്രയും ഗുരുതരമായ കുറ്റമാണ് ഇയാൾ ചെയ്തതെന്നും നടപടി സസ്പെൻഷനിൽ ഒതുക്കരുതെന്നുമാണ് അവരുടെ നിലപാട്.ഏപ്രിലിൽ ജമ്മുകശ്മീരിൽ ഇത്തരമൊരു സംഭവം നടന്നിരുന്നു. വിവരങ്ങൾ ചേർത്തുകയും സൈന്യത്തിനെതിരെ തിരിയുകയും ഭീകരർക്ക് അനു കൂലമായ മുദ്രാവാക്യം മുഴക്കുകയും ചെയ്ത സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥ സൈമ അക്തറിനെ കശ്മീർ ഭരണകൂടം സർവ്വീസിൽ നിന്ന് പിരിച്ചുവിടുകയും യുഎപിഎ ചുമത്തി ജയിലിൽ അടയ്ക്കുകയുമാണ് ചെയ്തത്. അതേ പോലെ ഏറെ ഗൗരവമുള്ള കുറ്റകൃത്യമാണ് അനസും ചെയ്തതെന്ന് അവർ ചൂണ്ടിക്കാട്ടുന്നു.വിവരങ്ങൾ പോപ്പുലർ ഫ്രണ്ടിന് കൈമാറിയതടക്കമുള്ള കേസുകൾ ദേശീയ അന്വേഷണ ഏജൻസികൾ ഏറ്റെടുക്കണമെന്ന് ആവശ്യവും ശക്തമാണ്. പോലീസിലെ തന്നെ ഒരു വിഭാഗമാണ് ഈ ആവശ്യം ഉന്നയിക്കുന്നത്. അടുത്തകാലത്തായി പോപ്പുലർ ഫ്രണ്ട് സംസ്ഥാനത്ത് നടത്തുന്ന കുറ്റകൃത്യങ്ങളിലെ മുഖ്യപ്രതികളെ കണ്ടെത്താനാകാത്തതാണ് ഈ ആവശ്യം ഉന്നയിക്കാൻ കാരണം.ഇസ്ലാമിക ഭീകരരും അവർക്ക് സ്തുതി പാടുന്നവരും മൂലം സംസ്ഥാനം അതീവ ഗുരുതര സാഹചര്യത്തിലേക്കാണെന്ന് നീങ്ങുന്നതെന്നും പോലീസിലെ ഉന്നതർ സമ്മതിക്കുന്നു. അതേസമയം ഇതിന് തടയിടാനോ വിഷയത്തിന്റെ ഗൗരവം ജനങ്ങളെ ബോധ്യപ്പെടുത്താനോ ഇവർ തയ്യാറല്ല. ഏത് സമയത്തും വർഗീയ ലഹളയ്ക്കും സാധ്യതയുണ്ട്.കേരളപോലീസിൽ ഇസ്ലാമിക ഭീകരർക്ക് ചാരപ്പണിചെയ്യുന്നവർ സജീവമാണെന്ന് നേരത്തെ തന്നെ സംശയങ്ങൾ ബലപ്പെട്ടിരുന്നു. ഇതിനിടയിലാണ് പോലീസുകാരൻ കുടുങ്ങുന്നത്. വിഷയം മറയ്ക്കാൻ പോലീസിലെ ഉന്നതർ ശ്രമിച്ചെങ്കിലും ജന്മഭൂമി ഇടപെടലിലൂടെ വിവരം പുറത്ത് വരികയായിരുന്നു. ഇതോടെ ഗത്യന്തരമില്ലാതെയാണ് കരിമണ്ണൂർ പോലീസ് സ്റ്റേഷനിലെ സിപിഒ അനസിനെ സസ്പെൻഡ് ചെയ്തത്.അനസ് സുഹൃത്തിന് കൈമാറിയ ആർഎസ്എസ്, ബിജെപി നേതാക്കളുടെ വ്യക്തിവിവരങ്ങൾ ഇയാൾ പോപ്പുലർ ഫ്രണ്ടുകാരായ പലർക്കും കൈമാറിയിട്ടുണ്ട്. ഇത് ഏത് തരത്തിൽ ഉപയോഗിച്ചുവെന്നതും ഇതിന് പിന്നിലെന്താണെന്നും ഇനിയും പോലീസിന് കണ്ടെത്താനായിട്ടില്ല. ഇത്തരത്തിൽ ഇയാൾ വിവരം കൈമാറിയ പലരേയും പോലീസ് നേരിൽ കണ്ട് ചോദ്യം ചെയ്തെങ്കിലും വ്യക്തമായ ഉത്തരം ലഭിച്ചിട്ടില്ല. ഒരാൾ ഇത് നിരവധി പേർക്കാണ് കൈമാറുന്നത്. കൊലപാതകമടക്കം എന്തും ചെയ്യാൻ തയ്യാറുള്ള വലിയ കൊലയാളിസംഘം തന്നെ സംസ്ഥാനത്ത് സജീവമാണ്. ഇവരിലേക്കൊന്നും ചെന്നെത്താനും വിവരങ്ങൾ ശേഖരിക്കാനും പോലീസ് താല്പര്യം കാണിക്കുന്നില്ല.കെഎസ്ആർടിസി കണ്ടക്ടറെ മർദിച്ച കേസ് അന്വേഷിക്കുമ്പോൾ മാത്രമാണ് ഇത് സംബന്ധിച്ച വിവരം പോലീസിനുണ്ടാകുന്നത്. ഇതാണ് സിബിഐയോ എൻഐഎയോ പോലുള്ള ഉന്നത സംഘം കേസന്വേഷിക്കണമെന്ന ആവശ്യത്തിന് കാരണം.

## അറിയിപ്പ്



### പ്രോജക്ടുകൾ ക്ഷണിച്ചു

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) യുമായി ചേർന്ന് ഗവേഷണ പ്രോജക്ടുകൾ നടത്തുന്നതിന് യൂണിവേഴ്സിറ്റികൾ, കോളേജുകൾ, ഡയറ്റുകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് പ്രൊപ്പോസലുകൾ ക്ഷണിച്ചു. മിശ്രിതപഠനം, മൂല്യനിർണയം എന്നീ തീമുകളിലാണ് ഗവേഷണം നടത്താൻ ഉദ്ദേശിക്കുന്നത്. പ്രൊപ്പോസലുകൾ ജനുവരി 10ന് മുമ്പ് രെല്യേൃലലമൃരവ@ഴാമശഹ.രീാ ൽ സ്ഥാപനമേധാവിയുടെ ശുപാർശയോടെ സമർപ്പിക്കണം. പരമാവധി 12 ലക്ഷം രൂപയായിരിക്കണം ഗവേഷണ ബജറ്റിൽ ഉൾപ്പെടുത്തേണ്ടത്. പ്രൊപ്പോസലുകൾ ഇംഗ്ലീഷിലോ മലയാളത്തിലോ തയാറാക്കാം. പ്രൊപ്പോസലിന്റെ ഫോർമാറ്റ്, മറ്റ് വിശദാംശങ്ങൾ എന്നിവ www.scertkerala.gov.in ൽ ലഭ്യമാണ്. പി.എൻ.എക്സ്. 5321/2021

### അപേക്ഷ ക്ഷണിച്ചു

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കർഷക തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു. കുട്ടികൾ കേരളത്തിനകത്തുള്ള സർക്കാർ / എയ്ഡഡ് കോളേജുകളിൽ പഠിച്ചവരായിരിക്കണം. വിവിധ പരീക്ഷകളിൽ നിശ്ചിത ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയ വിദ്യാർഥികളുടെ മാതാപിതാക്കളിൽ നിന്നും നിശ്ചിത ഫോറത്തിലുള്ള അപേക്ഷ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജിനുവരി 10ന് വൈകിട്ട് അഞ്ചു വരെ സ്വീകരിക്കും. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, സർട്ടിഫിക്കറ്റ് (പ്രൊഫഷണൽ/ഒറിജിനൽ പകർപ്പ്) സ്വയം സാക്ഷ്യപ്പെടുത്തിയ അംഗത്വ പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, കർഷക തൊഴിലാളിയാണെന്ന് തെളിയിക്കുന്ന യൂണിയന്റെ സാക്ഷ്യപത്രം എന്നിവയും സമർപ്പിക്കണം. പരീക്ഷാ തീയതിക്ക് തൊട്ടു മുമ്പുള്ള മാസത്തിൽ അംഗം 12 മാസത്തെ അംഗത്വം പൂർത്തീകരിച്ചിരിക്കണം. പരീക്ഷാ തീയതിയിൽ 24 മാസത്തിൽ കൂടുതൽ കുടിശ്ശിക ഉണ്ടാകാൻ പാടില്ല. വിശദവിവരങ്ങൾക്ക്: 0471-2729175.

### കർശന നടപടി

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ അനുമതിയില്ലാതെ അനധികൃതമായി ജനറേറ്ററുകൾ സ്ഥാപിക്കുകയും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിപ്പിക്കുകയും ചെയ്താൽ കർശന നടപടിയെടുക്കുമെന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു. 10 കെ.വി.എ. യും അതിനു മുകളിലും ശേഷിയുള്ള ജനറേറ്ററുകൾ ഉപയോഗിക്കുന്നവർ ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്ന് സുരക്ഷാ സർട്ടിഫക്കറ്റ് വാങ്ങണം. അനധികൃതമായി സ്ഥാപിച്ച ജനറേറ്ററുകൾ ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ മുഖേന അപേക്ഷിച്ച് സുരക്ഷാ സർട്ടിഫിക്കറ്റ് നേടുന്നതിന് 2022 ജനുവരി 15 വരെ അവസരമുണ്ട്. താൽക്കാലിക ആവശ്യങ്ങൾക്കുള്ള ജനറേറ്ററുകൾ സ്ഥാപിക്കുന്നതിന് ഒരാഴ്ച മുൻപ് അപേക്ഷിക്കണം. വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള സുരക്ഷാ മുൻകരുതൽ നടപടികളുമായി പൊതുജനങ്ങൾ സഹകരിക്കണമെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു. ഫോൺ: 04994 256930.

KOLLAM

അറിയിപ്പ്



## പരിശോധന ജനുവരി 16ന്

പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള സംയുക്ത എഞ്ചിൻ പരിശോധന ജനുവരി 16ന് ജില്ലയിലെ 17 കേന്ദ്രങ്ങളിലായി നടക്കും. 10 വർഷം പഴക്കമുള്ളതും 2012 ജനുവരി 15ന് ശേഷം വാങ്ങിയതുമായ എഞ്ചിനുകളാണ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടത്. കേരള സമുദ്ര മത്സ്യ ബന്ധന നിയമ പ്രകാരം സാധുവായ ലൈസൻസുള്ള യാനങ്ങൾക്ക് മാത്രമാണ് പെർമിറ്റ് അനുവദിക്കുക. മത്സ്യ ഭവനുകൾ മുഖേന അപേക്ഷകൾ സ്വീകരിച്ചു വരികയാണ്. ലൈസൻസ് പുതുക്കുന്നതിന് ആവശ്യമായ ക്യാമ്പുകൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തങ്കശ്ശേരി, നീണ്ടകര, അഴീക്കൽ ഹാർബറുകൾ കേന്ദ്രീകരിച്ച് നടത്തുന്നുണ്ട്. എല്ലാ മത്സ്യത്തൊഴിലാളികളും അവസരം പ്രയോജനപ്പെടുത്തി ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതെ പരിശോധന പൂർത്തിയാക്കണം

## ഇ-ടെണ്ടർ ക്ഷണിച്ചു

മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിയുള്ളവർക്ക് ജോയ്സ്റ്റിക്ക് ഓപ്പറേറ്റഡ് ഇലക്ട്രോണിക് വീൽ ചെയർ വിതരണം ചെയ്യുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചു. അവസാന തീയതി ജനുവരി ഏഴ്. കൂടുതൽ വിവരങ്ങൾ https://etenders.kerala.gov.in വെബ്സൈറ്റിലും 0474 2504411, 8281999106 നമ്പറുകളിലും ലഭിക്കും

## അപേക്ഷ ക്ഷണിച്ചു


വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി മികച്ച രീതിയിൽ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്ന സർക്കാർ, സർക്കാരിതര വിഭാഗങ്ങൾക്കും, വിവിധ കലാ-കായിക , സാംസ്കാരിക മേഖലകളിൽ മികവ് തെളിയിച്ച മുതിർന്ന പൗരന്മാർക്കും വയോ സേവന അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. മികച്ച പ്രവർത്തനം നടത്തിയ ജില്ലാ പഞ്ചായത്ത്, മെയിന്റനൻസ് ട്രിബ്യൂണലുകൾ, ഗ്രാമ- ബ്ലോക്ക് പഞ്ചായത്ത്, സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾ, സർക്കാർ വൃദ്ധമന്ദിരം, മികവ് തെളിയിച്ച മുതിർന്ന പൗരന്മാർ എന്നിവർക്കാണ് അവാർഡ് നൽകുന്നത്. ജില്ലാ പഞ്ചായത്ത്, മെയിന്റനൻസ് ട്രിബ്യൂണലുകൾ എന്നിവയുടെ അപേക്ഷകൾ നേരിട്ട് സാമൂഹ്യനീതി ഡയറക്ടർക്കും, മറ്റ് അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർ ക്കും സമർപ്പിക്കണം. അവസാന തീയതി ജനുവരി 10. കൂടുതൽ വിവരങ്ങൾ, അപേക്ഷാഫോം എന്നിവ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ : 0474 -2790971

## തീയതി നീട്ടി

ഐ.എച്ച്.ആർ.ഡിയുടെ കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്കിലെ ആറു മാസ കോഴ്സുകളിലേക്കുള്ള പ്രവേശന തീയതി ജനുവരി 10 വരെ നീട്ടി. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്പ്യൂട്ടർ നെറ്റ് വർക്ക് അഡ്മിനിസ്ട്രേഷന് ( CNA ) സി.ഒ. ആൻഡ് പി.എ പാസ്സായവർ/കമ്പ്യൂട്ടർ/ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ വിഷയത്തിൽ ബി.ടെക്, ത്രിവത്സര ഡിപ്ലോമ പാസായവർക്ക് അപേക്ഷിക്കാം. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷന് ( DCA , പ്ലസ് ടുവും, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്ന് ( CCLIsc ) എസ്.എസ്.എൽ.സിയുമാണ് യോഗ്യത. എസ്.സി./ എസ്.ടി./ ഒ.ബി.സി വിദ്യാർഥികൾക്ക് ഫീസ് ഇളവ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0476 -2623597,9447488348







# ഭാര്യയെ സംശയം, വീട്ടിൽ കാത്തുനിന്നു: മകന്റെ മുന്നിലിട്ട് ദീപു ജിൻസിയെ പലതവണ വെട്ടി

**കൊല്ലം:** കൊല്ലം കടയ്ക്കലിൽ ഏഴു വയസുകാരന്റെ മുന്നിലിട്ട് ഭാര്യയെ ഭർത്താവ് വെട്ടിക്കൊന്നു.കടക്കൽ കോട്ടപ്പുറം ലതാ മന്ദിരത്തിൽ ജിൻസി (27) ആണ് മരിച്ചത്. ജിൻസിയുടെ ഭർത്താവ് ദീപുവിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഏഴ് വയസുകാരനായ മകൻ നോക്കിനിൽക്കെയാണ് ജിൻസിയെ ദീപു കൊലപ്പെടുത്തിയത്. കുടുംബവഴക്കിനെ തുടർന്നാണുണ്ടായ പ്രശ്നങ്ങളാണ് കൊലപാതകത്തിലേക്ക് നയിച്ചത്. കുടുംബവഴക്കിനെ തുടർന്ന് ഇരുവരും ഒരു മാസമായി അകന്ന് കഴിയുകയായിരുന്നു. കഴിഞ്ഞ ദിവസം വൈകിട്ട് ജിൻസിയെ കണ്ട് സംസാരിക്കുന്നതിനായി ജിൻസിയുടെ വീട്ടിൽ എത്തിയതായിരുന്നു ദീപു. പാരിപ്പള്ളിയിലെ കശുവണ്ടി ഫാക്ടറി തൊഴിലാളിയായ ജിൻസിയെ ഭർത്താവിന് എപ്പോഴും സംശയമായിരുന്നു. ഇതേത്തുടർന്ന് ആയിരുന്നു പലപ്പോഴും വഴക്ക് ഉണ്ടാക്കിയിരുന്നത്. ജിൻസി വൈകിട്ട് ജോലി കഴിഞ്ഞ് കോട്ടപ്പുറത്തെ വീട്ടിൽ എത്തിയ ശേഷം ഭർത്താവ് ദീപു ജിൻസിയുമായി തർക്കത്തിലേർപ്പെട്ടു. പ്രകോപിതനായ ദീപു വെട്ടുകത്തി കൊണ്ട് ജിൻസിയെ തലയിൽ വെട്ടി. തടസം പിടിക്കാൻ ശ്രമിച്ച ഏഴു വയസുകാരൻ മകനെ ദീപു എടുത്തെറിഞ്ഞു.പേടിച്ചോടിയ കുട്ടി നാട്ടുകാരെ വിളിച്ചു കൊണ്ടു വന്നാണ് പരുക്കേറ്റു കിടന്ന ജിൻസിയെ ആശുപത്രിയിൽ എത്തിച്ചത്. പക്ഷേ ജീവൻ രക്ഷിക്കാനായില്ല. ഭാര്യയോടുള്ള സംശയത്തിന്റെ പേരിലാണ് ദീപു നിരന്തരം വഴക്ക് ഉണ്ടാക്കിയിരുന്നത്. ഏഴു വയസുകാരൻ മകനു പുറമേ അഞ്ചു വയസുള്ള മകളും ദീപു ജിൻസി ദമ്പതികൾക്കുണ്ട്.

## എസ്. സുദേവൻ സിപിഐഎം ജില്ലാ സെക്രട്ടറിയായി തുടരും

**കൊല്ലം:** സിപിഐഎം കൊല്ലം ജില്ലാ സെക്രട്ടറിയായി എസ്. സുദേവൻ തുടരും. മുൻ എംഎൽഎ ഐഷാ പോറ്റിയും മുൻ മേയർ സബിതാ ബീഗവും ജില്ലാ കമ്മിറ്റിയിലേക്കെത്തും. അഞ്ച് വനിതകൾ വേണമെന്ന പാർട്ടി മാനദണ്ഡം ചിന്താ ജെറോമിന് അനുകൂലമായേക്കും. ഇരവിപുരം എംഎൽഎ എം.നൗഷാദും ജില്ലാ കമ്മിറ്റിയിലേക്ക് എത്തുമെന്നാണ് സൂചന.അതേ സമയം അച്ചടക്ക നടപടി നേരിട്ട മുൻ ഡിവൈഎഫ്ഐ സംസ്ഥാന പ്രസിഡന്റ് പി ആർ വസന്തന്റെ കാര്യത്തിൽ സംസ്ഥാന നേതൃത്വത്തിന് വിയോജിപ്പാണുള്ളത്. കരുനാഗപ്പള്ളിയിൽ വിഭാഗീയ പ്രവണത തുടരുന്നതിൽ കടുത്ത അതൃപ്തിയാണ് നേതൃത്വത്തിന് ഉള്ളത്. സിപിഎം കൊല്ലം ജില്ലാ സമ്മേളനം ഇന്നാണ് സമാപിക്കുക. വൈകിട്ട് നടക്കുന്ന പൊതുയോഗം സിപിഐഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. സിപിഐഎം ഇടുക്കി ജില്ലാ സമ്മേളനത്തിന് നാളെ കുമളിയിൽ തുടക്കമാകും. തെരഞ്ഞെടുപ്പിൽ പാർട്ടി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയെന്ന് അന്വേഷണ കമ്മിഷണൻ കണ്ടെത്തിയ എസ് രാജേന്ദ്രന്റെ ഭാവി തന്നെയാണ് സമ്മേളനത്തിലെ മുഖ്യ ചർച്ചാ വിഷയം.

## പോളച്ചിറ പുഞ്ചകൃഷി അവതാളത്തിൽ



**ചാത്തന്നൂർ:** പോളച്ചിറ ഏലായിൽ ഈ വർഷവും പുഞ്ചകൃഷി മുടങ്ങുമെന്ന അവസ്ഥയിലായി. കോവിഡ് പ്രതിസന്ധിയെ തുടർന്ന് കഴിഞ്ഞ വർഷവും കൃഷി നടന്നില്ല. ഇതിനെ തുടർന്ന് നൂറ് കണക്കിന് കർഷകരും കർഷക തൊഴിലാളികളും അനുബന്ധ തൊഴിലാളികളും പ്രതിസന്ധിയിലായി. ത്രിതല പഞ്ചായത്ത് സമിതികൾ പോളച്ചിറ പുഞ്ചകൃഷിക്ക് ആവശ്യമായ തുക വകയിരുത്താത്തതും അധികൃതരുടെ കടുത്ത അവഗണനയെയും തുടർന്ന് ആണ് പോളച്ചിറ ഏലായിൽ പുഞ്ചകൃഷി ഈ വർഷവും ചെയ്യുവാൻ സാധിക്കാതെ വരുന്നത്. ഏലായിലെ കർഷകരുടെ വാർഷിക പൊതുയോഗം പഞ്ചായത്ത് ഭരണസമിതി വിളിച്ചുകൂട്ടി ഏലാ സമിതി രൂപീകരിക്കുമ്പോൾ, എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി കൊടുക്കുന്നതിനുള്ള സഹായം നൽകാമെന്ന് പഞ്ചായത്ത് ഭരണസമിതി ഉറപ്പ് നൽകിയിരുന്നതായി ഏലാ സമിതി പറയുന്നു. കൃത്യ സമയത്ത് കൃഷി ഇറക്കണമെന്ന സദുദ്ദേശത്തോടെ ഏലാ സമിതി വെള്ളം വറ്റിച്ച് തുടങ്ങിയെങ്കിലും രണ്ടര ലക്ഷത്തോളം രൂപ കടം വാങ്ങി ചെലവഴിച്ച ഏലാ സമിതി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായി. ഇത് മൂലം വെള്ളം വറ്റിപ്പ് നിർത്തി വെച്ചു. വെള്ളം വറ്റിപ്പ് പൂർത്തിയായെങ്കിൽ മാത്രമേ ജനുവരിയോടെ കൃഷിയിറക്കി അടുത്ത കാല വർഷത്തിന് മുമ്പായി വിളവെടുപ്പ് പൂർത്തിയാക്കുവാൻ കഴിയു. വെള്ളം വറ്റിക്കുന്നതിനായി പെട്ടിയും പറയും അറ്റകുറ്റപ്പണി നടത്തുന്നതിനും പുനഃസ്ഥാപിക്കാനുമുള്ള തുക ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ മുൻ വർഷങ്ങളിൽ വകയിരുത്തുമായിരുന്നു. ഈ തുക ഇപ്പോൾ വകയിരുത്തിയിട്ടില്ല.

## കശുവണ്ടി പ്രതിസന്ധി ; ഒറ്റത്തവണയിൽ ഒതുങ്ങാതെ വ്യവസായികൾ

**കൊല്ലം:** കശുഅണ്ടി വ്യവസായത്തി?ന്റെ പുനരുജ്ജീവനം ലക്ഷ്യമിട്ട് ബാദ്ധ്യതകളിൽ ഒറ്റത്തവണ തീർപ്പാക്കൽ ഫോർമുല സർക്കാർ പ്രഖ്യാപിച്ചെങ്കിലും അവ അംഗീകരിക്കാൻ തയ്യാറല്ലെന്ന സൂചനയുമായി വ്യവസായികൾ.സ്വകാര്യമേഖലയിലുള്ള മിക്ക ഫാക്ടറികളും ജപ്തി ഭീഷണിയിലായിട്ടും ഒത്തുതീർപ്പ് വ്യവസ്ഥയ്ക്കോ ഒറ്റത്തവണ തീർപ്പാക്കലിനോ താത്പര്യമില്ലാതെ സമര പരിപാടികൾ സംഘടിപ്പിക്കാനുള്ള നീക്കമാണ് നടക്കുന്നത്.കഴിഞ്ഞ ദിവസം നടന്ന സംസ്ഥാനതല ബാങ്കിംഗ് കമ്മിറ്റിയുടെ (എസ്.എൽ.ബി.സി) തീരുമാന പ്രകാരം, 10 കോടി വരെ വായ്പയെടുത്തവരുടെ പലിശ പൂർണമായും എഴുതിത്തള്ളും. 2 കോടി വരെ



മാത്രം വായ്പയുള്ളവർ മുതലിന്റെ 50 ശതമാനവും അതിനു മുകളിലുള്ളവർ 60 ശതമാനവും തിരിച്ചടച്ചാൽ മതിയെന്നും തീരുമാനമുണ്ടായി.2020 മാർച്ച് 31 വരെ കിട്ടാക്കടമായി മാറിയ അക്കൗണ്ടുകൾക്കാണ് ഇളവ് ലഭിക്കുക. ഫെബ്രുവരി 28നുള്ളിൽ ആദ്യ ഗഡുവായി പത്ത് ശതമാനം തുക അടയ്ക്കണം. ശേഷം ഒരു വർഷം കൊണ്ട് തിരിച്ചടച്ചാൽ മതിയാകും. എന്നാൽ ഈ തുക അടയ്ക്കാൻ കഴിയില്ലെന്നും ഒരു ശതമാനം തുക ആദ്യഗഡുവായി അടയ്ക്കാമെന്നുമാണ് വ്യവസായികളുടെ നിലപാട്. പലിശ ഒഴിവാക്കുന്നതിലൂടെയും ഒറ്റത്തവണ തീർപ്പാക്കൽ നടപ്പിലാക്കുന്നതിലൂടെയും 500 കോടിയിലധികം രൂപയാണ് എഴുതിത്തള്ളേണ്ടിവരുന്നത്.

## പേരയത്ത് കോൺഗ്രസ് ജന്മദിന പദയാത്ര നടത്തി

**കുണ്ടറ:** പേരയം മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കോൺഗ്രസ് ജന്മദിന പദയാത്ര നടത്തി. മണ്ഡലം പ്രസിഡന്റ് ജെ.എൽ.മോഹനന് പാർട്ടി പതാക കൈമാറി പി.സി .വിഷ്ണുനാഥ് എംഎൽഎ പദയാത്ര ഉദ്ഘാടനം ചെയ്തു.കോൺഗ്രസ് ബ്ളോക്ക് പ്രസിഡന്റ് കെ.ബാബുരാജൻ, യുഡിഎഫ് ചെയർമാൻ കുരീപ്പള്ളി സലിം, ജെ.സുനിൽ ജോസ്, പഞ്ചായത്ത് പ്രസിഡന്റ് അനീഷ് പടപ്പക്കര, മണ്ഡലം സെക്രട്ടറി രാജേന്ദ്രൻ പിള്ള എന്നിവർ പ്രസംഗിച്ചു. കോട്ടപ്പുറത്തു നിന്നും മണ്ഡലം പ്രസിഡന്റ് ജെ.എൽ.മോഹനൻറേയും പഞ്ചായത്ത് പ്രസിഡന്റ് അനീഷ് പടപ്പക്കരയുടെയും നേതൃത്വത്തിൽ നടത്തിയ പദയാത്ര മുളവന ജംഗ്ഷനിൽ സമാപിച്ചു.സമാപന സമ്മേളനത്തിൽ യു. ഉല്ലാസ്, ഗ്രാമ പഞ്ചായത്തംഗങ്ങളായ രജിത സജീവ്, ബി.സ്റ്റാഫോർഡ്, റെയ്ച്ചൽ ജോൺസൺ, എൻ.ഷേർളി, ബി.സന്തോഷ് കുമാർ, കെ.പി.ജയൻ, എ.കെ.പ്രസന്നകുമാർ, എം.ആർ.ഷാ, യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് അനൂപ് ആന്റണി, ജി.മാമച്ചൻ, മുളവന അലക്സാണ്ടർ, സി.സി യേശുദാസൻ, അമ്പിയിൽ രാജൻ, ജോർജ് മാത്യു, വിമല ജർമിയാസ്, ബ്രിജിറ്റ് ഗബ്രിയേൽ, ബിന്ദു ജോസ്, എസ്. ദാസൻ, ദാസൻ തൊടുകയിൽ, വിൽസൻ എന്നിവർ നേതൃത്വം നൽകി.

## ബൈക്ക് റൈസിംഗ്; യുവാവ് പിടിയിൽ



**കൊല്ലം:** നഗരത്തിൽ അമിത വേഗതയിൽ സ്കൂട്ടർ ഓടിച്ച യുവാവും വാഹനവും പോലീസ് പിടിയിലായി. വാഹനത്തിന്റെ സൈലൻസറിൽ രൂപമാറ്റം വരുത്തി അമിത ശബ്ദം ഉണ്ട ാക്കി നഗര ഹൃദയത്തിലൂടെ വാഹനം ഓടിച്ച യുവാവും വാഹനവും ഈസ്റ്റ് പോലീസ് പിടികൂടുകയായിരുന്നു. പഴയ സ്കൂട്ടറിന്റെ സൈലൻസർ ഇളക്കി രൂപമാറ്റം വരുത്തിയാണ് അമിത ശബ്ദം പുറപ്പെടുവിക്കുന്ന തരത്തിൽ ക്രമീകരിച്ചത്. ഇത്തരത്തിൽ വാഹനത്തിന്റെ അമിത ശബ്ദവും വേഗതയും പൊതുജനങ്ങൾക്ക് ഭീതി ജനപ്പിക്കുന്ന തരത്തിലായിരുന്നു. ചിന്നക്കടയിൽ വച്ച് വാഹനം പോലീസ് പിടികൂടുകയായിരുന്നു. വടക്കേവിള വില്ലേജിൽ കോളേജ് നഗർ അയൂഷ്യയിൽ അനന്തകൃഷ്ണന്റെ സ്കൂട്ടറാണ് പോലീസ് പിടിച്ചെടുത്തത്. പിടിച്ചെടുത്ത വാഹനം കോടതിയിൽ ഹാജരാക്കി.ലൈസൻസ് റദ്ദാക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന് ശുപാർശ കൈമാറി. കൊല്ലം ഈസ്റ്റ് ഇൻസ്പെക്ടർ ആർ. രതീഷിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് വാഹനം പിടിച്ചെടുത്തത്.

## കുടുംബശ്രീ സംരംഭങ്ങൾക്ക് ബെസ്റ്റ് സ്റ്റാർട്ട്

**കൊല്ലം:** കുടുംബശ്രീയുടെ ഗ്രാമീണ പദ്ധതിയായ സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് സ്ത്രീകളുടെ വരുമാന വർദ്ധനയ്ക്ക് വലിയൊരു ഉപാധിയാവുകയാണ്.ജില്ലയിലെ പത്തനാപുരം താലൂക്കിൽ ആരംഭിച്ച പദ്ധതിയിലൂടെ 1875 സംരംഭങ്ങളാണ് തുടക്കമായത്. നാല് വർഷം കൊണ്ട് 2175 സംരംഭങ്ങളാണ് ലക്ഷ്യമിടുന്നത്. രണ്ടാംഘട്ടമായി വെട്ടിക്കവല ബ്ളോക്കിൽ കൂടി പദ്ധതി വ്യാപിപ്പിക്കും.പത്തനാപുരത്ത് 3.5 കോടി രൂപയുടെ വായ്പ ഇതിനകം നൽകിക്കഴിഞ്ഞു.പത്തനാപുരം ബ്ളോക്കിനായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ 5.5 കോടി രൂപയാണ് പദ്ധതിക്കായി നീക്കി വച്ചിട്ടുള്ളത്. കുടുംബശ്രീ യൂണിറ്റുകളുടെ ഉല്പന്നങ്ങൾ പ്രാദേശികമായി വിതരണം ചെയ്യാൻ കെ.ബി.ഗണേശ്കുമാർ എം.എൽ.എ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് വാഹനം അനുവദിട്ടുണ്ട്. എസ്.വി.ഇ.പി സംരംഭമായ സേ



വിക മൊബൈൽ മാർക്കറ്റ് ആൻഡ് ഹോം ഷോപ്പ് യൂണിറ്റിനാണ് ഈ വിതരണ വാഹനത്തിന്റെ ചുമതല. കുടുംബശ്രീ അംഗത്തിനോ കുടുംബാംഗങ്ങൾക്കോ ലിംഗ വ്യത്യാസമില്ലാതെ സംരംഭങ്ങൾ തുടങ്ങാം. വ്യക്തികൾക്ക് ഒരു ലക്ഷം രൂപയും ഗ്രൂപ്പിന് അഞ്ച് ലക്ഷം രൂപയും വായ്പ ലഭിക്കും. നാലു ശതമാനമാണ് പലിശ. കൂടുതൽ തുക ആവശ്യമെങ്കിൽ ബാങ്ക് വായ്പയ്ക്ക് കുടുംബശ്രീ സഹായിക്കും. കാർഷിക,മൃഗസംരക്ഷ മേഖലയിലെ സംരംഭങ്ങളെ ഈ വിഭാഗത്തിൽ പരിഗണിക്കില്ല. ഉല്പാദനം, വ്യാപാരം, സേവനം തുടങ്ങിയ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കാം. സ്നാക്സ്, അച്ചാറ്, വാട്ടർ ബോട്ടിൽ നിർമ്മാണം തുടങ്ങിയ യൂണിറ്റുകളാണ് ഇപ്പോൾ അധികവും പ്രവർത്തിക്കുന്നത്. എൻജിനീയറിംഗ്, ബ്യൂട്ടി പാർലർ, ട്യൂഷൻസെന്റർ തുടങ്ങിയവ സേവന മേഖലയിൽ അനുവദിക്കും.

## അറിയിപ്പ്

### നിയമനം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് (ഇംഹാൻസ്), കോഴിക്കോട്, ന്യൂറോ സയൻസ് റിസർച്ച് ലബോറട്ടറിയിൽ ജൂനിയർ റിസർച്ച് ഫെല്ലോയുടെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത :ബയോ ടെക്നോളജി/ മോളിക്യുലർ ബയോളജി വിഷയത്തിൽ ഒന്നാംക്ലാസ് ബിരുദാനന്തര ബിരുദവും നെറ്റ് /ഗേറ്റ് /തത്തുല്യയോഗ്യത. അനിമൽ സെൽ കൾച്ചർ, മോളിക്യുലാർ ബയോളജി മേഖലയിൽപ്രവർത്തിപരിചയം. പ്രായപരിധി 35 വയസ് കഴിയരുത് (നിയമാനുസൃതമായ വയസിളവ് ബാധകം) നിർദിഷ്ട മാതൃകയിൽ അപേക്ഷ അയയ്ക്കേണ്ട അവസാന തീയതി 2022 ജനുവരി 15. കൂടുതൽ വിവരങ്ങൾക്ക് www.imhans.ac.in വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 8129166196.

### ആർട്സ് കോഴ്സ്

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളജ് 2022 ജനുവരി സെഷനിൽ നടത്തുന്ന മാർഷ്യൽ ആർട്സ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. പത്താംക്ലാസ് പാസായവർക്ക് അപേക്ഷിക്കാം. ആറുമാസം ദൈർഘ്യമുള്ള പ്രോഗ്രാമിൽ കളരിപ്പയറ്റ്, കുങ്ഫു എന്നിവ പഠന വിഷയങ്ങളാണ്. തിയറി, പ്രാക്ടിക്കൽ ക്ലാസുകൾ അംഗീകൃത പഠനകേന്ദ്രത്തിന്റെ സഹായത്തോടെ നടത്തും. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തിരുവനന്തപുരത്ത് നന്ദാവനം പോലീസ്ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്ആർസി ഓഫീസിൽ നിന്നും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ: 0471 2325101, 2325102. htthps://srccc.in/download എന്ന ലിങ്കിൽ നിന്നും അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്യാം.15 വയസിനുമേൽ പ്രായമുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. വിശദാംശങ്ങൾ www.srccc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജനുവരി 15. ഫോൺ: 9447683169.

### അപേക്ഷ ക്ഷണിച്ചു

വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി സ്കോൾ കേരള നടത്തുന്ന അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 2021-23 ബാച്ചിൽ സംസ്ഥാനത്തെ ഏതെങ്കിലും ഒരു റെഗുലർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഒന്നാംവർഷം ബി ഗ്രൂപ്പിൽ പ്രവേശനം നേടിയവരായിരിക്കണം. www.scolekerala.org എന്ന വെബ്സൈറ്റ് മുഖേനെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. കോഴ്സ്ഫീസ് 500 രൂപയാണ്. കോഴ്സ് ഫീസ് ഓൺലൈനായും (ഇന്റർനെറ്റ് ബാങ്കിംഗ്/ ഡെബിറ്റ്/ക്രഡിറ്റ് കാർഡ് മുഖേനെ), പോസ്റ്റ് ഓഫീസ് മുഖേനയും അടയ്ക്കാൻ സൗകര്യമുണ്ട്. ഫീസ് വിവരങ്ങൾക്കും, രജിസ്ട്രേഷനുള്ള മാർഗനിർദ്ദേശങ്ങൾക്കും സ്കോൾ കേരളയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രോസ്പെക്ടസ് കാണുക.പിഴകൂടാതെ 2022 ജനുവരി 12 വരെയും, 60 രൂപ പിഴയോടെ 2022 ജനുവരി 19 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷന് ശേഷം ഡൗൺലോഡ് ചെയ്ത അപേക്ഷയുടെ പ്രിന്റൗട്ടും, അനുബന്ധരേഖകളും രണ്ട് ദിവസത്തിനകം അതത് സ്കൂൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്പെടുത്തലോടുകൂടി എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള വിദ്യാഭവൻ, പൂജപ്പുരപി.ഒ, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ തപാൽ മാർഗം അയച്ചു തരണം. അന്വേഷണങ്ങൾക്ക് സംസ്ഥാന ജില്ലാ ഓഫീസുകളിലെ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം. ഫോൺ : 0471 2342950, 2342271, 2342369.

# പുലരിയിൽ നൃത്താർച്ചനയുമായി കുരുന്നുകൾ ശബരിമലയിൽ

**ശബരിമല:** പുതുവർഷപുലരിയിൽ ശബരീശ സന്നിധിയിൽ നൃത്താർച്ചനയുമായി കുരുന്നുകൾ. തിരുവനന്തപുരം വെഞ്ഞാറംമൂട് ജീവകല സാംസ്കാരിക മണ്ഡലത്തിലെ പതിമൂന്ന് കൊച്ചു നർത്തകിമാരാണ് വഴിപാടായി തിരുവാതിര അവതരിപ്പിച്ചത്. ഗണപതി സ്തുതിയിൽ തുടങ്ങി പാരമ്പര്യ തിരുവാതിര ശീലുകളായ വന്ദനം, കൂരിരൂട്ടും, കുറത്തിപ്പാട്ട് എന്നിവക്കെല്ലാം കൊച്ച് മാളികപ്പുറങ്ങൾ താളാത്മകമായി ചുവടുവച്ചപ്പോൾ സ്വാമിദർശനത്തിനായി കാത്തുനിന്ന തീർഥാടകർക്ക് വേറിട്ട അനുഭവമായി. നർത്തകിമാരായ എസ്.ആർ. ആർദ്ര, വി.എസ്. നിരഞ്ജന, ആർ.ഏകാദശി, അമേയ എസ്. കൃഷ്ണ, ജെ.എസ്. നൈനിക, ഐ.കെ. ശ്രീലക്ഷ്മി, നീലാംബരി മഹാലക്ഷ്മി, എസ്. അനന്തിക, വി.എസ്. അഹല്യ, എ.എസ്. ഭാഗ്യലക്ഷ്മി, സി.വി. അപൂർവ, എൻ.ഗൗരി കൃഷ്ണ, എസ്.എസ്. ആത്മികകൃഷ്ണ എന്നിവരാണ് തീർഥാടകർക്ക് നടന വിസ്മയമൊരുക്കിയത്. എം.വി. ദർശന അയ്യപ്പ ഭക്തിഗാനമാലപിച്ചു. ജീവകല നൃത്ത അദ്ധ്യാപിക നമിത സുധീഷാണ് തിരുവാതിര ചിട്ടപ്പെടുത്തി യത്.സന്നിധാനം വലിയനടപ്പന്തലിലെ മണ്ഡപത്തിൽ ശനിയാഴ്ച രാവിലെയാണ് തിരുവാതിര അരങ്ങേറിയത്. ശബരിമല സന്നിധാനം എക്സിക്യൂട്ടീവ് ഓഫീസർ വി. കൃഷ്ണകുമാര വാര്യർ, സന്നിധാനം പോലീസ് കൺട്രോളർ ബി. അജിത് കുമാർ എന്നിവർ ഭദ്രദീപം തെളിച്ചു.



# വിലയും ഇടിഞ്ഞു, ടാപ്പിംഗും നിലയ്ക്കുന്നു; റബർ കർഷകർ പ്രതിസന്ധിയിൽ

**പത്തനംതിട്ട:** മഴയും കെടുതികളും കാരണം നവംബർവരെ നിലച്ചുപോയ റബർ ടാപ്പിംഗ് മേഖല വറുതിയുടെ പിടിയിലേക്ക്. ഇല കൊഴിഞ്ഞതോടെ വേനൽക്കാല അവധിയിലേക്ക് റബർ ടാപ്പിംഗ് മേഖല പ്രവേശിക്കുകയാണ്. മേയ് മുതൽ നവംബർ പകുതിവരെ തുടർന്ന മഴക്കാലത്ത് ഒരുമാസം പോലും തുടർച്ചയായി ടാപ്പിംഗ് നടത്താൻ കഴിഞ്ഞിരുന്നില്ല. ആറുമാസങ്ങൾക്കിടെ വിരലിലെണ്ണാവുന്ന ടാപ്പിംഗ് ദിനങ്ങളാണ് പലർക്കും ലഭിച്ചത്. റബർ കർഷകരും തൊഴിലാളികളും ഒരേപോലെ ബുദ്ധിമുട്ടിലായിരുന്നു. ഇടത്തരം, ചെറുകിട കർഷകരാണ് ഇതിൻറെ ബുദ്ധിമുട്ട് ഏറെ അനുഭവിച്ചത്. റെയിൻഗാർഡിൻറെ സഹായത്തോടെപോലും ടാപ്പിംഗ് നടത്താൻ കഴിയുന്ന സാഹചര്യമായിരുന്നില്ല. ശക്തമായ മഴയിൽ റബർ മരങ്ങൾക്കും വൻതോതിൽ നഷ്ടമുണ്ടായി. വെള്ളം കയറിക്കിടന്ന സ്ഥലങ്ങളിലെ റബർ മരങ്ങൾക്കും രോഗബാധയുണ്ട്. ഇത്തരം സ്ഥലങ്ങളിൽ ഇലകൾ നേരത്തെ തന്നെ കൊഴിഞ്ഞിരുന്നു. വേനലിൻറെ ആരംഭമായതോടെ തോട്ടങ്ങളെല്ലാം ഇല കൊഴിഞ്ഞു തുടങ്ങി. ഡിസംബറിൽ മാത്രമാണ് റബർ കറ അല്പംകൂടുതലായി ലഭിച്ചുതുടങ്ങിയതെന്ന് കർഷകർ പറയുന്നു. ഒന്നര മാസം പോലും ടാപ്പിംഗ് നടത്താനാകാതെ നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ട്. ഉത്പാദനത്തിൽ നേരിയ വർധന ഉണ്ടായതോടെ വിപണിയും ഇടിഞ്ഞു. കോവിഡും പ്രളയവും ഉണ്ടാക്കിയ പ്രതിസന്ധിയിൽ നിന്നു കരകയറാനായി റബർ കർഷകർക്ക് പ്രതീക്ഷ നൽകി വില ഉയർന്നിരുന്നു. എന്നാൽ അപ്പോൾ മാർക്കറ്റിലേക്ക് നൽകാൻ ഉത്പന്നം ഇല്ലാത്ത സാഹചര്യമായിരുന്നു. ടാപ്പിംഗ് ആരംഭിച്ച് വിപണിയിലേക്ക് റബർ ഷീറ്റും ഒട്ടുപാലും എത്തിത്തുടങ്ങിയതോടെ വില കുത്തനെ ഇടിയുകയാണ്. ഏതാനും ദിവസം മുന്പുവരെ 185 - 190 രൂപവരെ റബർഷീറ്റിനു വില ഉയർന്നിരുന്നു. ആർഎസ്എസ് - 4 ഷീറ്റിനു വില കഴിഞ്ഞദിവസം 155 - 159ലേക്കെത്തി. ഗ്രേഡില്ലാത്ത റബറിന് 144 രൂപവരെയായി കുറഞ്ഞു. ഒട്ടുപാലിന് 110 രൂപ വരെ വില ലഭിച്ചിരുന്ന സ്ഥാനത്ത് 95 - 105 രൂപയിലേക്ക് കുറഞ്ഞു. വിലയിൽ ഉണ്ടാകുന്ന വ്യതിയാനം കാരണം സ്റ്റോക്കെടുക്കാൻ വ്യാപാരികളും മടിക്കുകയാണ്. ടാപ്പിംഗ് കൂലി പോലും നല്കാനാകാത്ത സാഹചര്യത്തിലാണ് കർഷകർ. നിർത്തിയിട്ടിരുന്ന ടാപ്പിംഗ് പുനരാരംഭിച്ച സമയത്ത് ഉത്പാദനം നന്നേ കുറവായിരുന്നു. ഇക്കാലയളവിൽ ടാപ്പിംഗ് നടത്തിയതിൻറെ കൂലി കർഷകർ കൈയിൽ നിന്ന് നൽകേണ്ടിവന്നു. വില കൂടുമെന്ന പ്രതീക്ഷയിലായിരുന്നു ഇത്. എന്നാൽ വിലയിടിവ് കാരണം ഇപ്പോൾ പ്രതിസന്ധി ഇരട്ടിച്ചു.

# നിരണം പാടം ഒരുക്കുന്ന കർഷകത്തൊഴിലാളി

**തിരുവല്ല :** കാലാവസ്ഥ വ്യതിയാനത്തെ തുടർന്ന് നവംബറിൽ വിതയ്ക്കേണ്ടിയിരുന്ന നിരണത്തെ പാടശേഖരങ്ങളിൽ ഒന്നര മാസത്തോളം വൈകി നിലമൊരുക്കാൻ തുടങ്ങി. ജനുവരി മാസത്തിൽ വിതച്ചാൽ വേനൽമഴ വില്ലനാകുമോ എന്ന ഭയത്തോടെയാണ് കർഷകർ നില മൊരുങ്ങുന്നത്. ഒരാഴ്ചക്കുള്ളിൽ വിതപൂർണമാക്കാനാണ് കർഷകർ ലക്ഷ്യമിടുന്നത്.ഇത്തവണ ഏറ്റവും ഒടുവിൽ ഉണ്ടായ ന്യൂനമർദ്ദവും വെള്ളപ്പൊക്കവും നിമിത്തമാണ് അപ്പർകുട്ടനാട്ടിൽ കൃഷി വൈകുന്നത്. കൃഷിയിറക്കാൻ നിലം ഒരുക്കേണ്ട സമയത്ത് അവസാനമുണ്ടായ വെള്ളപ്പൊക്കത്തിൽ പാടശേഖരങ്ങളെല്ലാം വെള്ളത്തിനടിയിലായിരുന്നു. നിലം ഒരുക്കി വിത്ത് വിതയ്ക്കുന്ന സമയത്ത് തന്നെ പെട്ടിയും പറയും സ്ഥാപിച്ച് ബണ്ടുകൾ ബലപ്പെടുത്തുന്നതും തോടുകൾ വീണ്ടെടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

# രണ്ടാംഘട്ടം നാളെ മുതൽ

**ഇരവിപേരൂർ :** ആദിപമ്പ-വരട്ടാർ പുനരുജീവന പദ്ധതിയുടെ രണ്ടാംഘട്ടം തിങ്കൾ മുതൽ ആരംഭിക്കും.നദിയുടെ ആഴവും നീളവും കൂട്ടുന്ന പണികൾക്കാണ് തുടക്കമാകുന്നത്. പ്രളയങ്ങൾ വന്നതോടെയാണ് രണ്ടാംഘട്ടം പ്രവർത്തികൾക്ക് കാലതാമസം നേരിട്ടത്. ഇറിഗേഷൻ വകുപ്പിനാണ് ചുമതല. എടുത്ത് മാറ്റുന്ന ചെളിയും മണലും പ്രത്യേകം തയ്യാറാക്കിയ യാർഡിൽ എത്തിക്കുകയും അവിടെ അളന്നു തിട്ടപ്പെടുത്തിയ ശേഷം ടെൻഡർ എടുത്തിരിക്കുന്ന കമ്പനിക്ക് കൈമാറും. ക്യൂബിക് മീറ്ററിന് 683 രൂപ നിരക്കിൽ റവന്യു വകുപ്പിൽ അടച്ചശേഷമാണ് കൊണ്ടുപോകാനാവുക.ഇതിന് മുന്നോടിയായി ജനപ്രതിനിധികളുടെയും ജനകീയപുനരുജീവന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തവരുടെയും യോഗം മംഗലം സെന്റ് ജോർജ് പാരിഷ് ഹാളിൽ ചേർന്നു. ചെങ്ങന്നൂർ നഗരസഭാധ്യക്ഷ മറിയാമ്മ ജോൺ അധ്യക്ഷയായി. മന്ത്രി സജി ചെറിയനും മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ബേസിലും പ്രവർത്തനങ്ങൾ വിശദീകരിച്ചു. സുതാര്യത ഉറപ്പാക്കുന്നതിന് ജനങ്ങളുടെ സഹകരണവും മേൽനോട്ടവും ഉണ്ടാകണമെന്ന് സജി ചെറിയാൻ അഭ്യർഥിച്ചു.

# മണ്ഡലം സിപിഎമ്മിനു ബാലികേറാമല തന്നെയന്ന് ഡിസിസി

**പത്തനംതിട്ട:** പത്തനംതിട്ട പാർലമെൻറ് മണ്ഡലം ഇപ്പോഴും സിപിഎമ്മിന് ബാലികേറാമലയാണെന്നും മണ്ഡലം തിരികെ പിടിക്കാമെന്നുള്ള മോഹം നടക്കാൻ പോകുന്നില്ലെന്നും ഡിസിസി പ്രസിസൻറ് പ്രഫ. സതീഷ് കൊച്ചുപറന്പിൽ. പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുകളിലെ സിപിഎമ്മിൻറെ വിജയം സംഘപരിവാറിൻറെയും എസ്ഡിപിഐയുടെയും പിന്തുണയിൽ ഉണ്ടായതാണെന്നും ഓരോ നിയോജക മണ്ഡലത്തിലെയും ബിജെപി സ്ഥാനാർഥിക്കുണ്ടായ വോട്ടിൻറെ കുറവ് പരിശോധിച്ചാൽ ഇതു് കൃത്യമായി മനസിലാക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.രണ്ട് വർഗീയ ശക്തികളുടെയും വോട്ട് വാങ്ങി എന്നുള്ളതുകൊണ്ടാണ് അവർ തമ്മിലുള്ള സംഘർഷത്തിൽ ഇടപെടാൻ കഴിയാതെ നോക്കുകുത്തിയായി ഒരു സർക്കാർ നിൽക്കുന്നത്. കോൺഗ്രസിൻറെ അടിത്തറയ്ക്കു കാര്യമായ ഒരു ഇളക്കവും തട്ടിയിട്ടില്ല. ഇത് ഓരോ മണ്ഡലത്തിലും ലഭിച്ച വോട്ടുനില പരിശോധിച്ചാൽ മനസിലാകും. അന്പേ പരാജയപ്പെട്ടുപോയ ഒരു ഭരണത്തിനെതിരെ ഉണ്ടാകുന്ന ജനവികാരമാണ് അടുത്ത തെരഞ്ഞെടുപ്പിൽ ഉണ്ടാകാൻപോകുന്നതെന്നും ഡിസിസി പ്രസിഡൻറ് പറഞ്ഞു.



# എക്യൂമെനിക്കൽ സംഗമം

**കോന്നി:** പൂങ്കാവ് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഫെലോഷിപ്പ് 2021 എന്നപേരിൽ എക്യൂമെനിക്കൽ സംഗമം നടത്തി. മാർത്തോമ സഭ സീനിയർ വൈദികൻ റവ. കെ.എ.ജോഷ്വയുടെ അദ്ധ്യക്ഷതയിൽ കോഴഞ്ചേരി സെന്റ് തോമസ് കോളേജ് പൊളിറ്റിക്സ് ഡിപ്പാർട്ട്മെന്റ് മേധാവി ഡോക്ടർ ജോർജ്.കെ.അലക്സ് സംഗമം ഉദ്ഘാടനം ചെയ്തു. സഹോദരി സഭകളുടെ പ്രതിനിധികളായി മല്ലശേരി എക്യൂമെനിക്കൽ ക്രിസ്ത്യൻ അസോസിയേഷൻ പ്രസിഡന്റ് റവ.ഫാദർ റോയ് എം.ജോയി, റവ.ഫാദർ ഡേവിസ് പി.തങ്കച്ചൻ, റവ.ഷാനു വി.എബ്രഹാം, ഇടവക വികാരി റവ. ഡോക്ടർ സിജോ ജെയിംസ് ചരുവ പറമ്പിൽ, ഡോക്ടർ റോയ്സ് മല്ലശ്ശേരി, ഡോക്ടർ സജി പ്ലാക്കൽ, പി.വി.ജോസഫ് പേരങ്ങാട്ട്, റെജി നെല്ലിവിള യിൽ,എം.ജി യോഹന്നാൻ, ജനറൽ കൺവീനർ അജി ദാനിയേൽ എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ മല്ലശ്ശേരി എക്യൂമെനിക്കൽ ക്രിസ്ത്യൻ അസോസിയേഷൻ ഏർപ്പെടുത്തിയ ഉപഹാരം ഇടവകക്കു സമർപ്പിച്ചു. സഹോദരി സഭകളിൽ നിന്നുള്ള എല്ലാ വൈദികരും, അത്മായ പ്രതിനിധികളും സംഗമത്തിൽ പങ്കെടുത്തു.

# പ്രശ്നങ്ങൾക്ക് പരിഹാരവുമായി താലൂക്ക് വികസന സമിതി യോഗം

**അടൂർ :** ഏനാത്ത് മുതൽ പന്തളംവരെയുള്ള കെ.എസ് .റ്റി . പി റോഡിന്റെ ഫുട്പാത്തിലെ കച്ചവടം അവസാനിപ്പിക്കണമെന്ന് താലൂക്ക് വികസന സമിതിയോഗത്തിൽ കർശന നിർദ്ദേശം. റോഡിന്റെ ഇരുവശങ്ങളിലും കാൽനടയാത്രികർക്ക് സുരക്ഷിത യാത്രയൊരുക്കി ടൈൽസും കൈവരിയും സ്ഥാപിച്ച ഫുട്പാത്ത് അനധികൃത കച്ചവടക്കാർ കൈയേറിയതോടെ പലയിടങ്ങളിലും കാൽനടയാത്രക്കാർ ബുദ്ധിമുട്ടുകയാണ്. കച്ചവടം അവസാനിപ്പിക്കുന്നതിന് കെ .എസ്.ടി. പി യും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊലീസുമായി ചേർന്ന് പരിശോധന നടത്തി ഫുട്പാത്ത് കൈയേറിയ കച്ചവടക്കാരെ ഒഴിപ്പിക്കണമെന്ന് താലൂക്ക് വികസന സമിതി ആവശ്യപ്പെട്ടു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അദ്ധ്യക്ഷനായിരുന്നു.ആർ.ഡി.ഒ തുളസീധരൻ പിള്ള, തഹസിൽദാർ സാം ഡാനിയൽ, സർവേ തഹസിൽദാർ സന്തോഷ് കുമാർ, അടൂർ നഗരസഭ ചെയർമാൻ ഡി.സജി, പന്തളം നഗരസഭ ചെയർപേഴ്സൺ സുശീല സന്തോഷ്, പന്തളം തെക്കേക്കര പഞ്ചായത്ത് പ്രസിഡന്റ് പ്രസന്നൻ, ഏഴംകുളം പഞ്ചായത്ത് പ്രസിഡന്റ് ആശ വി.എസ്, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അടിയന്തരമായി പത്താം തീയതിക്കുള്ളിൽ ട്രാഫിക് ഉപദേശക സമിതി കൂടി ഗതാഗത പരിഷ്കരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കാനും യോഗം തീരുമാനിച്ചു. കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് അടിയന്തരമായി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ യോഗം ചേർന്ന് പൈപ്പ് പൊട്ടുന്നത് അടക്കമുള്ള വിഷയങ്ങളിൽ നടപടി സ്വീകരിക്കും. അമിത വില ഈടാക്കുന്ന നടപടി ഒഴിവാക്കാൻ വിലവിവര പട്ടിക പ്രസിദ്ധീകരിക്കുന്നത് ഉറപ്പാക്കാൻ സിവിൽ സപ്ളൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. കെ,.എസ്.ടി.പി റോഡരികിലുള്ള ലൈറ്റുകൾ അടിയന്തരമായി പ്രകാശിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കെ.എസ്. ഇ. ബി ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുവാനും യോഗം തീരുമാനിച്ചു. മുട്ടാർ നീർച്ചാൽ, പള്ളിക്കലാറ് എന്നിവിടങ്ങളിൽ സർവേ നടത്തുന്നതിന് അഞ്ചിനകം ഉദ്യോഗസ്ഥരെ നിയമിക്കുമെന്ന് തഹസിൽദാർ യോഗത്തിൽ അറിയിച്ചു. അടൂർ കോടതി സമുച്ചയത്തിലെ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിനായി കൂട്ടിയിട്ടിരിക്കുന്ന മണ്ണെടുത്ത് മാറ്റുന്നതിനായി തഹസിൽദാരെ ചുമതലപ്പെടുത്തി. അടൂർ റിംഗ് റോഡുമായി ബന്ധപ്പെട്ട സർവേ ചെയ്യുന്നതിന് അഞ്ചാം തീയതിക്കുള്ളിൽ സർവേ ടീമിനെ നിശ്ചയിക്കും.



## അറിയിപ്പ്



### ഗതാഗത നിയന്ത്രണം

**ആലപ്പുഴ:** ദേശീയപാത 66-ൽ റീടാറിംഗ് ജോലികൾ നടക്കുന്ന ഹരിപ്പാട് മാധവ ജംഗ്ഷൻ മുതൽ കായംകുളം കൊറ്റുകുളങ്ങര വരെ 2021 ഡിസംബർ 16 മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി നാഷണൽ ഹൈവേ സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.രാത്രി എട്ടു മുതൽ രാവിലെ ഏഴു വരെയുള്ള നിയന്ത്രണം ഡിസംബർ 31 വരെ തുടരും.

### ഡ്രൈവർ നിയമനം

**ആലപ്പുഴ:** ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് (ആരോഗ്യം) ദിവസവേതനത്തിന് രണ്ട് ഡ്രൈവർമാരെ താത്ക്കാലികമായി നിയമിക്കുന്നു. ഏഴാം ക്ലാസ് വിജയിച്ച ഹെവി ഡ്യൂട്ടി ലൈസൻസ് (എച്ച്.ഡി.വി) ബാഡ്ജ്, അനുബന്ധ സർട്ടിഫിക്കറ്റ് ഉള്ളവരെയാണ് പരിഗണിക്കുന്നത്. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ അസലും പകർപ്പും സഹിതം ഡിസംബർ 17ന് രാവിലെ 10ന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിലെത്തണം. ഫോൺ 0477- 2251650.

### രജിസ്ട്രേഷൻ പുതുക്കണം


**ആലപ്പുഴ:** കേരള ഷോപ്സ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ്, മോട്ടോർ തൊഴിലാളി നിയമങ്ങൾ ബാധകമായ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഡിസംബർ 20നകം പുതുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെൻറ്) അറിയിച്ചു. www.lc.kerala.gov.in എന്ന വെബ്സെറ്റ് മുഖേനയാണ് പുതുക്കൽ നടത്തേണ്ടത്. വിശദ വിവരങ്ങൾക്ക് അസിസ്റ്റൻറ് ലേബർ ഓഫീസർമാരെ ബന്ധപ്പെടണം. ഫോൺ നമ്പരുകൾ ചുവടെ. ആലപ്പുഴ ഒന്നാം സർക്കിൾ -8547655384, ആലപ്പുഴ രണ്ടാം സർക്കിൾ -8547655385, ആലപ്പുഴ മൂന്നാം സർക്കിൾ -8547655386, അമ്പലപ്പുഴ -8547655383, മങ്കൊമ്പ് -8547655382, ചെങ്ങന്നൂർ -8547655380, മാവേലിക്കര -8547655379, കായംകുളം -8547655378, ഹരിപ്പാട് -8547655381, ചേർത്തല സൗത്ത് -8547655387, ചേർത്തല നോർത്ത് -8547655388.

### ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസിൽ പുതിയതായി നിലവിൽ വരുന്ന മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻേറർഡ് ലാബിൽ വയറിംഗ് ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി നിരക്കിൽ ക്വട്ടേഷൻ ക്ഷണിച്ചു. ഡിസംബർ 24നകം സമർപ്പിക്കണം. ഫോൺ: 0477 2962229

### സ്പോട്ട് അഡ്മിഷൻ

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജിയുടെ (സി-മെറ്റ്) കീഴിൽ പ്രവർത്തിക്കുന്ന കാസർകോട് ഉദുമ നഴ്സിംഗ് കോളേജിൽ (ഫോൺ: 0467-2953935, 9447544974) ഒഴിവുള്ള ബി.എസ്സി നഴ്സിംഗ് എൻ.ആർ.ഐ സീറ്റുകളിൽ സ്പോട്ട് രജിസ്ട്രേഷൻ 17 മുതൽ 19 വരെ നടത്തും. രജിസ്ട്രേഷൻ ০০০.ശൊലേ.സേല്യമഹമ.ഴീ.ശി ൽ നടത്താം. സിമെറ്റിലെ ബി.എസ്സി നഴ്സിംഗ് മാനേജ്മെന്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും എൻ.ആർ.ഐ സീറ്റിൽ അഡ്മിഷൻ എടുക്കാൻ താത്പര്യമുള്ളവർക്ക് സ്പോട്ട് രജിസ്ട്രേഷനിൽ പങ്കെടുക്കാം. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ റാങ്ക് ക്രമത്തിൽ ഒഴിവുള്ള സീറ്റുകളിൽ അലോട്ട്മെന്റ് നടത്തും. സ്പോട്ട് രജിസ്ട്രേഷൻ ചെയ്യാത്ത വിദ്യാർഥികളെ എൻ.ആർ.ഐ അലോട്ട്മെന്റിൽ പരിഗണിക്കില്ല. കൂടുതൽ വിവരങ്ങൾക്ക്: 0471-2302400, www.simet.in.




# കുട്ടികളുടെ വാക്സിനേഷൻ ഇന്ന് ആരംഭിക്കും ; ആലപ്പുഴ ജില്ലയിൽ 97,000 കുട്ടികൾ

**ആലപ്പുഴ:** സംസ്ഥാനത്ത് 15 18 പ്രായക്കാരായ കുട്ടികൾക്കായി കോവിഡ് വാക്സിനേഷൻ റജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. കുട്ടികൾക്കു വാക്സീൻ നൽകാനുള്ള ക്രമീകരണങ്ങൾ ജില്ലയിൽ സജ്ജമായെന്ന് ജില്ലാ മെഡിക്കൽ ഓഫിസർ ജമുന വർഗീസ് പറഞ്ഞു. www.cowin.gov.in പോർട്ടലിൽ ഓൺലൈൻ ബുക്കിങ് ആരംഭിച്ചു. 2007ലോ അതിനു മുൻപോ ജനിച്ചവർക്ക് പോർട്ടലിൽ വ്യക്തിഗത വിവരങ്ങൾ നൽകി റജിസ്റ്റർ ചെയ്തോ, നേരത്തേ റജിസ്റ്റർ ചെയ്ത മുതിർന്നവരുടെ അക്കൗണ്ട് മുഖേനയോ വാക്സീൻ സ്ലോട്ട് ബുക്ക് ചെയ്യാം.കേന്ദ്രസർക്കാർ നിർദേശപ്രകാരം കോവാക്സിൻ ആണു കുട്ടികൾക്കു നൽകുന്നത്. ഇന്നു മുതൽ വാക്സീൻ നൽകിത്തുടങ്ങും. ബുധനാഴ്ചകളിൽ കുട്ടികൾക്കു പ്രതിരോധ കുത്തിവയ്പ ഉള്ളതിനാൽ കോവിഡ് വാക്സീൻ നൽകില്ല. ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നാളെമുതൽ, ബുധനാഴ്ച ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും വാക്സീൻ നൽകും. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ചൊവ്വ, വ്യാഴം, ശനി, ഞായർ ദിവസങ്ങളിൽ കുട്ടികൾക്കായുള്ള വാക്സിനേഷൻ ഉണ്ടാകും. നിലവിൽ സർക്കാർ സംവിധാനങ്ങളിലൂടെ മാത്രമേ കുട്ടികൾക്കു വാക്സീൻ നൽകുന്നുള്ളൂ.'കോവിഡ് വ്യാപനം വർധിക്കുന്ന സാഹചര്യത്തിൽ വാക്സീൻ എടുക്കേണ്ടത് അനിവാര്യമാണ്. കുത്തിവയ്പ് കുട്ടികളെ സുരക്ഷിതരാക്കുന്നു. വാക്സീൻ സ്വീകരിച്ച ശേഷമുള്ള നിരീക്ഷണസമയത്ത് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ഏതെങ്കിലും രോഗം ഉള്ളവരാണെങ്കിൽ വാക്സീൻ എടുക്കുന്നതിനു മുൻപ് ഡോക്ടറുടെ നിർദേശം നേടണം. പേടിക്കേണ്ട സാഹചര്യമില്ല. മുതിർന്നവർക്ക് വരുന്നതുപോലുള്ള ചെറിയ പനിയും ബുദ്ധിമുട്ടുകളും ഇവർക്കും ഉണ്ടാകാം. അതു സാധാരണമാണ്' ഡിഎംഒ പറഞ്ഞു.15നും 18നും ഇടയിലുള്ള 97,000 കുട്ടികളാണു ജില്ലയിലുള്ളത്. ഇവർക്കെല്ലാം നൽകാൻ ആവശ്യമായ വാക്സീൻ ജില്ലയിൽ ഒരുക്കിക്കഴിഞ്ഞു. ഓൺലൈൻ വഴിയും സ്പോട് റജിസ്ട്രേഷൻ വഴിയും വാക്സിനേഷൻ സ്ലോട്ട് ലഭിക്കും. ഒരുമാസത്തിനകം ജില്ലയിലെ നിശ്ചിത ഗ്രൂപ്പിൽപെട്ട മുഴുവൻ കുട്ടികൾക്കും വാക്സീൻ നൽകാനാണു ശ്രമം.മുഴുവൻ കുട്ടികളും കുത്തിവയ്പ എടുത്തെന്ന് ആരോഗ്യ പ്രവർത്തകർ ഉറപ്പാക്കും. വിദ്യാർഥികൾ റജിസ്റ്റർ ചെയ്ത് വാക്സീൻ സ്വീകരിച്ചെന്ന് ഉറപ്പുവരുത്തണമെന്ന നിർദേശം ജില്ലാ ആരോഗ്യകേന്ദ്രം എല്ലാ അധ്യാപകർക്കും നൽകിക്കഴിഞ്ഞു. ആധാർ കാർഡോ സ്കൂൾ ഐഡന്റിറ്റി കാർഡോ റജിസ്ട്രേഷന് തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാം. വാക്സീൻ എടുക്കാൻ പോകുമ്പോൾ ഈ തിരിച്ചറിയൽരേഖ കരുതണം.



# രൺജീത് വധം 4 പേർ കൂടി അറസ്റ്റിൽ

**ആലപ്പുഴ** ബിജെപി നേതാവ് രൺജീത് ശ്രീനിവാസിനെ കൊലപ്പെടുത്തിയ കേസിൽ 4 പേർ കൂടി അറസ്റ്റിലായി. കുറ്റകൃത്യത്തിൽ നേരിട്ട് പങ്കെടുത്ത രണ്ടുപേരെയും ഗൂഢാലോചനയിൽ പങ്കെടുത്ത ഒരാളെയുമാണ് ഇന്നലെ അറസ്റ്റ് ചെയ്തത്. പ്രതികൾക്ക് വ്യാജ സിം കാർഡുകൾ സംഘടിപ്പിച്ചു നൽകിയ ആളും അറസ്റ്റിലായി.കൊലപാതകശേഷം മറ്റു ജില്ലകളിൽ ഒളിവിൽ കഴിയുകയായിരുന്ന ആലപ്പുഴ സ്വദേശികളായ രണ്ടു പേരാണ് അറസ്റ്റിലായത്. അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ കൊലപാതകത്തിൽ നേരിട്ടു പങ്കെടുത്തവരുടെ പേരുകൾ പൊലീസ് പുറത്തു വിട്ടിട്ടില്ല. ഗൂഢാലോചനയിൽ പങ്കെടുത്തതിന് ആലപ്പുഴ വലിയമരം വാർഡ് പുന്നയ്ക്കൽ പുരയിടം സെയ്ഫുദ്ദീനെ (48) അറസ്റ്റ് ചെയ്തു. പ്രതികൾ ഉപയോഗിച്ച വ്യാജ സിം കാർഡുകൾ പൊലീസ് പിടിച്ചെടുത്തു.വ്യാജ സിം കാർഡുകൾ സംഘടിപ്പിച്ചു നൽകിയതിന് പുന്നപ്ര കളിത്തട്ടിനു സമീപം ബി ആൻഡ് ബി മൊബൈൽ കട നടത്തുന്ന മുഹമ്മദ് ബാദുഷയെ പുന്നപ്ര പൊലീസ് അറസ്റ്റ് ചെയ്തു. പിടിയിലായവരെ ചോദ്യം ചെയ്തപ്പോൾ പല നിർണായക വിവരങ്ങളും ലഭിച്ചിട്ടുണ്ടെന്ന് പൊലീസ് പറഞ്ഞു.ആലപ്പുഴയിലെ രണ്ട് കൊലപാതക കേസുകളിലെ കൂടുതൽ പ്രതികൾ പെരുമ്പാവൂർ, മൂവാറ്റുപുഴ പ്രദേശങ്ങളിൽ ഒളിവിൽ തങ്ങുന്നു എന്ന രഹസ്യ വിവരത്തെ തുടർന്നു പൊലീസ് നിരീക്ഷണം ശക്തമാക്കി. കൊലപാതകത്തിനു ശേഷം ഇരുവിഭാഗം പ്രതികളും എറണാകുളം ജില്ലയിലേക്കു കടന്നതായി അന്നു തന്നെ വിവരം ലഭിച്ചിരുന്നു. ബിജെപി നേതാവിനെ കൊലപ്പെടുത്തിയ കേസിലെ രണ്ടു പേരെ പെരുമ്പാവൂരിൽ നിന്നു കഴിഞ്ഞ ദിവസം കസ്റ്റഡിയിലെടുത്തിരുന്നു. തിരിച്ചറിയൽ പരേഡ് നടത്താനുള്ളതിനാൽ കസ്റ്റഡിയിലുള്ള പ്രതികളുടെ വിശദാംശങ്ങൾ പുറത്തുവിടാൻ പൊലീസ് തയാറായിട്ടില്ല. ആലപ്പുഴ കൊലപാതകങ്ങൾക്കു തുടർച്ചയായ അക്രമങ്ങൾക്കു പെരുമ്പാവൂർ, മൂവാറ്റുപുഴ പ്രദേശങ്ങളിൽ സാധ്യതയുണ്ടെന്ന റിപ്പോർട്ടും നിലവിലുള്ള സാഹചര്യത്തിലാണു പൊലീസ് നിരീക്ഷണം ശക്തമാക്കിയത്. ഒളിവിൽ കഴിയുന്ന പ്രതികൾ സംസ്ഥാനം വിടാതിരിക്കാൻ കൊച്ചി രാജ്യാന്തര വിമാനത്താവളത്തിലും സമീപ ജില്ലകളുടെ തമിഴ്നാട് അതിർത്തികളിലും നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. കുറ്റകൃത്യങ്ങളുടെ ഗൂഢാലോചന, പ്രതികളെ സംരക്ഷിക്കാനുള്ള നീക്കം എന്നിവയിലും ജില്ലയിൽ അന്വേഷണം തുടങ്ങിയിട്ടുണ്ട്. കുറ്റകൃത്യത്തിനു ശേഷം പ്രതികളെ സഹായിച്ച ചിലരുടെ ടെലിഫോൺ ടവർ ലൊക്കേഷനും ജില്ലയിലാണ്. മുഖ്യപ്രതികളുടെ അറസ്റ്റ് പൂർത്തിയാക്കിയ ശേഷം ഇവരെയും ചോദ്യം ചെയ്യും



# കെഎസ്ആർടിസി ഫീഡർ സർവീസ്: ആലപ്പുഴയിലും ഒരുക്കം

**ആലപ്പുഴ** നഗരത്തിലെ തിരക്കുകൾ ഒഴിവാക്കി ബൈപാസുകളിലൂടെ കെഎസ്ആർടിസി തുടങ്ങുന്ന ഫീഡർ സർവീസിന് ആലപ്പുഴയിലും ഒരുക്കം തുടങ്ങി. ബൈപാസിൽ കൊമ്മാടി ടോൾ ഗേറ്റിനു സമീപം 2 കെഎസ്ആർടിസി ബസുകൾ രൂപമാറ്റം വരുത്തി ഫീഡർ ബസ് സ്റ്റേഷനായി (കാത്തിരിപ്പു കേന്ദ്രം) ഉപയോഗിക്കും. ഇരുദിശയിലേക്കും യാത്ര ചെയ്യുന്നവർക്ക് 24 മണിക്കൂറും ഇവിടെ ഫീഡർ സർവീസുകൾക്കായി കാത്തിരിക്കാം. തിരുവനന്തപുരം മുതൽ കോഴിക്കോട് വരെയുള്ള നഗര തിരക്കുകളിൽപ്പെടാതെ ലഭ്യമായ ബൈപാസുകളിലൂടെയാകും ഈ സർവീസുകൾ കടന്നുപോകുക. കാത്തിരിപ്പു കേന്ദ്രങ്ങളാക്കുന്ന ബസുകളിലേക്ക് എത്തിച്ചേരാൻ കെഎസ്ആർടിസി സ്റ്റാൻഡുകളിൽ നിന്ന് പ്രത്യേക ബസ് സർവീസ് നടത്തും. ഫീഡർ സർവീസിലേക്ക് റിസർവേഷനുള്ള യാത്രക്കാരെ സ്റ്റാൻഡിൽ നിന്ന് ഫീഡർ സ്റ്റേഷനിൽ സൗജന്യമായി എത്തിക്കും. യാത്രക്കാർക്ക് ഫീഡർ സ്റ്റേഷനുകളിൽ എത്താനുള്ള പ്രയാസം ഒഴിവാക്കാനാണിത്. ഫീഡർ സ്റ്റേഷനുമായി സ്റ്റാൻഡിനെ ബന്ധിപ്പിക്കുന്ന ഈ ബസ് കുറഞ്ഞദൂരമുള്ള അടുത്ത ഒരു കേന്ദ്രത്തിലേക്കുകൂടി സർവീസ് നടത്തി നഷ്ടമൊഴിവാക്കാനും ആലോചനയുണ്ട്.24 മണിക്കൂർ സർവീസ് ക്രമീകരിച്ചുതുടങ്ങിയാൽ അവിടെ ഡ്യൂട്ടിക്ക് ജീവനക്കാരെ നിയോഗിക്കും. പ്രധാന നഗരങ്ങളിലേക്ക് പ്രവേശിക്കാതെ ബൈപാസ് വഴി യാത്ര തുടരുമ്പോൾ സർവീസിനിടെ നഷ്ടമാകുന്ന മണിക്കൂറുകൾ ലാഭിക്കാൻ കഴിയുമെന്നതാണ് യാത്രക്കാർക്കുണ്ടാകുന്ന നേട്ടം. അനാവശ്യമായി വണ്ടി ഓടിയുണ്ടാകുന്ന ഇന്ധന നഷ്ടം കെഎസ്ആർടിസിക്കും ഒഴിവാക്കാം. കൊല്ലം-എറണാകുളം റൂട്ടിൽ യാത്ര ചെയ്യുന്ന വ്യക്തിക്ക് ആലപ്പുഴ, ചേർത്തല ബൈപാസുകളിലൂടെ യാത്ര തിരിച്ചുവിടുമ്പോൾ അരമണിക്കൂറിലേറെ സമയലാഭമുണ്ടാകും.

# പച്ചക്കറി ക്ലസ്റ്റർ പുനഃസംഘടന: വിവാദത്തിനു പിന്നിൽ നിക്ഷിപ്ത താത്പര്യക്കാരെന്ന് പഞ്ചായത്ത് പ്രസിഡന്റ്

**അമ്പലപ്പുഴ:** അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് കൃഷിഭവനു കീഴിൽ ഗ്രാമശ്രീ പച്ചക്കറി ക്ലസ്റ്റർ പുനഃസംഘടനയുമായി ബന്ധപ്പെട്ട് ചില നിക്ഷിപ്ത താത്പര്യക്കാർ വാസ്തവവിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കുകയാണെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കവിത പ്രസ്താവനയിൽ അറിയിച്ചു.കൃഷിഭവനോട് അനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന ഇക്കോ ഷോപ്പിലെ മുൻ ജീവനക്കാരിയെ ക്രമക്കേട് കാണിച്ചതിനെ തുടർന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ ആഗസ്റ്റ് മാസത്തിൽ ചുമതലയിൽ നിന്ന് നീക്കം ചെയ്തിരുന്നു.തുടർന്ന് ഒരു ചാർട്ടേഡ് അക്കൗണ്ടിന്റെ നേതൃത്വത്തിൽ നടത്തിയ കണക്ക് പരിശോധനയിൽ ഒന്നര ലക്ഷത്തിനടുത്ത് രൂപ മുൻ ജീവനക്കാരി കൈക്കലാക്കിയതായി തെളിഞ്ഞു. ഇന്നലെ കൂടിയ ഇക്കോ ഷോപ്പിന്റെ മാനേജ്മെന്റ് കമ്മറ്റി ഇവർക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു. പച്ചക്കറി ക്ലസ്റ്ററിൽ നിന്നും ലോണെടുത്തിട്ട് തിരിച്ചടക്കാത്തവരുമാണ് ഗ്രാമശ്രീ പച്ചക്കറി ക്ലസ്റ്റർ പുനഃസംഘടനയ്ക്കെതിരെ പരാതിയുമായി രംഗത്തെത്തിയത്. ശിക്ഷണ നടപടിയുടെ ഭാഗമായി ഈ കൃഷിഭവനിൽ നിന്ന് സ്ഥലം മാറ്റപ്പെട കൃഷി ഉദ്യോഗസ്ഥയാണ് പരാതി തയ്യാറാക്കി നൽകുന്നതെന്നും പര്സിഡന്റ് ആരോപിച്ചു. പച്ചക്കറി ക്ലസ്റ്റർ പുനസംഘടിപ്പിച്ചപ്പോൾ പുറത്തായ പഴയ ഭാരവാഹികളും ഇക്കോ ഷോപ്പിൽ നിന്ന് പണം തിരിമറി ചെയ്തതിന് പുറത്താക്കിയ മുൻ ജീവനക്കാരിയും ചേർന്ന് നടത്തുന്ന അസത്യ പ്രചാരണങ്ങളെ നിയമപരമായി നേരിടുമെന്നും പ്രസിഡന്റ് അറിയിച്ചു.

# ഭൂരിപക്ഷം അംഗങ്ങളും വിട്ടു നിന്നത് അവിശ്വാസം കാരണം: നിക്ഷേപക കൂട്ടായ്മ

**മാവേലിക്കര:** താലൂക്ക് സഹകരണ ബാങ്കിന്റെ 420മത് വാർഷിക പൊതുയോഗം അഞ്ച് വർഷത്തിന് ശേഷം നടത്തിയപ്പോൾ ഭരണ സമിതിയിലെ ഭൂരിപക്ഷം അംഗങ്ങളും വിട്ടുനിന്നത് ഭരണ സമിതിയോടുള്ള അവിശ്വാസം കാരണമാണെന്ന് മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് തഴക്കര ശാഖയിൽ തട്ടിപ്പിനിരയായ നിക്ഷേപകരുടെ കൂട്ടായ്മ കുറ്റപ്പെടുത്തി.ബാങ്ക് ഭരണ സമിതി ഗവൺമെന്റിന് മുൻപിൽ സമർപ്പിച്ചിരിക്കുന്ന പാക്കേജ് നിക്ഷേപകരുമായി ചർച്ച ചെയ്തിട്ടില്ല. മുഖ്യ പ്രതികളുടെയും മുൻ ഭരണ സമിതി അംഗങ്ങളുടേയും പേരിൽ വന്ന റവന്യു റിക്കവറി ഉത്തരവ് നടപ്പാക്കാനോ വായ്പാ കുടിശിക വരുത്തിയ വൻ വായ്പക്കാരുടെ കിട്ടാക്കടം തിരികെ പിടിക്കാനോ ഫലപ്രദമായ യാതൊരു നടപടികളും ഭരണ സമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല.ബാങ്ക് ആസ്തിയുടെ ഒരുഭാഗം ലേലം ചെയ്യാൻ വാർഷിക റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെങ്കിലും അതിന്റെ വില നിർണ്ണയം സംബന്ധമായവ റിപ്പോർട്ടിൽ വ്യക്തമാക്കാത്തതിൽ ദുരൂഹതയുണ്ട്. ബാങ്ക് ഹെഡ് ഓഫീസിനു മുൻപിൽ അനിശ്ചിതകാല സമരം ആരംഭിച്ച് 18 ദിവസം കഴിഞ്ഞിട്ടും ബാങ്ക് അധികൃതരോ, സഹകരണ വകുപ്പോ പ്രശ്ന പരിഹാരത്തിന് പറ്റിയ ഒരു നിർദ്ദേശവും മുന്നോട്ട് വയ്ക്കുന്നില്ല.

# നിയന്ത്രണം വിട്ട കാർ തോട്ടിലേക്ക് മറിഞ്ഞു

അമ്പലപ്പുഴ: സൈക്കിളുമായി കൂട്ടിയിടിച്ച ശേഷം നിയന്ത്രണം വിട്ട കാർ മൈൽകുറ്റിയിലിടിച്ച് തോട്ടിലേക്ക് മറിഞ്ഞു.ഇന്നലെ വൈകിട്ട് അമ്ബലപ്പുഴ കോമന ഏഴരപ്പീടികയ്ക്ക് സമീപമായിരുന്നു അപകടം .മാമ്ബലത്തറയിൽ വെച്ച് വാഹനാപകടത്തിൽപ്പെട്ട ആളുമായി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് പോകുകയായിരുന്നു കാർ. .കാർ യാത്രക്കാർ നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു. സാരമായി പരിക്കേറ്റ സൈക്കിൾ യാത്രക്കാരനെ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു .വൈകിട്ട് ഏഴോടെ ക്രെയിൻ എത്തിച്ച് കാർ തോട്ടിൽ നിന്നും കരക്കെത്തിച്ചു.

KOTTAYAM

അറിയിപ്പ്



## നിയമനം

കോട്ടയം: കോട്ടയം ജില്ലയിൽ വനിതാ ഹോംഗാർഡുകളെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. 10-ാം ക്ലാസ് അല്ലെങ്കിൽ തത്തുല്യ പരീക്ഷ പസായ ആർമി, നേവി, എർഫോഴ്സ് / ബി. എസ്.എഫ്, സി.ആർ.പി.എഫ്, സി.ഐ.എസ്.എഫ്, എൻ.എസ്. ജി, എസ്.എസ്.ബി, അസം റൈഫിൽസ് / കേരള പോലീസ്, ഫയർ ഫോഴ്സ്, ഫോറസ്റ്റ്, എക്സൈസ്, ജയിൽ തുടങ്ങിയവയിൽ നിന്ന് വിരമിച്ച വനിതാ സേനാംഗങ്ങൾക്കാണ് അവസരം. പ്രായം 35നും 58 നും മധ്യേ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 30. അപേക്ഷാ ഫോറവും വിശദ വിവരവും ജില്ലാ ഫയർ ഓഫീസിൽ ലഭിക്കും.

## തൊഴിൽ മേള

കോട്ടയം: കെ-ഡിസ്കും കേരള നോളജ് എക്കണോമി മിഷനും ചേർന്ന് നടത്തുന്ന തൊഴിൽമേള ജനുവരി ഏഴിന് ഏറ്റുമാനൂർ മംഗളം കോളജ് ഓഫ് എൻജിനീയറിങ്ങിൽ നടക്കും. അഞ്ചു വർഷത്തിൽ 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ ഉറപ്പാക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതിയുടെ ഭാഗമായാണ് മേള നടത്തുന്നത്. മേളയിലൂടെ 10000 പേർക്ക് ജോലി ലഭ്യമാക്കുകയാണ് ലക്ഷ്യം.ജില്ലാതലത്തിൽ നടക്കുന്ന തൊഴിൽമേളയ്ക്കുശേഷം 2022 ജനുവരി അവസാനം ഓൺലൈനായും മേള സംഘടിപ്പിക്കും . ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള നിരവധി കമ്പനികൾ പങ്കെടുക്കുന്ന മേളയിൽ തൊഴിലന്വേഷകർക്ക് അവരവരുടെ അഭിരുചിക്കും നൈപുണ്യത്തിനും അനുയോജ്യമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിന് അവസരമുണ്ടാകും.തൊഴിൽ മേളകളിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾക്ക് ജോബ് റെഡിനെസ്സ്, ഇന്റർവ്യൂ സ്കിൽ എന്നിവ സംബന്ധിച്ച് സൗജന്യ പരിശീലനവും കെ-ഡിസ്ക്കും കുടുംബശ്രീ സ്കിൽ വിഭാഗവും ചേർന്ന് ഒരുക്കിയിട്ടുണ്ട്. തൊഴിൽ അന്വേഷകർക്ക് knowledgemission.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾക്ക് ഫോൺ: 9074989772, 9947872616.

## അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കൽ

കോട്ടയം: ജില്ലയിലെ പുതിയതായി 20 കേന്ദ്രങ്ങളിലേക്ക് അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള ഓൺലൈൻ പരീക്ഷ ജനുവരി 13, 14 തീയതികളിൽ നടക്കും. നാഗമ്പടം മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന കെൽട്രോൺ നോളജ് സെന്ററിൽ വെച്ചാണ് പരീക്ഷ . 2019 ഒക്ടോബറിൽ അപേക്ഷ നൽകിയവർക്കാണ് അവസരം. കരൂർ, ഇടനാട്, മുക്കാലി, മുണ്ടത്താനം, പ ാ താമ്പുഴ, ഇടമറുക് ഹോസ്പിറ്റൽ ജംഗ്ഷൻ, മേലുകാവ് സെന്റർ, നെടുമണ്ണി, ഓണംതുരുത്ത്, ചന്തകവല, താമരക്കാട്, ചെറുവള്ളി, അരുവിച്ചാംകുഴി, പൂതക്കുഴി, ഇളംകാട്, മേവിട, പൈക്കാട്, കാരിക്കോട്, ചേന്നാട്, വെള്ളികുളം എന്നിവിടകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരുന്നത്. പരീക്ഷ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസുമായി ബന്ധപ്പെടുക . ഫോൺ: 0481 2574477

## സൊസൈറ്റികളുടെ റിട്ടേൺ ഫയൽ കുടിശിക; ഒറ്റത്തവണ തീർപ്പാക്കൽ

**കോട്ടയം:** രജിസ്ട്രേഷൻ വകുപ്പിൽ 1955ലെ ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റികളുടെ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കുടിശികയുള്ളവർക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നു. ഒരു വർഷത്തേക്ക് 500 രൂപ നിരക്കിൽ പിഴയൊടുക്കി ബന്ധപ്പെട്ട രേഖകൾ ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ നൽകി 2022 മാർച്ച് 31 നകം സൊസൈറ്റിയുടെ റിട്ടേൺ ഫയൽ ചെയ്യാം. അവസാന ദിവസത്തെ തിരക്ക് ഒഴിവാക്കുന്നതിനായി സൊസൈറ്റികൾ അവസരം പ്രയോജനപ്പെടുത്തണമെന്ന് കോട്ടയം ജില്ലാ രജിസ്ട്രാർ ജനറൽ അറിയിച്ചു. ഫോൺ: 04812563822.



# പൊലീസുകാരന്റെ വീടിന് നേരെ 'മിന്നൽ മുരളി' ആക്രമണം

**കുമരകം:** കുമരകത്ത് മിന്നൽമുരളി എന്ന പേരിൽ പോലീസുകാരന്റെ വീടിനുനേരേ ആക്രമണം നടത്തി. ചെപ്പന്നൂക്കരി ചെമ്പിത്തറ ഷാജിയുടെ വീടാണ് സാമൂഹികവിരുദ്ധർ തകർത്തത്. വീടിന്റെ ജനൽ ചില്ലുകളും വാതിലും അടിച്ചു തകർക്കുകയും വീടിന്റെ മുന്നിലെ ചുവരിൽ മിന്നൽ മുരളിയെന്ന് എഴുതി വയ്ക്കുകയും ചെയ്തു. വീടിന്റെ വാതുക്കൽ മലമൂത്ര വിസർജനം നടത്തുകയും ടോയ്ലറ്റ് തല്ലിത്തകർക്കുകയും ചെയ്തിട്ടുണ്ട്. സന്ധ്യ മയങ്ങുന്നതോടെ ഈ ഭാഗത്തു സാമൂഹികവിരുദ്ധരുടെ വിളയാട്ടമാണെന്ന് സമീപവാസികൾ പറയുന്നു. മുംബൈ സ്വദേശി ഇവിടെയുള്ള സ്ഥലങ്ങൾ റിസോർട്ടിനായി വാങ്ങിയതോടെ ഉണ്ടായിരുന്ന വീടുകൾ പൊളിച്ചുനീക്കി. പ്രദേശം വിജനമായി മാറുകയും സുരക്ഷിതമല്ലാതായി തീരുകയും ചെയ്തു. രണ്ടാഴ്ച മുമ്പ് ഇവിടെ മദ്യപിക്കാനെത്തിയ യുവാക്കളെ വീട്ടുടമ പറഞ്ഞയച്ചിരുന്നു. കഴിഞ്ഞദിവസം രാത്രി കുമരകം പോലീസ് നടത്തിയ പരിശോധനയിൽ മദ്യപാനികളെ കണ്ടെത്തി ഇവിടെനിന്ന് ഓടിച്ചതിന്റെ പ്രതികാരമാണു വീടാക്രമണത്തിന്റെ പിന്നിലെന്നാണ് പോലീസിന്റെ നിഗമനം. സംഭവസ്ഥലത്ത് ഇവരുടെ ബൈക്കുകൾ ഉണ്ടായിരുന്നെന്നും അവയുടെ നമ്പർ പ്രകാരം പ്രതികളെ കണ്ടെത്താനാകുമെന്നും കുമരകം എസ്ഐ എസ്. സുരേഷ് പറഞ്ഞു. കോട്ടയം റെയിൽവേ സ്റ്റേഷനിലെ പോലീസുകാരനായ ഷാജിയും ഭാര്യ മഞ്ജുവും മൂന്നു പെൺമക്കളും വെച്ചൂരാണ് ഇപ്പോൾ താമസം. കുമരകം പോലീസിൽ പരാതി നൽകി.

# പേപ്പർ മിൽ പ്രവർത്തനം തുടങ്ങി; പുതുവത്സരത്തിൽ ജോലിക്കെത്തിയത് 105 പേർ

**കടുത്തുരുത്തി:** സർക്കാർ ഏറ്റെടുത്ത വെള്ളൂരിലെ കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് (കെപിപിഎൽ-പഴയ എച്ച്എൻഎൽ) പുതുവത്സര ദിനത്തിൽ പ്രവർത്തനം തുടങ്ങി. ജീവനക്കാരും തൊഴിലാളികളും ഉൾപ്പെടെ 105 പേരാണ് ആദ്യ ദിനത്തിൽ കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചത്. മെഷീനുകൾ അടക്കമുള്ള അറ്റകുറ്റപ്പണികളും നവീകരണവുമായി 34.30 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ആദ്യഘട്ടത്തിൽ നടക്കുന്നത്. രണ്ടു ഘട്ടങ്ങളിലായി അഞ്ചു മാസം കൊണ്ട് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാനാണ് ശ്രമം. യന്ത്രങ്ങൾ സജ്ജമാകുന്ന മുറയ്ക്കു പേപ്പർ ഉത്പാദനം ആരംഭിക്കും. പേപ്പർ മെഷീൻ പ്ലാന്റ്, ഡീ-ഇങ്കിംഗ് പ്ലാന്റ്, പവർ ബോയിലർ ആൻഡ് ടർബൈൻ ജനറേറ്റർ പ്ലാന്റ് എന്നിവയിലെ മെഷീനുകളുടെ അറ്റകുറ്റപ്പണികളാണ് ആദ്യം തുടങ്ങിയത്. സബ്സ്റ്റേഷൻ, കംപ്രസർ സിസ്റ്റം, വാട്ടർ ട്രീറ്റുമെൻറ് പ്ലാന്റ്, പമ്പ് ഹൗസ് എന്നിവയാണ് ഇതിൽ ഉൾപ്പെടുക. രണ്ടാംഘട്ടത്തിൽ കെമിക്കൽ, മെക്കാനിക്കൽ പൾപ്പിംഗ് പ്ലാൻറുകൾ, കെമിക്കൽ റിക്കവറിംഗ് പ്ലാൻറ് എന്നിവയുടെ നവീകരണം നടക്കും. 44.94 കോടിയുടെ വികസന പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ നടക്കുക. ഇവയുടെ അറ്റകുറ്റ പ്പണികൾ തീർന്നാൽ റീസൈക്കിൾ ചെയ്ത പേപ്പറും ഇറക്കുമതി ചെയ്യുന്ന പേപ്പർ പൾപ്പും ഉപയോഗിച്ചു ഏപ്രിൽ മാസത്തിൽ ന്യൂസ് പ്രിന്റ് ഉത്പാദിപ്പിക്കും. അറ്റകുറ്റപ്പണികൾക്കുള്ള തുകയും 75 കോടി രൂപയുടെ പ്രവർത്തന മൂലധനവും ഉൾപെടെ 154.39 കോടിയുടെ വികസന പ്രവർത്തനങ്ങളാണ് സംസ്ഥാനസർക്കാർ കെപിപിഎലിൽ നടപ്പാക്കുക.

## ചാവറയച്ചൻ കൊളുത്തിയ വിദ്യാവെളിച്ചം



**ഏറ്റുമാനൂർ:** വിശുദ്ധ ചാവറയച്ചൻ 1846 ൽ മാന്നാനം കുന്നിൽ സ്ഥാപിച്ച സംസ്കൃത സ്കൂൾ കേരളത്തിന്റെ സാമൂഹിക പശ്ചാത്തലത്തിൽ സൃഷ്ടിച്ച ചലനങ്ങൾ വലുതാണ്. അയിത്തം നിലനിന്നിരുന്ന അക്കാലത്ത് താൻ സ്ഥാപിച്ച സംസ്കൃത സ്കൂളിൽ വിവിധ ജാതി മത വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് പ്രവേശനം അനുവദിക്കുകയും അവരെ ഒന്നിച്ചിരുത്തി പഠിപ്പിക്കുകയും ചെയ്തു. വിപ്ലവകരമായിരുന്നു ഈ നീക്കം. വിദ്യാഭ്യാസത്തിലൂടെയേ സമൂഹത്തിൽ കാതലായ മാറ്റം സാധ്യമാകൂ എന്ന ഉറച്ച ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഇടവകകൾ തോറും വിദ്യാലയങ്ങൾ തുറക്കാൻ അദ്ദേഹം നിർദ്ദേശം നൽകി. പള്ളിക്കൊപ്പം സ്ഥാപിച്ച വിദ്യാലയങ്ങൾ അങ്ങനെ പള്ളിക്കൂടങ്ങൾ എന്ന് അറിയപ്പെട്ടു. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റിനിർത്തപ്പെട്ടിരുന്ന ദളിത് വിഭാഗത്തിലെ കുട്ടികൾക്ക് വിദ്യാലയങ്ങളിൽ പ്രവേശനം നൽകുകയും അവർക്ക് ആവശ്യമായ പഠനോപകരണങ്ങളും ഭക്ഷണവും വസ്ത്രവും നൽകുകയും ചെയ്തു. പിടിയരി പിരിച്ചും ധർമം സ്വീകരിച്ചുമാണ് വിദ്യാലയ നടത്തിപ്പിനുള്ള പണം അദ്ദേഹം കണ്ടെത്തിയിരുന്നത്. സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണത്തിൻറെ ഉപജ്ഞാതാവും അദ്ദേഹമാണ്. ഭക്ഷ്യക്ഷാമം അതിരൂക്ഷമായിരുന്നതിനാലാണ് കുട്ടികൾക്കായി അദ്ദേഹം സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം ഏർപ്പെടുത്തിയത്. വിശുദ്ധ ചാവറയച്ചൻ അന്ന് കൊളുത്തിയ വിദ്യാ വെളിച്ചമാണ് കേരളത്തെ സാമൂഹികമായും വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഇന്നത്തെ ഔന്നത്യത്തിലെത്തിച്ചത്. അന്നത്തെ സംസ്കൃത സ്കൂൾ ആശ്രമ ദേവാലയത്തിനു സമീപം ഇന്നും സംരക്ഷിച്ചു വരുന്നു. കേരളത്തിനു തന്നെ ആദ്യമായി വിദ്യാ വെളിച്ചം പകർന്ന ഈ സരസ്വതീ ക്ഷേത്രത്തിലേക്ക് നൂറുകണക്കിന് വിദ്യാർഥികളാണ് ഇന്നും തീർഥാടകരായെത്തുന്നത്.

# റോഡ്: രാത്രികാല യാത്രയ്ക്ക് സുരക്ഷാ ക്രമീകരണങ്ങളായി




**പൊൻകുന്നം:** നിർമ്മാണം പുരോഗമിക്കുന്നപുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയുടെ രണ്ടാംഘട്ടമായ പൊൻകുന്നം പുനലൂർ റോഡിൽ കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തും.ആദ്യഘട്ടം നിർമ്മാണം പൂർത്തിയായ പൊൻകുന്നം വരെയുള്ള ഭാഗത്ത് നിരന്തരം അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിലാണ് സുരക്ഷയ്ക്കാവശ്യമായ നടപടികൾക്ക് തുടക്കമായത്.രാത്രിയിലും പുലർച്ചെയും ഉണ്ടാകുന്ന അപകടങ്ങളിൽ ഏറെയും ഡ്രൈവർമാർ ഉറങ്ങുന്നതു മൂലമാണെന്നാണ് കണ്ടെത്തൽ. ഇതിന്റെ അടിസ്ഥാനത്തിൽ വളവുകളിലും മറ്റ് അപകടമേഖലകളിലും റമ്പിൾസ്ട്രിപ് സ്ഥാപിച്ചു.ഓട്ടത്തിനിടെ അറിയാതെ ഉറങ്ങുന്ന ഡ്രൈവർമാരെ ഉണർത്താൻ റമ്പിൾ സ്ട്രിപ് സഹായകമാകും.റമ്പിൾ സ്ട്രിപ്പിൽ കയറുന്ന വാഹനങ്ങൾ ശക്തിയായി കുലുങ്ങുന്നതിനാൽ ഡ്രൈവർമാർ ഉറക്കമുണർന്ന് കൂടുതൽ ശ്രദ്ധാലുക്കളാകും.പാലാ പൊൻകുന്നം റോഡിനേക്കാൾ കൂടുതൽ അപകടസാദ്ധ്യത പൊൻകുന്നം പ്ലാച്ചേരി റീച്ചിൽ ഉണ്ടായേക്കാം.ഇതു കണക്കിലെടുത്താണ് നിർമ്മാണത്തിലെ മുൻകരുതൽ.വലിയ ഇറക്കങ്ങളും വളവുകളും ഇവിടെ കൂടുതലാണ്.മാത്രമല്ല മിക്കയിടങ്ങളിലും റോഡിന്റെ ഒരുവശം വളരെ താഴ്ന്ന പ്രദേശമാണ്.ഇത് കൂടുതൽ അപകടകരമാണെന്നത് കണക്കിലെടുത്താണ് കൂടുതൽ സുരക്ഷ ഉറപ്പുവരുത്താൻ മുൻകരുതൽ നടപടികൾ ഒരുക്കുന്നത്.

## മദ്യം വിറ്റതിന് 3 മാസത്തിനിടെ മൂന്നുതവണ പിടിയിൽ

**നീലൂർ:** പോക്സോ കേസിൽ എട്ട് വർഷം ശിക്ഷിക്കപ്പെട്ട് ജാമ്യത്തിൽ കഴിയുന്ന പ്രതി വ്യാജമദ്യം വിറ്റതിന് മൂന്നു മാസത്തിനിടെ മൂന്നാം തവണയും പിടിയിൽ.അനധികൃത മദ്യവില്പന നടത്തിയ നീലൂർ വെട്ടുകാട്ടിൽ ബോസി മൈക്കിളിനെ (48) പാലാ എക്സൈസ് റേഞ്ച് ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ബി. ആനന്ദരാജും പാർട്ടിയും ചേർന്നാണ് കഴിഞ്ഞ ദിവസം പിടികൂടിയത്. ഇയാളുടെ പക്കൽ നിന്ന് മൂന്നരലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യം പിടികൂടി. മദ്യം വിറ്റവകയിൽ 550 രൂപയും പിടിച്ചെടുത്തു.മൂന്നാഴ്ച മുമ്പ് അഞ്ച് ലിറ്റർ വിദേശമദ്യവുമായി പാലാ എക്സൈസ് സർക്കിളും ഇദ്ദേഹത്തെ പിടികൂടിയിരുന്നു. മൂന്നുമാസം മുമ്പ് എക്സൈസ് പ്രിവന്റീവ് ഓഫീസർ ആനന്ദരാജ് ഇയാളെ കുടുക്കുകയും അന്ന് റിമാന്റിൽ പോകുകയും ചെയ്തിരുന്നു.പുറത്തിറങ്ങിയശേഷം വീണ്ടും അനധികൃത മദ്യവില്പന സജീവമാക്കുകയായിരുന്നു. മുമ്പ് ഒരു രാഷ്ട്രീയകക്ഷിയുടെ യുവജന വിഭാഗം ജില്ലാ പ്രസിഡന്റ് ആയിരുന്നു.

# ശബരിമല തീർഥാടകരുടെ കാർ തകർത്ത് 7 ഫോണും അരലക്ഷം രൂപയും കവർന്നു



**എരുമേലി:** എരുമേലിയിൽ ശബരിമല തീർത്ഥാടനത്തിനെത്തിയ അയ്യപ്പഭക്തരുടെ കാർ തകർത്തു 7 ഫോണുകളും 50,000 രൂപയും കവർന്നു എരുമേലി ഓരുങ്കൽ കടവിന് സമീപം ശനിയാഴ്ച വെളുപ്പിന് 3. 30 ഓടെയായിരുന്നു മോഷണം.തമിഴ്നാട് തേനി സ്വദേശികളായ പത്തംഗ സംഘം വെളുപ്പിനെ മൂന്നു മണിയോടെയാണ് എരുമേലിയിൽ എത്തുന്നത്.എരുമേലിയിലെത്തി കുളിക്കുന്നതിനായി ഓരുങ്കൽ കടലിലേക്ക് പോകുന്ന ഭാഗത്ത് സ്വകാര്യവ്യക്തിയുടെ വീടിന്റെ പറമ്പിലാണ് വാഹനം പാർക്ക് ചെയ്തിരുന്നത്. ഡ്രൈവറടക്കം മുഴുവൻ തീർഥാടകരും അര കിലോമീറ്ററോളം സഞ്ചരിച്ച് കടവിലെത്തി കുളി കഴിഞ്ഞ് തിരികെ എത്തുമ്പോഴാണ് മോഷണ വിവരം അറിയുന്നത്.ഇതേ തുടർന്ന് തീർത്ഥാടകർ എരുമേലി പൊലീസിൽ വിവരം അറിയിക്കുകയായിരുന്നു. തുടർന്ന് എരുമേലി എസ്.എച്ച് ഒ മനോജ് മാത്യു, എസ്.ഐ എം.എസ് അനീഷ് കുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള പൊലീസ് സ്ഥലത്തെത്തി അന്വേഷണം നടത്തി. വിരലടയാള വിദഗ്ദ്ധരും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തി .കാറിന്റെ ഇടതുവശത്തുള്ള സൈഡ് ഗ്ലാസ് തകർത്താണ് മോഷണം നടന്നിരിക്കുന്നത്.കാറിനകത്ത് കയറി മൊബൈൽ ഫോണുകളും , ക്യാഷ് മടങ്ങുന്ന സഞ്ചി ഉൾപ്പെടെയാണ് കൊണ്ടുപോയതെന്നും എരുമേലി മനോജ് മാത്യു പറഞ്ഞു.

## മലക്കപ്പാറ സർവ്വീസ് പുനരാരംഭിക്കും



**കോട്ടയം:** ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി വിവിധ ഡിപ്പോകളിൽ നിന്ന് ആരംഭിച്ച കോട്ടയം മലക്കപ്പാറ വിനോദ സർവ്വീസ് വിജയമായതിനാൽ വീണ്ടും പുനരാരംഭിക്കും.ജനുവരി 15 മുതലാണ് സർവ്വീസ് പുനരാരംഭിക്കുന്നത്. രാവിലെ ആറിന് ആരംഭിച്ച് അതിരപ്പള്ളി, വാഴച്ചാൽ, മലയ്ക്കപ്പാറ, ഷോളയാർ ഡാം എന്നിവിടങ്ങൾ സന്ദർശിച്ച് രാത്രി പതിനൊന്നാടെ കോട്ടയത്ത് തിരിച്ചെത്തും. ജനുവരി 15, 16, 22,23,29, ദിവസങ്ങളിലേക്കുള്ള റിസർവേഷൻ ആരംഭിച്ചിട്ടുണ്ട്, ഒരാൾക്ക് 600 രൂപയാണ് ചാർജ്.

# ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കും



**പൂഞ്ഞാർ:** ജില്ലാ പഞ്ചായത്ത് പൂഞ്ഞാർ ഡിവിഷന് കീഴിലെ വിവിധ പഞ്ചായത്തുകളിലായി 18 മിനി ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുമെന്ന് ജില്ലാ പഞ്ചായത്തംഗം അഡ്വ.ഷോൺ ജോർജ്ജ് അറിയിച്ചു. അമ്പാറ സ്കൂൾ ജംഗ്ഷൻ, അമ്പാറ അമ്പലം ജംഗ്ഷൻ, സെന്റ് ജോർജ്ജ് കോളേജ് ജംഗ്ഷൻ, മുക്കാലടി ജംഗ്ഷൻ, വെയിൽകാണംപാറ ജംഗ്ഷൻ, കൊണ്ടൂർ ജംഗ്ഷൻ, മഠംകുന്ന് ജംഗ്ഷൻ, പെരുന്നിലം ജംഗ്ഷൻ, കൂട്ടക്കല്ല് ജംഗ്ഷൻ എന്നീ സ്ഥലങ്ങളിലും എസ്.സി. പദ്ധതിയിൽ ഉൾപ്പെടുത്തി അംബേദ്കർ, തണ്ണിനാൽ കോളനി, നെയിപല കോളനി, ഞാറയ്ക്കൽ സങ്കേതം, കോലാനി തോട്ടം സങ്കേതം, നാഗപ്പാറ കോളനി എന്നിവിടങ്ങളിലുമാണ് മിനി ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുക. പൊതുമേഖല സ്ഥാപനമായ കേരള ഇല്ക്ട്രിക്കൽ ലിമിറ്റഡ് (കെൽ) നിർവ്വഹണ ഏജൻസിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

അറിയിപ്പ്



## അപേക്ഷിക്കാം

2019 ലെ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡിന് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഉപഭോക്തൃ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഉപഭോക്തൃ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുകയും മൂന്ന് വർഷത്തെ പ്രവർത്തന പരിചയവുമുള്ള സംഘടനകൾക്ക് അവാർഡിന് അപേക്ഷിക്കാം. വിശദ വിവരങ്ങൾ ഉപഭോക്തൃ കാര്യ വകുപ്പ്, പൊതുവിതരണ വകുപ്പ്, ഡയറക്ടേറ്റ്, ജില്ലാ സപ്ലൈ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാണ്. അപേക്ഷകൾ 2022 ജനുവരി 15 വൈകിട്ട് 5 മണിയ്ക്ക് മുൻപ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം -1 എന്ന വിലാസത്തിൽ ലഭിക്കണം. അപൂർണ്ണമോ വൈകിക്കിട്ടുന്നതോ ആയ അപേക്ഷകൾ നിരുപാധികം നിരസിക്കും.. 2019-ൽ ഓരോ സംഘടനയും നടത്തിയ പ്രവർത്തനങ്ങൾക്ക് പോയിന്റ് നിശ്ചയിച്ചായിരിക്കും അവാർഡ് നിർണയം നടത്തുക.തൻ വർഷം പ്രസിദ്ധീകരിച്ച പുസ്തകം (പുനഃപ്രസിദ്ധീകരണങ്ങൾ പരിഗണിക്കുന്നതല്ല)സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിൽ ഫയൽ ചെയ്ത കേസുകൾ, കമ്മീഷനുകൾക്ക് പുറത്ത് ഒത്തുതീർപ്പാക്കിയ കേസുകൾ, നവമാദ്ധ്യമങ്ങളിലെ ഇടപെടലുകൾ (ഫേസ് ബുക്ക് ഓരോ പേജ്, ട്വിറ്റർ അക്കൗണ്ട് മുതലായവ), (ലൈക്കുകൾ, ഷെയറുകൾ, പിന്തുടരുന്നവർ തുടങ്ങിയവ പരിഗണിച്ച്), ജില്ല ഉപഭോക്യത തർക്ക പരിഹാര കമ്മീഷനുകളിൽ ഫയൽ ചെയ്ത കേസുകൾ, സെമിനാറുകൾ, പ്രസിദ്ധീകരച്ച മാഗസിനുകൾ, കൺസ്യൂമർ ക്ലബ് പ്രവർത്തനങ്ങൾ, ഉൽപ്പന്ന പരിശോധനകൾ, പ്രസിദ്ധീകരിച്ച ലഘുലേഖകൾ എന്നിവ മാനദണ്ഡമായിരിക്കും.

## ക്വട്ടേഷൻ ക്ഷണിച്ചു

സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ കീഴിലുള്ള പത്തനംതിട്ട സർക്കാർ അതിഥി മന്ദിരത്തിലെ പൂന്തോട്ട പരിപാലനം ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ വകുപ്പിന്റെ നിബന്ധനകൾക്ക് വിധേയമായി നടത്തുവാൻ പൂന്തോട്ട പരിപാലനത്തിൽ ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ നിന്നും കുറഞ്ഞത് രണ്ടു വർഷമെങ്കിലും പ്രവൃത്തിപരിചയമുള്ള ഏജൻസികൾ/ വ്യക്തികളിൽ നിന്നും മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ ജനുവരി 10 ന് ഉച്ചക്ക് രണ്ടു വരെ പത്തനംതിട്ട സിവിൽ സ്റ്റേഷനിലുള്ള വിനോദ സഞ്ചാരവകുപ്പിന്റെ ജില്ലാ ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്കും ക്വട്ടേഷൻ സംബന്ധിച്ച വ്യവസ്ഥകൾക്കും പത്തനംതിട്ട കളക്ട്രേറ്റിൽ പ്രവർത്തിക്കുന്ന ടൂറിസം വകുപ്പിന്റെ ജില്ലാഓഫീസുമായി നേരിട്ടോ ഫോൺ മുഖേനയോ ബന്ധപ്പെടുക. ഫോൺ: 0468 2326409

## ടെണ്ടർ ക്ഷണിച്ചു

ഗവ. മെഡിക്കൽ കോളേജ് (ജില്ലാ ആശുപത്രി, ഇടുക്കി) ലബോറട്ടറിയിൽ വിവിധ രക്ത പരിശോധനകൾക്കാവശ്യമായ റീഎജന്റുകളും, ഓർത്തോപീഡിക്സ് ഇംപ്ലാന്റിന്റെ വിവിധ തരത്തിലുള്ള ശസ്ത്രക്രിയ ഉപകരണങ്ങളും മറ്റു സഹായികളും ലഭ്യമാവുന്നതിന് അംഗീകൃത വിതരണക്കാരിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ആശുപത്രി സൂപ്രണ്ടിന് ലഭിക്കേണ്ട അവസാന തീയതി 2022 ജനുവരി 5 വൈകിട്ട് 4 മണി. കൂടുതൽ വിവരങ്ങൾ ആശുപത്രി നോട്ടീസ് ബോർഡിൽ വ്യക്തമാക്കിയിട്ടുണ്ട്.



# പതാക, കൊടിമര, കപ്പി കയർ ജാഥകൾ തുടങ്ങി

ഇടുക്കി : രക്തസാക്ഷികളുടെ സ്മരണ കളിരമ്പിയ അന്തരീക്ഷത്തിൽ സിപിഐ എം ജില്ലാ സമ്മേളന നഗറിൽ സ്ഥാപിക്കാനുള്ള പതാക, കൊടിമര, കപ്പി- കയർ ജാഥകൾ തുടങ്ങി. അനശ്വര രക്ഷസാക്ഷി കെ എസ് കൃഷ്ണപിള്ളയുടെ സ്മൃതിമണ്ഡപത്തിൽനിന്ന് കൊടിമര ജാഥയും രാജാക്കാട് ഇരുപതേക്കറിലുള്ള കെ എൻ തങ്കപ്പൻ രക്തസാക്ഷി മണ്ഡപത്തിൽനിന്ന് പതാക ജാഥയും കാഞ്ഞിരപ്പള്ളിയിൽ കെ എസ് കൃഷ്ണന്റെ വസതിയിൽനിന്ന് കപ്പി കയർ ജാഥയും സമ്മേളന നഗറിലേക്ക് പുറപ്പെട്ടു. ജാഥകൾ ഞായർ വൈകിട്ട് അഞ്ചിന് കുമളി സമ്മേളന നഗറിൽ സംഗമിക്കും. രാജാക്കാട്രാജാക്കാട് ഇരുപതേക്കറിൽ കെ എൻ തങ്കപ്പൻ രക്തസാക്ഷി മണ്ഡപത്തിൽ ജില്ലാ സെക്രട്ടറിയറ്റംഗം വി എൻ മോഹനൻ ക്യാപ്റ്റനായ പതാക ജാഥ സിപിഐ എം സംസ്ഥാന കമ്മിറ്റിയംഗം കെ പി മേരി ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റിയംഗങ്ങളായ വി എ കുഞ്ഞുമോൻ, ടി ജെ ഷൈൻ, ഷൈലജ സുരേന്ദ്രൻ, ഏരിയ സെക്രട്ടറി എം എൻ ഹരിക്കുട്ടൻ, വി പി ചാക്കോ എന്നിവർ അംഗങ്ങളാണ്. തൊടുപുഴജില്ലാ സെക്രട്ടറിയറ്റംഗം വി വി മത്തായി ക്യാപ്റ്റനായ കൊടിമരജാഥ തൊടുപുഴയിലെ അനശ്വര രക്തസാക്ഷി കെ എസ് കൃഷ്ണപിള്ളയുടെ സ്മൃതിമണ്ഡപത്തിൽ ജില്ലാ സെക്രട്ടറിയറ്റംഗം സി വി വർഗീസ് ഫ്ലാഗ് ഓഫ് ചെയ്തു. ജില്ലാ കമ്മിറ്റിയംഗങ്ങളായ കെ എൽ ജോസഫ്, റോമിയോ സെബാസ്റ്റ്യൻ, മുഹമ്മദ് ഫൈസൽ, കെ ആർ ഗോപാലൻ എന്നിവരാണ് ജാഥയിലെ മറ്റ് അംഗങ്ങൾ. ഉദ്ഘാടനയോഗത്തിൽ തൊടുപുഴ ഏരിയ സെക്രട്ടറി മുഹമ്മദ് ഫൈസൽ, ജില്ലാ കമ്മിറ്റിയംഗം കെ എൽ ജോസഫ്, കരിമണ്ണൂർ ഏരിയ സെക്രട്ടറി പി പി സുമേഷ്, കെ ആർ ഷാജി, ടി ആർ സോമൻ എന്നിവർ പങ്കെടുത്തു.കാഞ്ഞിരപ്പള്ളി അന്തരിച്ച കെ എസ് കൃഷ്ണന്റെ കാഞ്ഞിരപ്പള്ളിയിലെ സ്മൃതി മണ്ഡപത്തിൽ കൃഷ്ണന്റെ ഭാര്യ കമലമ്മയിൽനിന്ന് കപ്പിയും കയറും സിപിഐ എം കോട്ടയം ജില്ലാ സെക്രട്ടറി എ വി റസൽ ഏറ്റുവാങ്ങി ജാഥാ ക്യാപ്റ്റനായ ഇടുക്കി ജില്ലാ സെക്രട്ടറിയറ്റംഗം പി എസ് രാജന് കൈമാറി. ചടങ്ങിൽ പി എൻ പ്രഭാകരൻ അധ്യക്ഷനായി. ജില്ലാ കമ്മിറ്റിയംഗങ്ങളായ വി പി ഇബ്രാഹീം, വി പി ഇസ്മയിൽ, കെ രാജേഷ്, കെ ടി ബിനു എന്നിവർ സംസാരിച്ചു.

# പരിശോധന കർശനമാക്കി പൊലീസ്

**ഇടുക്കി :** ജില്ലയിൽ പുതുവത്സര ആഘോഷങ്ങളോടനുബന്ധിച്ച് ജില്ലാ പൊലീസ് മേധാവി ആർ കറുപ്പസാമിയുടെ നേതൃത്വത്തിൽ പരിശോധന ശക്തമാക്കി. ലഹരി ഉപയോഗത്തിനെതിരെയും സാമൂഹ്യവിരുദ്ധർക്കെതിരെയും കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ 78 വാഹന പട്രോളിങ്ങിലൂടെ 1717 വാഹനം പരിശോധിച്ചു. 228 ഹോട്ടൽ/ ഹോംസ്റ്റേ റിസോർട്ടുകളിൽ പരിശോധന നടത്തി. സ്ഥിരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന 50 സാമൂഹ്യവിരുദ്ധരെ പ്രത്യേകം നിരീക്ഷിച്ചു. 20 പേരെ കരുതൽ തടങ്കലിൽ എടുത്തതായും ജില്ലാ പൊലീസ് മേധാവി അറിയിച്ചു. കൂടാതെ രാത്രി പത്തിനുതന്നെ ആഘോഷപരിപാടികൾ അവസാനിപ്പിച്ചുവെന്ന് ഉറപ്പുവരുത്തിയെന്നും ആർ കറുപ്പസാമി അറിയിച്ചു.

# പുതുവർഷത്തിലെത്തിയ വിരുന്നുകാരൻ


**കട്ടപ്പന :** പുതുവർഷത്തിൽ ഇരട്ടയാറിലെ ബേബി ജോസഫിന്റെ വീട്ടിൽ കൗതുകമായി വിരുന്നുകാരനെത്തി. ലോകത്തിലെ ഏറ്റവും വലിയ നിശാശലഭങ്ങളിൽ ഒന്നായ നാഗശലഭം(സർപ്പശലഭം) ആണ് ഇരട്ടയാർ കാഞ്ഞിരപ്പാറയിൽ ബേബിയുടെ വീട്ടുമുറ്റത്ത് എത്തിയത്. ശനി രാവിലെയാണ് ഈ അപൂർവ ചിത്രശലഭം ശ്രദ്ധയിൽപ്പെടുന്നത്. സർപ്പത്തിന്റെ തലയ്ക്കു സമാനമായ രീതിയിലുള്ള ചിറകുകളും വലിയ വലിപ്പവുമുള്ള ചിത്രശലഭം കൗതുകവും ആശ്ചര്യവുമാണ് വീട്ടുകാർക്ക് നൽകിയത്. നിബിഡ വനപ്രദേശങ്ങളിൽ കാണപ്പെടുന്ന ഇവയുടെ ശാസ്ത്രീയനാമം അറ്റാക്കസ് ടാപ്രോബാനിസ് എന്നാണ്. ചുവപ്പ് കലർന്ന തവിട്ടുനിറമുള്ള ശലഭത്തിന് ഇരു ചിറകുകളും വിടർത്തുമ്പോൾ 240 മില്ലീമീറ്റർ നീളമുണ്ട്. മുൻചിറകുകളിൽ പാമ്പിന്റെ കണ്ണുകളെപ്പോലെ കറുത്ത പൊട്ടും ചിറകുകളിൽ വെളുത്ത നിറത്തിൽ ത്രികോണ അടയാളങ്ങളുണ്ട്. ചിറകുകൾക്കു പിന്നിൽ പാമ്പിന്റെ തലയുടെ രൂപമുള്ളതിനാൽ സ്നേക്സ് ഹെഡ് എന്നും വിളിക്കുന്നു.

# അനധികൃത നിർമ്മാണം നിറുത്താനെത്തിയ റവന്യൂ സംഘത്തെ തടഞ്ഞു

**ശാന്തൻപാറ:** ശാന്തമ്പാറയിൽ റവന്യൂ അനുമതിയില്ലാതെ നടത്തിയ നിർമ്മാണ പ്രവർത്തനം നിറുത്താനെത്തിയ റവന്യൂ സംഘത്തെ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ തടഞ്ഞതായി പരാതി. റവന്യൂ ഉദ്യോഗസ്ഥരും ഭൂസംരക്ഷണ സേനയും പിടിച്ചെടുത്ത പണി സാധനങ്ങളും ബലമായി തിരിച്ചിറക്കി. സംഭവത്തിൽ റവന്യൂ അധികൃതർ പൊലീസിൽ പരാതി നൽകി. ശാന്തമ്പാറ വില്ലേജ് ഓഫീസിന് സമീപത്തായി ടൗണിനോട് ചേർന്ന് സ്വകാര്യ വ്യക്തി അനുമതി വാങ്ങാതെ നടത്തിയ നിർമ്മാണത്തിനെതിരെ റവന്യൂ വകുപ്പ് കഴിഞ്ഞ ഒക്ടോബർ 22ന് സ്റ്റോപ് മെമ്മോ നൽകിയിരുന്നു. എന്നാൽ ഇത് അവഗണിച്ചും നിർമ്മാണം തുടരുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിലുള്ള റവന്യൂ സംഘം ഇന്നലെ സ്ഥലത്തെത്തിയത്. നിർമ്മാണത്തിനായി ഉപയോഗിച്ചിരുന്ന പണി സാധനങ്ങൾ പിടിച്ചെടുത്തു. മഹസർ തയ്യാറാക്കുന്നതിനിടയിൽ ശാന്തൻപാറ പഞ്ചായത്ത് പ്രസിഡന്റ് ടി.ജെ. ഷൈന്റെ നേതൃത്വത്തിലുള്ള സംഘമെത്തി ഉദ്യോഗസ്ഥരെ തടയുകയും പിടിച്ചെടുത്ത സാധനങ്ങൾ തിരിച്ചിറക്കുകയുമായിരുന്നു. പൊലീസ് സ്റ്റേഷന് സമീപത്ത് തന്നെ നടന്ന സംഭവം നേരിട്ട് അറിയിച്ചിട്ടും പൊലീസ് ഇവിടേയ്ക്ക് എത്തിയില്ലെന്ന് റവന്യൂ ഉദ്യോഗസ്ഥർ പറയുന്നു. തുടർന്ന് റവന്യൂ സംഘം മടങ്ങി. സംഭവത്തിൽ കളക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് വിവരം.ശാന്തൻപാറയിൽ വർഷങ്ങൾ പഴക്കമുള്ള കെട്ടിടത്തിൽ അറ്റകുറ്റ പണികൾ നടത്തുന്നത് റവന്യൂ അധികൃതർ തടയുകയാണുണ്ടായത്. മറ്റ് ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. ടി.ജെ. ഷൈൻ (ശാന്തൻപാറ പഞ്ചായത്ത് പ്രസിഡന്റ്).

# 52 വീടിന് പദ്ധതിയുമായി ജില്ലാ പഞ്ചായത്ത്

**ഇടുക്കി:** ജില്ലയുടെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് 52 കുടുംബങ്ങൾക്ക് വീടു നിർമിച്ചു നൽകുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ജിജി കെ.ഫിലിപ്പ് അറിയിച്ചു. ഒരു പഞ്ചായത്തിൽ ഒരു വീടെന്ന നിലയിലാണ് ജില്ലയിൽ 52 വീടു നിർമിച്ചു നൽകുന്നത്. ഓരോ പഞ്ചായത്തും ഏറ്റവും അർഹരായ ഗുണഭോക്താവിനെ കണ്ടെത്തി ജില്ലാ പഞ്ചായത്തിന് ലിസ്റ്റ് നല്കും. മറ്റു ഭവന പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരെയാണ് ഇതിനായി പരിഗണിക്കുന്നത്.ഓരോ വീടിനും നാലു ലക്ഷം രൂപ വീതമാണ് ജില്ലാ പഞ്ചായത്ത് ധനസഹായം നല്കുന്നത്. ജില്ലയുടെ അൻപതാം വാർഷികത്തിൻറെ ഭാഗമായി 26 മുതൽ 2023 ജനുവരി 25 വരെ ഒരു വർഷം നീണ്ടു നില്ക്കുന്ന സുവർണ ജൂബിലി ആഘോഷ പരിപാടികളാണ് ജില്ലാ ഭരണകൂടം ഒരുക്കിയിരിക്കുന്നത്. 2023 ജനുവരി 25 ന് മുൻപായി വീടു നിർമാണം പൂർത്തീകരിച്ച് താക്കോൽ കൈമാറാനാണ് ലക്ഷ്യമിടുന്നതെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പറഞ്ഞു.



# കഞ്ഞിക്കുഴി ടൗണിലെ തുറന്നുകിടക്കുന്ന ഓടയിൽ വീണ് അപകടം പതിവാകുന്നു

**ചെറുതോണി:** ഓടകൾ ശുചീകരിക്കുന്നതിൻറെ ഭാഗമായി പഞ്ചായത്ത് എടുത്തുമാറ്റിയ സ്ലാബുകൾ പുനഃസ്ഥാപിച്ചില്ല. കഞ്ഞിക്കുഴി ടൗണിലെ തുറന്നുകിടക്കുന്ന ഓടയിൽ വീണ് അപകടം പതിവാകുന്നു.ശുചീകരണത്തിൻറെ ഭാഗമായി നാലുവർഷം മുന്പാണ് കഞ്ഞിക്കുഴി പഞ്ചായത്ത് സ്ലാബുകൾ എടുത്തുമാറ്റിയത്. എന്നാൽ ഓടകൾ വൃത്തിയാക്കിയ ശേഷം എടുത്തുമാറ്റിയ സ്ലാബുകൾ പുനഃസ്ഥാപിക്കുവാൻ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചില്ല. തുറന്നു കിടന്ന ഓടയിൽ വീണ് ഇതിനോടകം നിരവധി അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. സ്ലാബുകൾ ഇല്ലാത്തതിനാൽ ചപ്പുചവറുകൾ വീണ് വീണ്ടും ഓടകൾ അടയുകയും മഴക്കാലത്ത് വെള്ളമൊഴുക്ക് സുഗമമായി നടക്കാതെ ടൗണിൽ വെള്ളക്കെട്ട് രൂപപ്പെടുകയും ചെയ്തിരുന്നു. ഓടകൾക്കുമീതെ സ്ലാബ് ഇടാൻ പഞ്ചായത്ത് തയാറാകാതിരുന്നതിനാൽ സ്വകാര്യവ്യക്തികൾ തങ്ങളുടെ സ്ഥാപനത്തിനു മുൻപിലുള്ള ഓടകൾ സ്വന്തം നിലയിൽ ശരിയാക്കേണ്ട സാഹചര്യമാണുള്ളത്. പഞ്ചായത്ത് അടിയന്തരമായി ഓടകൾക്കു മുകളിൽ സ്ലാബുകൾ സ്ഥാപിച്ച് ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

# ചരിത്ര പ്രദർശനത്തിന് തുടക്കം

**കുമളി :** സിപിഐ എം ജില്ലാ സമ്മേളനത്തോടനുബന്ധിച്ചുള്ള ചരിത്രപ്രദർശനത്തിന് കുമളിയിൽ തുടക്കമായി. കുമളി പഞ്ചായത്ത് പൊതുവേദിയിലെ പി എ രാജു നഗറിൽ ആരംഭിച്ച ചരിത്രപ്രദർശനം ജില്ലാ സെക്രട്ടറി കെ കെ ജയചന്ദ്രൻ ഉദ്ഘാടനം ചെയ്തു. വണ്ടൻമേട് ഏരിയ സെക്രട്ടറി ടി എസ് ബിസി അധ്യക്ഷനായി. ജില്ലാ സെക്രട്ടറിയറ്റംഗം ആർ തിലകൻ, ആർ ദിനേശൻ എന്നിവർ സംസാരിച്ചു. ജില്ലയിലെയും സംസ്ഥാനത്തെയും കമ്യൂണിസ്റ്റ് പാർടിയുടെയും 1964നുശേഷമുള്ള സിപിഐ എമ്മിന്റേയും ചരിത്രം വിശദമാക്കുന്ന ചിത്രങ്ങൾ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജന്മി- നാടുവാഴിത്തത്തിനും ജാതിമേൽക്കോയ്മയ്ക്കുമെതിരെ തിരുവിതാംകൂറിലും മലബാറിലും മധ്യകേരളത്തിലുമായി നടന്ന സമരങ്ങളുടെയും നേർക്കാഴ്ചയാണ് ചിത്രപ്രദർശനം. സാമൂഹ്യപരിഷ്കർത്താക്കളുടെ ചിത്രങ്ങളും പ്രദർശനത്തിൽ ഇടംപിടിച്ചിട്ടുണ്ട്. 1937ൽ പി കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ കേരളത്തിൽ രൂപീകൃതമായ കമ്യൂണിസ്റ്റ് പാർടിയുടെ ആദ്യഘടക രൂപീകരണയോഗത്തിൽ പങ്കെടുത്ത ഇ എം എസ്, എൻ സി ശേഖർ, കെ ദാമോദരൻ, കേന്ദ്ര കമ്മിറ്റി പ്രതിനിധിയായി പങ്കെടുത്ത എസ് വി ഘാട്ടേ, 1964ൽ സിപിഐയുടെ ദേശീയ കൗൺസിലിൽനിന്ന് ഇറങ്ങിവന്ന 32 സിപിഐ എം സ്ഥാപക നേതാക്കളുടെ ചിത്രങ്ങൾ, അമരാവതി, ചുരുളി, കീരിത്തോട് തുടങ്ങി ജില്ലയിലെ ഉജ്വല കമ്യൂണിസ്റ്റ് കർഷകപോരാട്ടങ്ങൾ എന്നിവയുടെ ചിത്രങ്ങളും ഒരുക്കിയിരിക്കുന്നു. പ്രദർശനം അഞ്ചുവരെ തുടരും.

# കർഷകർ പ്രതിസന്ധിയിൽ

**തൊടുപുഴ:** റബർ, നാളികേരം, കുരുമുളക് ഉൾപ്പെടെയുള്ള കാർഷികോത്പന്നങ്ങൾക്ക് വിലയിടിയുകയും പച്ചക്കറി, പലവ്യഞ്ജനമടക്കമുള്ളവയുടെ വില കുതിച്ചുയരുകയും ചെയ്യുന്നത് ജില്ലയിലെ സാധാരണ കർഷകരുടെ ജീവിതം ദുരിതപൂർണമാക്കുന്നു. ഡിസംബർ ആദ്യവാരം റബർ വില 190ൽ എത്തിയതോടെ വലിയ പ്രതീക്ഷയിലായിരുന്നു റബർ കർഷകർ. എന്നാൽ മഴ മാറി ടാപ്പിംഗ് സാധാരണ നിലയിലേക്ക് എത്തിയതോടെ ദിവസങ്ങൾക്കകം വില കുത്തനെ ഇടിഞ്ഞു. ആർഎസ്എസ്-നാലിനു ഇന്നലെ 158 രൂപയാണ് കിലോയ്ക്ക് വില. ഒരുകിലോ റബർ ഉത്പാദിപ്പിക്കാൻ 175 രൂപ ചെലവു വരുമെന്നാണ് റബർ ബോർഡിൻറെ കണക്ക്. ഇതേനില തുടർന്നാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ വില 150ലും താഴെ എത്താനുള്ള സാധ്യതയാണുള്ളത്. നാളികേരത്തിൻറെ സ്ഥിതിയും വ്യത്യസ്തമല്ല. മറ്റു സസ്യഎണ്ണകൾക്ക് വില കുതിച്ചുയരുന്പോഴാണ് നാളികേരത്തിൻറെയും വെളിച്ചെണ്ണയുടെയും വില ഗണ്യമായി കുറയുന്നത്. ഇതിനു പരിഹാരമായി കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ, കേരഗ്രാമം പദ്ധതിപ്രകാരം രൂപീകരിച്ച പഞ്ചായത്തുതല സമിതികൾ, സഹകരണ സംഘങ്ങൾ എന്നിവ മുഖേന സംഭരണം നടത്താനാണ് സർക്കാരിൻറെ ശ്രമം.അതേസമയം പച്ചത്തേങ്ങയും കൊപ്രയും സംഭരിക്കുമെന്ന് സർക്കാർ പറയുന്പോഴും ഇത് എത്രമാത്രം വിജയം കാണുമെന്ന കാര്യത്തിൽ സംശയമുണ്ട്. പലപ്പോഴും ഇത്തരം സാഹചര്യങ്ങളിൽ തമിഴ്നാട് അടക്കമുള്ള സ്ഥലങ്ങളിൽനിന്നും നാളികേരം എത്തിച്ച് വില്പന നടത്തുന്നതും സംസ്ഥാനത്തെ കർഷകരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. സർക്കാർ നേരത്തെ പ്രഖ്യാപിച്ച താങ്ങുവിലയായ 32 രൂപയിൽനിന്നു താഴ്ന്നത് കർഷകർക്ക് കനത്ത തിരിച്ചടിയായിരുന്നു. ഈ സാഹചര്യത്തിലാണ് സംഭരണത്തിന് സർക്കാർ ശ്രമം ആരംഭിച്ചിരിക്കുന്നത്. തന്നാണ്ടു വിളകളായ ഇഞ്ചി, മഞ്ഞൾ എന്നിവയ്ക്കും ഏലം, കൊക്കോ, കുരുമുളക്, കാപ്പി തുടങ്ങിയവയ്ക്കും വിലയിടിഞ്ഞത് കർഷകരെ കൂടുതൽ പ്രതിസന്ധിയിലേക്കാണ് തള്ളിവിടുന്നത്. അതേസമയം വിപണിയിൽനിന്നു വാങ്ങുന്ന ഒട്ടുമിക്ക സാധനങ്ങളുടേയും വിലയിൽ ഗണ്യമായ വർധനയാണ് സമീപനാളിലുണ്ടായത്. ഇന്ധനവില വർധനയാണ് വിലക്കയറ്റത്തിന് പ്രധാന കാരണമായി പറയുന്നതെങ്കിലും കനത്ത മഴയേത്തുടർന്നുണ്ടായ കൃഷിനാശവും ഉത്പാദനത്തിലുണ്ടായ ഇടിവുമാണ് വിലക്കയറ്റം രൂക്ഷമാക്കിയത്.

# മഞ്ഞിൽ മുങ്ങി മറയൂർ മലനിരകൾ

**മറയൂർ:** പുതുവർഷത്തിൽ മഞ്ഞണിഞ്ഞ മറയൂർ മലനിരകൾ വിനോദസഞ്ചാരികൾക്ക് കുളിരുള്ള അനുഭവമായി. ക്രിസ്മസ് അവധികളിൽ നിരവധി സഞ്ചാരികൾ പ്രദേശത്ത് സന്ദർശനം നടത്തി മടങ്ങിയിരുന്നു. തമിഴ്നാട്ടിൽ നിന്നും കർണാടകത്തിൽ നിന്നുമുള്ള സഞ്ചാരികൾ മൂന്നാറിലെത്തുന്നത് മറയൂർ വഴിയാണ്. ചാറ്റൽ മഴയ്ക്ക് പിന്നാലെ കോടമഞ്ഞ് ഇറങ്ങിയതുമൂലം പകലും വാഹനങ്ങൾ ലൈറ്റിട്ടാണ് ഓടുന്നത്. മറയുരിലെ മുനിയറകൾ, തേയില തോട്ടങ്ങളിലൂടെയുള്ള യാത്ര, തൂവാനം വെള്ളച്ചാട്ടം, ലക്കം വെള്ളച്ചാട്ടം, കാന്തല്ലൂരിലെ തട്ട് തട്ടായുള്ള പഴം പച്ചക്കറി തോട്ടങ്ങൾ, ശർക്കര നിർമാണ യൂണിറ്റുകൾ, സ്വാഭാവിക ചന്ദനക്കാടുകളും മഞ്ഞണിഞ്ഞു നിൽക്കുന്ന കാഴ്ച ആകർഷണീയമാണ്. ഇന്നലെ വൈകുന്നേരം തലയാറിന് സമീപം മൂടൽമഞ്ഞിൽ കാഴ്ച്ച മറഞ്ഞതിനെ തുടർന്ന് ബൈക്ക് യാത്രക്കാർ അപകടത്തിൽ പെട്ട സംഭവവും ഉണ്ടായി.

## അറിയിപ്പ്

### അപേക്ഷ ക്ഷണിച്ചു

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കർഷക തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു. കുട്ടികൾ കേരളത്തിനകത്തുള്ള സർക്കാർ / എയ്ഡഡ് കോളേജുകളിൽ പഠിച്ചവരായിരിക്കണം. വിവിധ പരീക്ഷകളിൽ നിശ്ചിത ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയ വിദ്യാർഥികളുടെ മാതാപിതാക്കളിൽ നിന്നും നിശ്ചിത ഫോറത്തിലുള്ള അപേക്ഷ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജിനുവരി 10ന് വൈകിട്ട് അഞ്ചു വരെ സ്വീകരിക്കും. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, സർട്ടിഫിക്കറ്റ് (പ്രൊഫഷണൽ/ ഒറിജിനൽ പകർപ്പ്) സ്വയം സാക്ഷ്യപ്പെടുത്തിയ അംഗത്വ പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, കർഷക തൊഴിലാളിയാണെന്ന് തെളിയിക്കുന്ന യൂണിയന്റെ സാക്ഷ്യപത്രം എന്നിവയും സമർപ്പിക്കണം. പരീക്ഷാ തീയതിക്ക് തൊട്ടു മുമ്പുള്ള മാസത്തിൽ അംഗം 12 മാസത്തെ അംഗത്വം പൂർത്തീകരിച്ചിരിക്കണം. പരീക്ഷാ തീയതിയിൽ 24 മാസത്തിൽ കൂടുതൽ കുടിശ്ശിക ഉണ്ടാകാൻ പാടില്ല. വിശദവിവരങ്ങൾക്ക്: 0471-2729175.

### അപേക്ഷ ക്ഷണിച്ചു

ഹാർഡ്വെയർ മേഖലയിൽ നൂതന ആശയങ്ങളുള്ളവർക്ക് ലഭിക്കുന്ന ധനസഹായ പദ്ധതിയായ നിധി പ്രയാസിലേക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി അപേക്ഷിക്കാം. മികച്ച ആശയങ്ങളുടെ ഉത്പന്നമാതൃകകൾ ഉണ്ടാക്കുന്നതിനു 10 ലക്ഷം രൂപവരെ ധനസഹായം ലഭിക്കുന്നതാണ് ഈ പദ്ധതി. ഹാർഡ്‌വെയർ മേഖലയിലുള്ളവർക്കു മാത്രമേ അപേക്ഷിക്കാൻ അർഹതയുള്ളൂ.ഈ പദ്ധതി വഴി സഹായം ലഭിക്കാനാഗ്രഹിക്കുന്ന യുവ സംരംഭകർ ജനുവരി 10 നകം https://startupmission.kerala.gov.in/nidhiprayaas എന്ന വെബ്സൈറ്റിലൂടെ അപേക്ഷിക്കണം. സ്വന്തമായി സ്റ്റാർട്ടപ്പ് ഉള്ളതോ ഇല്ലാത്തതോ ആയ 18 വയസ് കഴിഞ്ഞ ഇന്ത്യൻ പൗരന്മാർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് nidhiprayas@startupmission.in എന്ന ഇ മെയിൽ വിലാസത്തിൽ ബന്ധപ്പെടാം. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പാണ് നിധി പ്രയാസ് പദ്ധതി നടപ്പാക്കി വരുന്നത്. പ്രയാസ് കേന്ദ്രങ്ങൾ വഴി നടത്തുന്ന പ്രയാസ് പിച്ച് വീക്കിലൂടെയാണു സംരംഭകർ ധനസഹായ പദ്ധതിക്കായി അപേക്ഷിക്കേണ്ടത്. കേരള സ്റ്റാർട്ടപ്പ് മിഷനിലെ പ്രയാസ് കേന്ദ്രത്തിലെ പദ്ധതി നിർവഹണ കേന്ദ്രം വഴിയാണു ധനസഹായം ലഭിച്ച ആശയങ്ങളുടെ മാതൃകാ രൂപീകരണം നടക്കുന്നത്. പരാജയ ഭീതിയില്ലാതെ നൂതനാശയങ്ങളുള്ള യുവാക്കൾക്ക് സധൈര്യം സ്വന്തം ആശയങ്ങളുമായി മുന്നോട്ടു പോകാൻ സഹായിക്കുന്നതാണ് ഈ പദ്ധതിയുടെ സവിശേഷത.വ്യക്തമായ സാങ്കേതിക പരിജ്ഞാനം, മാതൃകാരൂപീകരണത്തിനുള്ള വ്യക്തമായ മാർഗം എന്നിവ അപേക്ഷകർക്ക് ആവശ്യമാണ്. ധനസഹായം ലഭിച്ച് ഒന്നര വർഷത്തിനുള്ളിൽ മാതൃക രൂപീകരിക്കുകയും വേണം. തെരഞ്ഞെടുക്കപ്പെടുന്നവർക്കു വ്യവസായ പ്രമുഖരിൽ നിന്നുള്ള വിദഗ്ധോപദേശം, ആധുനിക സൗകര്യങ്ങൾ അടങ്ങുന്ന ജോലി സ്ഥലം, വിജയകരമായ മാതൃകകളുടെ വാണിജ്യ സാധ്യതകൾ തേടാനായുള്ള സഹായം എന്നിവയും ഈ പദ്ധതിയിലൂടെ ലഭിക്കും.

### നിയമനം

പെരുമ്പാവൂർ നഗരസഭയുടെ കടുവാളിലുള്ള പട്ടികജാതി വികസന വകുപ്പിന്റെ പെൺകുട്ടികൾക്കുള്ള പ്രീ മെട്രിക് ഹോസ്റ്റലിലേക്കു വിദ്യാർഥിനികൾക്ക് ട്യൂഷൻ എടുക്കുന്നതിനു ട്യൂഷൻ ടീച്ചർമാരെ 2021-22 അധ്യയന വർഷത്തേക്ക് തിരഞ്ഞെടുക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷിക്കുന്നവർ വനിതകളായിരിക്കണം. യോഗ്യത: ഹൈസ്കൂൾ തലം- ഹിന്ദി, കണക്ക്, ഫിസിക്കൽ സയൻസ് എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ബിഎഡ് യോഗ്യതയുള്ളവരായിരിക്കണം. അപേക്ഷകൾ കൂവപ്പടി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ജനുവരി 10 വൈകിട്ട് 5 നകം ലഭ്യമാക്കണം



# കെ സ്വിഫ്റ്റ് പോർട്ടൽ പുതുക്കി; ഇനി 50 കോടിവരെയുള്ള സംരംഭങ്ങൾക്ക് അംഗീകാരം

കളമശേരി : വ്യവസായസംരംഭകർക്ക് അംഗീകാരപത്രം നൽകുന്ന ഓൺലൈൻ പോർട്ടൽ കെ--സ്വിഫ്റ്റിന്റെ പുതുക്കിയ സംവിധാനം നിലവിൽവന്നു. കളമശേരി കീഡ് ഓഫീസിൽ നടന്ന ചടങ്ങിൽ വ്യവസായമന്ത്രി പി രാജീവ് പുതുക്കിയ പോർട്ടലിന്റെ ലോഞ്ചിങ് നിർവഹിച്ചു.സൂക്ഷ്മ, ചെറുകിട, ഇടത്തര സംരംഭങ്ങളുടെ നിക്ഷേപപരിധി 10 കോടി രൂപയിൽനിന്ന് 50 കോടിരൂപയാക്കി ഉയർത്തിയതിനെത്തുടർന്നാണ് പോർട്ടലിൽ മാറ്റങ്ങൾ വരുത്തിയത്. നേരത്തേ, 10 കോടിയിൽത്താഴെ മുതൽമുടക്കുവരുന്നതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പുവിഭാഗത്തിൽപെടാത്തതുമായ സംരംഭങ്ങൾക്കാണ് കെ-സ്വിഫ്റ്റ് വഴി അംഗീകാരപത്രം നൽകിയിരുന്നത്. 15,600ൽ കൂടുതൽ സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭങ്ങൾ പോർട്ടൽവഴി അംഗീകാരപത്രം നേടിയിട്ടുണ്ട്.3000 കോടിയിലധികം നിക്ഷേപവും ഇതുവഴി ലഭിച്ചു. വ്യവസായകേന്ദ്രം ജനറൽ മാനേജർ ബിജു പി എബ്രഹാം, കെഎസ്ഐഡിസി എജിഎം വർഗീസ് മാലക്കാരൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# ഹൈക്കോടതിക്കൊപ്പം 2 മജിസ്ട്രേട്ട് കോടതികളും സ്മാർട്ടായി

കൊച്ചി : ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസിന്റേതടക്കം ആറ് കോടതികളും കോലഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി, തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി എന്നിവയും കടലാസ് രഹിത കോടതികളായി മാറി.അഭിഭാഷകൻ കേസ് അപ്‌ലോഡ് ചെയ്യുന്ന സമയത്തുതന്നെ ഹൈക്കോടതി ഫയലിങ് സ്‌ക്രൂട്ടിനി ഓഫീസർക്ക് പരിശോധിക്കാനാകും. പിഴവുണ്ടെങ്കിൽ തിരുത്താൻ സൗകര്യവുമുണ്ട്. നേരിട്ടുള്ള ഹിയറിങ്ങിനും വീഡിയോ കോൺഫറൻസിങ് വഴിയുള്ള ഹിയറിങ്ങിനും സൗകര്യമുള്ള ഹൈബ്രിഡ് മോഡും സാധ്യമാക്കിയിട്ടുണ്ട്. ജഡ്ജിമാർ, അഭിഭാഷകർ, സ്വയം കേസ് വാദിക്കുന്നവർ തുടങ്ങിയവർക്ക് വിശദാംശങ്ങളടങ്ങിയ ഡാഷ് ബോർഡ് ലഭ്യമാകും.രേഖകളുടെ സമർപ്പണം, ഒഴിവാക്കൽ എന്നിവയും ഡിജിറ്റലായി സാധ്യമാകും. കോടതി ഉത്തരവുകളും ഇ മോഡ് വഴി ലഭ്യമാകും. ഡിജിറ്റലായി ഒപ്പിട്ട ഉത്തരവുകൾ ബന്ധപ്പെട്ട അഭിഭാഷകൻ, സർക്കാർ ഓഫീസ്, അഡ്വക്കറ്റ് ജനറൽ ഓഫീസ്, ഹർജിക്കാരൻ, എതിർകക്ഷികൾ, ജയിൽ അധികൃതർ, പൊലീസ് സ്റ്റേഷൻ എന്നിവർക്ക് ലഭ്യമാകും.എല്ലാം ഡിജിറ്റലാകും പൊലീസ് രജിസ്റ്റർ ചെയ്യുന്ന എഫ്ഐആർ മുതലുള്ള രേഖകൾ ഡിജിറ്റൽ സംവിധാനം വഴി നേരിട്ട് കോടതിയിൽ എത്തുന്ന കടലാസ് രഹിത സംവിധാനമാണ് കോലഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി, തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി എന്നിവയിൽ പ്രാവർത്തികമായത്.ഈ കോടതികളുടെ പരിധിയിലുള്ള പൊലീസ് സ്റ്റേഷനുകളിലെ രേഖകളാണ് ലഭ്യമാകുന്നത്. ഇവ കൂടാതെ കുറ്റപത്രം, സാക്ഷിമൊഴി, മഹസർ തുടങ്ങിയവ അടക്കം കോടതിയിൽ ഡിജിറ്റലായി ലഭ്യമാകും. സമൻസ് ഉൾപ്പെടെ അയക്കാനും സംവിധാനമുണ്ട്. ബയോമെട്രിക് ഉപകരണം വഴി വിരലടയാളം എടുക്കാനും ഡിജിറ്റൽ സിഗ്നേച്ചറിനും സൗകര്യമുണ്ട്. മൊഴി രേഖപ്പെടുത്തുന്നത് വീക്ഷിക്കാൻ സാക്ഷികൾക്കായി സ്ക്രീനും സ്ഥാപിച്ചിട്ടുണ്ട്.

## ഫാക്റ്റിൽ തൊഴിലവസരങ്ങൾ നഷ്ടമാകുന്നു

കളമശ്ശേരി :കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഫാക്റ്റിൽ സർവീസിൽ നിന്ന് റിട്ടയർ ആയിട്ടും ഉന്നതരായ ഉദ്യോഗസ്ഥരെ സ്വാധീനിച്ച് പലരും ഇപ്പോഴും ഉന്നത ശമ്പളം കൈപ്പറ്റിഫാക്ടിന്റെ പല മേഖലകളിലും ജോലിയെടുക്കുന്നത് പുതിയ തൊഴിലവസരങ്ങൾ നഷ്ടമാവുന്നു .ഏകദേശം 250ഓളം റിട്ടയേട് തൊഴിലാളികളാണ് ഫാക്ടിൽ തുടരുന്നത്. ഈ വിവരംഫാക്ട് മാനേജ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഇഷ്ടക്കാരെ പറഞ്ഞു വിടുവാൻ മാനേജ്മെൻറ് തയ്യാറാകുന്നില്ല. ഇതുമൂലം നിരവധി ഉദ്യോഗാർത്ഥികളുടെ തൊഴിലവസരം ആണ് നഷ്ടപ്പെടുന്നത്.ഇതു പോലെ തന്നെ ഫാക്ടിൽ നിന്ന് റിട്ടേഡ് ആയ പല ട്രേഡ് യൂണിയൻ നേതാക്കന്മാരും ഇപ്പോഴും യൂണിയന്റെ അമരത്ത് തന്നെയുണ്ട്.ഫാക്ടിലെ ഒരു കൂട്ടം മാനേജ്മെൻറ് തൊഴിലാളികൾ ഹാജർ പഞ്ച് ചെയ്തശേഷം അവരുടെ സ്വകാര്യ ആവശ്യങ്ങൾക്കായി കറങ്ങി നടക്കുകയാണ് .ഇത് പലതവണയും ഉന്നതങ്ങളിൽ ശ്രദ്ധയിൽപ്പെടുത്തിയിട്ടും താക്കീത് നൽകിയിട്ടും തുടരുകയാണ്.കഴിഞ്ഞ കുറേക്കാലത്തിനുശേഷം ലാഭത്തിൽ ഓടുന്ന ഫാക്ട് ,ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതമൂലം വീണ്ടും നഷ്ടത്തിലേക്ക് തള്ളിവിടുന്ന അവസ്ഥയാണിപ്പോൾ ഉള്ളത്.

## പ്രക്ഷോഭം സംഘടിപ്പിക്കാൻ കോൺഗ്രസ

കടുങ്ങല്ലൂർ: എടയാറിൽ ജനവാസ മേഖലയിൽ ആരംഭിക്കാൻ പോകുന്ന ഖരമാലിന്യ പ്ലാന്റിനെ തിരെ പ്രക്ഷോഭം സംഘടിപ്പിക്കാൻ കോൺഗ്രസ് തീരുമാനിച്ചു. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണ കാലത്ത് എടയാറിൽ പ്ലാൻറ് സ്ഥാ പിക്കാൻ തീരുമാനിച്ചെങ്കിലും ജന ങ്ങൾ പ്രതിഷേധം അറിയിച്ചതി നെ തുടർന്ന് പദ്ധതി ഉപേക്ഷിക്കു കയായിരുന്നു. നിരവധി കുടുംബ ങ്ങൾ താമസിക്കുന്നതും ആശുപ ത്രി, ആരാധനാലയങ്ങൾ എന്നിവ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് പ്ലാ ന്റ് സ്ഥാപിച്ചാൽ ജനങ്ങളുടെ സൈ്വര്യ ജീവിതം തകരുമെന്ന് പാർട്ടി വിലയിരുത്തി.കഴിഞ്ഞ ദി വസം ചേർന്ന കളമശ്ശേരി ബ്ലോക്ക് കോൺഗ്രസ് കമ്മറ്റിയിൽ ടി.ജെ. ടൈറ്റസ് ഇതു സംബദ്ധിച്ച പ്രമേ യം അവതരിപ്പിച്ചിരുന്നു. ഇതെ തു ടർന്നാണ് ജനകീയ പ്രക്ഷോഭം സംഘടിപ്പിക്കാൻ തീരുമാനിച്ചത്. ഡി.സി.സി.സെക്രട്ടറി കെ.കെ.ജിന്നാസ് ഉത്ഘാടനം ചെയ്തു. പ്ര സിഡന്റ് വി.കെ.ഷാനവാസ് അധ്യ ക്ഷനായി. ടി.കെ.കുട്ടി, ജോസഫ് ആന്റണി, ശ്രീകുമാർ മുല്ലേപ്പിള്ളി, എ.ശശികുമാർ, സുരേഷ് മുട്ട ത്തിൽ, എൻ.ആർ.ചന്ദ്രൻ, നാസർ എടയാർ എന്നിവർ സംസാരിച്ചു.

## ക്ഷേത്രങ്ങളിൽ ദ്രവ്യശുദ്ധി പരിപാലിക്കപ്പെടണം – സുരേഷ് ഗോപി



**ആലുവ:**ക്ഷേത്രങ്ങളിൽ ദൈവത്തിനു സമർപ്പിക്കുന്ന എണ്ണ, പുഷ്പങ്ങൾ, ശർക്കര, നെല്ല്, ചന്ദനത്തിരി, കർപ്പൂരം, തുടങ്ങിയ എല്ലാ കാര്യങ്ങളും പരിശുദ്ധം ആയിരിക്കാൻ ഭക്തജനങ്ങൾ ശ്രദ്ധിക്കണമെന്ന് സുരേഷ് ഗോപി അഭിപ്രായപ്പെട്ടു. വെളിയത്തുനാട് തന്ത്രവിദ്യാപീഠത്തിലെ ചുവർചിത്രങ്ങൾ നേത്രോന്മീലനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരവൃക്ഷങ്ങൾ ആണ് കേരളത്തിന്റെ സമ്പത്ത് എന്നും നല്ലയിനം നാടൻ കേരവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാൻ ബോധപൂർവമായ ശ്രമം ഉണ്ടാകണം എന്നും അദേഹംഅഭിപ്രായപ്പെട്ടു. തന്ത്രവിദ്യാപീഠം സെക്രട്ടറി ബ്രഹ്മശ്രീ.പ്രമോദ് നമ്പൂതിരി, ബ്രഹ്മശ്രീ.മണ്ണാറശാല സുബ്രഹ്മണ്യൻ നമ്പൂതിരി. ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ ട്രസ്റ്റ് അംഗങ്ങൾ ബാലകൃഷ്ണൻ ഉണ്ണിഭാസ്കർ, സെക്രട്ടറി രാജേഷ് ആറ്റുകാൽ തന്ത്രവിദ്യാപീഠം ജോയിൻ സെക്രട്ടറി ഹരിനാരായണൻ, കാവനാട് പരമേശ്വരൻ നമ്പൂതിരി ,ശ്രീനിവാസൻ പോറ്റി, ഗോപാലകൃഷ്ണൻ കുഞ്ഞി തുടങ്ങിയവർ പങ്കെടുത്ത ചടങ്ങിൽ ചുമർചിത്ര കലാകാരൻ അനലിനെ സുരേഷ് ഗോപി പൊന്നാടയണിയിച്ചു ആദരിച്ചു.

## ചെങ്ങമനാട് സഹകരണ ബാങ്കിൽ സഹകാരി പെൻഷൻ വിതരണം ആരംഭിച്ചു



നെടുമ്പാശ്ശേരി.ചെങ്ങമനാട് സർവീസ് സഹകരണ ബാങ്ക് സഹകാരികൾക്കായി നടപ്പിലാക്കുന്ന സഹകാരി പെൻഷൻ പദ്ധതിയുടെ ഭാഗമായുള്ള ഈ വർഷത്തെ പെൻഷൻവിതരണ ഉദ്ഘാടനം ബാങ്ക് പ്രസിഡന്റ് പി.ജെ.അനിൽ കപ്രശ്ശേരിയിൽ നിർവ്വഹിച്ചു.ഭരണ സമിതി അംഗങ്ങളായ എ.ആർ.സത്യൻ, എം.കെ. പ്രകാശൻ, മുൻ പഞ്ചായത്തംഗം പി.ആർ സോമൻ, കെ.ബി. ഷാഹി, എ.എം.നവാസ് എന്നിവർ പങ്കെടുത്തു.ബാങ്കിന്റെ മുതിർന്ന അംഗങ്ങളായ 883 പേർക്ക് പെൻഷൻ ലഭിക്കും.ഇതിനായി ഒമ്പതുലക്ഷം രൂപയാണ് ബാങ്ക് സഹകാരികൾക്കായി ചിലവഴിക്കുന്നത്.

## പൊലീസ് സ്റ്റേഷനോട് ചേർന്നുള്ള പഞ്ചായത്തുകുളം കൊതുക് വളർത്തൽ കേന്ദ്രമായെന്ന് പരാതി



ആലുവ: എടത്തല പൊലീസ് സ്റ്റേഷനോട് ചേർന്നുള്ള പഞ്ചായത്തുകുളം കൊതുക് വളർത്തൽ കേന്ദ്രമായെന്ന് പരാതി. എടത്തല പഞ്ചായത്ത് അഞ്ചാം വാർഡിൽ നാലാംമൈലിലാണ് മാലിന്യവും വള്ളിപ്പടർപ്പുകളും നിറഞ്ഞ് പഞ്ചായത്തുവക കുളം നാട്ടുകാർക്ക് വിനയായത്.പരിസരവാസികളുടെ പ്രതിഷേധത്തെ തുടർന്ന് വർഷങ്ങൾക്ക് മുമ്പ് കരിങ്കൽ ഭിത്തികെട്ടി കുളം സംരക്ഷിച്ചെങ്കിലും പിന്നീട് നവീകരണമൊന്നുമുണ്ടായില്ല. ഇതിനിടയിൽ ഒരുതവണ കാട് വെട്ടിത്തെളിച്ചെന്ന് മാത്രം. സമീപത്ത് പൊലീസ് സ്റ്റേഷന് പുറമെ നിരവധി വീടുകളും അങ്കണവാടിയുമുണ്ട്. ഇവർക്കെല്ലാം വലിയ കൊതുകുശല്യം അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രതിനിധാനം ചെയ്യുന്ന വാർഡിലാണ് അയ്യൻ കുളം സ്ഥിതി ചെയ്യുന്നത്. വർഷങ്ങൾക്കുമുമ്പ് നാട്ടുകാരെല്ലാം കുളിക്കാനും അലക്കാനും ഉപയോഗിച്ചിരുന്ന കുളം ശുചീകരണം മുടങ്ങിയതോടെയാണ് നാട്ടുകാർ ഉപേക്ഷിച്ചത്. കുളം സംരക്ഷിക്കുന്നതിന് പഞ്ചായത്ത് അധികൃതർനടപടിയെടുക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.



## അറിയിപ്പ്

### ഒഴിവ്

സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി (സി-ഡിറ്റ് നടപ്പിലാക്കി വരുന്ന എഫ്.എം.എസ് എം.വി.ഡി പ്രോജക്ടിലേയ്ക്ക് അസിസ്റ്റന്റ് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിനായി, ഇലക്ട്രോണിക്സിലോ, കമ്പ്യൂട്ടർ ഹാർഡ് വെയറിലോ ഉള്ള മൂന്ന് വർഷത്തെ ഡിപ്ലോമ/ബി.സി.എ/ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ് ) എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ വാക്-ഇൻ-ഇന്റർവ്യൂ കോഴിക്കോട് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിൽ നടത്തുന്നു. താൽപര്യമുള്ളവർ ബയോഡാറ്റ, വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ സഹിതം ഡിസംബർ 21ന് രാവിലെ 10.00 മണി മുതൽ 1.00 മണി വരെ അഭിമുഖത്തിന് നേരിട്ട് ഹാജരാകണം. പ്രതിമാസ വേതനം- ഞെ. 15,500. കൂടുതൽ വിവരങ്ങൾക്ക് www.cdi-tor; സന്ദർശിക്കുക.

### ദർഘാസ് ക്ഷണിച്ചു

തൃശൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസിലെ ആവശ്യത്തിലേക്കായി ഉപയോഗിക്കുന്നതിന് ടാക്സി പെർമിറ്റ് ഉള്ള വാഹനം കരാറടിസ്ഥാനത്തിൽ എടുക്കുന്നതിന് ദർഘാസ് ക്ഷണിച്ചു. 7 വർഷത്തിൽ കുറവ് പഴക്കമുള്ള 1000 സിസിയിൽ കുറയാത്ത എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനം ഒരു വർഷത്തേക്കാണ് കരാർ എടുക്കുന്നത്. താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർക്ക് അപേക്ഷിക്കാം. വാഹനത്തിന് 1500 കിലോമീറ്ററിന് പ്രതിമാസം 30,000 രൂപ നിരക്കിലും അധികരിച്ചു വരുന്ന ഓരോ കിലോമീറ്ററുകൾക്ക് അതാത് സമയങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലും പരമാവധി 250 കിലോമീറ്റർ വരെ വാടക നിശ്ചയിക്കും. ആർസി ബുക്ക്, ഇൻഷുറൻസ്, ടാക്സി പെർമിറ്റ്, ടാക്സ് ചലാൻ തുടങ്ങിയ രേഖകൾ ഉൾപ്പെടെ www.etenders.kerala.gov.in എന്ന ഓൺലൈൻ പോർട്ടലിൽ ഡിസംബർ 21 ന് വൈകീട്ട് 5 മണിക്ക് മുൻപായി സമർപ്പിക്കണം. ഡിസംബർ 23ന് ഉച്ചയ്ക്ക് 3 മണിക്ക് ദർഘാസ് തുറക്കും. വിശദവിവരങ്ങൾക്ക് അയ്യന്തോളിലുള്ള ജില്ലാ വനിത ശിശു വികസന ഓഫീസിലോ 0487 2361500 എന്ന നമ്പറിലോ ബന്ധപ്പെടുക.

### വാഹനം ആവശ്യമുണ്ട്

ഹോമിയോപ്പതി തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസിലെ ദൈനംദിന ഉപയോഗത്തിന് കരാർ വ്യവസ്ഥയിൽ വാഹനം ആവശ്യമുണ്ട്. 2022 ജനുവരി 1 മുതൽ മൂന്ന് മാസത്തേക്ക് വാഹനം ലഭ്യമാക്കാൻ തയ്യാറുള്ളവരിൽ നിന്നും മത്സര സ്വഭാവത്തിലുള്ള സീൽ ചെയ്ത ക്വട്ടേഷൻ ക്ഷണിച്ചു. അഞ്ച് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത വാഹനമാണ് ആവശ്യം. ഇന്ധന ക്ഷമതയുള്ള, സെഡാൻ ടൈപ്പ് വാഹനത്തിന് മുൻഗണനയുണ്ട്. വാഹനം എല്ലാ ദിവസവും ഓഫീസ് അധികൃതർ നിർദ്ദേശിക്കുന്ന സ്ഥലത്ത് സൂക്ഷിക്കണം. പരമാവധി 30,000 രൂപയാണ് ക്വട്ടേഷൻ തുക. പിന്നീട് വരുന്ന ഓരോ കിലോമീറ്ററിനും എത്ര തുകയാണെന്ന് ക്വട്ടേഷനിൽ കാണിക്കണം. ക്വട്ടേഷനോടൊപ്പം 1000 രൂപയുടെ എസ്ബിഐ ബാങ്ക് ഡിമാൻഡ് ഡ്രാഫ്റ്റ്, ഇ എംഡി ആയി നൽകണം. ഫോൺ: 0487 2366643



# ജോലിക്കാരിൽ ഭൂരിഭാഗവും നാസിക്കിലേക്ക് മാറാൻ

## സമ്മതമറിയിച്ചതോടെ കേന്ദ്രസർക്കാർ അച്ചുകൂടത്തിന് പൂട്ട് വീഴും

**കൊരട്ടി:** അവശേഷിക്കുന്ന ജോലിക്കാരിൽ ഭൂരിഭാഗവും നാസിക്കിലേക്ക് മാറാൻ സമ്മതമറിയിച്ചതോടെ കൊരട്ടിയിലെ കേന്ദ്രസർക്കാർ അച്ചുകൂടത്തിന് പൂട്ട് വീഴുമെന്നുറപ്പായി.അടുത്തിടെ കൊരട്ടിയിലെ പ്രസ് സന്ദർശിച്ച മാനേജ്മെന്റിനോട് നാസിക് യൂണിറ്റിൽ പ്രസ് ലയിപ്പിക്കുന്നതിന് ജീവനക്കാർ സമ്മതം അറിയിച്ചതായാണ് സൂചന. 450 പേരുമായി ആരംഭിച്ച പ്രസിൽ നിലവിൽ മാനേജ്മെന്റ് സ്റ്റാഫ് അടക്കം 15 പേരാണ് അവശേഷിക്കുന്നത്. ഇതിൽ പലരും വിരമിക്കാനിരിക്കുന്നവരാണ്. വർഷങ്ങളായി സ്ഥാപനത്തിന്റെ പ്രവർത്തനം നിലച്ചമട്ടാണ്. ചിലർ മാത്രമാണ് സ്ഥലംമാറ്റത്തോട് വിമുഖത കാണിച്ചത്.രാജ്യത്ത് കേന്ദ്രസർക്കാരിന്റെ 15 പ്രസുകളിൽ നിലനിർത്താൻ ഉദ്ദേശിക്കുന്ന അഞ്ച് യൂണിറ്റുകളിലേക്ക് മറ്റുള്ളവയെ ലയിപ്പിക്കാൻ തീരുമാനിച്ചിരുന്നു. ഇതിനെതിരേ തൊഴിലാളികളും പ്രസ് സംരക്ഷണസമിതിയും രംഗത്തെത്തുകയും കൊരട്ടി യൂണിറ്റടക്കം അടച്ചുപൂട്ടൽ ഒഴിവാക്കാൻ കോടതിയെ സമീപിക്കുകയും ചെയ്തിരുന്നു.എന്നാൽ കൊരട്ടി യൂണിറ്റ് നൽകിയ ഹർജിയിൽ വിധി പ്രതികൂലമായിരുന്നു. മറ്റ് യൂണിറ്റുകളുടെ കേസുകൾ ഒരൊറ്റ കേസായി പരിഗണിച്ച് വാദം കേൾക്കുന്നത് ഡൽഹിയിലേക്ക് മാറ്റി.എന്നാൽ കൊരട്ടി പ്രസിലെ തൊഴിലാളികൾ നൽകിയ റിവ്യൂ ഹർജി ഫയലിൽ സ്വീകരിച്ചതോടെ യൂണിറ്റിന്റെ ഭാവിയും സാങ്കേതികമായി കോടതിയുടെ പരിഗണനയിലാണെന്ന് മുൻ മാനേജർ ബി. സോമൻ പറഞ്ഞു.ഫെബ്രുവരി 24-ന് പ്രസുകളുടെ കേസ് പരിഗണിക്കുമ്പോൾ ലയനത്തിന് അനുകൂലമായ തൊഴിലാളികളുടെ നിലപാട് കോടതിയെ അറിയിക്കുന്നമുറയ്ക്ക് ലയനനടപടി പൂർത്തിയാക്കാനാണ് മാനേജ്മെന്റിന്റെ ലക്ഷ്യമെന്നാണ് സൂചന. ഇതോടെ കൊരട്ടിയുടെ വ്യവസായപ്രതാപത്തിന് മദുരാ കോട്സിനൊപ്പം മുന്നിട്ടുനിന്ന കേന്ദ്ര ഗവൺമെന്റ് പ്രസും ഓർമയാകും.1966-ൽ കേന്ദ്രമന്ത്രിയായിരുന്ന പനമ്പിള്ളി ഗോവിന്ദമേനോനാണ് 15 പ്രസുകളിലൊന്ന് ജന്മനാട്ടിലേക്ക് എത്തിച്ചത്. 110 ഏക്കറിൽ അക്കാലത്തെ മികച്ച സാങ്കേതികമികവോടെയാണ് പ്രസ് സ്ഥാപിച്ചത്. കേന്ദ്രസർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങളോടെ 450 പേർക്കാണ് ജോലി ലഭിച്ചത്.



## ദുരിതാശ്വാസ നിധി: ഗുരുവായൂർ ദേവസ്വം സുപ്രിംകോടതിയിൽ

**ന്യൂഡൽഹി:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം നൽകാനാകില്ലെന്ന ഹൈകോടതി വിധിക്കെതിരേ ഗുരുവായൂർ ദേവസ്വം സുപ്രിംകോടതിയിൽ.ദേവസ്വം നിയമത്തിന്റെ അടിസ്ഥാനത്തിൽ സംഭാവന കൈമാറാൻ തങ്ങൾക്ക് അവകാശമുണ്ടെന്നും ക്ഷേത്ര ആവശ്യങ്ങൾക്കല്ലാതെയും ഫണ്ട് നൽകുന്നതിൽ തെറ്റില്ലെന്നും ചൂണ്ടിക്കാട്ടിയാണ് ഹരജി നൽകിയിരിക്കുന്നത്. പ്രളയ കാലത്തും കൊവിഡ് കാലത്തുമായി 10 കോടി രൂപയാണ് ഗുരുവായൂർ ദേവസ്വം ദുരിതാശ്വാസനിധിയിലേക്ക് കൈമാറിയിരുന്നത്. ഇതിനെതിരായ കേസിൽ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകിയത് ദേവസ്വം ബോർഡിന്റെ പ്രവർത്തന പരിധിയിൽ വരില്ലെന്നായിരുന്നു ഹൈകോടതി വിധിച്ചിരുന്നു.

## ആത്മഹത്യഭീഷണി മുഴക്കിയ ആളെ 'സംസാരിച്ച്'വരുതിയിലാക്കി പൊലീസ്

**തൃശൂർ:** കഴിഞ്ഞദിവസം രാത്രി വിയ്യൂർ പൊലീസ് സ്റ്റേഷനിലേക്ക് തുടർച്ചയായെത്തിയ നാല് ഫോൺ കാളുകൾ.മദ്യപിച്ച് വഴക്കുണ്ടാക്കി ഗൃഹനാഥൻ ആത്മഹത്യഭീഷണി മുഴക്കുന്നുവെന്നായിരുന്നു കരഞ്ഞുകൊണ്ട് വീട്ടമ്മയുടെ പരാതി. സ്ഥലവും വീടുമെല്ലാം അവരിൽനിന്ന് മനസ്സിലാക്കി. സമയോചിതമായ ഇടപെടൽ നടത്തിയില്ലെങ്കിലുണ്ടാകുന്ന അപകടം പൊലീസുദ്യോഗസ്ഥർ മനസ്സിലാക്കി. അയാളോട് സംസാരിച്ച് നിൽക്കാൻ നിർദേശം നൽകി. ഉടൻ അസി. സബ് ഇൻസ്പെകൃർ മാത്യൂസ് ജോസ്, സീനിയർ സിവിൽ പൊലീസ് ഓഫിസർ പി.ആർ. രതീഷ്, ഹോം ഗാർഡ് വി.ടി. തോമസ് എന്നിവർ വാഹനത്തിൽ പുറപ്പെട്ടു. നിമിഷനേരംകൊണ്ട് പൊലീസുകാർ അവിടെയെത്തി.ഒരു കൈയിൽ വെട്ടുകത്തിയും മറുകൈയിൽ കയറുമായി വീടി!െ!ൻറ ബാൽക്കെണിയിൽനിന്ന് ആത്മഹത്യഭീഷണി മുഴക്കുന്ന ഗൃഹനാഥനെയാണ് അവർ കണ്ടത്. പൊലീസുകാർ പലതരത്തിലും അയാളെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. അനുസരിക്കാതെ അയാൾ പാരപെറ്റിലേക്ക് ഇറങ്ങി.അതിനിടയിൽ അസി. സബ് ഇൻസ്പെകൃർ മാത്യൂസ് ജോസ് അയാളുടെ കണ്ണുവെട്ടിച്ച് വീടിനു പിറകിലൂടെ കയറി അയാൾ നിൽക്കുന്ന ബാൽക്കെണിക്കു പിറകിലെത്തി. ഉള്ളിൽനിന്ന് കുറ്റിയിട്ട വാതിൽ ചവിട്ടിത്തുറന്നു.ആ സമയം അക്രമാസക്തനായയാൾ പൊലീസുകാർക്കുനേരെ കത്തി കാട്ടി ഭീഷണിപ്പെടുത്തി. ഈ സമയം മറ്റു പൊലീസുകാർ അയാളുടെ അടുത്തേക്ക് ചാടിവീണ് സാഹസികമായി കീഴ്പ്പെടുത്തി. ശേഷം വീടിനു താഴേക്ക് എത്തിച്ചു. ആശ്വസിപ്പിച്ചും ജീവിക്കാനുള്ള പ്രേരണ പകർന്നുമാണ് പൊലീസുകാർ മടങ്ങിയത്. പിറ്റേന്ന് രാവിലെ ഇവരുമായി ബന്ധപ്പെട്ട് മറ്റ് കുഴപ്പങ്ങളൊന്നുമില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്തു.

## ഉപേക്ഷിച്ച ബൈക്കിന്റെ ഉടമസ്ഥനെ തേടി പോലീസ്

**മാള:** മാളയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ ബൈക്കിന്റെ ഉടമയെ കണ്ടെത്താൻ പോലീസ് അന്വേഷണം തുടങ്ങി. ഉടമയുടെ മേൽവിലാസം തിരിച്ചറിഞ്ഞിട്ടുണ്ട്.എറണാകുളം ജില്ലയിലെ കരുമാല്ലൂർ പനായിക്കുളം മൈനാട്ട് വീട്ടിൽ അജിത്തിന്റെ പേരിലുള്ളതാണ് വാഹനം. ദിവസങ്ങളായി ബൈക്ക് മാളക്കുളത്തിന് സമീപം വഴിയോരത്ത് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.വാഹന ഉടമയെ കണ്ടെത്തിയാൽ മാത്രമേ കൂടുതൽ വിവരങ്ങൾ ലഭ്യമാകൂ. മാള സ്റ്റേഷനിലെ രഹസ്യാന്വേഷണ വിഭാഗം ഉദ്യോഗസ്ഥൻ ഒ.എച്ച്. ബിജുവാണ് പ്രാഥമികാന്വേഷണം നടത്തിയത്.

## താലൂക്ക് സഭയിൽ രൂക്ഷവിമർശനവുമായി ജനപ്രതിനിധികൾ

കൊടുങ്ങല്ലൂർ: താലൂക്ക് സഭയിൽ വിവിധ വകുപ്പുമേധാവികളെ മുൾമുനയിൽ നിർത്തി ജനപ്രതിനിധികൾ. വിവിധ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചയും കാലതാമസവുമാണ് പഞ്ചായത്ത് പ്രസിഡന്റുമാരടക്കമുള്ളവരെ ചൊടിപ്പിച്ചത്.കുടിവെള്ളത്തിനായി നെട്ടോട്ടമോടുന്ന പൊതുജനങ്ങൾക്കുനേരെ കൊഞ്ഞനം കുത്തുന്ന സമീപനമാണ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് അനുഭവപ്പെടുന്നതെന്ന് പ്രസിഡന്റുമാർ യോഗത്തിൽ തുറന്നടിച്ചു.ഏകദേശം രണ്ട് ലക്ഷത്തിലധികം രൂപ പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിനായി പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ അടയ്ക്കുമ്പോഴും കുടിവെള്ളമെത്തിക്കേണ്ട ഉത്തരവാദിത്വത്തിൽനിന്നും വാട്ടർ അതോറിറ്റി ഒളിച്ചോടുകയാണെന്ന് ശ്രീനാരായണപുരം പഞ്ചായത്ത് പ്രസിഡന്റ് എം.എസ്. മോഹനൻ ആരോപിച്ചു.പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ റോഡുകളുടെ അറ്റകുറ്റപ്പണിയും റീടാറിങ്ങും പുരോഗമിക്കുന്നതിനിടയിൽ കുടിവെള്ള പൈപ്പുകൾക്കായി റോഡ് പൊളിക്കുന്നത് വാട്ടർ അതോറിറ്റി അവസാനിപ്പിക്കണമെന്നും റോഡിന് കുറുകെ പൈപ്പിടാനുണ്ടെങ്കിൽ എത്രയുംവേഗം പണി പൂർത്തിയാക്കിത്തരണമെന്നും മതിലകം പഞ്ചായത്ത് പ്രസിഡന്റ് സീനത്ത് ബഷീർ ആവശ്യപ്പെട്ടു.കൂട്ടായ പ്രവർത്തനത്തിലൂടെ വീഴ്ചകൾ പരിഹരിക്കുകയും പ്രശ്നപരിഹാരത്തിന് മാർഗം തേടുകയുമാണ് താലൂക്ക് സഭകൊണ്ട് ഉദ്ദേശിക്കുന്നതെന്നും ഇതിന് ഉദ്യോഗസ്ഥ-ജനപ്രതിനിധികൾ ഒരേ മനസ്സോടെ പ്രവർത്തിക്കണമെന്നും ഇ.ടി. ടൈസൺ എം.എൽ.എ. പറഞ്ഞു. മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനെക്കുറിച്ചും വിതരണത്തിലെ അപാകതകളെക്കുറിച്ചും ചർച്ച ചെയ്യുന്നതിന് അടുത്ത ബുധനാഴ്ച വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ഉന്നതതലയോഗം വിളിക്കുമെന്നും എം.എൽ.എ. പറഞ്ഞു.നഗരസഭാ ചെയർപേഴ്സൺ എം.യു. ഷിനിജ, വൈസ് ചെയർമാൻ കെ.ആർ. ജൈത്രൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.കെ. ഗിരിജ, പഞ്ചായത്ത് പ്രസിഡന്റുമാരായ ബിന്ദു രാധാകൃഷ്ണൻ, കെ.പി. രാജൻ തുടങ്ങിയവർ പങ്കെടുത്തു.



അറിയിപ്പ്



## അംഗത്വം പുതുക്കാം

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2021 ലെ അംഗത്വം പുതുക്കൽ 2022 ജനുവരി ഒന്നു മുതൽ മാർച്ച് 31 വരെ നടക്കും. തൊഴിലാളികൾ നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിലെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് അംഗീകൃത ട്രേഡ് യൂണിയനുകൾ, അസിസ്റ്റന്റ് ലേബർ ഓഫീസർ, ഗ്രാമപഞ്ചായത്ത് നഗരസഭാ സെക്രട്ടറി എന്നിവരിൽ നിന്നും സാക്ഷ്യപ്പെടുത്തി ആധാർ കാർഡിന്റെ പകർപ്പും അവസാനം അംശാദായം അടച്ച രസീതും സഹിതം ലഭ്യമാക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അപേക്ഷയിൽ നിർബന്ധമായും ഫോൺ നമ്പർ രേഖപ്പെടുത്തണം. ഫോൺ: 0491 2546873.

## ജലവിതരണം ഫെബ്രുവരി ആദ്യവാരം മുതൽ

കാഞ്ഞിരപ്പുഴ കനാലുകളിലൂടെയുള്ള ജലവിതരണം ഫെബ്രുവരി ആദ്യവാരം മുതൽ ആരംഭിക്കാനും പ്രധാന കനാലിന്റെയും ഉപകനാലുകളുടെയും ശുചീകരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാനും കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി ഉപദേശ സമിതി യോഗത്തിൽ തീരുമാനിച്ചു.കനാലുകളിൽ മണ്ണെടുത്ത് ആഴം കൂട്ടുന്നത് ഉൾപ്പെടെയുള്ള എല്ലാതരം പ്രവൃത്തികളും ഇറിഗേഷൻ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടത്തണമെന്ന് ജില്ലാ കലക്ടർ നിർദ്ദേശിച്ചു.കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ഉപദേശക സമിതി യോഗത്തിൽ ജില്ലാ കലക്ടർ മൃൺമയി ജോഷി അധ്യക്ഷയായി. അഡ്വ. ശാന്തകുമാരി എം.എൽ.എ, ഡെപ്യൂട്ടി കലക്ടർ, ഷാഫി, എക്സിക്യൂട്ടീവ് എ9ജിനീയ4 ലെവിൻസ് ബാബു കോട്ടൂർ എന്നിവർ യോഗത്തിൽ സംസാരിച്ചു.

## സർട്ടിഫിക്കറ്റ് പരിശോധന

ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിൽ എൽ.പി സ്കൂൾ ടീച്ചർ (മലയാളം മാധ്യമം, കാറ്റഗറി നമ്പർ: 516/2019) തസ്തികയുടെ തിരഞ്ഞെടുപ്പിനായി ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് അർഹരായവരുടെ മൂന്നാംഘട്ട അഭിമുഖം പി.എസ്.സി ജില്ലാ ഓഫീസിൽ ജനുവരി 5, 6, 7 തീയതികളിൽ നടക്കും. ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് പ്രൊഫൈൽ/ എസ്.എം.എസ് വഴി അറിയിപ്പ് നൽകിയിട്ടുണ്ട്. അഭിമുഖത്തിന് വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, അസൽ പ്രമാണങ്ങളുമായി എത്തണമെന്ന് പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

## അപേക്ഷിക്കാം


2019 ലെ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡിന് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ഉപഭോക്തൃ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഉപഭോക്തൃ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയ മൂന്നു വർഷത്തെ പ്രവർത്തന പരിചയമുള്ള സംഘടനകൾക്ക് അവാർഡിന് അപേക്ഷിക്കാം. 2019 ൽ സംസ്ഥാന, ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ ഫയൽ ചെയ്ത കേസുകൾ, കമ്മീഷനുകൾക്ക് പുറത്ത് ഒത്തുതീർപ്പാക്കിയ കേസുകൾ, നവമാധ്യമങ്ങളിലെ ഇടപെടലുകൾ, സെമിനാറുകൾ, പ്രസിദ്ധീകരിച്ച മാഗസിനുകൾ, ലഘുലേഖകൾ, കൺസ്യൂമർ ക്ലബ് പ്രവർത്തനങ്ങൾ, ഉത്പന്ന പരിശോധനകൾ തുടങ്ങിയവയിൽ ഓരോ സംഘടനയും നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് അവാർഡ് നിർണയം നടത്തുക. അപേക്ഷകൾ ജനുവരി 15 വൈകിട്ട് അഞ്ചിനകം അഡീഷണൽ ചീഫ് സെക്രട്ടറി, ഉപഭോക്തൃ കാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം- 1 വിലാസത്തിൽ ലഭ്യമാക്കണം. വിശദവിവരങ്ങൾ ഉപഭോക്തൃകാര്യ വകുപ്പ്, പൊതുവിതരണ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ സപ്ലൈ ഓഫീസുകളിലും ലഭിക്കും.



# സിപിഎം സമ്മേളനം: മുതിർന്ന നേതാക്കൾക്കെതിരേ ആഞ്ഞടിച്ച് പ്രതിനിധികൾ

**പാലക്കാട്:** സിപിഎം ജില്ലാ സമ്മേളനത്തോടനുബന്ധിച്ചുള്ള പ്രതിനിധിസമ്മേളനത്തിൽ നേതാക്കൾക്കെതിരേ ആഞ്ഞടിച്ച് പ്രതിനിധികൾ. ജില്ലാ നേതൃത്വത്തിനും സംസ്ഥാന ഭാരവാഹികൾക്കും എതിരേയും പാർട്ടിയിലെ വിഭാഗീയത സംബന്ധിച്ചും ചർച്ചയിൽ അതിരൂക്ഷ വിമർശനമുണ്ടായി. പോലീസ് സേനയുടെ വീഴ്ചകളുമായി ബന്ധപ്പെട്ടും പ്രതിനിധികൾ വിമർശനമുയർത്തി. സർക്കാരിനെ പ്രതിരോധത്തിലാക്കുന്ന നീക്കം പോലീസിൽനിന്നുണ്ടാകുന്നുവെന്നും നിയന്ത്രണമില്ലാത്ത വിധത്തിലാണ് ചിലയിടങ്ങളിൽ പോലീസ് ഇടപെടലെന്നും ഇതു തിരുത്തപ്പെടണമെന്നും പ്രതിനിധികൾ ചൂണ്ടിക്കാട്ടി. ആഭ്യന്തര മന്ത്രി കൂടിയായ മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിലായിരുന്നു വിമർശനം.കെടിഡിസി ചെയർമാൻ പി.കെ. ശശിക്കെതിരേയാണ് ആദ്യം വ്യക്തിപരമായ പരാതിയുയർന്നത്. കെടിഡിസി ചെയർമാൻ ആയതിനു ശശി പത്രത്തിൽ പരസ്യം നൽകിയ കാര്യം ചൂണ്ടിക്കാട്ടിയായിരുന്നു വിമർശനം. പാർട്ടിയിലെ വനിതാ നേതാവിന്റെ പരാതിയിൽ നടപടി നേരിട്ട ശശിയെ വേഗത്തിൽ തിരിച്ചെടുത്തതും ചർച്ചയായി. പുതുശേരി, പട്ടാമ്പി ഏരിയാ കമ്മി റ്റി പ്രതിനിധികളാണ് ശശിക്കെതിരേ വിമർശനമുന്നയിച്ചത്.പാർട്ടിയെ പ്രതിരോധത്തിലാക്കിയ കണ്ണമ്പ്ര ഭൂമിയിടപാടിൽ കൂടുതൽ പേർക്കു പങ്കുണ്ടെന്നു ചില പ്രതിനിധികൾ വിമർശനമുയർത്തിയത് അക്ഷരാർഥത്തിൽ നേതാക്കളെ ഞെട്ടിച്ചു. ജില്ലാ സെക്രട്ടേറിയറ്റംഗം സി.കെ. ചാമുണ്ണി മാത്രമല്ല കുറ്റക്കാരനെന്നും ചാമുണ്ണിക്കു മുകളിലുള്ള ആളുകൾക്കും ഇടപാടിൽ പങ്കുണ്ടെന്നുമായിരുന്നു വിമർശനം. ഒറ്റപ്പാലത്തെ സഹകരണ ബാങ്ക് അഴിമതിയിൽ കൂടുതൽ നടപടിയുണ്ടായില്ലെന്നും പ്രതിനിധികൾ വിമർശിച്ചു. ജില്ലയിൽനിന്നുള്ള സംസ്ഥാന കമ്മിറ്റിയംഗങ്ങൾക്കുനേരേയും ചില പ്രതിനിധികൾ വിമർശനം ഉന്നയിച്ചു. സംസ്ഥാന നേതാക്കൾ കൂട്ടായ പ്രവർത്തനത്തിനു നേതൃത്വം നൽകുന്നില്ലെന്നും ഇവരും വിഭാഗീയതയുടെ ഭാഗമാകുന്നുവെന്നുമായിരുന്നു വിമർശനം. ഒന്നിനും കൊള്ളാത്ത നേതൃത്വമായി ജില്ലാ നേതൃത്വം മാറിയെന്ന ആക്ഷേപവും പ്രതിനിധികളിൽനിന്നുണ്ടായി. ചെർപ്പുളശേരിയിൽ ഏരിയാ സെക്രട്ടറിയടക്കം 13 കമ്മിറ്റിയംഗങ്ങളെ പരാജയപ്പെടുത്തിയതിൽ പാർട്ടിതലത്തിൽ അന്വേഷണം വേണമെന്ന ആവശ്യവുമുയർന്നു. ചെർപ്പുളശേരി, കൊല്ലങ്കോട് ഏരിയകളിൽ ഔദ്യോഗിക പാനലിന്റെ പരാജയവും ചർച്ചയായി.

# കുളപ്പുള്ളിയിൽ അപകടത്തിൽപ്പെടുന്ന വാരിക്കുഴി



**ഷൊർണൂർ:** കുളപ്പുള്ളിയിൽ ആളെക്കൊല്ലും വാരിക്കുഴി.ഇപ്പോ ശര്യാക്കിത്തരാന്ന് ജല അഥോറിറ്റി. പാലക്കാട് കുളപ്പുള്ളി സംസ്ഥാന ഹൈവേയിൽ കുളപ്പുള്ളി മൂന്നുംകൂടിയ ജംഗ്ഷനിലാണ് ആളുകളെ അപകടത്തിൽപ്പെടുന്ന വാരിക്കുഴി ഉള്ളത്. വാട്ടർ അഥോറ്റിയാണ് പൈപ്പ് ലൈൻ വലിക്കാൻ റോഡിൽ ചാലുപോലെ കീറി കുഴിയെടുത്തത്. അപകടങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ സിനിമകളിലൊന്നിൽ കുതിരവട്ടം പപ്പുവിന്റെ ഡയലോഗാണ് അധികൃതരുടെ മറുപടി ''ഇപ്പ ശര്യാക്കിത്തരാം'' ശരിയാക്കൽ മാത്രം നടക്കുന്നില്ലെന്നുമാത്രം. ഹൈക്കോടതിപോലും പരാമർശിച്ച നല്ലൊരുറോഡാണ് പാലക്കാട് കുളപ്പുള്ളി പാത. എന്നാൽ കുളപ്പുള്ളിയിലെത്തിയാൽ റോഡിനു കുറുകെയാണ് ഈ ചതിക്കുഴിയുള്ളത്. ഇവിടെ കുഴിയായിട്ടു മാസങ്ങളായി. നാട്ടുകാർ നിരവധിതവണ പരാതിപറഞ്ഞിട്ടും നടപടി യുണ്ടായില്ല. ജല അഥോറ്റിയുടെ പൈപ്പിടൽ കഴിഞ്ഞപ്പോഴാണ് റോഡിനുകുറുകെ ഈ വലിയ കുഴി ഇന്നത്തെ അവസ്ഥയിൽ രൂപപ്പെട്ടത്. പൈപ്പിടൽ കഴിഞ്ഞതിനുശേഷം കോൺക്രീറ്റിട്ടിരുന്നെങ്കിലും ഇത് അടർന്നുപോയതാണ് കാരണം. ഇതിനുപുറമെയാണ് അടർന്ന മെറ്റലുകൾ റോഡിൽ പരന്നു കിടക്കുന്നത്.ഇവിടെ ഇരുചക്ര വാഹങ്ങൾ അപകടത്തിൽപ്പെടാൻ സാധ്യത കൂടുതലാണ്. നല്ല റോഡാണെന്നുകരുതി വേഗംവരുന്ന വാഹനങ്ങൾ കുഴിയിൽചാടുന്നതു പതിവാണ്. ഇരുചക്രവാഹനമാണെങ്കിൽ യാത്രക്കാരൻ തെറിച്ചുവീഴും. വേഗംവരുന്ന വാഹനങ്ങൾ പെട്ടെന്നു ബ്രേക്കിടുന്നതും പിന്നിലെ വാഹനങ്ങൾ ഇടിക്കുന്നതും ഇവിടെ സ്ഥിരംകാഴ്ചയാണ്. പട്ടാമ്പിയിൽനിന്ന് പാലക്കാട് ഭാഗത്തേക്ക് നിരവധി വാഹനങ്ങളാണ് ഇതുവഴി പോകുന്നത്. തൃശൂരിൽനിന്ന് ഒറ്റപ്പാലത്തേക്കുള്ള ആംബുലൻസുകളുൾപ്പെടെയുള്ള വാഹനങ്ങൾക്കും റോഡിലെ ഈ കുഴിയിൽചാടിവേണം പോകാൻ. ഇതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഉടൻതന്നെ പരിഹരിക്കാൻവേണ്ട നടപടി സ്വീകരിക്കുമെന്ന പല്ലവി ജല അഥോറിറ്റി പ്രോജക്ട് വിഭാഗം ആവർത്തിക്കുമ്പോഴും കുഴി പടുകുഴിയായി തുടരുകയാണ്. അടിയന്തരമായി ഇനിയെങ്കിലും കുഴി നികത്തണമെന്ന ആവശ്യം അധികൃതർ കേട്ടില്ലെന്ന് നടിക്കുകയാണ്.


# കാർ ഷോറൂമിൽ തീപിടിത്തം; വാഹനം കത്തിനശിച്ചു



**മണ്ണാർക്കാട്:** മണ്ണാർക്കാട് ഇൻഡസ് മോട്ടോഴ്സിന്റെ ഷോറൂമിലെ തീപടിത്തത്തിൽ ഒരു വാഹനം കത്തിനശിച്ചു. പെയിന്റിംഗ് സെക്ഷനിലാണ് തീപിടിത്തമുണ്ടായത്. പെയിന്റിംഗ് ചെയ്യുന്ന ഹീറ്ററിൽനിന്നാണ് തീപടിത്തമുണ്ടായതെന്നാണ് നിഗമനം. കഴിഞ്ഞ ദിവസം വൈകുന്നേരം നാലുമണിയോടെയാണ് സംഭവം. പെയിന്റിംഗ് ചെയ്തുകൊണ്ടിരിക്കുകയായിരുന്ന മാരുതി 800 വാഹനം പൂർണമായും കത്തിനശിച്ചു. എട്ട് വാഹനങ്ങൾ സമീപത്ത് ഉണ്ടായിരുന്നെങ്കിലും അവയെല്ലാം ജീവനക്കാർ മാറ്റിയതായി ഷോറൂം മാനേജർ സജീഷ് അറിയിച്ചു. വട്ടമ്പലത്തുനിന്നും രണ്ടു യൂണിറ്റ് അഗ്നിശമനസേന എത്തിയാണ് തീയണച്ചത്. മണ്ണാർക്കാട് സിഐ പി.അജിത് കുമാറിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘവും സ്ഥലത്തെത്തിയിരുന്നു. മണ്ണാർക്കാട് നഗരസഭ കൗൺസിലർ ഇബ്രാഹിമിന്റെ നേതൃത്വത്തിൽ നാട്ടുകാരും തീ അണയ്ക്കുന്നതിനുള്ള ശ്രമം നടത്തിയിരുന്നു. വട്ടമ്പലം അഗ്നിശമന സേനയിലെ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ ഗോവിന്ദൻകുട്ടി, അസിസ്റ്റന്റ് ഫയർ ആൻഡ് റെസ്ക്യു സ്റ്റേഷൻ ഓഫീസർ ഷീജാം, സന്ദീപ്, ശ്രീജേഷ്, ബ്രിജേഷ്, പ്രശാന്ത്, ജയേഷ്, രതീഷ് എന്നിവരടങ്ങുന്ന സംഘമാണ് അഞ്ചരയോടെ തീയണച്ചത്.

# കുടിവെള്ള പദ്ധതി; പ്രതീക്ഷയോടെ നാല് പഞ്ചായത്തുകൾ

**മംഗലംഡാം:** ജില്ലയിലെ തന്നെ ഏറ്റവും വലിയ കുടിവെള്ള പദ്ധതികളിലൊന്നായ മംഗലംഡാം സമഗ്ര കുടിവെള്ള പദ്ധതി വഴി ഈ വർഷം ഒടുവിലെങ്കിലും കുടിവെള്ളം കിട്ടുമെന്ന പ്രതീക്ഷയിലാണ് നാല് പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾ. 2018 ജൂലൈയിൽ നിർമാണോദ്ഘാടനം കഴിഞ്ഞ പദ്ധതിയുടെ പൈപ്പ് ഇടലും പ്രധാന ടാങ്ക് നിർമാണവും പുരോഗമിക്കുകയാണ്. ഡാമിൽ നക്ഷത്ര ബംഗ്ലാകുന്നിൽ ജലസംഭരണികളുടെയും ജല ശുദ്ധീകരണശാലകളുടെയും പണികൾ 80 ശതമാനവും പൂർത്തിയായതായി അധികൃതർ പറഞ്ഞു. മംഗലംഡാം ഉൾപ്പെടുന്ന വണ്ടാഴി പഞ്ചായത്ത് സമീപ പഞ്ചായത്തുകളായ കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ നാലു പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ലക്ഷ്യം വച്ചുള്ളതാണ് ഈ പദ്ധതി. 95 കോടി രൂപയാണ് പദ്ധതിക്കായി ഇപ്പോൾ കണക്കാക്കിയിട്ടുള്ളതെങ്കിലും പണികൾ പൂർത്തിയാകുമ്പോൾ 140 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. മംഗലംഡാം റിസർവോയറാണ് പദ്ധതിയുടെ ജല സ്രോതസ്. ഡാമിലെ വെള്ളം നേരിട്ട് ടാങ്കിലേക്കു പമ്പ് ചെയ്ത് അവിടെ ശുദ്ധീകരണ പ്രക്രിയകൾ നടത്തി ശുദ്ധജലം ഉന്നത ടാങ്കിലേക്കു കയറ്റും. തുടർന്ന് പമ്പിംഗ് ഇല്ലാതെയാണ് പഞ്ചായത്തുകളിലെ ടാങ്കുകളിലേക്കു വെള്ളം താനെ ഒഴുകുക. ഇതിനാൽ രണ്ട് പമ്പിംഗ് മാത്രമെ പദ്ധതിക്ക് ആവശ്യമായിവരുന്നുള്ളു. നക്ഷത്ര ബംഗ്ലാക്കുന്നിൽ 24.50 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെയും അതേ സംഭരണശേഷിയുള്ള ഉന്നതതല ക്ലിയർ വാട്ടർ സംഭരണിയുടെയും പണികൾ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ഡാമിൽ ഏറ്റവും ആഴം കൂടുതലുള്ള ബോട്ടുജെട്ടിക്കടുത്ത് നിന്നാണു വെള്ളം എറേറ്റർ ടാങ്കിലേക്ക് പമ്പ് ചെയ്യുക. ഏതു വേനലിലും ആറ് മീറ്ററിൽ കൂടുതൽ വെള്ളം ഉണ്ടാകുന്ന ഡാമിലെ ആഴകൂടുതലുള്ള പ്രദേശമാണ് ഇത്. ഇവിടേക്കു സംഭരണശാലകളിൽ നിന്നും നാലു മീറ്റർ വീതിയിൽ ഇൻടേക്ക് ബ്രിഡ്ജ് നിർമിക്കും.160 എച്ച് പിയുടെ രണ്ടു മോട്ടോറും മറ്റു അനുബന്ധ സംവിധാനങ്ങളും ഇവിടെ ഒരുക്കും. ഒരു കൺട്രോൾ റൂം ഉൾപ്പെടെ ഇവിടെയാണ് പ്രവർത്തിക്കുക. ഡാമിൽ നിന്നും പമ്പുചെയ്യുന്ന വെള്ളം വലിയ പൈപ്പ് വഴി ആദ്യം ബംഗ്ലാകുന്നിലെ എറേറ്റർ ടാങ്കിലെത്തും. ഇവിടെ ആദ്യഘട്ട ജലശുദ്ധീകരണം നടക്കും. പിന്നീട് ഈ വെള്ളം 30 ലക്ഷം ലിറ്റർ വെള്ളം കൊള്ളുന്ന വൃത്താകൃതിയിലുള്ള രണ്ടു വലിയ ടാങ്കുകളിലൂടെ കടത്തിവിടും. രണ്ടാംഘട്ട ജലശുദ്ധീകരണം ഇവിടെയാണ് നടത്തുന്നത്. ഏതു സമയവും രണ്ട് ടാങ്കുകളിലായി 60 ലക്ഷം ലിറ്റർ വെള്ളം ശുദ്ധീകരണ പ്രക്രിയകളിലൂടെ കടന്നുപോയികൊണ്ടിരിക്കും. പ്രതിദിനം 240 ലക്ഷം ലിറ്റർ വെള്ളം ഡാമിൽ നിന്നും പമ്പ് ചെയ്യണം. മഴക്കാല മാസങ്ങളിലും ഡിസംബർവരേയും ഇതു സാധ്യമാകും. രണ്ടാംവിള നെൽകൃഷിക്കു വെള്ളം വിടുന്നതിനൊപ്പം കുടിവെള്ളത്തിനും ഇത്രയും വെള്ളം കണ്ടെത്തേണ്ടതുണ്ട്. മഴക്കാലത്ത് ഷട്ടറുകൾ തുറന്നു പുഴയിലേക്ക് ഒഴുക്കി വെള്ളം പാഴാക്കുന്നത് തടയാനായാൽ ഈ പദ്ധതികളെല്ലാം വിജയകരമാകും ഇതിന് ഡാമിന്റെ സംഭരണശേഷി പൂർവകാല സ്ഥിതിയിലാക്കണം. ഡാമിലെ മണ്ണും മണലും നീക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും തുടക്കത്തിലെ വേഗത ഇപ്പോൾ ഇല്ലാതായി. പല മാസങ്ങളിലും പണികൾ സ്തംഭിച്ച നിലയിലുമാണ്. ഡാമിന്റെ സംഭരണശേഷി കൂട്ടാതെ കുടിവെള്ള പദ്ധതി വിജയിക്കില്ല. അത് കോടികൾ വ്യഥാവിലാകാൻ കാരണമാകും. കുഴിച്ചിടുന്ന പൈപ്പുകളുടെ ചൂടുകൂടി പിന്നെ സഹിക്കേണ്ടിവരും. പദ്ധതികൾക്കൊപ്പം ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ജനങ്ങളുടെയും കൂട്ടായ ഇടപെടലുകളും പങ്കാളിത്തവും മേൽനോട്ടവും ഉണ്ടെങ്കിലെ പദ്ധതി യാഥാർഥ്യമാകു എന്നാണ് വിലയിരുത്തൽ.





# നാടുകാണി–പരപ്പനങ്ങാടി പാത നവീകരണം പൂർത്തിയാക്കണം: വികസന സമിതി

**നിലമ്പൂർ:** നിലമ്പൂർ ടൗണിൽ ഗതാഗത കുരുക്ക് ഒഴിവാക്കാൻ ട്രാഫിക് പരിഷ്കാരങ്ങൾ പുനഃക്രമീകരിക്കണമെന്നു താലൂക്ക് വികസന സമിതി യോഗത്തിൽ ആവശ്യമുയർന്നു. നാടുകാണി–പരപ്പനങ്ങാടി പാത നവീകരണം പൂർത്തീകരിക്കാൻ അടിയന്തര നടപടി വേണമെന്നും താലൂക്ക് വികസന സമിതി യോഗം ആവശ്യപ്പെട്ടു. നാടുകാണി–പരപ്പനങ്ങാടി പാത നിർമാണവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ വകുപ്പ് മന്ത്രി ജില്ലാ വികസന ഓഫീസറെ ചുമലതപ്പെടുത്തിയതിനാൽ പൊതുമരമാത്ത് വകുപ്പ് റോഡ്സ് വിഭാഗം നിലന്പൂർ ഓഫീസിനു ഒരു ചുമതലയുമില്ലെന്നു ഓവർസിയർ യോഗത്തിൽ അറിയിച്ചു. നിലന്പൂരിലെ ഗതാഗത കുരുക്ക് പരിഹരിക്കാൻ നിലമ്പൂർ ടൗണിലെയും ചന്തക്കുന്നിലെയും ഓട്ടോറിക്ഷകളുടെ പാർക്കിംഗ് മാറ്റി സ്ഥാപിക്കണം. ചന്തക്കുന്ന് റോഡരികിലെ പാർക്കിംഗ് ബംഗ്ലാവ്കുന്ന് റോഡിലേക്കും വീട്ടിക്കുത്ത് റോഡ് ജംഗ്ഷനിൽ നിന്നു കോവിലകം റോഡിലേക്കും ഓട്ടോപാർക്കിംഗ് മാറ്റണമെന്നും ആവശ്യമുയർന്നു. വഴിക്കടവ് മുതൽ വടപുറം വരെ റോഡ് സൗന്ദര്യവത്കരണം നടത്തണം. നിർമാണം നടന്നുകൊണ്ടിരിക്കുന്ന മലയോര പാതയിൽ ജലവിഭവ വകുപ്പിൻറെ പൈപ്പ് പൊട്ടി ജലവിതരണം തടസപ്പെടുന്നത് പരിഹരിക്കണം. ക്ലീൻ നിലന്പൂർ പദ്ധതിയുടെ ഭാഗമായി എല്ലാ വീടുകളിൽ നിന്നു പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ടുപോകാൻ നടപടി സ്വീകരിക്കും. നിലന്പൂർ ജനതപ്പടിയിൽ വിദ്യാർഥികളടക്കമുള്ളവർ ബസ് കാത്തിരിക്കുന്ന അപകട ഭീഷണിയിലായ ബസ് കാത്തിരിപ്പ് കേന്ദ്രം പൊളിച്ചു നീക്കണം. ഉരുൾപൊട്ടൽ സാധ്യതയുണ്ടെന്നു ജിയോളജി വകുപ്പ് മുന്നറിയിപ്പ് നൽകിയ സ്ഥലത്ത് നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നതു കോടതി അനുമതിയോടെയാണെന്നു റവന്യു അധികൃതർ അറിയിച്ചു.എന്നാൽ ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് തുടർ നടപടികൾ സ്വീകരിക്കാത്തതിനെതിരെ യോഗത്തിൽ വിമർശനം ഉയർന്നു. ലഹരി ഉപയോഗം തടയാൻ എക്സൈസ്, പോലീസ് വകുപ്പുകൾ ജനകീയ സഹകരണത്തോടെ ജാഗ്രത പുലർത്തണമെന്ന് യോഗം ആവശ്യപ്പെട്ടു. പോരൂർ വില്ലേജിൽ നിന്നു മണ്ണിടിച്ചിൽ വീടിനു ഭീഷണിയെന്ന പരാതിയും വികസന സമിതി ചർച ചെയ്തു. തുടർ നടപടികൾക്കായി അതത് വകുപ്പുകളോട് താലൂക്ക് വികസന സമിതി വിശദീകരണം തേടും. അതേസമയം താലൂക്കിലെ വിവിധ വികസന പ്രശ്നങ്ങളും പൊതുജനപ്രശ്നങ്ങളും ചർച്ച ചെയ്യുന്ന താലൂക്ക് വികസന സമിതിയിൽ വിവിധ വകുപ്പ് പ്രതിനിധികൾ പങ്കെടുക്കാത്തതിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി. താലൂക്ക് പരിധിയിലെ മുഴുവൻ പഞ്ചായത്ത് പ്രസിഡൻറുമാരെയും ബന്ധപ്പെട്ട മുഴുവൻ വകുപ്പ് പ്രതിനിധികളെയും പങ്കെടുപ്പിക്കാൻ യോഗത്തിൽ ധാരണയായി. നിലന്പൂർ താലൂക്ക് ഓഫീസിൽ നടന്ന യോഗത്തിൽ നിലന്പൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് പി. പുഷ്പവല്ലി അധ്യക്ഷത വഹിച്ചു. നിലമ്പൂർ താലൂക്ക് തഹസിൽദാർ പി. രഘുനാഥ്, ഭൂരേഖ വിഭാഗം തഹസിൽദാർ ജയശ്രീ, ഹെഡ്ക്വട്ടേഴ്സ് ഡെപ്യൂട്ടി തഹസിൽദാർ അരവിന്ദാക്ഷൻ, നഗരസഭാംഗങ്ങളായ സ്കറിയ്യ ക്നാംതോപ്പിൽ, ഇസ്മായിൽ എരഞ്ഞിക്കൽ, എടക്കര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് ആയിഷകുട്ടി, പോത്ക്കല്ല് പഞ്ചായത്തംഗം എം.എ. തോമസ്, സലാം ഏമങ്ങാട് തുടങ്ങിയവർ പ്രസംഗിച്ചു.



## അറിയിപ്പ്

### അപേക്ഷ ക്ഷണിച്ചു

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി വിഭാഗങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് ജനസംഖ്യാനുപാതികമായി 2021-22 അദ്ധ്യയന വർഷത്തേക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപന്റ് നൽകുന്നതിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് സ്കോളർഷിപ്പ്. ബിരുദത്തിന് പഠിക്കുന്നവർക്ക് 5,000 രൂപയും ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവർക്ക് 6,000 രൂപയും, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർക്ക് 7,000 രൂപയും ഹോസ്റ്റൽ സ്റ്റൈപന്റ് ഇനത്തിൽ 13,000 രൂപയും വീതവുമാണ് പ്രതിവർഷം സ്കോളർഷിപ്പ്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച് സ്വാശ്രയ മെഡിക്കൽ/ എൻജിനിയറിങ് കോളേജുകളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാം. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാം. ആദ്യ വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാത്തവർക്കും ഇപ്പോൾ പഠിക്കുന്ന വർഷത്തേക്ക് അപേക്ഷിക്കാം. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ കവിയരുത് (ബി.പി.എൽകാർക്ക് മുൻഗണന). അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minoritywelfare.kerala.gov.in വഴി ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 20. കൂടുതൽ വിവരങ്ങൾക്ക്: 0471-2300524.

### എസ്റ്റിമേറ്റ് നൽകണം

നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് റൂൾസ് 1985 പ്രകാരം റെക്കഗ്നൈസ്ഡ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷനായി അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളും, ആശുപത്രികളും 2022 ലേക്കുള്ള എസൻഷ്യൽ നാർക്കോട്ടിക് ഡ്രഗ്സിന്റെ ആവശ്യകത സംബന്ധിച്ച എസ്റ്റിമേറ്റ് നവംബർ 30ന് മുമ്പും ഡിസംബർ 31ന് കാലാവധി അവസാനിക്കുന്ന സ്ഥാപനങ്ങൾ നിർദ്ദിഷ്ഠ മാതൃകയിൽ ഡിസംബർ 31 നകവും എസൻഷ്യൽ നാർക്കോട്ടിക് ഡ്രഗ്സിന്റെ വാങ്ങൽ, വിതരണം സംബന്ധിച്ച സ്ഥിതി വിവരകണക്ക് 2022 മാർച്ച് 31 നകവും സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്ക് സമർപ്പിക്കണമെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചു.

### ക്വട്ടേഷൻ ക്ഷണിച്ചു

മലപ്പുറം കലക്ടറേറ്റിലെ കെ.എൽ.10 എ.ജി 4243 നമ്പർ മഹീന്ദ്ര സ്കോർപ്പിയോയുടെ ബാറ്ററിയും ടയറും മാറ്റി സ്ഥാപിക്കുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്നും പ്രത്യേകമായി ക്വട്ടേഷൻ ക്ഷണിച്ചു. ഡെപ്യൂട്ടി കലക്ടർ (ജനറൽ), കലക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, മലപ്പുറം എന്ന വിലാസത്തിൽ സീൽ ചെയ്ത കവറിൽ ജനുവരി 10ന് വൈകീട്ട് മൂന്നിനകം ക്വട്ടേഷനുകൾ നൽകണം. അന്നേ ദിവസം വൈകീട്ട് നാലിന് ഹാജരായവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറന്ന് പരിശോധിച്ച് ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷനുകൾ അംഗീകരിക്കും. സ്റ്റോർ പർച്ചേഴ്സ് പ്രകാരമുള്ള എല്ലാ നിബന്ധനകളും ക്വട്ടേഷന് ബാധകമാണ്.

### ദർഘാസ് ക്ഷണിച്ചു

വണ്ടൂർ താലൂക്ക് ആശുപത്രിയിലേക്ക് ഒരു വർഷ കാലയളവിലേക്ക് 24 മണിക്കൂർ ശുചീകരണ ജോലിയും സെക്യൂരിറ്റി ജോലിയും ചെയ്യുന്നതിനുള്ള ജീവനക്കാരെ നൽകുന്നതിന് താത്പര്യമുള്ള അംഗീകൃത ഏജൻസികളിൽ നിന്നും ദർഘാസ് ക്ഷണിച്ചു. ദർഘാസ് ജനുവരി 14ന് രാവിലെ 11 വരെ ആശുപത്രി ഓഫീസിൽ സ്വീകരിക്കും. ഫോൺ : 04931 247378.

# കുഴൽപ്പണം: അറസ്റ്റിലായവരുടെ മൊഴിയിൽ നിർണായക വിവരങ്ങൾ





**തേഞ്ഞിപ്പലം:** ബൈക്കിൽ കൊണ്ടുപോകുകയായിരുന്ന 11.40 ലക്ഷം രൂപയുടെ കുഴൽപ്പണം കവർന്ന സംഭവത്തിൽ ചാലക്കുടിക്കാരനായ മുഖ്യപ്രതിക്കായി അന്വേഷണം ശക്തമാക്കി പോലീസ്. കഴിഞ്ഞ ദിവസം അറസ്റ്റിലായ തൃശൂർ ഇരിങ്ങാലക്കുട കോന്പാറ നടുവളപ്പിൽ വീട്ടിൽ എൻ.എസ്. ശ്രേയസ് (24), കോന്പാറ ചെറുപറന്പിൽ വീട്ടിൽ മിഥുൻ മോഹൻ (24) എന്നിവരുടെ മൊഴിയുടെ അടിസ്ഥാനത്തിലാണ് കുഴൽപ്പണം തട്ടാൻ ക്വട്ടേഷൻ നൽകിയ ചാലക്കുടി സ്വദേശിയായ മിഥുനുവേണ്ടി പോലീസ് അന്വേഷണം ശക്തമാക്കിയത്. ഇയാൾ ഒളിവിലാണ്. കുഴൽപ്പണം തട്ടാൻ ക്വട്ടേഷനെടുത്ത ഇരിങ്ങാലക്കുട സ്വദേശികളായ യുവാക്കളെ തേഞ്ഞിപ്പലം എസ്ഐ സംഗീതിൻറെ നേതൃത്വത്തിലുള്ള പോലീസ് അവിടെ എത്തിയാണ് കഴിഞ്ഞ ദിവസം രാത്രിയിൽ അറസ്റ്റ് ചെയ്തത്. ചങ്ങരംകുളംഭാഗത്തെ ഒട്ടോമാറ്റിക് നന്പർ പ്ലേറ്റ് റെക്കഗനൈസിംഗ് സംവിധാനത്തിലൂടെ ക്വട്ടേഷൻ സംഘം സഞ്ചരിച്ച മാരുതി സ്വിഫ്റ്റ് കാറിൻറെ വിശദാംശങ്ങൾ കണ്ടെത്തുകയും തുടർന്നു അറസ്റ്റ് ചെയ്യുകയുമായിരുന്നു. ബൈക്കിൽ കൊണ്ടുപോകുന്നതിനിടെ ദേശീയ പാതയിൽ തേഞ്ഞിപ്പലം ചേളാരിക്കും പാണന്പ്രയ്ക്കുമിടയിലാണ് കവർച്ച നടന്നത്. ചേലേന്പ്ര പൈങ്ങോട്ടൂർ സ്വദേശി മുഹമ്മദ്കോയ തിരൂരങ്ങാടി ചെമ്മാട് ആലിൻചുവട് സ്വദേശിയായ മുബാറക്കിനു കൈമാറാനായി കൊണ്ടുപോവുകയായിരുന്ന പണം കാറിലെത്തിയ സംഘം കവരുകയായിരുന്നു. ബൈക്കിലെ പെട്രോൾ ടാങ്കിനു മുകളിലുള്ള ബാഗിൽ കവറിലാക്കി പണം കൊണ്ടുപോകുന്നതിനിടെ വെളുത്ത സ്വിഫ്റ്റ് കാറിലെത്തിയ സംഘം പോലീസാണെന്നു തെറ്റിദ്ധരിപ്പിച്ച് മുഹമ്മദ് കോയയോട് കാറിൽ കയറാൻ ആവശ്യപ്പെടുകയും വിസമ്മതിച്ചതിനെ തുടർന്നു ഉന്തുതള്ളും ഉണ്ടാകുകയും കാറിലുണ്ടായിരുന്ന ആൾ ബൈക്കും പണവുമായി മുങ്ങുകയുമായിരുന്നു. ചേളാരി ഭാഗത്തേക്ക് പോയ കാർ കണ്ടെത്താനായിരുന്നില്ലെങ്കിലും സിസി ടിവി ദൃശ്യങ്ങളുടെ സഹായത്തോടെ ബൈക്ക് രാമനാട്ടുകര മേൽപ്പാലത്തിനു സമീപത്തു നിന്നു കണ്ടെത്തിയിരുന്നു. എന്നാൽ പണം അപഹരിച്ചിരുന്നു. മലപ്പുറം - കോഴിക്കോട് ജില്ലാ അതിർത്തിയായ ഇടിമുഴിക്കൽ മേഖലയിൽ നിന്നു ലഭിച്ച സിസി ടിവി ദൃശ്യങ്ങളാണ് ബൈക്ക് കണ്ടെത്തുന്നതിനു സഹായകരമായത്. കേസിൽ അറസ്റ്റുണ്ടായതോടെ മുഖ്യപ്രതിയെ വലയിലാക്കാനുള്ള നീക്കത്തിലാണ് അന്വേഷണ സംഘം.

# കായികാധ്യാപകൻ മരിച്ചു



**നിലമ്പൂർ:** ചാലിയാർ പുഴയിൽ ഒഴുക്കിൽപ്പെട്ട് കായികാധ്യാപകൻ മരിച്ചു. കണ്ണൂർ പള്ളിയാമൂല നസീമ മൻസിൽ മുഹമ്മദ് നജീബ് (37) ആണ് മരിച്ചത്.മൈലാടി അമൽ കോളജിലെ കായികാധ്യാപകനാണ്.മൈലാടി പാലത്തിന് സമീപം ഞായറാഴ്ച രാവിലെയാണ് അപകടം. കുടുംബത്തോടൊപ്പം പുഴയിൽ കുളിക്കുന്നതിനിടെ ഒഴുക്കിൽപ്പെട്ട പിതാവിനെ രക്ഷപ്പെടുത്തുന്നതിനിടെ മുഹമ്മദ് നജീബ് ചുഴിയിൽപെടുകയായിരുന്നു.ഫയർഫോഴ്സ് എത്തിയാണ് ഇദ്ദേഹത്തെ മുങ്ങിയെടുത്തത്. മൃതദേഹം നിലമ്പൂർ ജില്ല ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

# കുട്ടികൾക്കുള്ള വാക്സിനേഷൻ 23 കേന്ദ്രങ്ങളിൽ



**മലപ്പുറം:** ജില്ലയിൽ 15 മുതൽ 18 വയസ് വരെയുള്ള കുട്ടികൾക്ക് കൊവിഡ് വാക്സിനേഷൻ നൽകാനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ആർ രേണുക അറിയിച്ചു. തിങ്കളാഴ്ച മുതൽ കോട്ടക്കൽ കുടുംബരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രി മലപ്പുറം, നിലമ്ബൂർ ജില്ലാ ആശുപത്രി, എടവണ്ണ സാമൂഹ്യ ആരോഗ്യകേന്ദ്രം, ചുങ്കത്തറ സാമൂഹ്യ ആരോഗ്യകേന്ദ്രം, മഞ്ചേരി ജനറൽ ആശുപത്രി, അരീക്കോട് താലൂക് ആശുപത്രി, കൊണ്ടോട്ടി താലൂക് ആശുപത്രി, കുറ്റിപ്പുറം താലൂക്ക് ആശുപത്രി, മങ്കട സാമൂഹ്യ ആരോഗ്യകേന്ദ്രം, മാറഞ്ചേരി സാമൂഹ്യ ആരോഗ്യ കേന്ദ്രം, പെരിന്തൽമണ്ണ ജില്ലാ ആശുപത്രി, മേലാറ്റൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രം, നെടുവ സാമൂഹ്യ ആരോഗ്യ കേന്ദ്രം, തിരൂരങ്ങാടി താലൂക് ആശുപത്രി, ഒമാനൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രം, പൊന്നാനി താലൂക് ആശുപത്രി, താനൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രം, വേങ്ങര സാമൂഹ്യ ആരോഗ്യ കേന്ദ്രം, തിരൂർ ജില്ലാ ആശുപത്രി, വെട്ടം സാമൂഹ്യ ആരോഗ്യ കേന്ദ്രം, വണ്ടൂർ താലൂക് ആശുപത്രി, കാളികാവ് സാമൂഹ്യ കേന്ദ്രം എന്നീ സ്ഥലങ്ങളിൽ വച്ച് കുട്ടികൾക്കുള്ള കൊവിഡ് വാക്സിനേഷൻ നൽകി തുടങ്ങും.വാക്സിനേഷന് വേണ്ടി കോവിൻ പോർട്ടലിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവർക്ക് സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കും, എന്നാലും മുൻകൂട്ടി രജിസ്റ്റർ ചെയ്തു വരിക ആയിരിക്കും കൂടുതൽ സൗകര്യപ്രദം എന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ജില്ലയിൽ തിങ്കൾ, ചൊവ്വ, വെള്ളി ശനി എന്നീ ദിവസങ്ങളിൽ ആയിരിക്കും കുട്ടികൾക്കുള്ള കൊവിഡ് പ്രതിരോധ കുത്തിവെപ്പ് നൽകുക. ഈ ദിവസങ്ങളിൽ 15 വയസ് മുതൽ 18 വയസ് വരെയുള്ള കുട്ടികൾ രക്ഷിതാക്കളോടൊപ്പം കുത്തിവെപ്പിന് വരണമെന്നും ഡി.എം.ഒ അറിയിച്ചു. വരും ദിവസങ്ങളിൽ കൂടുതൽ കേന്ദ്രങ്ങളിൽ കുത്തിവെപ്പിനുള്ള സൗകര്യം ഒരുക്കുമെന്നും ഡി.എം.ഒ അറിയിച്ചു.

# അതിർത്തികളിൽ പരിശോധന ശക്തം; സ്രവശേഖരണ സമയം യാത്രക്കാരെ വലക്കുന്നു

**നിലമ്പൂർ:** ഒമിക്രോൺ റിപ്പോർട്ട് ചെയ്ത ശേഷം തമിഴ്നാട്, കർണാടക സർക്കാറുകൾ അതിർത്തികളിൽ പരിശോധന വീണ്ടും ശക്തമാക്കി.തമിഴ്നാട്ടിൽ അന്തർ സംസ്ഥാന യാത്രക്കാർ രണ്ട് ഡോസ് വാക്സിൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയെങ്കിലും കർണാടക നിയമം വീണ്ടും കർശനമാക്കി. 72 മണിക്കൂറിനുള്ളിൽ എടുത്ത ആർ.ടി.പി.സി.ആർ പരിശോധന ഫലമുള്ള യാത്രക്കരെ മാത്രമേ കർണാടക അതിർത്തി കടത്തിവിടുന്നുള്ളൂ.കക്കനഹള്ള ചെക്ക്പോസ്റ്റിൽ കർശന പരിശോധനയാണുള്ളത്. ഇതോടെ സ്വകാര്യ ലാബിലും ആശുപത്രികളിലും ആർ.ടി.പി.സി.ആർ പരിശോധനക്ക് സ്രവം കൊടുക്കുന്നവർ വെട്ടിലായി. മലപ്പുറം ജില്ലയിൽ സാമ്ബിൾ കൊടുക്കുന്നവരുടെ പരിശോധന നടക്കുന്നത് കോഴിക്കോട്ടാണ്. രാവിലെ ഒമ്ബതിന് സ്രവം നൽകിയാലും സ്വകാര്യ ലാബുകളും ആശുപത്രികളും രാത്രിയാണ് ഇവ കോഴിക്കോട്ടേക്ക് പരിശോധനക്ക് അയക്കുന്നത്. രാത്രി 12ന് ശേഷമാണ് സാമ്ബിൾ കോഴിക്കോട്ട് ലഭിക്കുന്നത്. ആർ.ടി.പി.സി.ആർ റിപ്പോർട്ടിൽ സ്രവം പരിശോധനക്ക് ലഭിച്ച സമയം കൃത്യമായി രേഖപ്പെടുത്തണം. പരിശോധന റിപ്പോർട്ടിൽ രാത്രി 12ന് ശേഷമാണ് ശേഖരണ സമയം കാണിക്കുന്നത്.ഇത് കർണാടകയിലെ ചെക്ക്പോസ്റ്റിൽ ചോദ്യം ചെയ്യപ്പെടുകയാണ്. അർധരാത്രിയിൽ എങ്ങനെയാണ് കോഴിക്കോട്ടെത്തി സാമ്ബിൾ നൽകുന്നതെന്നാണ് ചോദ്യം. കാര്യങ്ങൾ വിശദമാക്കിയാലും ചെക്ക്പോസ്റ്റ് അധികൃതർ വഴങ്ങുന്നില്ല. കേരളത്തിൽനിന്നുള്ള പലർക്കും ഇതിനാൽ മടങ്ങേണ്ടി വരുന്നു. വ്യാഴാഴ്ച മൈസൂരുവിലേക്ക് കുടുംബസമ്മേതം പുറപ്പെട്ട നിലമ്ബൂരിലെ കുടുംബത്തെ ഇതേ കാരണത്താൽ മടക്കിയയച്ചു. മലപ്പുറം ജില്ലയിൽ സ്വകാര്യ മേഖലയിൽ ആർ.ടി.പി.സി.ആർ പരിശോധന സംവിധാനത്തിൻറെ കുറവുണ്ട്.





# മൽസ്യബന്ധനത്തിന് പോയ ഫൈബർ വള്ളം കാണാതായി

**മലപ്പുറം:** പൊന്നാനിയിൽനിന്ന് മൽസ്യബന്ധനത്തിന് പോയ ഫൈബർ വള്ളം കാണാതായി. ഡിസംബർ 31ന് ഉച്ചയ്ക്കാണ് മൂന്നുപേരുമായി ഒബിഎം വള്ളം മൽസ്യബന്ധനത്തിന് പോയത്.ജനുവരി ഒന്നിന് പുലർച്ചെ രണ്ടുമണിക്ക് കരയിൽ തിരിച്ചെത്തേണ്ട വള്ളത്തെക്കുറിച്ച് ഇതുവരെയായി വിവരമൊന്നും ലഭിച്ചിട്ടില്ല. ഇതെത്തുടർന്ന് വള്ളത്തിന്റെ ഉടമയായ ഷഫീഖ് പൊന്നാനി കോസ്റ്റ്ഗാർഡ് ഓഫിസിൽ വിവരമറിയിക്കുകയായിരുന്നു.തൊഴിലാളികളുടെ മൊബൈൽ നമ്ബറിൽ ബന്ധപ്പെടാൻ ശ്രമിച്ചപ്പോൾ സ്വിച്ച് ഓഫ് ആണെന്നാണ് മറുപടി ലഭിച്ചത്. ബദറു കളരിക്കൽ, ജമാൽ പൊന്നാനി, തമിഴ്നാട് സ്വദേശി ശിവ എന്നിവരാണ് കാണാതായ ഫൈബർ വള്ളത്തിലുണ്ടായിരുന്നത്. കടലിലുള്ള ബോട്ടുകളെ വയർലസ് മുഖേന കാണാതായ ബോട്ടിന്റെ വിവരങ്ങൾ അറിയിച്ചിട്ടുണ്ട്. തിരച്ചിലിനായി ഫിഷറീസ് പട്രോൾ ബോട്ടും പുറപ്പെട്ടിട്ടുണ്ട്.കടലിൽ കാണാതായവർക്കുവേണ്ടിയുള്ള തിരച്ചിൽ നടത്തുന്നതിന് ബേപൂർ കോസ്റ്റ് ഗാർഡ് ന്റെ ചെറിയ ബോട്ട് 6 മണിക്ക് പുറപ്പെട്ടെന്നും കപ്പൽ ഒരുമണിക്ക് പോവുമെന്നും ബന്ധപ്പെട്ടവർ അറിയിച്ചിട്ടുണ്ട്. ഇന്ന് രാവിലെ ഹെലികോപ്റ്റർ വഴിയുള്ള തിരച്ചിലും ആരംഭിച്ചതായി കോസ്റ്റ് ഗാർഡ് അറിയിച്ചിട്ടുണ്ട്. കൂടാതെ ബേപ്പൂരിൽനിന്ന് ഫിഷറീസ് വകുപ്പിന്റെ മറൈൻ ആംബുലൻസ് പരപ്പനങ്ങാടി ഭാഗത്തും തിരച്ചിൽ തുടങ്ങിയിട്ടുണ്ട്. തൃശൂരിൽനിന്നുള്ള ഫിഷറീസ് പട്രോൾ ബോട്ട് 9 മണിയോട് കൂടി ചേറ്റുവ ഭാഗത്തേക്കും തിരച്ചിലിനായി പോയിട്ടുണ്ടെന്ന് കോസ്റ്റ് ഗാർഡ് കൂട്ടിച്ചേർത്തു.

# മാവേലി സ്റ്റോറുകളിലും സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും ഗുണമേന്മയില്ലാത്ത ഭക്ഷ്യവസ്തുക്കൾ

**പൊന്നാനി:** പൊന്നാനി താലൂക്കിലെ മാവേലി സ്റ്റോറുകളിലും സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും ഗുണമേന്മയില്ലാത്ത ഭക്ഷ്യവസ്തുക്കൾ വിതരണത്തിനെത്തുന്നതായി ആക്ഷേപം.മാവേലി സ്റ്റോറുകളിലെ ഭക്ഷ്യവസ്തുക്കളിൽ കമ്ബ്യൂട്ടർ സ്റ്റോക്കും ഫിസിക്കൽ സ്റ്റോക്കും തമ്മിൽ അന്തരമുള്ളതായും ആരോപണം.ഗുണമേന്മയുള്ള വസ്തുക്കൾക്ക് പകരം സപ്ലൈകോ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ഗുണമേന്മ കുറഞ്ഞ സാധനങ്ങൾ വിറ്റഴിക്കുന്നതായും ആരോപണമുണ്ട്. ഇതുമായി ബന്ധപ്പെട്ട് പൊന്നാനിയിലെ മാവേലി സ്റ്റോറുകളിലും സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും വിജിലൻസ് പരിശോധന നടത്തണമെന്ന ആവശ്യവുമായി കോൺഗ്രസ് രംഗത്തെത്തി. അതേസമയം, കഴിഞ്ഞ ദിവസം സപ്ലൈകോ ഗോഡൗണിൽ നടന്ന പരിശോധന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുൻകൂട്ടി അറിഞ്ഞതായും ആക്ഷേപമുണ്ട്. വെള്ളിയാഴ്ച പൊന്നാനിയിലെ രണ്ട് ഗോഡൗണുകളിൽ നടന്ന പരിശോധനയിൽ 35 ക്വിൻറൽ അരിയും 34 ക്വിൻറൽ ഗോതമ്ബും കുറവുണ്ടെന്ന് കണ്ടെത്തിയിരുന്നു.സപ്ലൈകോ ഗോഡൗണിൽ റേഷൻ ഭക്ഷ്യധാന്യങ്ങളിൽ തിരിമറി നടത്തിയ സപ്ലൈകോ അസിസ്റ്റൻറ് മാനേജർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് പൊന്നാനി ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി ആവശ്യപ്പെട്ടു. മാനേജറുടെ അധികാരപരിധിയിലുള്ള പൊന്നാനി താലൂക്കിലെ മാവേലി സ്റ്റോറുകളിലെയും സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലെയും ഗുണമേന്മയില്ലാത്ത ഭക്ഷ്യവസ്തുക്കളുടെ വിൽപ്പനയെപറ്റിയും അന്വേഷണം വേണമെന്നും സ്കൂളിലേക്ക് വിതരണം ചെയ്യേണ്ട അരിയും മാവേലിസ്റ്റോറുകളിലേക്കുള്ള ഭക്ഷ്യവസ്തുക്കളും സൂക്ഷിച്ച സപ്ലൈകോയുടെ പുതുപൊന്നാനി ഗോഡൗണിലും വിജിലൻസ് പരിശോധന നടത്തണമെന്നും യോഗം ആവശ്യപ്പെട്ടു. പ്രസിഡൻറ് മുസ്തഫ വടമുക്ക് അധ്യക്ഷത വഹിച്ച യോഗത്തിൽ എ. പവിത്രകുമാർ, എൻ.പി. സേതുമാധവൻ, സി.എ. ശിവകുമാർ, കെ. ജയപ്രകാശ്, എം. അബ്ദുൽ ലത്തീഫ് എന്നിവർ സംസാരിച്ചു.

# പുതുവർഷത്തെ രക്തദാനത്തിലൂടെ വരവേറ്റ് യുവാക്കൾ



**വണ്ടൂർ:** പരമ്ബരാഗത ആഘോഷങ്ങളിൽ മാറ്റം വരുത്തി ഒരുകൂട്ടം യുവാക്കൾ പുതുവർഷത്തെ വരവേറ്റു.പുതുവർഷത്തിൽ പുതുജീവൻ നൽകാൻ രക്തദാനമാണ് ആഘോഷത്തിനായി തിരഞ്ഞെടുത്തത്. എറിയാട് റൈജൽ ഓറിയോൺ ഡിമോളിഷിങ് കമ്ബനിയുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫിസി!െ!ൻറ ഉദ്ഘാടനത്തോടനുബന്ധിച്ചാണ് അമ്ബതോളം വരുന്ന കമ്ബനി സ്റ്റാഫ് അംഗങ്ങൾ വേറിട്ട പുതുവർഷാഘോഷത്തിന് നേതൃത്വം നൽകിയത്.പെരിന്തൽമണ്ണ ജില്ല ആശുപത്രിയിലെ രക്ത ബാങ്കിലേക്കാണ് രക്തം നൽകിയത്. കപ്പൽ ഉൾപ്പെടെയുള്ളവ പൊളിച്ച് ഇരുമ്ബ് വേർതിരിച്ചെടുക്കുന്ന സംസ്ഥാനത്തെ പ്രഥമ സംരംഭകരാണ് റൈജൽ ഓറിയോൺ ഡിമോളിഷിങ് കമ്ബനി. ജീവകാരുണ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയാണ് കമ്ബനിയുടെ പ്രവർത്തനം. നിയമലംഘനത്തെ തുടർന്ന് പൊലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ട വാഹനങ്ങൾ ലേലത്തിനെടുത്ത് പൊളിച്ച് മാറ്റുന്നതും റൈജൽ കമ്ബനിയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. കോവിഡിനെ തുടർന്ന് രക്തത്തിന് ആവശ്യക്കാർ കൂടിയ സാഹചര്യത്തിൽ രക്തബാങ്കിലെ ക്ഷാമം പരിഹരിക്കാനാണ് പുതുവർഷാഘോഷമായി രക്ത ദാനം തിരഞ്ഞെടുത്തതെന്ന് റൈജൽ എം.ഡി ജൂബിൻ കുന്നത്ത് പറഞ്ഞു.എറിയാട് നടന്ന രക്തദാന ക്യാമ്ബ് വണ്ടൂർ പൊലീസ് ഇൻസ്പെക്ടർ ഇ. ഗോപകുമാർ ഉദ്ഘാടനം ചെയ്തു. ജൂബിൻ കുന്നത്ത് അധ്യക്ഷത വഹിച്ചു. എം.കെ. മുബാറക്, തെക്കയിൽ ഷംസുദ്ദീൻ എന്നിവർ സംസാരിച്ചു. രക്ത ദാതാക്കൾക്ക് പുതുവർഷ സമ്മാനമായി ഉപഹാരവും നൽകി.

## അറിയിപ്പ്



### നിയമനം

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഇ.എൻ.ടി വിഭാഗത്തിൽ ശ്രുതി തരംഗം പദ്ധതിക്കു കീഴിൽ സ്പീച്ച് തെറാപിസ്റ്റിന്റെ ഒരു ഒഴിവിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. യോഗ്യത - ബി.എ.എസ്. എൽ.പി/പി.ജി ഡിപ്ലോമ ഇൻ എ.വി.ടി (ആർ.സി.ഐ രജിസ്ട്രേഷൻ നിർബന്ധം) തൽപരരായ ഉദ്യോഗാർത്ഥികൾ യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും സഹിതം കോഴിക്കോട് മെഡിക്കൽ കോളേജ് ഓഫീസിൽ 2022 ജനുവരി ആറിന് രാവിലെ 10.30ന് ഹാജരാവണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

### ഫയർ ആൻഡ് സേഫ്റ്റി ഡിപ്ലോമ

കോഴിക്കോട് ഗവ. ഐ.ടി.ഐയും ഐ.എം.സിയും സംയുക്തമായി നടത്തിവരുന്ന ആറ് മാസത്തെ ഡിപ്ലോമ ഇൻ ഫയർ ആൻഡ് സേഫ്റ്റി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി, പ്ലസ്ടു, ഐ.ടി.ഐ, വിഎച്ച്എസ്ഇ, ഡിഗ്രി, ഡിപ്ലോമ, ബി.ടെക് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു. ഫോൺ : 8301098705.

### ടെണ്ടർ ക്ഷണിച്ചു

തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ചു. അവസാന തീയതി ജനുവരി നാലിന് വൈകീട്ട് ആറ് മണി. വിശദാംശങ്ങൾക്ക് http://tender.lsgkerala.gov.in/pages/displayTender.php, www.etenders.kerala.gov.in.

### പാചക വാതക അദാലത്ത് ജനുവരി 6 ന്

കോഴിക്കോട് ജില്ലയിൽ 2022 ജനുവരി ആറിന് രാവിലെ 11 മണിക്ക് പാചകവാതക അദാലത്ത് (എൽ.പി.ജി ഓപ്പൺ ഫോറം) ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

### നഴ്സ് നിയമനം

ജില്ലയിലെ സർക്കാർ ഹോമിയോ ആശുപത്രികളിൽ നിലവിലുള്ള നഴ്സ് തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നു. യോഗ്യത ജി.എൻ.എം ഡിപ്ലോമ/ബിഎസ്സി നഴ്സിംഗ്. താൽപര്യമുള്ളവർ 2022 ജനുവരി നാലിന് രാവിലെ 10.30ന് കൂടിക്കാഴ്ചക്കായി സിവിൽ സ്റ്റേഷനിൽ ബി ബ്ലോക്കിൽ പ്രവർത്തിക്കുന്ന ജില്ലാ മെഡിക്കൽ ഓഫീസിൽ യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പരിചയ സർട്ടിഫിക്കറ്റും തിരിച്ചറിയൽ രേഖകളുടെ പകർപ്പും സഹിതം ഹാജരാകണമെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചു. ഫോൺ : 0495 2371748.

### പരിശീലനം

തൊഴിൽരഹിതരും 18നും 40നുമിടയിൽ പ്രായമുള്ളവരുമായ യുവതീ യുവാക്കൾക്ക് നിർമ്മിതി കേന്ദ്രം തിരുത്തിയാട് സെന്ററിൽ നടത്തുന്ന മോഡേൺ പെയിന്റിംഗ് പരിശീലനത്തിൽ പങ്കെടുക്കാൻ അവസരം. താൽപ്പര്യമുള്ളവർ വെള്ള കടലാസിൽ സ്വയം തയ്യാറാക്കിയ അപേക്ഷ വയസ് തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ രേഖകളുടെ പകർപ്പ് സഹിതം റീജിയണൽ എഞ്ചിനീയർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, റീജിയണൽ സെന്റർ, പുതിയറ പി.ഒ, തിരുത്തിയാട്, കോഴിക്കോട് 673004 എന്ന വിലാസത്തിൽ 2022 ജനുവരി ഏഴിന് മൂന്ന് മണിക്ക് മുമ്പ് സമർപ്പിക്കണം. പരിശീലന കാലയളവിൽ സ്റ്റൈപ്പന്റ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0495 2772394, 8111882869.



# കുന്ദമംഗലത്തെ വാതകശ്മശാനത്തിന് ഫണ്ടനുവദിക്കുമോ?

**കുന്ദമംഗലം**: കുന്ദമംഗലം ഗ്രാമപഞ്ചായത്ത് 2017ൽ തറക്കല്ലിട്ട വാതകശ്മശാനം ഇനിയും ചുവപ്പ് നാടയിൽത്തന്നെ.കളരിക്കണ്ടി മാരിയോട്ട് മലയിലെ 50സെന്റ് ഭൂമിയിലാണ് തറക്കല്ലിട്ടത്. ശുചിത്വ മിഷന്റെ നേതൃത്വത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നാല് വർഷങ്ങൾക്ക് മുമ്പ് ആധുനികരീതിയിലുള്ള വാതകശ്മശാനം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചതും ശിലാഫലകം സ്ഥാപിച്ചതും.കുന്ദമംഗലത്ത് ഒരു പൊതു ശ്മശാനമുണ്ടായിരുന്നില്ല. മൃതദേഹങ്ങൾ സംസ്കരിക്കുവാൻ സ്വന്തമായി സ്ഥലസൗകര്യമില്ലാത്ത കുടുംബങ്ങൾ വാഹനങ്ങളിൽ കോഴിക്കോട്ടേക്ക് കൊണ്ടുപോവുകയായിരുന്നു പതിവ്. നിർദ്ധനകുടുംബങ്ങൾക്കാണ് പ്രയാസങ്ങളേറെയുണ്ടായിരുന്നത്. അത്തരമൊരു സാഹചര്യത്തിലാണ് കുന്ദമംഗലം ഗ്രാമപഞ്ചായത്ത് വാതകശ്മശാനത്തിനായി പരിശ്രമിച്ചത്. മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിനുള്ള ചൂള, ആളുകൾക്കുള്ള വിശ്രമസ്ഥലം, പൂന്തോട്ടം, ചുറ്റുമതിൽ, ലൈറ്റുകൾ, കിണർ എന്നിവ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് 1.13 കോടി രൂപയുടെ വിശദമായ ഒരു എസ്റ്റിമേറ്റാണ് ശുചിത്വമിഷന് സമർപ്പിച്ചത്. ഫണ്ടായില്ലെങ്കിലും ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും അനുവദിച്ച തുകകൊണ്ട് ചരിഞ്ഞു കിടന്നിരുന്ന മാരിയോട്ട് മലയുടെ ഒരുഭാഗം തട്ടുകളാക്കി തിരിക്കുകയും ചുറ്റുമതിലും ചൂള സ്ഥാപിക്കുവാനുള്ള കെട്ടിടവും നിർമ്മിച്ചു.പക്ഷെ പദ്ധതി പിന്നീട് കിഫ്ബിയിലേക്ക് മാറ്റുകയായിരുന്നു. കിഫ്ബി വഴി രണ്ട് ശ്മശാനങ്ങളാണ് ജില്ലയിൽ നിർമ്മിക്കുവാൻ പദ്ധതിയിട്ടിരുന്നത്. അതിലൊന്നാണ് കുന്ദമംഗലത്ത് നിർദ്ദേശിച്ചിരുന്നത്. വാതകശ്മശാനത്തിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായി മണ്ണുപരിശോധന നടത്തിയിരുന്നു. ഡി.എം.ഒ യുടെ നേതൃത്വത്തിലുള്ള മെഡിക്കൽസംഘവും പരിശോധന നടത്തി. എന്നാൽ ഇതുവരെ ആധുനികരീതിയിലുള്ള വാതകശ്മശാനം മാരിയോട്ട് മലയിൽ നിർമ്മിക്കുന്നതിനുള്ള വഴി തുറന്നിട്ടില്ല. ഏറെ അസൗകര്യങ്ങളുണ്ടെങ്കിലും കൊവിഡ് ബാധിച്ച്മരിച്ച ഒട്ടേറെ മൃതദേഹങ്ങൾ ഇവിടെ കൊണ്ടുവന്ന് വിറക് വെച്ച് ദഹിപ്പിക്കുന്നുണ്ട്.

# അധ്യാപകരും ജീവനക്കാരും വയലിലേക്കിറങ്ങി; പുഞ്ചപ്പാടം തരിശുരഹിതമാക്കാൻ

**മുക്കം:** കഴിഞ്ഞ രണ്ട് വർഷവും ലഭിച്ച മികച്ച വിളവും കാർഷിക വൃത്തിയിലെ പുതിയ പാഠങ്ങളും കൈമുതലാക്കി അധ്യാപകരും ജീവനക്കാരും ഇത്തവണയും ചെറുവാടി പുഞ്ചപ്പാടത്തിറങ്ങി. എഫ്എസ്ഇടിഒ കൊടിയത്തൂർ പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ ജീവനക്കാരുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ തുടർച്ചയായ മൂന്നാം വർഷമാണ് നെൽകൃഷി ഇറക്കിയത്. എല്ലാവരും പാടത്തിറങ്ങിയാലേ വിഷരഹിത ഭക്ഷണം സാധ്യമാകൂ എന്ന തിരിച്ചറിവിൽ നിന്നാണ് കാർഷിക രംഗത്തെ വിപുലമായ പദ്ധതികൾക്ക് തുടക്കം കുറിച്ചത്. 120 ദിവസം കൊണ്ട് കൊയ്തെടുക്കാവുന്ന വിത്തിനമായ ഐശ്വര്യ ഒരേക്കർ സ്ഥലത്തും, 110 ദിവസം കൊണ്ട് കൊയ്തെടുക്കാവുന്ന ഉമ മൂന്ന് ഏക്കർ സ്ഥലത്തുമാണ് കൃഷിയിറക്കിയത്.നടീൽ ഉത്സവം കേരള എൻജിഒ യൂണിയൻ ജില്ലാ പ്രസിഡന്റ് ഹംസ കണ്ണാട്ടിൽ ഉദ്ഘാടനം ചെയ്തു. മുൻവർഷങ്ങളിൽ ലഭിച്ച ഊർജമാണ് ഇത്തവണയും കൃഷിയിറക്കുന്നതിന് പ്രേരിപ്പിച്ചതെന്നും സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളുമായി സഹകരിച്ചാണ് കൃഷിയെന്നും അദ്ദേഹം പറഞ്ഞു. നസീർ മണക്കാടിയിൽ അധ്യക്ഷത വഹിച്ചു. കൃഷി വകുപ്പിന്റെ സഹകരണത്തോടെ പരമ്പരാഗത നെൽകർഷർക്കും വിവിധ ഫാർമേഴ്സ് ക്ലബുകൾക്കുമൊപ്പം ചേർന്ന് 250 ഏക്കറിലധികം വരുന്ന ചെറുവാടി പുഞ്ചപ്പാടം പൂർണ്ണമായും കൃഷിയോഗ്യമാക്കുകയെന്നതാണ് സംഘടന ലക്ഷ്യംവയ്ക്കുന്നത്. വിത്തിറക്കൽ മുതൽ കൊയ്തെടുക്കൽ വരെയുള്ള പ്രവർത്തനങ്ങൾ പൂർണമായും ജീവനക്കാരുടയും അധ്യാപകരുടയും നേതൃത്വത്തിലാണ് നടന്നുവരുന്നത്. നെൽകൃഷിക്കൊപ്പം തന്നെ ഒന്നര ഏക്കർ സ്ഥലത്ത് കപ്പ, ചേന, ചേമ്പ്, കൂർക്ക, ഇഞ്ചി തുടങ്ങിയവയും കൃഷി ചെയ്തുവരുന്നുണ്ട്. നടീൽ ഉത്സവത്തിൽ കൊടിയത്തൂർ കൃഷി ഓഫീസർ കെ.ടി. ഫെബിദ, ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് എംപ്ലോയീസ് ആൻഡ് ടീച്ചേഴ്സ് ഓർഗ്ഗനൈസേഷൻ മേഖല സെക്രട്ടറി അനൂപ തോമസ്, കെഎസ്ടിഎ ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം വി. അജീഷ്, എൻജിഒ യൂണിയൻ ഏരിയ സെക്രട്ടറി ലീനീഷ് നെല്ലൂളി മീത്തൽ, കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ മുക്കം യൂണിറ്റ് സെക്രട്ടറി എൻ.രാജേഷ്, പി.സി മുജീബ്, പി.പി. അസ്‌ലം തുടങ്ങിയവർ പങ്കെടുത്തു.

## അജ്ഞാതൻ ട്രെയിൻ തട്ടി മരിച്ച നിലയിൽ

**കോഴിക്കോട്**: കോഴിക്കോട് ചെങ്ങോട്ട്ക്കാവ് റെയിൽവേ ട്രാക്കിൽ അജ്ഞാതൻ ട്രെയിനിടിച്ച് മരിച്ച നിലയിൽ. ഏകദേശം 45 വയസ് തോന്നിക്കുന്ന തമിഴ്നാട് സ്വദേശിയുടേതാണ്മൃതദേഹമെന്നാണ്പ്രാഥമിക സൂചന. ട്രെയിൻ തട്ടിയതാണെന്ന് കരുതുന്നതായി കൊയിലാണ്ടി പോലീസ് പറഞ്ഞു.

## സ്വത്തും പണവും ബന്ധു തട്ടിയെടുത്തെന്ന്

**മുക്കം:** സ്വത്തും പണവും ബന്ധു തട്ടിയെടുത്തെന്ന ആരോപണവുമായി വിധവയായ വൃദ്ധ രംഗത്ത്. കച്ചേരി പാലക്കോട്ട് ചെമ്ബ്ര ശാരദ (90)യാണ് മക്കളില്ലാത്ത തന്നെ സഹോദരിയുടെ മകളുടെ മകൻ വഞ്ചിച്ചതായി വാർത്താസമ്മേളനത്തിൽ വെളിപ്പെടുത്തിയത്.ഭർത്താവ് മരിച്ചശേഷം തനിച്ചു താമസിക്കുന്ന തനിക്ക് ആജീവനാന്ത സംരക്ഷണം വാഗ്ദാനം ചെയ്താണ് ജ്യേഷ്ഠത്തിയുടെ മകൾ സുലോചനയുടെ മകൻ സുമേഷ് തന്റെ 20 സെന്റ് സ്ഥലം 26.5 ലക്ഷം രൂപയ്ക്ക് വിറ്റ് പണം കൈക്കലാക്കിയത്. ഈ പണം ബാങ്കിൽ നിക്ഷേപിക്കുമെന്ന് പറഞ്ഞെങ്കിലും ചെയ്തില്ല. വീട് ഉൾപ്പെടെ ബാക്കിയുള്ള സ്ഥലത്തിന്റെ ആധാരവും ആധാർ കാർഡ് അടക്കമുള്ള രേഖകളും കൊണ്ടുപോവുകയും ചെയ്തു. സംരക്ഷണത്തിന് ആളില്ലാതെ ഭക്ഷണത്തിനു പോലും വകയില്ലാതെ കഷ്ടപ്പെടുന്ന അവസ്ഥയിൽ ജില്ലാ കളക്ടർ, ഡി.എൽ.എസ്.എ ജഡ്ജ് ,സാമൂഹ്യ ക്ഷേമ വകുപ്പ് എന്നിവർക്ക് പരാതി നൽകി നീതി കാത്തിരിക്കുകയാണെന്നും ഇവർ പറഞ്ഞു. വാർത്താസമ്മേളനത്തിൽ ബന്ധുക്കളായ സുനന്ദാ ദേവി, സുധീർ, പൊതുപ്രവർത്തകയും ജനാധിപത്യ മഹിള അസോസിയേഷൻ ഭാരവാഹിയുമായ പി.ലസിത എന്നിവരും പങ്കെടുത്തു.

# എൽ.ഡി.എഫ് കാരശ്ശേരി പഞ്ചായത്ത് ഓഫീസ് മാർച്ചും ധർണയും




**മുക്കം:** യു.ഡി.എഫ് ഭരിക്കുന്ന കാരശ്ശേരി പഞ്ചായത്തിന്റെ അഴിമതിയിലും സ്വജന പക്ഷപാതത്തിലും വികസന മുരടിപ്പിലും പ്രതിഷേധിച്ച് എൽ.ഡി.എഫ് പഞ്ചായത്ത് ഓഫീസ് മാർച്ചും ധർണയും നടത്തി. ഒരു വർഷം പൂർത്തിയാക്കിയ യു.ഡി.എഫ് ഭരണ സമിതി സമ്പൂർണ വികസന തകർച്ചയാണ് നേരിടുന്നതെന്നും പദ്ധതികളൊന്നും നടക്കുന്നില്ലെന്നും സമരക്കാർ ആരോപിച്ചു. വീടുകളുടെ റിപ്പയറിന് അപേക്ഷ സ്വീകരിച്ച് ഗ്രാമസഭ അംഗീകരിച്ച ശേഷം ഏകപക്ഷീയമായി പദ്ധതി ഒഴിവാക്കി, കൃഷിക്കാർക്ക് വർഷങ്ങളായി നൽകിക്കൊണ്ടിരിക്കുന്ന വളവും തുരിശും നൽകുന്നില്ല, താത്ക്കാലികജീവനക്കാരെ നിയമിച്ച് കൈക്കൂലി വാങ്ങുന്നവരായി അധപതിച്ചു തുടങ്ങിയ കുറ്റപെടുത്തലുകളും സമരക്കാർ നടത്തി. സി.പി.എം ജില്ലകമ്മറ്റി അംഗം ടി.വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു. സി.പി.ഐ കാരശ്ശേരി ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ.ഷാജികുമാർ അദ്ധ്യക്ഷത വഹിച്ചു. എൽ.ഡി.എഫ് കോഴിക്കോട് ജില്ല കൺവീനർ മുക്കം മുഹമ്മദ്, എൽ.ജെ.ഡി സംസ്ഥാന വൈസ് പ്രസിഡന്റ് വി.കുഞ്ഞാലി, സി.പി.എം തിരുവമ്പാടി ഏരിയ കമ്മിറ്റി സെക്രട്ടറി വി.കെ വിനോദ്, ജില്ല പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ വി.പി.ജമീല, എ.പി.മോയിൻ, കെ.പി. ഷാജി, കെ.ശിവദാസൻ, മാന്ത്ര വിനോദ്, കെ.പി.വിനു എന്നിവർ സംസാരിച്ചു. ഇ.പി അജിത്ത്, കെ.കെ നൗഷാദ്, എം.ആർ. സുകുമാരൻ ,ഷിജി സിബി, ശ്രുതി കമ്പളത്ത്, ജിജിതസുരേഷ് എന്നിവർ നേതൃത്വം നൽകി.

## മണ്ണെടുക്കുന്നതിനിടയിൽ വിഷ്ണുവിഗ്രഹം കണ്ടെത്തി



**കക്കോടി**: കിഴക്കുംമുറി കാവു കുളങ്ങര അയ്യപ്പക്ഷേത്രത്തിനു സമീപ പ്രദേശത്ത് മണ്ണെടുക്കുന്നതിനിടയിൽ വിഷ്ണുവിഗ്രഹം കണ്ടെത്തി.ലോട്ടറി വിൽപ്പന തൊഴിലാളിയായ പറയരുകുന്നത്ത് ചന്ദ്രൻ പുതിയ വീടിന്റെ തറ നിർമ്മിക്കുന്നതിനിടയിലാണ് മണ്ണിനടിയിൽ നിന്നു വിഷ്ണു വിഗ്രഹം കണ്ടെടുത്തത്. നൂറ്റാണ്ടുകൾ പഴക്കം തോന്നിക്കുന്ന വിഷ്ണുവിഗ്രഹമാണ് മണ്ണിനടിയിൽ നിന്നു കണ്ടു കിട്ടിയത്. തുടർന്ന് നുറുകണക്കിനാളുകളാണ് വിഗ്രഹം കാണാൻ ഇവിടെയെത്തുന്നത്. ബന്ധപ്പെട്ട ആർക്കിയോളജി വിദഗ്ധർ എത്തി പരിശോധന നടത്തിയാലെ കാലപ്പഴക്കം കൃത്യമായി കണക്കാക്കാനാവുകയുള്ളു.

# സി.പി.എം ജില്ലാ സമ്മേളനം സാംസ്കാരികോത്സവത്തിന് തുടക്കം

**കോഴിക്കോട്:** സി.പി.എം കോഴിക്കോട് ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി സാംസ്കാരികോത്സവത്തിന് തുടക്കമായി. ബീച്ചിലൊരുക്കിയ സഫ്ദർ ഹാശ്മി നഗറിൽ എഴുത്തുകാരൻ കെ.പി.രാമനുണ്ണി ഉദ്ഘാടനം ചെയ്തു.മതപരമായ കൊലപാതകങ്ങൾ കേരളത്തിൽ അരങ്ങേറുന്ന സാഹചര്യം ചെറുക്കണമെന്ന് അദ്ദേഹം പറഞ്ഞു. ആർ.എസ്.എസിനെ സന്തോഷിപ്പിക്കുന്ന കാര്യങ്ങളാണ് എസ്.ഡി.പി.ഐ



ചെയ്യുന്നത്. ശ്രീനാരായണ ഗുരു ചെയ്തതുപോലുള്ള മതത്തിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഇടപെടലുകൾ വേണം. കളവ് ആയുധമാക്കിയവരാണ് രാജ്യം ഭരിക്കുന്നത്. എന്നാൽ കർഷകസമരം അവരെ വിറപ്പിച്ചു. മതേതരത്വത്തിന് വലിയ പ്രാധാന്യം നൽകുന്ന കോഴിക്കോട് പോലുള്ള സ്ഥലത്ത് വർഗീയതയ്ക്കെതിരെ സമ്മേളനം നടത്തേണ്ടിവരുന്നത് ദൗർഭാഗ്യകരമാണെന്നും രാമനുണ്ണി പറഞ്ഞു. കെ.ടി.കുഞ്ഞിക്കണ്ണൻ അദ്ധ്യക്ഷനായി. ഖദീജാ മുംതാസ്, കെ. ഇ.എൻ, സി.പി.അബൂബക്കർ, എ.പ്രദീപകുമാർ, പി.കെ. പാറക്കടവ്, പുരുഷൻ കടലുണ്ടി, പ്രേംചന്ദ്, എസ്.ശ്രീകുമാരി, പി.ടി.മുഹമ്മദ് ലത്തീഫ് എന്നിവർ സംസാരിച്ചു. കുട്ടികളും മുതിർന്നവരുമുൾപ്പെടെ 12 ചിത്രകാരന്മാരുടെ തത്സമയ ചിത്രരചനയും നടന്നു.

## 99ാം വയസ്സിൽ പെൻഷൻ വാങ്ങാനെത്തിയ സ്വാതന്ത്ര്യ സമര സേനാനിയ്ക്ക് ആദരം



**ബാലുശ്ശേരി:** ബാലുശ്ശേരി ട്രഷറിയിൽ നിന്നും സ്വാതന്ത്ര്യ സമര പെൻഷൻ കൈപ്പറ്റുന്നസ്വാതന്ത്ര്യ സമര സേനാനിയും 99 കാരനുമായ കെ.എം.ഗോപാലൻ നായരെ കഴിഞ്ഞ ദിവസം ട്രഷറിയിൽ വെച്ച് പൊന്നാട അണിയിച്ച് ആദരിച്ചു.പുതുവത്സര ആഘോഷത്തിന്റെ ഭാഗമായിട്രഷറിയിൽ വെച്ച് കേക്കും മുറിച്ചാണ് ഗോപാലൻ നായർ വീട്ടിലേക്ക് മടങ്ങിയത്.ബാലുശ്ശേരി സബ് ട്രഷറി അങ്കണത്തിൽ വെച്ച് നടന്ന ചടങ്ങിൽ ട്രഷറി ഓഫീസർ കെ. ശിവദാസൻ പൊന്നാട അണിയിച്ചു. രാജൻ, മാർഷൽ , സുധീർ, ബാബുരാജ്, രമ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

WAYANAD

## അറിയിപ്പ്

### അപേക്ഷ ക്ഷണിച്ചു

ദേശീയ നഗര ഉപജീവന മിഷൻ പ്രകാരം സുൽത്താൻ ബത്തേരി നഗരസഭയിൽ വിവിധ പദ്ധതി പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിൽ നടപ്പിലാക്കുന്നതിന് കമ്മ്യൂണിറ്റി ഓർഗനൈസർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ സുൽത്താൻ ബത്തേരി നഗരസഭാ പരിധിയിലുള്ള കുടുംബശ്രീ കുടുംബാംഗങ്ങളായ വനിതകളായിരിക്കണം. അടിസ്ഥാന യോഗ്യത- പ്ലസ് ടു (കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം). സാമൂഹ്യ വികസനവുമായി ബന്ധപ്പെട്ട മേഖലയിൽ 3 വർഷത്തെ പ്രവൃത്തി പരിചയമുണ്ടായിരിക്കണം. ഇംഗ്ലീഷ് ഭാഷ പ്രാവീണ്യം അധിക യോഗ്യതയായിരിക്കും. എസ്.ജെ.എസ്.ആർ.വൈ പദ്ധതിയിൽ സി.ഇ.ഒ മാരായി പ്രവൃത്തി പരിചയമുള്ളവർക്കു മുൻഗണന. പ്രായം 40 കവിയരുത്. മാസ ശമ്പളം 10000 രൂപ. വിലാസം: കുടുബശ്രീ ജില്ലാ മിഷൻ ഓഫീസ് പോപ്പുലർ ബിൽഡിംഗ് സിവിൽ സ്റ്റേഷന് എതിർവശം കൽപ്പറ്റ നോർത്ത്, പിൻ: 673 122. അപേക്ഷകൾ ജനുവരി 10 ന് വൈകീട്ട് 5 നുള്ളിൽ സമർപ്പിക്കം. ഫോൺ: 04936 206 589 , 04936 299370.

### നിയമനം

വെള്ളമുണ്ട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ അളന്ന് തിട്ടപ്പെടുത്തി ഡിജിറ്റലൈസ് ചെയ്യുന്നതിന് ദിവസ വേതനാടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നു. സിവിൽ എഞ്ചിനിയറിംഗിൽ ഐ.ടി.ഐ, ഡിപ്ലോമ, തത്തുല്യ യോഗ്യതയുള്ളവരെ പരിഗണിക്കും. ജനുവരി 4ന് രാവിലെ 11 ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടക്കുന്ന കൂടിക്കാഴ്ചയിൽ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം. ഫോൺ: 04935 230325.

### ടെണ്ടർ ക്ഷണിച്ചു

മഹാത്മാ ഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജില്ലാ ഓഫീസിലേക്ക് 3 ലാപ്ടോപ്പും, ഒരു സ്കാനറും, ഒരു പ്രിന്ററും വിതരണം ചെയ്യുന്നതിനായി മത്സര സ്വഭാവമുള്ള ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ മുദ്ര വെച്ച കവറിൽ ജനുവരി 10ന് ഉച്ചയ്ക്ക് 12ന് മുമ്പായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. അന്നേ ദിവസം 3ന് ടെണ്ടർ തുറക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക. ഫോൺ: 04936 205959, 296959.

### നിയമനം

വയനാട് ഗവ. എഞ്ചിനീയറിംഗ് കോളേജിലെ ഹോസ്റ്റലുകളിലേക്ക് സ്റ്റിവാർഡ്, മേട്രൻ, ക്ലാർക്ക്, ഹെഡ്കുക്ക്, അസിസ്റ്റന്റ് കുക്ക്, മെസ് അസിസ്റ്റന്റ്/ ഹെൽപ്പർ, ക്ലീനിംഗ് സ്റ്റാഫ് (ഫുൾടൈം സാനിറ്റർ വർക്കർ), സെക്യൂരിറ്റി സ്റ്റാഫ് എന്നീ തസ്തികകളിലെ താത്കാലിക ഒഴിവുകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നു. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ജനുവരി നാലിന് രാവിലെ 10ന് കോളേജ് പി.ടി.എ ഓഫീസിൽ ഹാജരാകേണ്ടതാണ്. വിശദ വിവരങ്ങൾക്ക് www.gecwyd.ac.in എന്ന വെബ്ബൈ

### ഒഴിവുകൾ

മാനന്തവാടി ഗവ. കോളേജിൽ 2021-22 അക്കാദമിക് വർഷത്തിൽ ഇലക്ട്രോണിക്സ് വിഷയത്തിൽ അതിഥി അധ്യാപകന്റെ ഒഴിവുണ്ട്. അപേക്ഷകർ യു ജി സി നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവരും, കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റിൽ പേര് രജിസ്റ്റർ ചെയ്തവരും ആകണം. താല്പര്യമുള്ളവർ വിശദമായ ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം ജനുവരി 03 ന് 11 ന് കോളേജ് ഓഫീസിൽ ഇന്റർവ്യൂവിന് ഹാജരാകണം. ഫോൺ- 9447959305, 9539596905.



# ചെമ്പോത്തറ ഗ്രാമോത്സവം നടത്തിയ ജൈവനെൽകൃഷിയുടെ കൊയ്ത്തുത്സവം

**മേപ്പാടി :** കൃഷിവകുപ്പിന്റെ സുഭിക്ഷം സുരക്ഷിതം പദ്ധതിയുടെ ഭാഗമായി ചെമ്പോത്തറ ഗ്രാമോത്സവം ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ പാലവയലിൽ ഇറക്കിയ ജൈവനെൽകൃഷിയുടെ കൊയ്ത്തുത്സവത്തിന് പുതുവർഷത്തിൽ തുടക്കം. പാട്ടത്തിനെടുത്ത അഞ്ചേക്കർ തരിശു നിലത്ത് ജൈവകൃഷിയായാണ് നെൽകൃഷി ചെയ്തിട്ടുള്ളത്. ജനകീയ പങ്കാളിത്തത്തിലാണ് കൃഷി. മേപ്പാടി പഞ്ചായത്തിലെ ഏറ്റവും വലിയ നെൽപ്പാടമായിരുന്നു ചെമ്പോത്തറ പാടശേഖരം. കൃഷിച്ചെലവ് ഗണ്യമായി വർധിച്ചതും തൊഴിലാളി ദൗർലഭ്യതയുംമൂലം കർഷകർ കൃഷി ഉപേക്ഷിക്കുകയായിരുന്നു.ആധുനിക യന്ത്രങ്ങളുടെ സഹായത്താലും വിത്തുൽപ്പാദനത്തിലൂടെയും കൃഷിച്ചെലവ് കുറച്ച് നെൽകൃഷിയെ തിരിച്ചുപിടിക്കാനുള്ള ശ്രമത്തിലാണ് ചെമ്പോത്തറ ഗ്രാമോത്സവം ചാരിറ്റബിൾ സൊസൈറ്റി പ്രവർത്തകർ. പുതുതലമുറയെ നെൽകൃഷിയിലേക്ക് ആകർഷിക്കുകയാണ് ഇതിലൂടെ ഗ്രാമോത്സവം ലക്ഷ്യമിടുന്നത്. ഇതിനായി കെട്ടിനാട്ടിയെന്ന കൃഷിരീതിയാണ് പാടത്ത് പരീക്ഷിച്ചത്. അഞ്ചേക്കർ കൃഷി ചെയ്യാൻ 25 കിലോ നെൽവിത്താണ് വേണ്ടിവന്നത്. തൊഴിലാളികളുടെ അധ്വാനം ആയാസരഹിതമാക്കാനും ഈ രീതിയിലൂടെ സാധിച്ചു. രാസവളമോ കീടനാശിനിയോ പ്രയോഗിക്കാതെ നടത്തിയ പരീക്ഷണത്തിലൂടെ നൂറുമേനി കൊയ്യാനായതിന്റെ സന്തോഷത്തിലാണ് ഗ്രാമവാസികൾ. വിളവെടുക്കുന്ന നെല്ല് ആവശ്യക്കാർക്ക് അരിയായും സിവിൽ സപ്ലൈസ് കോർപറേഷന് നെല്ലായും നൽകി വിപണനംചെയ്യും. തരിശുനില കൃഷിയായതിനാൽ ആദ്യവർഷം ലാഭരഹിത കൃഷിയാണ്. വിപണനത്തിലൂടെ ലഭിക്കുന്ന തുക അടുത്ത കൃഷിക്കായി വിനിയോഗിക്കും.കൊയ്ത്തുത്സവം കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ കെ മമ്മുട്ടി ഉദ്ഘാടനംചെയ്തു. ഗ്രാമോത്സവം ചെയർമാൻ എം അബ്ദുൾ റഷീദ് അധ്യക്ഷനായി. പാടശേഖര സമിതി പ്രസിഡന്റ് മാധവൻ കല്ലായ്മൽ, കൃഷി അസിസ്റ്റന്റ് കെ ആർ രാജേഷ്, അഗ്രോ സർവീസ് സെന്റർ പ്രസിഡന്റ് പ്രശാന്ത് ഗോവിന്ദൻ, കൃഷി കൺവീനർ പി കെ സുധാകരൻ, ടി സുബ്രഹ്മണ്യൻ, എ മുഹമ്മദ്, പി കെ മുഹമ്മദ് ബഷീർ എന്നിവർ സംസാരിച്ചു.

# ജി.എസ്.ടി വകുപ്പിന്റെ വാഹന പരിശോധന; അപകടം ഒഴിവായത് തലനാരിഴയ്ക്ക്

**പനമരം:** പനമരം ആര്യന്നൂർ നടയിൽ ജി.എസ്.ടി വകുപ്പിന്റെ വാഹന പരിശോധയ്ക്കിടെ ലോറി നിയന്ത്രണം വിട്ട് സമീപത്തെ വയലിലേക്ക് തെന്നിമാറി.വാഹന പരിശോധനയ്ക്കായി ജി.എസ്.ടി അധികൃതർ ഒരു വാഹനത്തിന് കൈ കാണിച്ചപ്പോൾ പുറകെ വരികയായിരുന്ന ലോറിയാണ് അപകടത്തിൽപ്പെട്ടത്.ശനിയാഴ്ച വൈകുന്നേരം 6.00 യോടെയായിരുന്നു സംഭവം. പനമരം മാനന്തവാടി സംസ്ഥാനപാതയരികിലെ ആര്യന്നൂർ നടയിൽ വെച്ച് മാനന്തവാടി ഭാഗത്തേക്ക് പോവുകയായിരുന്ന വാഹനം ഉദ്യോഗസ്ഥർ കൈകാണിച്ചതിനെ തുടർന്ന് പെട്ടെന്ന് നിറുത്താൻ ശ്രമിക്കുന്നതിനിടയിൽ. തൊട്ടു പിറകിലായി വരുന്ന ബൈക്ക് ബ്രൈക്ക് ഇട്ടതോടെ ചെന്നിടിക്കാതിരിക്കാൻ ലോറി ഡ്രൈവർ വണ്ടി വെട്ടിച്ചതോടെയാണ് നിയന്ത്രണം വിട്ടത്. വൻ അപകടം ഒഴിവായത് തലനാരിഴയ്ക്ക്



# റെയിൽവെയുടെ സാദ്ധ്യത; രേഖകൾ കൈമാറി

**ബത്തേരി:** നീലഗിരി - വയനാട് എൻ.എച്ച് ആന്റ് റെയിൽവെ ആക്ഷൻ കമ്മറ്റി, നഞ്ചങ്കോട് - വയനാട് - നിലമ്പൂർ റെയിൽവെയുടെ സാദ്ധ്യതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ രേഖകൾ സി.പി.എം ജില്ലാ സെക്രട്ടറി പി. ഗഗാറിന് കൈമാറി. സി പി എം ബത്തേരി ഏരിയാ സെക്രട്ടറി പി.ആർ ജയപ്രകാശ്, മീനങ്ങാടി ഏരിയാ സെക്രട്ടറി കുഞ്ഞുമോൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ആക്ഷൻ കമ്മറ്റി സെക്രട്ടറി വിനയകുമാർ അഴിപ്പുറത്ത്, വൈ: ചെയർമാൻ പി.വൈ. മത്തായി, ജോസ് കപ്യാരുമല, അബ്ദുൽ റസാഖ് എന്നിവർ പങ്കെടുത്തു. നഞ്ചങ്കോട് - വയനാട് - നിലമ്പൂർ റെയിൽവെയുടെ കാര്യത്തിൽ അനുഭാവപൂർണമായ സമീപനം സ്വീകരിക്കുമെന്ന് സി.പി.എം ജില്ലാ നേതാക്കൾ വ്യക്തമാക്കി.

# നികുതി അടക്കാതെ സർവ്വീസ് നടത്തുമെന്ന്, പ്രൈവറ്റ് ബസ്സ് അസോസിയേഷൻ

**ബത്തേരി:**കോവിഡ് കാലത്തെ നികുതി ഇളവ് ഇന്നവസാനിക്കും ,നികുതി ഇളവിൽ ഒരു തീരുമാനം ആകാത്ത സാഹചര്യത്തിൽ ,നാളെ ജില്ലയിലെ എല്ലാ സ്വകാര്യ ബസ്സുകളും നികുതി അടക്കാതെ സർവ്വീസ് നടത്തുമെന്ന് ,പ്രൈവറ്റ് ബസ്സ് ഓപ്പറേറ്റേഴ്സ് ഭാരവാഹികൾ പറഞ്ഞു. വർദ്ധിച്ച് വരുന്ന ഡീസൽ വിലയുടെ സാഹചര്യത്തിൽ ഒരു ബസ്സുടമക്കും നികുതി ഭാരം കൂടി ചുമക്കാൻ ആകില്ല .ദിനം പ്രതി നഷ്ടത്തിലേക്ക് കൂപ്പ് കുത്തുകയാണീ വ്യവസായമായിട്ടും സാധാരണക്കാർക്കും വിദ്യാർത്ഥികൾക്കും ഏകാശ്രയമാണ്. നാളെ സർവീസ് നടത്തുമ്പോൾ വഴിയിൽ തടയുകയോ നിയമ നടപടികൾ സ്വീകരിക്കുകയോ ചെയ്താൽ നാളെ മുഴുവൻ സ്വകാര്യ ബസ്സുകളും നിർത്തിവെക്കും. കോവിഡ് കാലത്തെ മുഴുവൻ നികുതികളും ഒഴിവാക്കി തരണമെന്ന് സ്വകാര്യ ബസ്സ് ഉടമസ്ഥാ അസോസിയേഷൻ ജില്ലാ ജനറൽ സെക്രട്ടറി രഞ്ജിത്ത് റാം പറഞ്ഞു.

# മാനന്തവാടി രൂപത 28-മത് വാർഷിക സെനറ്റും തിരഞ്ഞെടുപ്പ് സമ്മേളനവും നടത്തി

**മാനന്തവാടി:** കെസിവൈഎം പ്രസ്ഥാനത്തിന്റെ പരമാധികാര സഭയും നയ രൂപീകരണ സമിതിയുമായ രൂപത സെനറ്റ് 2022 ജനുവരി 01ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.കെസിവൈഎം മാനന്തവാടി രൂപത പ്രസിഡന്റ് ജിഷിൻ മുണ്ടക്കാതടത്തിൽ അധ്യക്ഷത വഹിച്ചു.അവസരങ്ങളെ പ്രയോജനപ്പെടുത്തി മികവാർന്ന നേട്ടങ്ങൾ കൈവരിക്കുവാൻ യുവജനങ്ങൾക്ക് സാധിക്കട്ടെ എന്നാശംസിച്ചുകൊണ്ട് ബത്തേരി മുൻസിപ്പാലിറ്റി കൗൺസിലർ ടോം ജോസ് സെനറ്റ് സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. കെസിവൈഎം മുൻ രൂപത ഭാരവാഹികളായ ജോസ് പള്ളത്ത്, ബിജു മാത്യു അരീക്കാട്ട്, ആന്റണി മങ്കടപ്ര, വിനു വാണിയപള്ളി എന്നിവർ മുഖ്യാതിഥികളായിരുന്നു. കെ.സി.വൈ.എം മാനന്തവാടി രൂപത സഹ രക്ഷാധികാരി മോൺ. പോൾ മുണ്ടോളിക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. 2021 പ്രവർത്തന വർഷത്തെ മേഖല രൂപത പ്രവർത്തനങ്ങൾ വിചിന്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ നടത്തിയ പരിപാടിയിൽ കെസിവൈഎം മാനന്തവാടി രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 100, ഓളം പേർ പങ്കെടുത്തു. 2022 വർഷത്തെ ഭാരവാഹികളെ യോഗത്തിൽ തിരഞ്ഞെടുത്തു. കെസിവൈഎം രൂപത ഭാരവാഹികളായ ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ, ജിയോ മച്ചുകുഴിയിൽ, റ്റെസിൻ തോമസ് വയലിൽ , ജസ്റ്റിൻ നീലംപറമ്പിൽ, അഭിനന്ദ് കൊച്ചുമലയിൽ, ജിജിന ജോസ് കറുത്തേടത്ത്, ഫാ. അഗസ്റ്റിൻ ചിറക്കതോട്ടത്തിൽ, സി. സാലി ആൻസ് സിഎം സി എന്നിവർ സംസാരിച്ചു.



# കേബിൾ ടി വി ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ജില്ലാ സമ്മേളനം നാളെ

**കൽപ്പറ്റ :** കേബിൾ ടി വി ഓപ്പറേറ്റേഴ്സ് അസോസിയേഷൻ വയനാട് ജില്ലാ സമ്മേളനം ജനുവരി 4ന് രാവിലെ കൽപ്പറ്റ ബ്രിജുരാജ് നഗറിൽ (വൈന്റ് വാലി റിസോർട്ടിൽ) ആരംഭിക്കും. സി ഒ എ ജനറൽ സെക്രട്ടറി കെ വി രാജൻ സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിക്കും.രാവിലെ 10 മണിക്ക് സി ഒ എ ജില്ലാ പ്രസിഡന്റ് പി.എം ഏലിയാസ് പതാക ഉയർത്തുന്നതോടെ സമ്മേളന നടപടികൾ ആരംഭിക്കും. ജില്ലാ സെക്രട്ടറി അഷറഫ് പൂക്കയിൽ പ്രവർത്തന റിപ്പോർട്ട് , ട്രഷറർ ബിജു സാമ്പത്തിക റിപ്പോർട്ട് അവതരിപ്പിക്കും. കേരളാ വിഷൻ എം.ഡി രാജ്മോഹൻ സംഘടനാ റിപ്പോർട്ട് അവതരിപ്പിക്കും. സി.ഒ.എ സംസ്ഥാന ട്രഷറർ പി എസ് സിബി, സി ഒ എ വൈസ് പ്രസിഡന്റ് മൻസൂർ, കേരളാ വിഷൻ ഡിജിറ്റൽ ചെയർമാൻ കെ ഗോവിന്ദൻ എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് സമ്മേളനത്തിൽ നയ രേഖകൾ അവതരിപ്പിക്കും. കഴിഞ്ഞ രണ്ട് ദശകങ്ങളായി വിരവസാങ്കേതിക രംഗത്തെ വിവര സാങ്കേതിക രംഗത്തെ പുത്തൻ ടെക്നോളജികളുടെ ചുവട് പിടിച്ച് രാജ്യത്ത് വൻതോതിലുള്ള കോർപ്പറേറ്റ്വത്കരണം നടന്നു വരികയാണ്. വിദേശ മൂലധന കമ്പനികൾക്ക് യഥേഷ്ടം വിഹരിക്കാവുന്ന വിധത്തിൽ കേന്ദ്ര സർക്കാർ നിയമങ്ങൾ ലഘൂകരിച്ചുകൊണ്ടിരിക്കുന്നത് അത്യന്തം ഉൽകണ്ഠാകുലമാണ്. രാജ്യ സുരക്ഷയെ കരുതി സ്ഥാപിച്ചിരുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ടെലികോം സംവിധാനങ്ങൾ പോലും സ്വകാര്യ വത്കരിക്കാനുള്ള തീരുമാനങ്ങൾ വന്നുകഴിഞ്ഞു. കോർപ്പറേറ്റുകളുടെ സ്വാധീനം ഉയർന്നതോടെ സാധാരണക്കാരുടെ അറിയാനുള്ള അവകാശം എന്ന മൗലികാവകാശമാണ് ക്രമേണ അസ്തമിച്ചു കൊണ്ടിരിക്കുന്നത്. വിവര വിനിമ രംഗത്തെയും ഇലക്ട്രോണിക് മാധ്യമ വിതരണ മേഖലയിലെയും അധിനിവേശ കമ്പനികളെ ചെറുത്ത് നിൽക്കുകയെന്ന ലക്ഷ്യത്തോടെയാണ് കേബിൾ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ 2007ൽ ഒരു ജനകീയ ബദൽ ആയി കേരള വിഷൻ എന്ന എന്ന പേരിൽ സംരംഭക കൂട്ടായ്മ ആരംഭിച്ചത്. ഇന്ന് സംസ്ഥാനത്തെ 60ശതമാനം ഉപഭോക്താക്കൾ കേരളാ വിഷന്റെ കീഴിലാണ്. കടുത്ത കോർപ്പറേറ്റ് മത്സരത്തെ ചെറുത്ത് തോൽപ്പിച്ചു കൊണ്ടാണ് കേരളാ വിഷൻ ഈ നേട്ടം സാധ്യമാക്കി. ആധുനിക സാങ്കേതിക വിദ്യകളും നിയമങ്ങളും സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന പുതിയ സാഹചര്യങ്ങളിലെ വെല്ലുവിളികൾ ഓരോന്നും തരണംചെയ്യുന്നതിനുള്ള പദ്ധതികളുടെ നയരേഖ സമ്മേളനം ചർച്ചചെയ്യും. ഔപചാരിക നടപടികൾക്കു പുറമെ കേരളാ വിഷന്റെ സേവന നിലവാരവും ഗുണമേൽമയും ഉയർത്തുന്നതിനുള്ള വിവിധ പ്രൊജക്റ്റുകൾ സംസ്ഥാന സമ്മേളനം അവസാനിക്കുന്നതോടെ പ്രവൃത്തിപഥത്തിൽ എത്തിക്കുകയാണ് സിഒഎയുടെ ലക്ഷ്യം.കെ ഗോവിന്ദൻ( കെ.സി.സി.എൽ ചെയർമാൻ, സി.ഒ.എ സ്റ്റേറ്റ്എക്സിക്യൂട്ടീവ് അംഗം )പിഎം ഏലിയാസ് (സി ഒ എ വയനാട് ജില്ലാ പ്രസിഡന്റ്)അഷറഫ് പൂക്കയിൽ( സി ഒ എ വയനാട് ജില്ലാ സെക്രട്ടറി) കാസിം റിപ്പൺ( സി ഒ എ ജില്ലാസമ്മേളനം സ്വാഗതസംഘം കൺവീനർ) അബ്ദുൾ അസീസ് (സി ഒ എ ജില്ലാ ജോയിന്റ് സെക്രട്ടറി) എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.





**കൽപ്പറ്റ :** കഴിഞ്ഞ മൂന്ന് വർഷമായി എല്ലാ ദിവസവും പ്രഭാതത്തിൽ ഒത്തുകൂടുന്നൊരു കൂട്ടായ്മയുണ്ട് ജില്ലയിൽ. കൽപ്പറ്റ പുൽപ്പാറ ഗ്രൗണ്ടിനടുത്തുള്ള ചായത്തോട്ടങ്ങളും മരങ്ങളും കിളികളും രാവിലെ ഉണരുന്നത് ഇവരുടെ പാട്ടുകേട്ടും ഡാൻസ് കണ്ടുമാണ്. പുലർകാലങ്ങളിൽ സ്പീക്കറിൽ ഉഗ്രനൊരു പാട്ടുംവച്ച് താളത്തിനനുസരിച്ച് വ്യായാമം ചെയ്യുന്ന 'പുലർക്കാല'മെന്ന കൂട്ടായ്മയാണ് ഇതിനുപിന്നിൽ. മുൻ ജില്ലാ ഫുട്ബോൾ താരം ആലിങ്ങൽ ഹിൽത്ത് അഷ്റഫാണ് പുലർകാലത്തിന്റെ ക്യാപ്റ്റൻ. ഓട്ടോ മെക്കാനിക്കുംകൂടിയായ അഷ്റഫിന് ഒന്നും തുരുമ്പെടുക്കുന്നത് ഇഷ്ടമില്ല. അത് ഇരുമ്പായാലും മനുഷ്യനായാലും. അതുകൊണ്ടുതന്നെയാണ് 'ഓൾ ബോഡി ഫിറ്റ്നസ് വർക്കൗട്ട് ' എന്ന വ്യായാമമുറ അഷ്റഫ് രൂപീകരിച്ചത്. എയറോബിക്, സൂംബാ, യോഗാ, വർക്കൗട്ട്, ഫുട്ബോൾ എക്സൈസ് എന്നിവയെല്ലാം ഇതിലുൾപ്പെടും. രാവിലെ 6 മുതൽ 7.30വരെയാണ് വ്യായാമം. വൻ വിജയമായിത്തീർന്ന കൂട്ടായ്മയുടെ തുടക്കം കൽപ്പറ്റ എസ് കെ എംജെ സ്കൂൾ ഗ്രൗണ്ടിൽനിന്നാണ്. ജിമ്മിലെ വ്യായാമവും കഴിഞ്ഞ് മടങ്ങുംവഴി സുഹൃത്തുക്കൾ ബാഡ്മിന്റൺ കളിച്ച് ക്ഷീണിച്ചിരിക്കുന്നത് കണ്ട് അവർക്കുവേണ്ട വ്യായാമമുറകൾ പറഞ്ഞുകൊടുത്തു. പിന്നീടിത് എല്ലാ ദിവസവും തുടർന്നു. പതിയെ പതിയെ മൊബൈൽ ഫോണിൽ പാട്ടുവച്ച് വ്യായാമം ചെയ്യാൻ തുടങ്ങി. പാട്ടുവച്ചുള്ള വ്യായാമം ഹിറ്റായതോടെ പലരും കണ്ടറിഞ്ഞും കേട്ടറിഞ്ഞും വ്യായാമം ചെയ്യാൻ എത്തിത്തുടങ്ങി. 6 പേരുമായി തുടങ്ങിയ ഈ കൂട്ടായ്മയിൽ ഇന്ന് 40 അംഗങ്ങളുണ്ട്. വിദ്യാർഥികൾ, അധ്യാപകർ, സർക്കാർ ഉദ്യോഗസ്ഥർ, ബിസിനസുകാർ, വീട്ടമ്മമാർ എന്നിങ്ങനെ 7 വയസ്സു മുതൽ 72 വയസ്സുള്ളവർവരെ കൂട്ടായ്മയിൽ അംഗമാണ്. മറ്റു ജില്ലകളിൽനിന്നും ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം ആളുകൾ എത്തുന്നുണ്ട്. കൂടുതൽ പേർ സമീപിക്കുന്നുണ്ടെങ്കിലും സ്ഥലപരിമിതികാരണം ഇപ്പോൾ 40 ൽ ഒതുക്കി. നല്ല മനസ്സ്, നല്ല ആരോഗ്യം, ഹെൽത്ത് പ്ലസ് ഹിൽത്ത് സമം പുലർക്കാലം എന്ന ആപ്തവാക്യത്തോടെയാണ് കൂട്ടായ്മ പ്രവർത്തിക്കുന്നത്.

KANNUR

Adnbn¸v



## \n-b-an-¡p-¶p

തലശ്ശേരി ബീഡി തൊഴിലാളി ക്ഷേമനിധി ഡിസ്പെൻസറിയിൽ കരാർ അടിസ്ഥാനത്തിൽ ആറു മാസത്തേക്ക് മെഡിക്കൽ ഓഫീസറെ നിയമിക്കുന്നു. യോഗ്യത എംബിബിഎസ്. താൽപര്യമുള്ളവർ ജനുവരി മൂന്നിന് രാവിലെ 10 മണിക്ക് വെൽഫയർ കമ്മീഷണർ ഓഫീസിൽ അസ്സൽ സർട്ടിഫിക്കറ്റുകളും മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും സഹിതം അഭിമുഖത്തിന് ഹാജരാവണം. വിലാസം വെൽഫയർ കമ്മീഷണർ ഓഫീസ്, രണ്ടാംനില, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം പാളയം തിരുവനന്തപുരം 695033. ഫോൺ:0471 2302020

## Xo-b-Xn \o-«n

ഐഎച്ച്ആർഡി ആരംഭിക്കുന്ന വിവിധ കോഴ്സുകളിലേക്ക്അപേക്ഷിക്കാനുള്ള തീയതി ജനുവരി 15 വരെ നീട്ടി.പി.ജി ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പിജിഡിസിഎ), ഡാറ്റ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഡിഡിടിഒഎ), ഡിപ്ലോമ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡിസിഎ), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സിസിഎൽഐഎസ്), ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (ഡിസിഎഫ്എ), പി.ജി ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് ആൻഡ് സെക്യൂരിറ്റി (പിജിഡിസിഎഫ്), അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ എൻജിനീയറിംഗ് (എഡിബിഎംഇ), ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയ്ൻ മാനേജ്മെൻറ് (ഡിഎൽഎസ്എം), പി.ജി ഡിപ്ലോമ ഇൻ എംബെഡഡ് സിസ്റ്റം ഡിസൈൻ (പിജിഡിഇഡി), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്പ്യൂട്ടർ നെറ്റ്വർക്ക് അഡ്മിനിസ്ട്രേഷൻ (സിസിഎൻഎ) എന്നിവയാണ് കോഴ്സുകൾ. കൂടുതൽ വിവരങ്ങൾക്ക് www.ihrd.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## {]-th-i-\wB-cw-`n-¨p

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളം എസ് ആർ സി കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുന്ന അക്യുപ്രഷർ ആന്റ് ഹോളിസ്റ്റിക് ഹെൽത്ത് കെയർ സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷിക്കാം. സർട്ടിഫിക്കറ്റ് കോഴ്സിന് ആറുമാസവും ഡിപ്ലോമയ്ക്ക് ഒരു വർഷവുമാണ് കാലാവധി. എസ്എസ്എൽസി/പ്ലസ്ടു പാസായവർക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോറം തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിന് സമീപം പ്രവർത്തിക്കുന്ന എസ്ആർസി ഓഫീസിലും www.srccc.in എന്ന വെബ്സൈറ്റിലും ലഭിക്കും. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജനുവരി 15. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം-33. ഫോൺ: 04971 2325102. കൂടുതൽ വിവരങ്ങൾക്ക് ഹിമാലയ ഹെറിറ്റേജ് റിസർച്ച് അക്കാദമി ഓഫ് ട്രഡീഷണൽ ഹീലിങ്: 9447126919, അക്കാദമി ആന്റ് ടെക്നിക്കൽ എഡ്യുക്കേഷൻ സൊസൈറ്റി: 8714449000, ക്രിയേറ്റീവ് എർത്ത് മൈൻഡ് കെയർ, യോഗ ആന്റ് അക്യുകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രഡീഷണൽ ഹീലിങ് ആന്റ് റിസർച്ച്: 6282880280, 9496233868. സ്ഥിതി യോഗ സെന്റർ: 9495213775.

## Xo-b-Xn \o-«n

ഐഎച്ച്ആർഡി ആരംഭിക്കുന്ന വിവിധ കോഴ്സുകളിലേക്ക്അപേക്ഷിക്കാനുള്ള തീയതി ജനുവരി 15 വരെ നീട്ടി.പി.ജി ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പിജിഡിസിഎ), ഡാറ്റ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഡിഡിടിഒഎ), ഡിപ്ലോമ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡിസിഎ), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സിസിഎൽഐഎസ്), ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (ഡിസിഎഫ്എ), പി.ജി ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് ആൻഡ് സെക്യൂരിറ്റി (പിജിഡിസിഎഫ്), അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ എൻജിനീയറിംഗ് (എഡിബിഎംഇ), ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയ്ൻ മാനേജ്മെൻറ് (ഡിഎൽഎസ്എം), പി.ജി ഡിപ്ലോമ ഇൻ എംബെഡഡ് സിസ്റ്റം ഡിസൈൻ (പിജിഡിഇഡി), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്പ്യൂട്ടർ നെറ്റ്വർക്ക് അഡ്മിനിസ്ട്രേഷൻ (സിസിഎൻഎ) എന്നിവയാണ് കോഴ്സുകൾ. കൂടുതൽ വിവരങ്ങൾക്ക് ഠww.ihrd.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# 15 മുതൽ 18 വരെ വയസ്സുള്ളവർക്ക് കോവിഡ് വാക്സിനേഷൻ മൂന്ന് മുതൽ

**കണ്ണൂർ:** ജില്ലയിൽ 15 മുതൽ 18 വയസ്സുവരെയുള്ളവർക്ക് കോവിഡ് വാക്സിൻ ലഭിക്കാനായി www.cowin.gov.in എന്ന പോർട്ടലിൽ സ്വയം രജിസ്റ്റർ ചെയ്യാം. വാക്സിൻ ജനുവരി മൂന്ന് മുതൽ ജില്ലയിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ വഴി നൽകി തുടങ്ങും. കോവാക്സിനാണ് നൽകുന്നത്. വാക്സിനേഷനായി അവരവരുടെ താമസസ്ഥലത്തിനടുത്ത സർക്കാർ വാക്സിനേഷൻ കേന്ദ്രങ്ങളിൽ എത്തേണ്ടതാണ്. ആധാർ കാർഡ് കൈവശം കരുതുക.കോവിൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാനായി ആധാർ കാർഡ് അല്ലെങ്കിൽ സ്കൂൾ ഐ.ഡി ഉപയോഗിക്കാം.എല്ലാവരും രജിസ്റ്റർ നടപടികൾ പൂർത്തിയാക്കിയ ശേഷം മാത്രം വാക്സിനേഷൻ കേന്ദ്രങ്ങളിൽ എത്തുക.ഓൺലൈനായും സ്പോട്ട് രജിസ്ട്രേഷനും സൗകര്യം ഉണ്ടായിരിക്കും കുത്തിവെപ്പ് കേന്ദ്രങ്ങളിൽ കുട്ടിയുടെ കൂടെ രക്ഷാകർത്താവ് ഉണ്ടായിരിക്കണം.ജനുവരി മൂന്ന് മുതൽ ഒമ്പത് വരെ കുട്ടികൾക്ക് മാത്രമായി കോവിഡ് വാക്സിനേഷൻ നടത്തുന്നതിനാൽ ഈ സന്ദർഭം പരമാവധി ഉപയോഗപ്പെടുത്തുക. കോവാക്സിൻ സ്വീകരിച്ച ശേഷം കുട്ടികൾ ഈ വിവരം സ്കൂളിലെ നോഡൽ ടീച്ചറെ അറിയിക്കേണ്ടതാണ്. കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.




# വെമ്പുഴച്ചാലിൽ കാർ സ്കൂട്ടറിലിടിച്ച് യുവാവിന് ദാരുണാന്ത്യം

**ഇരിട്ടി :** എടൂരിന് സമീപം വെമ്പുഴചാലിൽ കാർ സ്കൂട്ടറിലിടിച്ച് സ്കൂട്ടർ യാത്രികനായ യുവാവിന് ദാരുണാന്ത്യം. കരിക്കോട്ടക്കരി വളയംകോട് സ്വദേശി നിധീഷ് (32 ) ആണ് മരിച്ചത്. എടൂർ കരിക്കോട്ടക്കരി റോഡിൽ വെമ്പുഴ പാലത്തിനു സമീപം പുതുവർഷ ദിനത്തിൽ ഉച്ചക്ക് ഒരു മണിയോടെ ആയിരുന്നു അപകടം.ഏറെക്കാലം ഗൾഫിലായിരുന്ന നിധീഷ് നാട്ടിൽ തിരിച്ചെത്തി ഏതാനും സുഹൃത്തുക്കൾക്കൊപ്പം അടുത്തിടെ കരിക്കോട്ടക്കരിയിൽ ഹോട്ടൽ തുടങ്ങിയിരുന്നു. ഹോട്ടലിൽ നിന്നും ഓർഡർ പ്രകാരം ഭക്ഷണമെത്തിക്കുന്നതിനായി എടൂർ ഭാഗത്തേക്ക് പോകുന്നതിനിടയിൽ എതിർദിശയിൽ നിന്നും വന്ന കാർ നിയന്ത്രണം വിട്ട് നിധീഷിന്റെ സ്കൂട്ടറിൽ ഇടിക്കുകയായിരുന്നു. അമിത വേഗതയിൽ എത്തിയ കാറിന്റെ ഇടിയുടെ ആഘാതത്തിൽ നിധീഷ് വണ്ടിയിൽ നിന്നും തെറിച്ച് അഞ്ച് മീറ്ററിലേറെ ദൂരത്തുള്ള റോഡരികിലെ കയ്യാലയിൽ തലയിടിച്ച് വീഴുകയായിരുന്നു.അടിയിൽ പെട്ട സ്കൂട്ടറുമായി പത്ത് മീറ്ററോളം ഓടിയശേഷം റോഡരികിലെ കൃഷിയിടത്തിൽ കൂട്ടിയിട്ട മണ്ണിലും മരത്തിലുമായി ഇടിച്ച ശേഷമാണ് കാർ നിന്നത് . പരിക്കേറ്റ നിധീഷിനെ ഉടൻതന്നെ ഇരിട്ടിയിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. തുടർന്ന് മൃതദേഹം പരിയാരം മെഡിക്കൽ കോളേജിലേക്ക് മാറ്റി.കരിക്കോട്ടക്കരി സിഐ പി. ബി. സജീവന്റെ നേതൃത്വത്തിൽ പോലീസ് സ്ഥലത്തെത്തി വാഹനങ്ങൾ സ്റ്റേഷനിലേക്കു മാറ്റി. സംഭവമറിഞ്ഞ് അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ ഉൾപ്പടെയുള്ള ജനപ്രതിനിധികളും നാട്ടുകാരും അപകടം നടന്ന സ്ഥലത്ത് എത്തി.കരിക്കോട്ടക്കരി യു പി സ്കൂൾ റിട്ട. അദ്ധ്യാപകൻ കൊച്ചുസാർ എന്ന വർക്കിയുടേയും വത്സമ്മയുടേയും മകനാണ് നിധീഷ്. ഭാര്യ : നീതു (ഗൾഫ് ). മകൻ : ഇവാൻ . സഹോദരിമാർ : സരിത, സവിത .

# തെരുവ് നായശല്യം രൂക്ഷം



**കണ്ണൂർ :** നഗരത്തെ തെരുവുനായകൾ കൈയടക്കിയിട്ടും ഇവയുടെ ശല്യം തടയാൻ കോർപറേഷൻ നടപടിയെടുക്കുന്നില്ല. ഇരുചക്രവാഹന യാത്രക്കാരുടെ പിറകെ ഓടിയാണ് നായക്കൂട്ടം ആക്രമിക്കുന്നത്. രാത്രി ഇത്തരത്തിലുള്ള ആക്രമണത്തിൽ സ്കൂട്ടറിൽനിന്നുവീണ് പരിക്കേറ്റതും നിരവധിപേർക്ക് . പഴയ ബസ് സ്റ്റാൻഡ്, താളിക്കാവ്, ബെല്ലാർഡ് റോഡ്, പയ്യാമ്പലം ബീച്ച്, ബർണശ്ശേരി, മൂന്നാപീടിക, കാനത്തൂർ, എസ് എൻ പാർക്ക്, കുഴിക്കുന്ന്, പടന്നപ്പാലം, പാറക്കണ്ടി, താവക്കര, പള്ളിക്കുന്ന് ഭാ?ഗങ്ങളിലാണ് തെരുവുനായ ശല്യം.രണ്ട് മാസങ്ങൾക്കിടെ കോർപറേഷൻ പരിധിയിൽ 100 പേർക്കാണ് കടിയേറ്റത്. റോഡിന് ഇരുവശത്ത് അലക്ഷ്യമായി വലിച്ചെറിയുന്ന മാലിന്യങ്ങൾ ഭക്ഷിക്കാൻ നായകൾ കൂട്ടത്തോടെ എത്തുന്നത് പതിവാണ്. ഇതിനാൽ പ്രധാന റോഡുകളിലൂടെ വിദ്യാർഥികൾ ഉൾപ്പടെയുള്ള കാൽനാടയാത്രക്കാർ ഭീതിയോടെയാണ് കടന്നുപോകുന്നത്. കണ്ണൂർ പഴയബസ്സ്റ്റാൻഡ് നായകളുടെ വിഹാരകേന്ദ്രമായി. ബസ് കയറാൻ എത്തുന്നവരെയും നിരവധിതവണ ആക്രമിച്ചിട്ടുണ്ട്. പയ്യാമ്പലം ബീച്ചിലെത്തുന്ന വിനോദസഞ്ചാരികളും ശല്യത്താൽപൊറുതിമുട്ടി.തൊക്കിലങ്ങാടിയിൽ 4 പേർക്ക് കടിയേറ്റു കൂത്തുപറമ്പ് തൊക്കിലങ്ങാടിയിൽ നാലുപേർക്ക് തെരുവ് നായയുടെ കടിയേറ്റു. ശനി പകൽ പതിനൊന്നോടെയാണ് ഐ സ്റ്റുഡിയോ ഉടമ ബാബു നാരായണൻ, പാലാപ്പറമ്പിലെ പുതുശ്ശേരി ഗോപാലൻ, മൂര്യാട് സ്വദേശിയും തൊക്കിലങ്ങാടി ടൗണിൽ ഓട്ടോ ഇലക്ട്രിഷ്യനായ എൻ ഷാജി, ഓട്ടോ ഡ്രൈവർ ജുനൈദ് എന്നിവർക്ക് കടിയേറ്റത്. ഇവർ തലശേരി ജനറൽ ആശുപത്രിയിൽ ചികിത്സ തേടി.

# കാട്ടുപച്ചയിലെ സുവർണചാരുത, ലോകത്തിന്റെ കാഴ്ചയാകും

**ഇരിട്ടി :** മേഘങ്ങൾ ഭൂമിയിലിറങ്ങി നൃത്തം വയ്ക്കുന്ന കാഴ്ചകൾ, ചെറുവെള്ളച്ചാട്ടങ്ങൾ, വർഷംതോറുമുള്ള ശലഭദേശാടനം... ഇങ്ങനെ മലമടക്കുകളിലെ ദൃശ്യവിസ്മയങ്ങൾ കഥപറയുന്ന ആറളം വന്യജീവി സങ്കേതം ജൈവ ആവാസ വ്യവസ്ഥ അതേപടി നിലനിർത്തി ലോകോത്തര വന വിജ്ഞാന കേന്ദ്രമാകുന്നു. ഇതിനുള്ള വികസന രൂപരേഖ തയ്യാറായി. അടുത്ത പത്ത് വർഷത്തേക്കുള്ള മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാൻ നടത്തിയ സ്റ്റോക്ക് ഹോൾഡേഴ്സ് യോഗത്തിലാണ് നിർദേശം. പശ്ചിമഘട്ടത്തിലെ ഏറ്റവും വിപുല ജൈവ വൈവധ്യമുള്ള ആറളത്ത് അപൂർവയിനം പക്ഷിജാലങ്ങൾ, ചിത്രശലഭങ്ങൾ, സസ്യസമ്പത്ത് എന്നിവയുടെ വിപുല സാന്നിധ്യം വർഷംതോറും നടക്കുന്ന വിവിധ സർവേകളിൽ കണ്ടെത്തിയതിന്റെ പശ്ചാത്തലത്തിലാണ് തീരുമാനം.പക്ഷി, ചിത്രശലഭ, മത്സ്യ, സസ്യ സർവേകൾ കൂടുതൽ സജീവമാക്കും. ഇതിനായി സന്ദർശകർക്കും ഗവേഷകർക്കുമുള്ള സൗകര്യങ്ങൾ നവീകരിക്കും.ട്രക്കിങ്ങിന് കൂടുതൽ പാതകളൊരുക്കും. വളയംചാൽ വന്യജീവി സങ്കേതം ഓഫീസിൽ ചേർന്ന യോഗം സണ്ണി ജോസഫ് എംഎൽഎ ഉദ്ഘാടനംചെയ്തു. പാലക്കാട് വൈൽഡ് ലൈഫ് ചീഫ് വനം കൺസർവേറ്റർ കെ വി ഉത്തമൻ അധ്യക്ഷനായി. ഉത്തരമേഖലാ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡി കെ വിനോദ്കുമാർ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനോയ് കുര്യൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ വേലായുധൻ എന്നിവർ പങ്കെടുത്തു.

# ഇനി പെറ്റുപെരുകില്ല

**കണ്ണൂർ :** തെരുവുകൾ അടക്കിവാഴുന്ന നായകളെ വന്ധ്യംകരിച്ച് ഒതുക്കാൻ ജില്ലാ പഞ്ചായത്ത് പദ്ധതി ലക്ഷ്യം കാണുന്നു. തെരുവുനായകളെ ഘട്ടംഘട്ടമായി വന്ധീകരിക്കുന്നതിനുള്ള ആനിമൽ ബെർത്ത് കൺട്രോൾ സെന്റർ (എബിസി കേന്ദ്രം) പടിയൂർ ഊരത്തൂരിൽ പൂർത്തിയാവുന്നു. 50 സെന്റ് സ്ഥലത്ത് 63 ലക്ഷം രൂപ ചെലവിലാണ് ആധുനിക സംവിധാനത്തോടെയുള്ള കേന്ദ്രം. ജില്ലാ പഞ്ചായത്തിന് കീഴിൽ പാപ്പിനിശേരിയിൽ താൽക്കാലിക എബിസി കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഇതിന് പുറമെയാണ് പടിയൂരിലെ പ്രത്യേക കേന്ദ്രം.ഒരേസമയം 100 നായകളെ വന്ധ്യംകരിക്കാം സംസ്ഥാനത്ത് പഫ് സ്റ്റീൽ പാനലിൽ നിർമിക്കുന്ന ആദ്യ എബിസി കേന്ദ്രമാണിത്. 15 ദിവസം കൊണ്ടാണ് പണി പൂർത്തിയാക്കിയത്. 20ന് ഉദ്ഘാടന സജ്ജമാവും. 800 ചതുരശ്ര അടിയുള്ള ശസ്ത്രക്രിയാ തിയറ്ററാണ് കേന്ദ്രത്തിന്റെ പ്രത്യേകത. ഒരേസമയം 100 നായകളെ വന്ധീകരിക്കാം. ഇതിന് പുറമെ സ്റ്ററിലൈസർ സോൺ, ശസ്ത്രക്രിയാനന്തര മുറി എന്നിവയുമുണ്ട്. നായകളെ പിടിക്കാൻ നിയോഗിക്കപ്പെട്ട നേപ്പാളി സ്വദേശികൾക്ക് താമസിക്കാനുള്ള ഡോർമെറ്ററിയുമുണ്ട്. അടുക്കളയും വർക്ക് ഏരിയയും ഇതിലുണ്ട്. വർഷം 5000 തെരുവ് നായകളെ വന്ധീകരിക്കുകയാണ് ലക്ഷ്യമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി പി ദിവ്യ പറഞ്ഞു. പട്ടികൾക്കുള്ള 100 കൂടും തയ്യാറാക്കി. മാങ്ങാട്ടുപറമ്പ് മൈസോണിലെ സ്റ്റാർട്ടപ്പ് സ്ഥാപനമായ കാർട്ടൺ ഇന്ത്യ അലൈൻസാണ് കേന്ദ്രത്തിന്റെ കരാറുകാർ.

# കെഎസ്ടിഎ ജില്ലാ സമ്മേളനത്തിന് കതിരൂരിൽ തുടക്കം

**കതിരൂർ :** കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ (കെഎസ്ടിഎ) ജില്ലാ സമ്മേളനം കതിരൂരിൽ തുടങ്ങി. ജില്ലാ പ്രസിഡന്റ് ഇ കെ വിനോദൻ പതാക ഉയർത്തിയതോടെയാണ് സമ്മേളന നടപടികൾക്ക് തുടക്കമായത്. 400 പ്രതിനിധികൾ പങ്കെടുക്കുന്നു. കതിരൂർ ഹയർ സെക്കൻഡറി സ്കൂളിൽ പ്രതിനിധി സമ്മേളനം സിപിഐ എം ജില്ലാ സെക്രട്ടറി എം വി ജയരാജൻ ഉദ്ഘാടനംചെയ്തു. ഇ കെ വിനോദൻ അധ്യക്ഷനായി. സംസ്ഥാന ജനറൽ സെക്രട്ടറി എൻ ടി ശിവരാജൻ, എഫ്എസ്ഇടിഒ ജില്ലാ സെക്രട്ടറി എൻ സുരേന്ദ്രൻ, കാരായി രാജൻ, വി പ്രസാദ് എന്നിവർ സംസാരിച്ചു. ഇ കെ വിനോദൻ, സി ചന്ദ്രൻ, എം സി ഷീല, പി അജിത, കെ പി രാധാകൃഷ്ണൻ എന്നിവരടങ്ങുന്ന പ്രസീഡിയമാണ് സമ്മേളനം നിയന്ത്രിക്കുന്നത്. കെ ശശീന്ദ്രൻ (രജിസ്ട്രേഷൻ), കെ ഗീത (മിനുട്സ്), എസ് പി രമേശൻ (പ്രമേയം), കെ പി രാധാകൃഷ്ണൻ (ക്രഡൻഷ്യൽ) എന്നിവർ കൺവീനർമാരായി വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. സി ചന്ദ്രൻ രക്തസാക്ഷി പ്രമേയവും എം സി ഷീല അനുശോചന പ്രമേയവും അവതരിപ്പിച്ചു. കെ വി അനീഷ്ലാൽ സംഘടനാ റിപ്പോർട്ടും വി പ്രസാദ് പ്രവർത്തന റിപ്പോർട്ടും കെ ശശീന്ദ്രൻ കണക്കും അവതരിപ്പിച്ചു. സമ്മേളനം ഞായറാഴ്ച സമാപിക്കും. വൈകിട്ട് നൂറുകണക്കിന് അധ്യാപകർ പങ്കെടുത്ത പ്രകടനം നടന്നു. പൊതുസമ്മേളനം മുൻ വിദ്യാഭ്യാസമന്ത്രി സി രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. ഇ കെ വിനോദൻ അധ്യക്ഷനായി. എ കെ ബീന, സി സി വിനോദ്, അനീഷ് ലാൽ ,കെ സി മഹേഷ്, ടി രജില, പി വി പ്രദീപൻ, കെ സി സുധീർ, കെ രഞ്ജിത്ത് എന്നിവർ സംസാരിച്ചു. വി പ്രസാദ് സ്വാഗതം പറഞ്ഞു. ജില്ലാ കമ്മിറ്റി തയ്യാറാക്കിയ കെഎസ്ആർ കൈപ്പുസ്തകം സി രവീന്ദ്രനാഥ് സ്വാഗതസംഘം ചെയർമാൻ കാരായി രാജന് നൽകി പ്രകാശിപ്പിച്ചു.



# ഒരു ലക്ഷം രൂപയുടെ വ്യാജനെ കൈയോടെ പൊക്കി

**പയ്യന്നൂർ:** വ്യാജമായി നിർമ്മിച്ച് വിൽപ്പനക്കായി കടയിലും ഗോഡൗണിലും സൂക്ഷിച്ച ഒരു ലക്ഷം രൂപയുടെ കൊതുകുതിരികൾ പൊലീസ് നടത്തിയ റെയ്ഡിൽ പിടികൂടി. സംഭവവുമായി ബന്ധപ്പെട്ട് ടൗൺ സെൻട്രൽ വടക്കെ ബസാറിലെ കെ.എ സ്റ്റോർ കടയുടമക്കെതിരെ പൊലീസ് കേസെടുത്തു. ഇന്നലെ വൈകീട്ട് മൂന്നു മണിയോടെ പയ്യന്നൂർ ഇൻസ്പെക്ടർ മഹേഷ് കെ.നായർ, എസ്.ഐമാരായ കെ.പി. അനിൽ ബാബു, മുരളി, എ.എസ്.ഐ ചന്ദ്രൻ എന്നിവരുടെ നേതൃത്വത്തിലാണ് പൊലീസ് സംഘം റെയ്ഡിനെത്തിയത്.ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന ആഷി കാസ് സ്ലീപ്പ് വെൽ കമ്പനിയുടെ ഉൽപ്പന്നമായ കൊതുകുതിരി വ്യാജമായി നിർമ്മിച്ച് കമ്പനിയുടേത് എന്ന് തോന്നിപ്പിക്കുന്ന രീതിയിൽ കവറിന് മുകളിൽ കമ്പനിയുടെ പേരും ട്രേഡ് മാർക്കും വച്ചാണ് വിൽപ്പന. ഇതു സംബന്ധിച്ച് കമ്പനി നിയോഗിച്ച ഇൻവെസ്റ്റിഗേഷൻ ഉദ്യോഗസ്ഥനായ എം. നാഗേശ്വർ റാവു ജില്ലാ പൊലീസ് മേധാവിക്ക് നൽകി പരാതിയെ തുടർന്നാണ് പയ്യന്നൂരിലെ കടയിൽ പൊലീസ് റെയ്ഡ് നടത്തി വ്യാജ ഉൽപ്പന്നങ്ങൾ കണ്ടെത്തിയത്.കടക്കകത്തും തൊട്ടടുത്ത ഗോഡൗണിലും പ്ലാസ്റ്റിക് ചാക്കിൽ കെട്ടി സൂക്ഷിച്ചുവച്ച നിലയിലാണ് കൊതുകുതിരികൾ ഉണ്ടായിരുന്നത്. മൊത്തം അഞ്ഞൂറിനടുത്ത് പായ്ക്കറ്റ് കൊതുകുതിരികളാണുണ്ടായത്. ഒരു കവറിനകത്ത് ഒരു ഡസൻ വീതമുള്ള പത്ത് പാക്കറ്റുകളായാണ് കൊതുകുതിരികളുള്ളത്. ഇതിന് ഒരുകവറിന് കമ്പനി ഒറിജിനൽ കൊതുകുതിരിക്ക് 240 രൂപയാണ് എം.ആർ.പി. വില. എന്നാൽ വ്യാജന്റെ വില 180 രൂപയാണ്.വില്പന കുറഞ്ഞപ്പോൾ അന്വേഷിച്ചുബംഗളൂരുവിൽ പ്രവർത്തിക്കുന്ന ആഷി കാസ് സ്ലീപ്പ് വെൽ കമ്പനിയുടെ കൊതുകുതിരിക്ക് മാർക്കറ്റിൽ വൻ ഡിമാന്റാണത്രേ ഉള്ളത്. അടുത്ത കാലത്തായി ഈ കൊതുകുതിരിയുടെ വിൽപ്പനയിൽ ഗണ്യമായ കുറവ് വന്നതിനെ തുടർന്ന് കമ്പനി ഇൻവസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ച് അന്വേഷണം നടത്തിയപ്പോഴാണ് കമ്പനിയുടെ ഉൽപ്പന്നം വ്യാജമായി നിർമ്മിച്ച് വിൽപ്പന നടത്തുന്നതായി കണ്ടെത്തിയത്. ഇതേ തുടർന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ അന്വേഷണത്തിലാണ് പയ്യന്നൂരിൽ പ്രവർത്തിക്കുന്ന ഈ കടയിലും കമ്പനിയുടെ വ്യാജ ഉൽപ്പന്നമുണ്ടെന്ന് വിവരം ലഭിക്കുകയും ജില്ലാ പൊലീസ് മേധാവിക്ക് പരാതി നൽകുകയും ചെയ്തത്.

# പൊതുമരാമത്ത് വകുപ്പിനെതിരെ വിജിലൻസ് അന്വേഷണം


**കണ്ണൂർ:** റോഡ് വികസനത്തിന്റെ ഭാഗമായി മരങ്ങൾ മുറിച്ചുമാറ്റിയതിൽ അഴിമതി. സംഭവത്തെക്കുറിച്ച് വിജിലൻസ് അന്വേഷണം ആരംഭിച്ചു. വിജിലൻസ് ഡിവൈഎസ്പി ബാബു പെരിങ്ങേത്തിന്റെ നേതൃത്വത്തിലാണ് അന്വേഷണം. ചന്തപ്പുര-കണ്ണൂർ ഗവ. മെഡിക്കൽ കോളജ്, നെരുവമ്പ്രം-കണ്ണപുരം-ഒഴക്രോം റോഡ് വികസനവുമായി ബന്ധപ്പെട്ടാണ് അഴിമതി നടന്നതായി വിജിലൻസ് കണ്ടെത്തിയിരിക്കുന്നത്. ഈ റോഡുകളുടെ വികസനത്തിനായി 86 മരങ്ങളാണ് മുറിച്ചുമാറ്റിയിരിക്കുന്നത്. റോഡുകളുടെ വികസനത്തിന് മരങ്ങൾ തടസമാണെന്നു കാണിച്ച് പിഡബ്ല്യുഡി വിഭാഗം സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് റിപ്പോർട്ട് നൽകിയിരുന്നു. തുടർന്ന് സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റ ഈ മരങ്ങൾക്ക് വിലയിടുകയും ചെയ്തു. ചന്തപ്പുര-കണ്ണൂർ ഗവ. മെഡിക്കൽ കോളജ് റോഡിലെ നാലു മരങ്ങൾക്ക് 58,950 രൂപയാണ് സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റിലയിട്ടത്. മറ്റു റോഡിലെ 82 മരങ്ങൾക്ക് 5,85,000 രൂപയും വിലയിട്ടു. എന്നാൽ, സുതാര്യമായ ലേലനടപടികൾ നടന്നിട്ടില്ലെന്നാണ് വിജിലൻസിന്റെ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയത്. ആറുലക്ഷം രൂപയ്ക്കു മുകളിൽ സർക്കാരിലേക്ക് ലഭിക്കേണ്ടതായിരുന്നുവെന്നും മരം മുറിച്ചുമാറ്റിയിട്ടും സർക്കാരിന് പണം ലഭിച്ചിട്ടില്ലെന്നും ലേലം നടക്കുന്ന വിവരം പത്രങ്ങളിൽ പരസ്യം ചെയ്തിട്ടില്ലെന്നും വിജിലൻസ് സംഘം ചൂണ്ടിക്കാട്ടി.സോഷ്യൽ ഫോറസ്ട്രി വിലയിട്ടു കൊടുത്താൽ വനംനികുതി അടയ്ക്കണം. എന്നാൽ, വനം നികുതിയും സർക്കാരിലേക്ക് ഇതുവരെ അടച്ചിട്ടില്ല. സോഷ്യൽ ഫോറസ്ട്രിയാണ് സർക്കാരിലേക്ക് വനംനികുതി അടയ്ക്കേണ്ടത്. സോഷ്യൽ ഫോറസ്ട്രിക്കും വീഴ്ച സംഭവിച്ചെന്നാണ് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിരിക്കുന്നത്. പിഡബ്ല്യുഡിയുടെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ചയാണ് ഉണ്ടായിരിക്കുന്നതെന്നും വിജിലൻസ് പറയുന്നു. സംഭവുമായി ബന്ധപ്പെട്ട് പിഡബ്ല്യുഡിയുടെ മാടായി സെക്ഷൻ ഓഫീസിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നു. എന്നാൽ, മരംമുറിയെക്കുറിച്ച് വ്യക്തമായ ഉത്തരം നൽകാൻ പിഡബ്ല്യുഡി അധികൃതർക്ക് കഴിഞ്ഞിട്ടില്ല. കണ്ണൂർ റോഡ്സ് വിഭാഗം അസി.എക്സിക്യൂട്ടീവ് എൻജിനിയറുടെ വീഴ്ചയും വിജിലൻസ് പരിശോധിച്ചുവരികയാണ്. ലേലം നടക്കാത്ത മരങ്ങൾ ഇപ്പോൾ എവിടെയാണെന്നതിനെക്കുറിച്ചും മറിച്ചു വില്പന നടത്തിയോ എന്ന കാര്യത്തെക്കുറിച്ചും വിജിലൻസ് പരിശോധിക്കുന്നുണ്ട്.

# നിയുക്തി തൊഴിൽ മേള നടത്തി

**കണ്ണൂർ :** ഏത് തൊഴിലിനും അതിന്റേതായ പവിത്രതയും മഹത്വവുമുണ്ടെന്ന് രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ പറഞ്ഞു. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പിന്റെ കീഴിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ ചൊവ്വ ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന നിയുക്തി തൊഴിൽ മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഏത് തൊഴിലും ചെയ്യാനുള്ള സന്നദ്ധതയാണ് എല്ലാ ഉദ്യോഗാർത്ഥികളിലും ഉണ്ടാവേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ അധ്യക്ഷയായി. കോർപറേഷൻ കൗൺസിലർ സി.എം. പത്മജ, ചൊവ്വ എച്ച്.എസ്.എസ് ഹെഡ്മാസ്റ്റർ കെ. വിനോദ് കുമാർ എന്നിവർ സംസാരിച്ചു. ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ എം.ആർ രവികുമാർ സ്വാഗതവും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ഇൻ ചാർജ്ജ് രമേശൻ കുനിയിൽ നന്ദിയും പറഞ്ഞു.4750 ഉദ്യോഗാർത്ഥികളും 55 കമ്പനികളും ആണ് മേളയിൽ രജിസ്റ്റർ ചെയ്തത്. ആസ്റ്റർ മിംസ്, വാസൻ ഐ കെയർ, ഐ ട്രസ്റ്റ് ഐ കെയർ, യുഎൽടിഎസ്, ബിസിനസ് റിസർച്ച് ആൻഡ് അനലിറ്റിക്സ് തുടങ്ങിവിവിധ പ്രമുഖ സ്ഥാപനങ്ങൾ പങ്കെടുത്തു.മേളയിൽ ഇന്ത്യൻ വ്യോമസേനയുടെ സ്റ്റാൾ മികച്ച പ്രതികരണം നേടി. അടുത്ത വ്യോമസേന റിക്രൂട്ട്മെൻറ് ഫെബ്രുവരി മധ്യത്തിൽ നടക്കാനിരിക്കെയാണ് മലയാളിയായ കോർപറൽ പികെ ഷെറിൻ, സർജൻറുമാരായ ഡിജെ സിംഗ്, സുരേഷ് എന്നിവർ യുവാക്കൾക്ക് വ്യോമസേനയെക്കുറിച്ച് അവബോധവും മോട്ടിവേഷൻ ക്ലാസും നൽകിയത്. കൊച്ചി കാക്കനാട്ടെ 14 എയർമെൻ സെലക്ഷൻ സെൻറർ, ഇന്ത്യൻ എയർഫോഴ്സ് കാക്കനാടിന്റെ നേതൃത്വത്തിലായിരുന്നു കാമ്പയിൻ. വ്യോമസേനയുടെ റിക്രൂട്ട്മെൻറിനുള്ള യോഗ്യത, വ്യോമസേനാംഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ, തുടർപഠനാവസരം, വിരമിച്ച ശേഷമുള്ള സെക്കൻറ് കരിയറിനുള്ള അവസരം എന്നിയെക്കുറിച്ച് വിശദമായ വിവരങ്ങൾ നൽകി.ജനുവരി എട്ടിന് കാഞ്ഞങ്ങാട് നെഹ്റു കോളജിൽ നടക്കുന്ന നിയുക്തി ജോബ് ഫെസ്റ്റിലും വ്യോമസേനയുടെ സാന്നിധ്യം ഉണ്ടാവും.

KASARAGOD

## അറിയിപ്പ്




### അധ്യാപക ഒഴിവ്

മൊഗ്രാൽപുത്തൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ ഹൈസ്കൂൾ ടീച്ചർ (മാത്തമാറ്റിക്സ്) അധ്യാപക ഒഴിവുണ്ട്. അഭിമുഖം ജനുവരി നാലിന് രാവിലെ 10.30 ന് സ്കൂൾ ഓഫീസിൽ വെച്ച്. ഫോൺ: 9809794930, 9400006496, 04994232969

### പരിശീലനം

പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് മൂന്നു മാസത്തെ സൗജന്യ ഡ്രൈവിംഗ് പരിശീലനം നൽകുന്നു. കാസർകോട് വിദ്യാനഗറിലുള്ള ഗവ ഐ.ടി.ഐ യിലാണ് പരിശീലനം. പരിശീലനകാലയളവിൽ പഠിതാക്കൾക്ക് സ്റ്റൈപെൻഡ് നൽകും. താല്പര്യമുള്ളവർ ജാതി, വരുമാനം ,വയസ്സ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും റേഷൻകാർഡ്, ആധാർകാർഡ്, സ്കൂൾ സർട്ടിഫിക്കറ്റുകൾ എന്നിവയും പകർപ്പുകളും സഹിതം ജനുവരി ആറിന് രാവിലെ 10 ന് വദ്യാനഗറിലുള്ള ഗവ. ഐടിഐ യിൽ എത്തണം. ഫോൺ : 04994256440

### ഒഴിവ്

സമഗ്രശിക്ഷാ കേരളം കാസർകോട് ജില്ലാ പ്രോജക്ട് ഓഫീസിനു കീഴിലുള്ള ബി.ആർ.സി.കളിൽ സ്പെഷ്യൽ എജ്യൂക്കേറ്റർ തസ്തികകളിൽ ഒഴിവുണ്ട്. ബിരുദവും ദ്വിവത്സര ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ/ ബിഎഡ് ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ ആണ് യോഗ്യത. യോഗ്യരായവർ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ജനുവരി ആറിനകം ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ ഓഫീസിൽ നേരിട്ടോ ജില്ലാ പ്രോജക്ട് ഓഫീസ്, സമഗ്രശിക്ഷാ കേരളം,സബ് ജയിലിന് പിറകുവശം, കാസറർകോട് - 671 121 എന്ന വിലാസത്തിലോ അപേക്ഷിക്കണം. ഫോൺ: 04994-230316

### അപേക്ഷിക്കാം

സംസ്ഥാനത്തെ ഏഴ് തീരദേശ പോലീസ് സ്റ്റേഷനുകളിൽ ഒഴിവുള്ള 36 കോസ്റ്റൽ വാർഡൻ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. തീരപ്രദേശത്ത് താമസിക്കുന്ന പരമ്പരാഗത മത്സ്യ തൊഴിലാളി വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. നിയമനത്തിൽ സ്ത്രീകൾക്ക് മുൻഗണന നൽകും. തൃക്കരിപ്പൂർ, ബേക്കൽ, കുമ്പള,അഴീകോട്, മുനക്കകടവ്, അഴീക്കൽ, തലശ്ശേരി എന്നീ തീരദേശ പോലീസ് സ്റ്റേഷനുകളിലാണ് ഒഴിവുകൾ. പ്രായം 2021 ജനുവരി ഒന്നിന് 18 നും 50 നും മദ്ധ്യേ. പ്രായം കുറഞ്ഞവർക്ക് മുൻഗണന ലഭിക്കും. പത്താം തരം അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം. കടലിൽ നീന്താനുള്ള കഴിവ് നിർബന്ധമാണ്. അപേക്ഷാ ഫോം കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapolice.gov.in ൽ ലഭ്യമാണ്. പ്രായം, വിദ്യാഭ്യാസ യോഗ്യത, ഫിഷർമെൻ സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് എന്നീ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അപേക്ഷകൾ സഹിതം തീരദേശ പോലീസ് ആസ്ഥാനത്ത് ജനുവരി 15 ന് വൈകിട്ട് അഞ്ചിനകം നേരിട്ടോ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, കോസ്റ്റൽ പോലീസ്, കോസ്റ്റൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, മറൈൻ ഡ്രൈവ്, എറണാകുളം ജില്ല, പിൻകോഡ്- 682031 എന്ന വിലാസത്തിലോ ലഭിക്കണം.



# പുതുവത്സരത്തിൽ 10000 വീടുകൾ പൂർത്തീകരിച്ച് ലൈഫ് മിഷൻ

**കാസർകോട്:** എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി കാസർകോട് ജില്ലയിൽ ഇതുവരെ പൂർത്തീകരിച്ചത് 10000 കുടുംബങ്ങളുടെ പാർപ്പിട സ്വപ്നങ്ങൾ.മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി ജില്ലയിൽ നടപ്പിലാക്കിവരുന്നത്. മുൻകാലങ്ങളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുകയും എന്നാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാതെ നിർമ്മാണം നിലച്ചു പോയ ഭവനങ്ങൾ കണ്ടെത്തി അത്തരത്തിലുള്ള ഭവ നങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്ന പ്രവൃത്തിയാണ് ലൈഫ് മിഷൻ ആദ്യഘട്ടത്തിൽ ഏറ്റെടുത്ത് നടത്തിയത്. അത്തരത്തിൽ ലൈഫ് ഒന്നാം ഘട്ടത്തിൽ ജില്ലയിൽ കണ്ടെത്തിയ 2920 ഗുണഭോക്താക്കളിൽ 2876 വീടുകളുടെ നിർമ്മാണം പൂർത്തികരിച്ചു.രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്കു വേണ്ടിയുള്ള ഭവന നിർമ്മാണമാണ് നടന്നു വരുന്നത്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിലായിരുന്നു സർവ്വേ നടത്തിയത്. തുടർന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കും ജില്ലാ കളക്ടർക്കും അപ്പീൽ നൽകാൻ അവസരമുണ്ടായിരുന്നു. ഈ ലിസ്റ്റിൽ ഉൾപ്പെട്ട 3830 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും ഇവരിൽ 3713 ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഇതിൽ 3488 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.ഭവനനിർമ്മാണത്തിന് ഒരു ഗുണഭോക്താവിന് നാല് ലക്ഷം രൂപയാണ് സധനസഹായം നൽകുന്നത്. വിദൂരസങ്കേതങ്ങളിലുള്ള പട്ടിക വർഗ്ഗ ഗുണഭോക്താവിന് ആറ് ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുന്നത്. ഗ്രാമ പഞ്ചായത്തുകളിൽ ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നിർമ്മാണ വേളയിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ 90 വിദഗ്ധ തൊഴിൽ ദിനങ്ങൾ ലഭിക്കുന്നതിനും അർഹതയുണ്ട്. ഭൂരഹിത ഭവനരഹിതർക്ക് ഭൂമിയും വീടും ലഭ്യമാക്കുക എന്ന ദൗത്യമാണ് ലൈഫ് മൂന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഭൂരഹിത ഭവനരഹിതരുടെ പട്ടികയിൽ നിന്നും സ്വന്തമായോ സർക്കാർ ധനസഹായം വഴി ഭൂമി ലഭിച്ച എല്ലാവർക്കും ഭവന നിർമ്മാണത്തിനുള്ള ധനസഹായം ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ മുഖേന നൽകി വരുന്നു. ഇത്തരത്തിൽ ഭൂമി ലഭ്യമായവരിൽ 761 പേരിൽ 458 ുടുംബങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ജില്ലയ്ക്ക് സാധിച്ചിട്ടുണ്ട്. എസ് സി, എസി.ടി, ഫിഷറീസ് വകുപ്പ് മുഖാന്തിരം ലൈഫ് മിഷന് കൈമാറിയ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു. ഇത്തരത്തിൽ അർഹരായി കണ്ടെത്തിയ 1502 കുടുംബങ്ങളിൽ 44 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കടും പട്ടികജാതി വകുപ്പിൽ വികപട്ടിക വർഗ്ഗ വകുപ്പിൽ 5 വീടുകളും ഫിഷറീസ് വകുപ്പിൽ 80 വീടുകളും നീട്ടി വകുപ്പിൽ 13 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.കാസറഗോഡ് ജില്ലയിൽ ചെമ്മനാട് ഗ്രാമ പഞ്ചായത്തിലെ ചട്ടഞ്ചാലിൽ പ്രഥമ ലൈഫ് ഭവനസമുച്ചയത്തിന്റെ നിർമ്മാണം കോവിഡ് 19 മൂലമുണ്ടായ ലോക്ഡൗൺ കാരണം മന്ദഗതിയിലായിരുന്നുവെങ്കിലും നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരെ ഉൾപ്പെടുത്തുന്നതിനായി 2021 ആഗസ്ത്, സെപതംബർ, 2021 ഫെബ്രുവരി മാസങ്ങളിലായി ഓൺലൈൻ അപേക്ഷ സ്വീകരിക്കുകയും അതിന്മേലുള്ള അർഹതാ പരിശോധന 3 മുനിസിലിപ്പാലിറ്റികളിലും 38 ഗ്രാമപഞ്ചായത്തുകളിലുമായി പുരോഗമിക്കുന്നു.

# കാര്യങ്കോട് പാലം: അപകടാവസ്ഥ പരിഹരിക്കണം

**കാസർകോട്:** ദേശീയപാത 66 ൽ കാര്യങ്കോട് പാലത്തിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ ദേശീയ പാത അതോറിറ്റി അധികൃതരോട് ജില്ലാ വികസന സമിതിയോഗം നിർദ്ദേശിച്ചു. ഉദ്യോഗസ്ഥർ അടിയന്തര പരിശോധന നടത്തി റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചു. എം.രാജഗോപാലൻ എം എൽ എ യാണ് വിഷയം ഉന്നയിച്ചത്. പാലം പരിശോധിച്ചിരുന്നുവെന്നും പാലത്തിന്റെ തെക്ക് ഭാഗത്ത് നിന്നുള്ള മൂന്നാമത്തെയും നാലാമത്തേയും തൂണുകൾ താഴ്ന്നതായി കാണപ്പെടുന്നുണ്ടെന്നും എക്സ്പാൻഷൻ ജോയിന്റ് ക്രമാതീതമായി വികസിച്ചിട്ടുണ്ടെന്നും ദേശീയ പാത അസി.എക്സിക്യൂട്ടിവ് എൻജിനീയർ റിപ്പോർട്ട് ചെയ്തു. പാലത്തിൽ വാഹനങ്ങൾ പ്രവേശിക്കുമ്പോഴുള്ള കുലുക്കം ബെയറിംഗ് കേടുപാടുകൾ സൂചിപ്പിക്കുന്നുണ്ടെന്നും പാലത്തിന്റെ സൂപ്പർ സ്ട്രക്ചറിന്റെ മൂലകളിലുള്ള കോൺക്രീറ്റ് ഭാഗങ്ങൾ അടർന്നു വീണിട്ടുണ്ടെന്നും അറിയിച്ചു. അപാകതകൾ പരിഹരിക്കുന്നതിന് മൂന്ന് കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ ദേശീയ പാത വികസന പ്രവൃത്തി നടക്കുന്നതിനാൽ എസ്റ്റിമേറ്റ് അനുമതി ലഭിച്ചിരുന്നില്ല. ദേശീയ പാതയുടെ പരിപാലനവും ദേശീയപാത അതോറിറ്റിയുടെ പ്രവൃത്തിയിൽ ഉൾപ്പെട്ടതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ ദേശീയ പാത വികസന അതോറിറ്റിയോട് യോഗം ആവശ്യപ്പെട്ടു.വിനോദ സഞ്ചാര കേന്ദ്രമായ റാണിപുരത്തേക്ക് കെ എസ് ആർ ടി സി ബസ് സർവീസ് പുന:സ്ഥാപിക്കണമെന്ന് ഇ ചന്ദ്രശേഖരൻ എം എൽ എ ആവശ്യപ്പെട്ടു. ഇടത്തോട് - നീലേശ്വരം റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി ത്വരിതപ്പെടുത്തണമെന്ന് എം.എൽ എ ആവശ്യപ്പെട്ടു. കോടോത്ത് ഐ ടി ഐയ്ക്ക് ഭൂമി അനുവദിക്കണംപൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവൃത്തികളുടെ കാലതാമസം സംബന്ധിച്ച് പരിശോധന നടത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.റിസർവ്വേ സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ ഊർജിത നടപടിയുണ്ടാകണമെന്ന് സി എച്ച് കുഞ്ഞമ്പു എം എൽ എ പറഞ്ഞു. പതിനൊന്നു വില്ലേജുകളിൽ കൂടി റീസർവേ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള പരാതികൾ തീർപ്പാക്കണ.കശുവണ്ടി സംഭരണത്തിന് സർക്കാർ നടപടി സ്വീകരിക്കണമെന്നും കർഷകർക്ക് ന്യായവില ഉറപ്പാക്കണം.നിർമാണം പൂർത്തീകരിച്ച ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റുകളുടെ തുക അനുവദിക്കുന്നതിന് കാലതാമസം ഒഴിവാക്കി നടപടി സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.മംഗലാപുരത്തും മറ്റു സംസ്ഥാനങ്ങളിലും വിദേശത്തും മരിച്ച കാസർകോടുകാരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് എൻ എ നെല്ലിക്കുന്ന് എം എൽ എ പറഞ്ഞു. കാസറഗോഡ് ആർഡിഒ കോംപ്ലക്സ് മിനിസിവിൽ സ്റ്റേഷൻ എന്നിവയുടെ നിർമാണത്തിന് നടപടിയുണ്ടാകണം. കാസർകോട് മത്സ്യബന്ധന തുറമുഖത്തിന്റ വികസന പ്രവർത്തനങ്ങൾക്കുള്ള തടസ്സങ്ങൾ പരിഹരിക്കരിക്കണമെന്നും തളങ്കര ടൂറിസം വികസനം യാഥാർത്ഥ്യമാക്കണമെന്നും എം എൽ എ പറഞ്ഞുമംഗൽപാടി പഞ്ചായത്തിലെ കുബന്നൂർ വിസിബി കംബ്രിഡ്ജ് പുതുക്കി പണിയണമെന്ന് എ കെ എം അഷറഫ് എം എൽ എ പറഞ്ഞു. ഇതിന് ഭരണാനുമതി നൽകിയതായി കാസറഗോഡ് വികസന പാക്കേജ് സ്പെഷ്യൽ ഓഫീസർ അറിയിച്ചു. ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിനയുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്പെഷ്യൽ മെഡിക്കൽ ബോർഡുകൾ ചേർന്ന് തീരുമാനമെടുക്കണമെന്ന് എംഎൽഎ പറഞ്ഞു.അക്കേഷ്യ മരങ്ങൾ മുറിച്ചു നീക്കം ചെയ്യാൻ നടപടി ത്വരിതപ്പെടുത്തണമെന്നും ജനപ്രതിനിധികൾ ആവശ്യപ്പെട്ടു. 105 ഹെക്ടർ അക്കേഷ്യ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്ന് ഡി എഫ് ഒ അറിയിച്ചു. അനുമതി ലഭിച്ചാൽ ടെണ്ടർ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു.വലിയപറമ്പയിൽ കല്ലുമ്മക്കായ വിത്തുല്പാദന കേന്ദ്രം ആരംഭിക്കുന്നതിന് റവന്യൂ ഭൂമി ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു. യോഗത്തിൽ എഡി.എം എ കെ രമേന്ദ്രൻ അധ്യക്ഷത വഹിച്ചു. ജില്ലാ പ്ലാനിംഗ് ഓഫീസർ എ.എസ് മായ റിപ്പോർട്ട് അവതരിപ്പിച്ചു. എം എൽ എ മാരായ എ കെ എം അഷറഫ് എൻ എ നെല്ലിക്കുന്ന് സി എച്ച് കുഞ്ഞമ്പു, ഇ ചന്ദ്രശേഖരൻ, എം. രാജഗോപാലൻ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് കെ പി വത്സലൻ , നീലേശ്വരം നഗരസഭ ചെയർപേഴ്സൺ ടി വി .ശാന്ത കാസറഗോഡ് എം പി യുടെ പ്രതിനിധി സാജിദ് മൗവൽ ജില്ലാതല ഉദ്യോഗസ്ഥർ പങ്കെടുത്തു.

## മണ്ണെണ്ണ പെർമിറ്റ് അനുവദിക്കാൻ പരിശോധന

**കാസർകോട്:** സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യത്തിലേക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനായി വള്ളവും എഞ്ചിനും പരിശോധിക്കും. ഫിഷറീസ് , മത്സ്യഫെഡ്, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സംയുക്തമായിട്ടായിരിക്കും പരിശോധന നടത്തുക. ജനുവരി 16ന് തീരദേശ ജില്ലകളിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 വരെയായിരിക്കും പരിശോധന. മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന പ്രവർത്തനക്ഷമമായ വള്ളവും എഞ്ചിനും ഒരുമിച്ച് അവയുടെ യഥാർഥ രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. പത്ത് വർഷം വരെ പഴക്കമുള്ള എഞ്ചിനുകളാണ് പരിശോധനക്ക് വിധേയമാക്കേണ്ടത്.പരിശോധനക്കായി മത്സ്യത്തൊഴിലാളികൾ അനുബന്ധ രേഖകൾ സഹിതം മുൻകൂർ അപേക്ഷ നൽകണം. അപേക്ഷ ഫോറം മത്സ്യഫെഡ് , ക്ലസ്റ്റർ ഓഫീസ് , മത്സ്യഫെഡ് പ്രാഥമിക സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്ന് സൗജന്യമായി ലഭിക്കും. അപേക്ഷഫോറത്തിന്റെ ഫോട്ടോകോപ്പിയിൽ അപേക്ഷിക്കരുത്. ജനുവരി 8 വരെ അപേക്ഷ സ്വീകരിക്കും. അപേക്ഷയോടൊപ്പം വള്ളം/എഞ്ചിൻ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് , നിലവിലെ പെർമിറ്റിന്റെ പകർപ്പ് , എൻജിൻ വാങ്ങിയതായ ഇൻവോയ്സ്/ബിൽ , റേഷൻ കാർഡ് (ഒന്നും രണ്ടും പേജുകൾ), ക്ഷേമനിധി ബോർഡ് കാർഡ്, തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ/ ആധാർ കാർഡ്/ബയോ മെട്രിക് കാർഡ് ഇവയിലേതെങ്കിലും ഒന്ന് എന്നിവയുടെ പകർപ്പുകൾ സഹിതം അതാത് പ്രദേശത്തെ മത്സ്യഫെഡ് ക്ലസ്റ്റർ ഓഫീസിൽ നൽകണം. അപേക്ഷ സ്വീകരിക്കുന്ന സമയം യഥാർഥ രേഖകളും പരിശോധനയ്ക്ക് വിധേയമാക്കും. ഓരോ എഞ്ചിനും പ്രത്യേകം അപേക്ഷ നൽകണം. പ്രസ്തുത പരിശോധനയ്ക്ക് ഹാജരാകാത്ത അപേക്ഷകനെ അടുത്ത വർഷത്തെ ഏകദിന സംയുക്ത പരിശോധനാ വേളയിൽ മാത്രമേ പെർമിറ്റിനായി പരിഗണിക്കൂവെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## കായലിൽ മത്സ്യ ബന്ധനത്തിന് തടസമായി ജെല്ലി ഫിഷുകൾ



**തൃക്കരിപ്പൂർ:** ജെല്ലി ഫിഷുകൾ പെരുകിയതോടെ കവ്വായിക്കായലിൽ തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ദുരിതം. ഉപജീവനത്തിന് കായലിൽ മത്സ്യബന്ധനം നടത്തിവരുന്ന തൊഴിലാളികളാണ് കൂട്ടമായി എത്തിയ ജെല്ലി ഫിഷുകളെ തൊട്ടാലുള്ള ചൊറിച്ചിൽ മൂലം വലയുന്നത്. കഴിഞ്ഞ രണ്ടാഴ്ചയായി കവ്വായി കായലിലെ വലിയപറമ്പ്, ഇടയിലെക്കാട്, മാടക്കാൽ തുടങ്ങിയ മേഖലകളിലൊക്കെ വിലസുകയാണ് ജെല്ലി ഫിഷുകൾ. നീല നിറത്തിലും തവിട്ടു നിറത്തിലും പുറം തൊലിയുള്ള ജെല്ലി ഫിഷുകൾ കായലിലെ മത്സ്യബന്ധന തൊഴിലാളികൾക്ക് ചെറിയ കഷ്ടപ്പാടല്ല വരുത്തിവയ്ക്കുന്നത്. പലതരം വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികളുടെ വലയിൽ ഇവ കുരുങ്ങിയാൽ ഇവർക്ക് മുട്ടൻ പണിയായി. വലയിൽനിന്നും ജെല്ലി ഫിഷുകളെ നീക്കാൻ ഏറെ സാഹസപ്പെടണം.കൈകളിലോ മറ്റ് ശരീര ഭാഗങ്ങളിലോ മുട്ടിയാൽ ചൊറിഞ്ഞ് തടുക്കും. അതുകൊണ്ട് തന്നെ തൊഴിലാളികൾ ഇവിടങ്ങളിൽ മത്സ്യബന്ധനം താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. രാവിലെ മുതൽ ഉച്ചവരെ ബണ്ടുകൾക്ക് സമീപത്ത് ഇവ കൂട്ടത്തോടെ നീന്തി നടക്കുകയാണ്. സാധാരണ പുലർച്ചെ മുതൽ കായലിൽ തോണിയുമായി തൊഴിലിനിറങ്ങുന്ന മത്സ്യതൊഴിലാളികൾ ആഴ്ചകളായി ആശങ്കയിലാണ്.


# സംശയാസ്പദമായി പിടികൂടിയ കുട്ടികൾക്കും മാതാവെന്ന് അവകാശപ്പെടുന്ന സ്ത്രീയ്ക്കും ഡി എൻ എ പരിശോധന




**കാഞ്ഞങ്ങാട്:** ഭിക്ഷാടന മാഫിയ പിടിമുറുക്കിയെന്ന സൂചനയെ തുടർന്ന് കാഞ്ഞങ്ങാട്ട് പൊലീസ് നടത്തിയ പരിശോധനയ്ക്കിടെ കസ്റ്റഡിയിലെടുത്ത രണ്ടുകുട്ടികളേയും ഇവരുടെ മാതാവെന്ന് അവകാശപ്പെട്ട സ്ത്രീയ്ക്കും ഡി.എൻ.എ പരിശോധന നടത്തും.കഴിഞ്ഞ ദിവസമാണ് കാഞ്ഞങ്ങാട് കോട്ടച്ചേരി ബസ് സ്റ്റാൻഡ് പരിസരത്ത് നിന്ന് എട്ടും പതിനെട്ടും വയസുള്ള രണ്ട് കുട്ടികളെ ഭിക്ഷാടനം നടത്തുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ഹോസ്ദുർഗ് പൊലീസ് കസ്റ്റഡിയിലെടുത്തത്.കുട്ടികളെ പരവനടുക്കം മഹിളാ മന്ദിരത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഇവരെ ഭിക്ഷാടനത്തിന് അയച്ച തമിഴ്നാട് സ്വദേശി മല്ലിക(38) യേയും പൊലീസ് കസ്റ്റഡിയിലെടുത്തിരുന്നു.തന്റെ മക്കളാണെന്നാണ് മല്ലിക പൊലീസിന് നൽകിയ മൊഴി. തനിക്ക് ഒൻപതുമക്കളുണ്ടെന്നും ഇവർ മൊഴി നൽകിയിട്ടുണ്ട്. ഇവരെയെല്ലാം ഭിക്ഷാടനത്തിന് ഇറക്കുന്നുണ്ടെന്ന സംശയവും പൊലീസിനുണ്ട്. ഇതു സംബന്ധിച്ച് വ്യക്തത ലഭിക്കാനാണ് മൂന്നുപേരെയും ഡി.എൻ.എ പരിശോധനയ്ക്ക് വിധേയമാക്കാൻ തീരുമാനിച്ചതെന്ന് ഡിവൈ.എസ്.പി ഡോ.വി.ബാലകൃഷ്ണൻ പറഞ്ഞു.കൊവിഡിനെ തുടർന്ന് ഇടക്കാലത്ത് നിലച്ചിരുന്ന ബാലഭിക്ഷാടനം സജീവമായ സാഹചര്യത്തിലാണ് പൊലീസ് ഇടപെടൽ. ചിൽഡ്രൻ ആൻഡ് പൊലീസ് പദ്ധതിപ്രകാരമാണ് കുട്ടികളെ രക്ഷപ്പെടുത്തുന്നത്. കാസർകോട് ജില്ലയിൽ നേരത്തെ ആറു കുട്ടികളെ രക്ഷപ്പെടുത്തിയതായും ഡിവൈ.എസ്.പി പറഞ്ഞു.കുട്ടികൾ ഭിക്ഷാടകരായി എത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇവർക്ക് പിന്നിൽ മാഫിയ പ്രവർത്തിക്കുന്നുണ്ടോയെന്ന് സംശയമുണ്ട്.ഇത് കണ്ടെത്താനുള്ള ശ്രമത്തിലാണ് പൊലീസ് ഡോ.വി.ബാലകൃഷ്ണൻ എ.സതീഷ്, ഷോളയൂർ ഡെപ്യൂട്ടി റേഞ്ച് ഓഫീസർ.

## റോഡ് പ്രവൃത്തി തുടങ്ങാത്തതിനെതിരേ വ്യാപാരികൾ പ്രക്ഷോഭത്തിലേക്ക്

**രാജപുരം:** കാഞ്ഞങ്ങാട്-പാണത്തൂർ സംസ്ഥാനപാതയിൽ പൂടംകല്ല് മുതൽ ചിറങ്കടവ് വരെയുള്ള ഭാഗത്തു മാത്രം നവീകരണ പ്രവൃത്തികൾ ഇനിയും തുടങ്ങാത്തതിനെതിരേ രാഷ്ട്രീയ-സാമൂഹിക പ്രവർത്തകരെ ഉൾക്കൊള്ളിച്ചുകൊണ്ട് ശക്തമായ സമരപരിപാടികൾ സംഘടിപ്പിക്കുമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി രാജപുരം യൂണിറ്റ് യോഗം അറിയിച്ചു. ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടും പ്രവൃത്തികൾ തുടങ്ങാത്തത് ബന്ധപ്പെട്ടവർ തമ്മിലുള്ള ഒത്തുകളിയുടെ ഭാഗമാണെന്ന് സംശയിക്കാവുന്നതാണെന്ന് യോഗം ചൂണ്ടിക്കാട്ടി.പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ ആവശ്യമായ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും പൂർത്തീകരിച്ചിട്ടും വിദഗ്ധ ഡോക്ടർമാരുടെ സേവനം നാളിതുവരെയായിട്ടും ലഭ്യമാകാത്തതിലും യോഗം പ്രതിഷേധിച്ചു. യൂണിറ്റ് പ്രസിഡൻറ് പി.ടി. തോമസ്, ജനറൽ സെക്രട്ടറി എം.എം. സൈമൺ, കെ. സുധാകരൻ, ജോബി തോമസ്, എം.ആർ. മധുകുമാർ, സി.ടി. ലൂക്കോസ് എന്നിവർ പ്രസംഗിച്ചു.




# ബ്ലാക്ക്ബെറി പ്രവർത്തനം അവസാനിപ്പിക്കുന്നു; ജനുവരി 4 മുതൽ സേവനങ്ങൾ ലഭിക്കില്ല

ബ്ലാക്ക്ബറി പ്രവർത്തനം അവസാനിപ്പിക്കുന്നു. രണ്ടായിരത്തിന്റെ അവസാനം വരെ ബ്ലാക്ക്ബെറി ഫോൺ സ്വന്തമാക്കാൻ ആഗ്രഹിച്ചിരുന്നവരാണ് ലോകത്തെ ബഹുഭൂരിപക്ഷവും.ഐഫോണിന്റെയും ആൻഡ്രോയിഡിന്റെയും കുത്തൊഴുക്കിൽ പെട്ട് പ്രതാപം നഷ്ടപ്പെട്ട ബ്ലാക്ക്ബറി ഒഎസ് പ്രവർത്തനം അവസാനിപ്പിക്കുകയാണ്. ജനുവരി നാല് മുതൽ ബ്ലാക്ക്ബറി സേവനങ്ങൾ ലഭിക്കില്ല. ഫോൺ കോളുകൾ ഉൾപ്പടെയുള്ള യാതൊരു സേവനങ്ങളും ബ്ലാക്ക്ബറി ഒഎസിൽ ഉണ്ടാകില്ല. നിലവിൽ ബ്ലാക്ക്ബറി ഉപയോഗിക്കുന്നവർ മറ്റ് ബ്രാൻഡുകളിലേക്കോ അല്ലെങ്കിൽ ബ്ലാക്ക്ബറിയുടെ തന്നെ ആൻഡ്രോയിഡ് ഡിവൈസുകളിലേക്കോ മാറേണ്ടിവരും.കാലത്തിനൊത്ത മാറ്റങ്ങൾ കൊണ്ടുവന്നില്ലെങ്കിൽ എത്ര വമ്പന്മാരാണെങ്കിലും മൂക്കുകുത്തി വീഴും എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ബ്ലാക്ക്ബറി. കൂട്ടത്തിൽ നോക്കിയ ഉണ്ടെങ്കിലും ബ്ലാക്ക്ബറിയെപ്പോലെ ആയില്ല എന്നുമാത്രം. 1999ൽ ആണ് കനേഡിയൻ കമ്പനിയായ ബ്ലാക്ക്ബറി ലിമിറ്റഡ് സന്ദേശങ്ങൾ അയക്കാനും സ്വീകരിക്കാനും സാധിക്കുന്ന ടു-വെ പേജറുമായി വിപണിയിലെത്തുന്നത്. 2002ൽ ബിസിനസുകാരെ ലക്ഷ്യമിട്ട് കമ്പനി ആദ്യ മൊബൈൽ ഫോൺ ബ്ലാക്ക്ബറി 5810 അവതരിപ്പിച്ചു. ഻ലൈ കിപാഡ് ആയിരുന്നു ബ്ലാക്ക്ബറിയുടെ മുഖമുദ്ര. ബ്ലാക്ക്ബറി പേൾ, കർവ്, ബ്ലാക്ക്ബറി ബോൾഡ് തുടങ്ങിയ മോഡലുകളിലൂടെ കമ്പനി ആഗോള പ്രശസ്തമായ ബ്രാൻഡായി ഉയർന്നു.വെറും ഻ലൈ കീപാടുകൾ മാത്രമായിരുന്നില്ല ബ്ലാക്ക്ബറിയുടെ സവിശേഷത. ബ്ലാക്ക്ബറി ഒഎസ് നൽകുന്ന സുരക്ഷിതത്വം, ബ്ലാക്ക്ബറി മെസഞ്ചർ, ഇന്റർനെറ്റ് ഉപയോഗിക്കാനുള്ള സൗകര്യം തുടങ്ങിയവ ബിസിനസ് ലോകത്തും യുവാക്കൾക്കിടയിലും ബ്ലാക്ക്ബറിയെ സ്വീകാര്യമാക്കി. 2007ൽ ഐഫോൺ എത്തിയതും ആൻഡ്രോയിഡ് ഫോണുകൾ വ്യാപകമായി തുടങ്ങിയതുമാണ് ബ്ലാക്ക്ബറിക്ക് തിരിച്ചടിയായത്. 2010 ഓടെ ബ്ലാക്ക്ബറിയെ പിന്തള്ളി ഐഫോൺ യുഎസ് മാർക്കറ്റിലെ ജനപ്രിയ മോഡലായി. 2013ലെ കണക്ക് അനുസരിച്ച് ലോകത്ത് 85 മില്യൺ ബ്ലാക്ക്ബറി സബ്സ്ക്രൈബർമാരാണ് ഉണ്ടായിരുന്നത്. 2016ൽ അത് 23 മില്യണായി ഇടിഞ്ഞു.ഫുൾ ടച്ച് ഫോണുകളുടെ കാലത്ത് കീപാഡ് ഫോണുകൾ ഇറക്കിയതും ക്യാമറ ഉൾപ്പടെയുള്ള സെഗ്മെന്റുകളെ അവഗണിച്ചതും ബ്ലാക്ക്ബറിക്ക് വിനയായി. ഐഫോണും ആൻഡ്രോയിഡും നൽകിയ ആപ്ലിക്കേഷനിലെ വൈവിധ്യവും ബ്ലാക്ക്ബറിക്ക് ന്‍ൽകാനായില്ല. സാധാരണക്കാരുടെ ഫോണായി മാറുന്നതിലും ബ്ലാക്ക്ബറി രാജയപ്പെട്ടിരുന്നു. പിടിച്ചു നിൽക്കാനുള്ള ശ്രമിത്തിന്റെ ഭാഗമായി ബ്ലാക്ക്ബറി, ആൻഡ്രോയിഡ് ഫോൺ ഇറക്കാൻ ആരംഭിച്ചിരുന്നു. ടിസിഎൽ ഉൾപ്പടെയുള്ള കമ്പനികളാണ് അവസാനമായി ബ്ലാക്ക്ബറിക്കായി ഫോണുകൾ ഇറക്കിയത്. ബ്ലാക്ക്ബറി കീ2 ആണ് ഏറ്റവും ഒടുവിലായെത്തിയ ബ്ലാക്ക്ബറി മോഡൽ. ടെക്സാസ് ആസ്ഥാനമായ ഓൺവേഡ് മൊബിലിറ്റി 5ജി ബ്ലാക്ക്ബറി ഫോണുകൾ ഇറക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. 2021ൽ എത്തുമെന്ന് പ്രതീക്ഷിച്ചിരുന്ന ബ്ലാക്ക്ബറി 5ജിയെക്കുറിച്ച് പിന്നീട് യാതൊരു വിവരവും കമ്പനി പങ്കുവെച്ചിട്ടില്ല.




# ജിഎസ്ടി വരുമാനത്തിൽ കുതിപ്പ്,കേരളത്തിന് ലോട്ടറി

**കൊച്ചി:** സസമ്പത്പ്രവർത്തനങ്ങൾ ഉഷാറായി തുടരുന്നുവെന്ന് വ്യക്തമാക്കി ഡിസംബറിലും ലഭിച്ചത് മികച്ച ജി.എസ്.ടി വരുമാനം.1.29 ലക്ഷം കോടി രൂപയാണ് ലഭിച്ചത്. ഇതിൽ 22,578 കോടി രൂപ കേന്ദ്ര ജി.എസ്.ടിയും 28,658 കോടി രൂപ സംസ്ഥാന ജി.എസ്.ടിയും 69,155 കോടി രൂപ സംയോജിത ജി.എസ്.ടിയുമാണ്. തുടർച്ചയായ മൂന്നാംമാസമാണ് 1.30 ലക്ഷം കോടി രൂപയ്ക്കടുത്ത് ജി.എസ്.ടി സമാഹരണം തുടരുന്നത്. 1,29,780 കോടി രൂപയാണ് കഴിഞ്ഞമാസം നേടിയത്.നവംബറിലെ ഇടപാടുകളുടെ നികുതി സമാഹരണമാണ് ഡിസംബറിൽ നടന്നത്. നവംബറിൽ ഇ-വേ ബില്ലുകളുടെ എണ്ണം ഒക്ടോബറിലെ 7.4 കോടിയിൽ നിന്ന് 17 ശതമാനം താഴ്ന്ന് 6.1 കോടിയിലെത്തിയെങ്കിലും നികുതിഅടവ് മെച്ചപ്പെട്ടതും കേന്ദ്ര-സംസ്ഥാന നികുതി വകുപ്പുകളുടെ മികച്ച പ്രവർത്തനവും വരുമാനം കൂടാൻ സഹായിച്ചുവെന്ന് ധനമന്ത്രാലയം അഭിപ്രായപ്പെട്ടു.ഇത് കൂടാതെ സെസ് ഇനത്തിൽ 9,389 കോടി രൂപയും ലഭിച്ചു. 2020 ഡിസംബറിലെ 1.15 ലക്ഷം കോടി രൂപയേക്കാൾ 13 ശതമാനവും 2019 ഡിസംബറിലെ 1.03 ലക്ഷം കോടി രൂപയേക്കാൾ 26 ശതമാനവും അധികമാണ് കഴിഞ്ഞമാസത്തെ സമാഹരണം. ഇറക്കുമതി ഉത്പന്നങ്ങളിൽ നിന്നുള്ള വരുമാനത്തിൽ കഴിഞ്ഞമാസം 36 ശതമാനം വർദ്ധനയുണ്ട് കേരളത്തിന്റെ വളർച്ച 7% ആണ്. ജി.എസ്.ടിയായി ഡിസംബറിൽ കേരളം നേടിയത് 1,895 കോടി രൂപ. 2020 ഡിസംബറിലെ 1,776 കോടി രൂപയേക്കാൾ ഏഴ് ശതമാനം അധികമാണ്. മഹാരാഷ്ട്ര (19,592 കോടി രൂപ), കർണാടക (8,335 കോടി രൂപ), ഗുജറാത്ത് (7,336 കോടി രൂപ) എന്നിവയാണ് ഏറ്റവുമധികം ജി.എസ്.ടി സമാഹരിച്ച സംസ്ഥാനങ്ങൾ.

# ഈ വർഷം ഇന്ത്യയിലെ തിരഞ്ഞെടുത്ത നഗരങ്ങളിൽ 5ജി ടെലികോം സേവനങ്ങൾ ആരംഭിക്കും

**ഡൽഹി:** 5ജി നെറ്റുവർക്കിനുവേണ്ടിയുള്ള ഇന്ത്യയുടെ കാത്തിരിപ്പ് ഈ വർഷം അവസാനിച്ചേക്കുമെന്നാണ് റിപ്പോർട്ടുകൾ. രാജ്യത്തെ ചില നഗരങ്ങളിലെങ്കിലും ഈ വർഷം 5ജി നെറ്റുവർക്ക് എത്തിയേക്കും.ടെലികോം ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം ഈ വർഷം ഇന്ത്യയിലെ തിരഞ്ഞെടുത്ത നഗരങ്ങളിൽ 5ജി ടെലികോം സേവനങ്ങൾ ആരംഭിക്കും ടെലികോം സേവനദാതാക്കളായ ഭാരതി എയർടെൽ, റിലയൻസ് ജിയോ, വോഡഫോൺ ഐഡിയ എന്നിവർ രാജ്യത്തെ ചില നഗരങ്ങളിൽ ഇതിനോടകം 5 ജി ട്രയൽ സൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 5ജി എത്താൻ സാധ്യതയുള്ള നഗരങ്ങൾ ഇങ്ങനെ, ഡൽഹി,ലഖ്നൗ,ചണ്ഡീഗഡ്,ഗുരുഗ്രാം,ബംഗളൂരു, കൊൽക്കത്ത,മുംബൈ,ജാംനഗർ,അഹമ്മദാബാദ്,ഗാന്ധിനഗർ,ഹൈദരാബാദ്,ചെന്നൈ , പൂനൈ

PRAVASI-WORLD



# ആനിമൽ റെയിൻ; മഴക്കൊപ്പം പെയ്തിറങ്ങിയത് തവളകൾ, ഞണ്ടുകൾ, ചെറുമത്സ്യങ്ങൾ

**ഓസ്റ്റിൻ:** യുഎസിലെ ടെക്സാസിൽ ഒരു അപൂർവ സംഭവം നടന്ന വാർത്തയാണ് ഇപ്പോൾ സാമൂഹിക മാധ്യമങ്ങളിൽ വൈറലായിരിക്കുന്നത്.സംഭവം എന്താണെന്ന് കേട്ടാൽ ചിലപ്പോൾ ആളുകൾ വിശ്വസിച്ചെന്നു വരില്ല. ഇവിടെ തവളകൾ, ഞണ്ടുകൾ, ചെറുമത്സ്യങ്ങൾ തുടങ്ങിയ ചെറുജലജീവികൾ ജലസ്രോതസ്സുകളിലേക്ക് ഒഴുകുമ്ബോൾ സംഭവിക്കുന്ന 'ആനിമൽ റെയിൻ' എന്ന പ്രതിഭാസം ഉണ്ടായെന്നാണ് പറയുന്നത്. അമേരിക്കൻ സംസ്ഥാനമായ ടെക്സാസിലെ ടെക്സാർക്കാന നഗരത്തിലാണ് 2021ന്റെ അവസാനത്തിൽ ഇങ്ങനെയൊരു മഴ പെയ്തത്.ഇത് തമാശയല്ല എന്നും ശരിക്കും സംഭവിച്ചതാണെന്നും ദി സിറ്റി ഓഫ് ടെക്സാർക്കാന ഒരു ഫേസ്ബുക്ക് പോസ്റ്റിൽ വെളിപ്പെടുത്തിയിട്ടുണ്ട്. തവള, ഞണ്ട്, ചെറുമീനുകൾ തുടങ്ങിയ ചെറുജലജീവികൾ ഭൂമിയുടെ ഉപരിതലത്തിലുണ്ടാകുന്ന ജലസ്രോതസ്സുകളിലോ തട്ടുകളിലോ ഒലിച്ചുപോകുമ്ബോൾ സംഭവിക്കുന്ന പ്രതിഭാസമാണ് ആനിമൽ റെയിൻ എന്നും കുറിപ്പിൽ പറയുന്നു. ഇത് അസാധാരണമാണെങ്കിലും ഇങ്ങനെ സംഭവിക്കാറുണ്ടെന്നും പോസ്റ്റിൽ വ്യക്തമാക്കുന്നു.സംഭവം നേരിൽ കണ്ട വ്യക്തിയാണ് ജെയിംസ് ഓഡിർഷ്. ഇദ്ദേഹം ഒരു യൂസ്ഡ് കാർ ഡീലർഷിപ്പിൽ ജോലി ചെയ്തുവരികയാണ്. ജോലിക്കിടയിൽ പുറത്ത് വലിയ ശബ്ദം കേട്ടപ്പോൾ നോക്കിയതാണെന്നും ഒരു വലിയ ഇടിമുഴക്കം ഉണ്ടായെന്നും ജെയിംസ് പറയുന്നു. പുറത്തേക്ക് നോക്കിയപ്പോൾ ശക്തമായ മഴ പെയ്യുന്നുണ്ടായിരുന്നു. അപ്പോൾ ഒരു മത്സ്യം നിലത്ത് വന്ന് വീണു. എല്ലായിടത്തും മത്സ്യം വന്ന് വീഴുകയായിരുന്നു എന്നും അദ്ദേഹം പറഞ്ഞു. ഡീലർഷിപ്പിന്റെ പാർക്കിംഗ് ലോട്ടിലെല്ലാം ചെറിയ ചെറിയ മത്സ്യങ്ങൾ പെയ്തു വീഴുകയായിരുന്നു. അതുപോലെ തെരുവിലും അടുത്തുള്ള ടയർഷോപ്പിലും മീൻ വീണിട്ടുണ്ട്. ചില മീനുകൾക്ക് നാല്-അഞ്ച് ഇഞ്ചാണ് വലിപ്പം.



# ഒമിക്രോൺ വ്യാപനം: അമേരിക്കയിലെ രോഗികളിലധികവും യുവജനങ്ങളും കുട്ടികളും, ആശങ്കയുണർത്തുന്ന കണക്കുകൾ പുറത്ത്

**വാഷിംഗ്ടൺ:** ഒമിക്രോൺ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അമേരിക്കയിൽ ഏറ്റവും കൂടുതൽ കൊവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തത് യുവജനങ്ങളിലും കുട്ടികളിലും.അമേരിക്കയിലെ ലോസ് ഏഞ്ചൽസ് ഡിസംബർ 22 നും 28 നും ഇടയിൽ രേഖപ്പെടുത്തിയ കേസുകളിൽ 70 ശതമാനത്തിലേറെയും 18-49 പ്രായത്തിലുള്ളവരാണ്. 18-29 പ്രായത്തിലുള്ളവരുടെ അണുബാധ നിരക്ക് ഒരു മാസം മുമ്ബുള്ളതിനേക്കാൾ എട്ട് മടങ്ങ് കൂടുതലാണെന്നും ഇപ്പോൾ പുറത്തുവന്ന വിവരങ്ങൾ കാണിക്കുന്നു. 30-49 പ്രായപരിധിയിലുള്ളവരിൽ കൊവിഡ് കേസുകളുടെ എണ്ണം കഴിഞ്ഞ മാസത്തെ കണക്കുകളേക്കാൾ ആറിരട്ടി വർദ്ധിച്ചിട്ടുണ്ട്.കാലിഫോർണിയയിൽ, 5-11 പ്രായത്തിലുള്ള കുട്ടികളിൽ കൊവിഡ് അണുബാധ നിരക്ക് ഇരട്ടിയായതായും റിപ്പോർട്ടുണ്ട്.യുവജനങ്ങളിലധികവും വിവിധ ജോലികൾക്കായി പുറത്ത് പോകുന്നവരാണ്. ഇത് കൂടാതെ വിനോദം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായും ഇവരിൽ പലരും പുറത്തിറങ്ങുന്നുണ്ട്. ഇതൊക്കെയാണ് രോഗ വ്യാപനത്തിന്റെ കാരണമെന്ന് പബ്ലിക് ഹെൽത്ത് ഡയറക്ടർ ബാർബറ ഫെറർ മാദ്ധ്യമങ്ങളോട് വിശദീകരിച്ചു.



# കൊളറാഡോ കാട്ടൂതീ; ആയിരം വീടുകൾ കത്തിനശിച്ചു; മൂന്നുപേരെ കാണാതായി

**ന്യൂയോർക്ക്:** യു.എസ് സംസ്ഥാനമായ കൊളറാഡോയിലെ ബൗൾഡർ കൗണ്ടിയിൽ പടർന്നു പിടിച്ച കാട്ടു തീയിൽ 6000 ഏക്കർ മേഖല കത്തിനശിച്ചു.ആയിരം വീടുകളെയാണ് അഗ്നി വിഴുങ്ങിയത്. മൂന്നുപേരെ കാണാതായിട്ടുണ്ട്. അപകട സമയം ഇവർ വീടുകളിലായിരുന്നു.ഏഴുപേർക്ക് പൊള്ളലേറ്റു. പതിനായിരക്കണക്കിന് കുടുംബങ്ങളെയാണ് പ്രദേശത്ത് നിന്ന് ഒഴിപ്പിച്ചത്. വടക്കൻ ഡെൻവറിൻറെ പ്രാന്തപ്രദേശത്ത് വ്യാഴാഴ്ച രാവിലെയാണ് തീ പടർന്ന് പിടിച്ചത്. ഏതാനും കൊല്ലമായി കനത്ത വരൾച്ചയിലൂടെ കടന്നുപോകുന്ന കൊളറാഡോയിൽ വരണ്ട കാലാവസ്ഥയും ശക്തമായ കാറ്റുമാണ് തീ വേഗത്തിൽ പടരാൻ കാരണമായത്.മണിക്കൂറിൽ 160 കിലോമീറ്റർ വേഗതയിലാണ് കാറ്റു വിശീയത്. സൂപ്പീരിയർ, ലൂയിസ് വില്ലെ ടൗണുകളിലാണ് വ്യാപക നാശം. തീ പടരാനുണ്ടായ കാരണം വ്യക്തമല്ല. സംഭവത്തിൽ അധികൃതർ അന്വേഷണം പ്രഖ്യാപിച്ചു. യു.എസ് പ്രസിഡൻറ് ജോ ബൈഡൻ അപകടം ദുരന്തമായി പ്രഖ്യാപിച്ചു. കാലാവസ്ഥാ വ്യതിയാനവും നഗരവികസനവും നാശത്തിൻറെ തോത് വർധിക്കാൻ കാരണമായതായി വിദഗ്ധർ പറയുന്നു.




# ’ഇങ്ങനെയാണെങ്കിൽ വിശ്രമിക്കേണ്ടി വരും’: പുജാരക്ക് മുന്നറിയിപ്പുമായി മുൻ ഇന്ത്യൻ സെലക്ടർ

സെഞ്ചൂറിയനിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരായ തകർപ്പൻ ജയം നേടിയ ടീം ഇന്ത്യ, മൂന്ന് മത്സരങ്ങളുടെ പരമ്പരയിൽ 1-0 ന് മുന്നിലെത്തിയിരിക്കുകയാണ്.എന്നിരുന്നാലും മധ്യനിരയിൽ നായകൻ വിരാട് കോഹ്‌ലി, അജിങ്ക്യ രഹാനെ, ചേതേശ്വർ പുജാര തുടങ്ങിയ സീനിയർ ബാറ്റർമാരുടെ പ്രകടനം ഇന്ത്യക്ക് ആശ്വസിക്കാൻ വക നൽകുന്നില്ല.ഇതിൽ പുജാരയുടെ പ്രകടനമാണ് ദയനീയം. സെഞ്ചൂറിയനിൽ 0,16 എന്നിങ്ങനെയായിരുന്നു പുജാരയുടെ സ്കോറുകൾ. മോശം ഫോം തുടരുകയാണെങ്കിൽ പുറത്ത്പോകേണ്ടി വരുമെന്ന് പറയുകയാണ് മുൻ ഇന്ത്യൻ സെലക്ടറായ സരൺദീപ് സിങ്. കഴിഞ്ഞ കുറച്ച് മത്സരങ്ങളിലായി പുജാരയുടെ ബാറ്റ് വേണ്ടത്ര ചലിക്കുന്നില്ലെന്ന വിമർശം ശക്തമാകുകയാണ്.’ഇന്ത്യയുടെ ബാറ്റിങ് ഡിപ്പാർട്മെന്റിൽ ആശങ്കയുണ്ട്. കെ.എൽ രാഹുൽ മികവ് പുറത്തെടുക്കുന്നുണ്ട്. എന്നാൽ അദ്ദേഹത്തെ പൂർണ്ണമായും ആശ്രയിക്കാൻ പറ്റില്ല, പക്ഷേ ഇവിടെ പൂജാരയെക്കുറിച്ചാണ് പറയേണ്ടത്, കാരണം അദ്ദേഹം റൺസ് കണ്ടെത്തേണ്ടിയിരിക്കുന്നു. ശ്രേയസ് അയ്യരെ പോലെയുള്ള ഒരു സെഞ്ചൂറിയൻ ടീമിൽ കാത്തിരിക്കുകയാണ്. നിങ്ങൾ ഒരു സീനിയർ കളിക്കാരനാണ്, മോശം ഫോം ഇനിയും തുടർന്നാൽ വിശ്രമിക്കേണ്ടി വരും- സരൺദീപ് സിങ് പറഞ്ഞു.ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കയെ 113 റൺസിനാണ് ഇന്ത്യ തകർത്തത്. ഇന്ത്യ ഉയർത്തിയ 305 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ദക്ഷിണാഫ്രിക്ക 191 റൺസിന് പുറത്തായി. മൂന്ന് മത്സര പരമ്പരയിലെ ഒരു മത്സരം മാത്രമാണ് അവസാനിച്ചത്. രണ്ട് മത്സരം കൂടി ശേഷിക്കെ ഇനിയും കുറഞ്ഞ ഓവർ നിരക്ക് വഴങ്ങിയാൽ ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ പോയിന്റിനെയും അത് ബാധിക്കും.നിലവിൽ 1-0ന് മുന്നിട്ട് നിൽക്കുന്ന ഇന്ത്യ ഒരു മത്സരം കൂടി ജയിച്ചാൽ പരമ്പര സ്വന്തമാക്കും. ഇതുവരെ ദക്ഷിണാഫ്രിക്കയിൽ ടെസ്റ്റ് പരമ്പര നേടാത്ത ഇന്ത്യ ഇത്തവണ ചരിത്ര നേട്ടം കൂടി ലക്ഷ്യമിടുന്നുണ്ട്. ബൗളർമാരാണ് വിജയം കൊണ്ടുവന്നതെങ്കിലും ആദ്യ മത്സരത്തിൽ കെ.എൽ രാഹുലിന്റെ ബാറ്റിങ് പ്രകടനമാണ് ഇന്ത്യക്ക് കരുത്തായത്.ആദ്യ ഇന്നിങ്സിൽ സെഞ്ചുറി നേടിയ രാഹുലിന് എന്നാൽ രണ്ടാം ഇന്നിങ്സിൽ തിളങ്ങാനായിരുന്നില്ല. മുഹമ്മദ് ഷമിയുടെ അഞ്ച് വിക്കറ്റ് പ്രകടനമാണ് എടുത്തുപറയേണ്ടത്. ജസ്പ്രീത് ബുംറ,മുഹമ്മദ് സിറാജ്,ശർദുൽ ഠാക്കൂർ എന്നിവരെല്ലാം മികച്ച പിന്തുണ നൽകിയതോടെ ഇന്ത്യക്ക് കാര്യങ്ങൾ എളുപ്പമായി.

EDITORS CHOICE




# സല്യൂട്ട് ചെയ്യാൻ ആരാണദ്ദേഹം.....

## സ്ലിപ്പർ ചെരുപ്പ് ധരിച്ച്, ആഡംബരമൊന്നുമില്ലാതെ മുന്നിലൂടെ പോയത് മന്ത്രിയാണെന്നറിഞ്ഞപ്പോൾ എസ് ഐയ്ക്കും അത്ഭുതം

### സംവിധായകന്റെ കുറിപ്പ്

കൃഷിമന്ത്രി പി പ്രസാദിനെക്കുറിച്ച് സംവിധായകൻ അരുൺ ഗോപി എഴുതിയ ഒരു ഫേസ്ബുക്ക് പോസ്റ്റ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലായിക്കൊണ്ടിരിക്കുകയാണ്.മന്ത്രിയുടെ ലാളിത്യത്തെക്കുറിച്ചാണ് കുറിപ്പ്. ഗുരു സമാധിയിൽ ഒരു സ്ലിപ്പർ ചെരുപ്പും, മുണ്ടും ഷർട്ടും ധരിച്ചെത്തിയതും, മന്ത്രിയാണെന്നറിഞ്ഞപ്പോൾ പൊലീസുകാരൻ പോലും അത്ഭുതപ്പെട്ടതിനെക്കുറിച്ചാണ് കുറിപ്പിൽ പറയുന്നത്.ഇന്ന് ഞാനൊരു കാഴ്ച കണ്ടു... രാവിലെ ശിവഗിരി തീർത്ഥാടനത്തിന്റെ ഭാഗമായി ഗുരു സമാധിയിൽ നിൽക്കുമ്ബോൾ രണ്ടു പൊലീസുകാർക്കൊപ്പം ഒരാൾ നടന്നു പോയി, വാതിക്കൽ നിന്ന എസ് ഐ ആരോ പോകുന്നു എന്ന രീതിയിൽ നിന്നപ്പോൾ.. (ഒരുപക്ഷേ ശ്രദ്ധിക്കാത്തതു കൊണ്ടാകാം) സി ഐ ഓടി വന്നു ആ പൊലീസ് ഓഫീസറെ വഴക്കു പറഞ്ഞു ’എന്താടോ സല്യൂട്ട് ചെയ്യാതിരുന്നത്’ എന്ന്... ചെയ്ത തെറ്റു മനസിലാകാതെ മിഴിച്ചു നിന്ന എസ് ഐ, അറിയാതെ ചോദിച്ചു പോയി ’അതിനാരാണ് അദ്ദേഹം...???’സി ഐ ഒരൽപ്പം ഈർഷ്യയോട് പറഞ്ഞു ’എടോ അത് മന്ത്രിയാടോ’... കണ്ടു നിന്ന എനിക്ക് അത്ഭുതം തോന്നി... ഗസ്റ്റ് ഹൗസിൽ നിന്നു സമാധിവരെ കാല്നടയായി വരിക ഒരു സ്ലിപ്പർ ചെരുപ്പും സാദാ മുണ്ടും ഷർട്ടും ധരിക്കുക ഇതല്ലല്ലോ കീഴ്വഴക്കം. സാധാരണ ആഡംബരങ്ങളുടെ പാരമ്യതയിൽ അതിമാനുഷികനായ മറ്റാരോ ആണ് സ്റ്റേറ്റ് കാറിൽ സഞ്ചരിച്ചു ഭരണ ചക്രത്തിന്റെ അമരത്തു ഇരിക്കുന്നതെന്നു ഒളിഞ്ഞും തെളിഞ്ഞും നമ്മളെ ബോധ്യപ്പെടുത്തി തരാറുള്ള ആളുകൾക്കിടയിൽ ഇങ്ങനെ ഒരു മനുഷ്യൻ അദ്ഭുതമായിരുന്നു... പേരിനൊപ്പം മാത്രം ഔദ്യാഗിക പദവിയായ മന്ത്രി എന്ന വാക്കുള്ള പെരുമാറ്റത്തിൽ തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായ കൃഷിമന്ത്രി സഖാവ് പി പ്രസാദ് ആയിരുന്നു അത്.. അദ്ദേഹത്തെ ഒരു പരിചയവുമില്ല ആദ്യമായാണ് കാണുന്നത് പോലും... തികഞ്ഞ ആദരവ് തോന്നി.. ജനാധിപത്യത്തിന്റെ സൗന്ദര്യം അങ്ങയെ പോലുള്ളവരെ മന്ത്രി പദവികളിൽ കാണുമ്ബോൾ ആണ് ആശ്വാസകരമായി മാറുന്നത്..

ലാൽ സലാം സഖാവേ...

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com